2012 മെയ് / വോള്യം 3 / ലക്കം 5 / വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## *ഫെമിനിസം സാധ്യമാകും; സ്ത്രീവേദിയെ പുതുക്കിപ്പണിതുകൊണ്ടാവില്ല*




**സ്വസ്ഥമായി മൂത്രമൊഴിക്കാൻ പറ്റില്ലെങ്കിൽപിന്നെ എന്താഘോഷം സാറേ?**

**22 ഫീമെയിൽ കോട്ടയം**

**സ്യൂഡോ ഫെമിനിസ്റ്റ് ചിന്തകൾ**




സംഘടിത

മെയ് 2012 - വാല്യം 3 - ലക്കം 5

## ഉള്ളടക്കം

9 ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ - അജിത

13 സ്വസ്ഥമായി മൂത്രമൊഴിക്കാൻ പറ്റില്ലെങ്കിൽപിന്നെ എന്താഘോഷം സാറേ? - സരിത കെ.വേണു

15 പ്രിയ.എ.എസിന്റെ കഥകൾ

21 പെണ്ണുങ്ങൾക്കും ഇറങ്ങിനടക്കാം
കെ.ആർ. ഇന്ദിര

27 വാസ്തവം - ജാൻസി

28 പാരതന്ത്ര്യത്തിന്റെ കാഞ്ചനക്കൂട്ടിൽ
വൃന്ദ വേണുഗോപാൽ

30 നിസ്സഹായന്റെ നിലവിളി - പ്രസീത കെ.പി

33 ബാമയുമായി അഭിമുഖം

42 'ഭ' യല്ല 'ഫ' - ഗീത

44 22 ഫീമെയിൽ കോട്ടയം സ്യൂഡോ ഫെമിനിസ്റ്റ് ചിന്തകൾ - അഖില ഹെൻറി

48 നുണച്ചീട്ടുകൾകൊണ്ടു തീർത്ത കൊട്ടാരങ്ങൾ
ഡോ. മിനിപ്രസാദ്

50 അമ്മ എന്നോടു പറഞ്ഞ നുണകൾ - അഷിത

52 സ്ത്രീകളെക്കുറിച്ച് ഒരു സ്ത്രീയുടെ ചിന്തകൾ
ചിത്രാ കൃഷ്ണകുമാർ

55 'ഫ്രാൻസിസ് ഇട്ടിക്കോര' ചരിത്രം, സ്ത്രീ, കമ്പോളം
കലാചന്ദ്രൻ

57 അന്വേഷി റിപ്പോർട്ട്

58 പുസ്തകപരിചയം

കാർട്ടൂൺ - കബിത മുഖോപാധ്യായ



6 ഫെമിനിസം സാധ്യമാകും; സ്ത്രീവേദിയെ പുതുക്കിപ്പണിതുകൊണ്ടാവില്ല
സുൽഫത്ത് എം.



20 ബി.ഒ.ടി ടോൾ വിരുദ്ധസമരം തുടരുന്നു
ജ്യോതി നാരായണൻ




40 22 FK ഇവർ എന്തു പറയുന്നു?

**കവിതകൾ**

| | | |
|---|---|---|
| എനിക്കൊരാകാശമുണ്ടായിരുന്നെങ്കിൽ | - | രാധികാസനോജ് |
| മനുഷ്യർ | - | ബൽക്കീസ് ബാനു |
| ഹാങ്ങർ | - | ഗയ നന്ദ |
| ഒറ്റനിലാവ് | - | ബിജി ബാലകൃഷ്ണൻ |
| സ്ഥാനഭ്രംശം | - | നയൻതാര വി |

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : ഡോ.ജാൻസി ജോസ്
പത്രാധിപ സമിതി : ദീദി, സി.എസ്.മീനാക്ഷി, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഗിരിജ.പി. പാതേക്കര, മിനി സുകുമാർ, ഡോ.പി. ഗീത, രാജലക്ഷ്മി, കെ.കെ.സാവിത്രി, കെ.കെ.പ്രീത
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സൂം ഇൻ, തളി, 0495 4010872,
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

സംഘടിത മാസിക

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org




## *പ്രിയ വായനക്കാരോട്*

**'സംഘടിത'**യുടെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഏപ്രിൽമാസം 28 ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽവെച്ച് ഒരു യോഗം ചേർന്നു.

പതിനാറു ലക്കങ്ങൾ പിന്നിട്ട 'സംഘടിത' വളരെയേറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. വായനക്കാരായ സ്ത്രീകളിൽനിന്ന് വളരെ പ്രോത്സാഹജനകമായ പ്രതികരണങ്ങളാണ് 'സംഘടിത'യ്ക്ക് കിട്ടുന്നത്. പക്ഷേ, പ്രതിമാസം വളരെ ചുരുങ്ങിയ ചെലവിൽ അച്ചടിച്ചുകൊണ്ടിരിക്കുന്ന മാസികയുടെ മിനിമം ചെലവുകൾ നടത്താൻപോലും 'സംഘടിത' ടീം ഏറെ ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു യോഗം വിളിച്ചുചേർത്തത്.



യോഗത്തിൽ പങ്കെടുത്തവരും യോഗത്തിൽ പങ്കെടുക്കാനാഗ്രഹിച്ചിരുന്നെങ്കിലും വ്യക്തിപരവും സാങ്കേതികവുമായ പല കാരണങ്ങളാലും പങ്കെടുക്കാൻ കഴിയാതെപോവുകയും ചെയ്ത സുഹൃത്തുക്കൾ 'സംഘടിത' മാസിക സാധാരണക്കാരായ സ്ത്രീകൾക്ക്, സ്ത്രീപ്രസ്ഥാനത്തിന് നൽകിക്കൊണ്ടിരിക്കുന്ന പൊതുഇടം വളരെ ആവശ്യവും ഏറെ പ്രസക്തവുമാണെന്നതിനാൽ എന്തുവിലകൊടുത്തും അത് നിലനിർത്തേണ്ടതുണ്ട് എന്ന് ഒറ്റക്കെട്ടായി അഭിപ്രായപ്പെട്ടു. യോഗത്തിൽ ചില സുപ്രധാന തീരുമാനങ്ങൾ എടുക്കുകയുണ്ടായി:

1. 'സംഘടിത' നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരും പത്തുപേരിൽനിന്ന് ആയിരം രൂപ വീതം പിരിച്ചുനൽകുക.
2. 'സംഘടിത'യ്ക്ക് കൂടുതൽ കൂടുതൽ വരിക്കാരെ ചേർക്കാനുള്ള ഒരു തീവ്രയത്ന പരിപാടി ഓരോരുത്തരും ഏറ്റെടുത്തുകൊണ്ട് 2012 ജൂലൈ 31-ഓടെ പരമാവധി വരിക്കാരെ ചേർക്കുക.
3. 'സംഘടിത'യുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ചർച്ചകൾ പോലുള്ള പൊതുപരിപാടികൾ കേരളത്തിനു പുറത്ത് മലയാളികൾ തിങ്ങിപ്പാർക്കുന്ന ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഹൈദരാബാദ്, ഡൽഹി തുടങ്ങിയ നഗരങ്ങളിൽ സംഘടിപ്പിക്കുക, അങ്ങനെ അതിന്റെ പ്രചരണം ശക്തിപ്പെടുത്തുക.
4. 'സംഘടിത'യുടെ വിതരണശൃംഖല ഒന്നുകൂടി മെച്ചപ്പെടുത്തുക, ഓരോ പ്രദേശത്തും സ്വന്തം മുൻകൈയിൽ വിതരണമേറ്റെടുക്കാനുള്ള വ്യക്തികളെ കണ്ടെത്തുക.
5. 'സംഘടിത'യുടെ എഡിറ്റോറിയൽ കമ്മറ്റി ഒന്നുകൂടി പുനഃസംഘടിപ്പിക്കുക.

ഈ യോഗത്തിൽ പങ്കെടുത്തവർ: *ഇന്ദിരാബാലൻ (ബാംഗ്ലൂർ), സിസ്റ്റർ ജെസ്മി, ഗിരിജ പി. പാതേക്കര, കെ. എം. ഷീബ, സുനീത ടി.വി., സുൽഫത്ത്, കുസുമം ജോസഫ്, ഡോ. ഖദീജ മുംതാസ്, കെ.പി. സുധീര, സേതുലക്ഷ്മി, കബിതാ മുഖോപാധ്യായ, ഷംഷാദ് ഹുസൈൻ, സുലോചന, ബിന്ദു ആമാട്ട്, രജനി, ബിന്ദുലക്ഷ്മി, നിഫ്സ, മൈന ഉമൈബാൻ.*

സ്നേഹാദരങ്ങളോടെ

**പത്രാധിപസമിതി**





# മുഖപ്രസംഗം

സാറാ ജോസഫ്

ടെസ്സേ, നീ ചെത്തിക്കൊണ്ടുപോയ
യന്ത്രമില്ലെങ്കിലും ചതിക്കാൻ
എന്നാ എളുപ്പമാന്നറിയാമോ?
22 ഫീമെയിൽ കോട്ടയം കണ്ടിറങ്ങിയ സിറിൽ ടെസ്സയോടു പറയുന്നു.
(കവിത – ആർ. വേണുഗോപാൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് 6)

അതാണുസത്യം. സൂര്യനെല്ലി പെൺകുട്ടിക്കും റെജീനയ്ക്കും ശാരിക്കും അനഘയ്ക്കും വിതുര പെൺകുട്ടിക്കും സൗമ്യയ്ക്കും മറ്റനേകം പെൺകുട്ടികൾക്കും ചെത്തിക്കളയാൻ പറ്റാത്തത് ടെസ്സ ചെത്തിക്കളഞ്ഞു. നീ അവിടുത്തെ സുഖം മാത്രമേ അറിഞ്ഞിട്ടുള്ളു. ഇനി വേദന എന്താണെന്നറിയൂ എന്ന് ടെസ്സ സിറിലിനോടു പറയുന്നതുകേട്ട് സിനിമതിയേറ്ററിൽ സാധനം കയ്യിലുള്ള പുമാന്മാരൊന്നും കൂവിയില്ല എന്നത് ശ്രദ്ധേയമാണ്. ഒരു വെറുങ്ങലിപ്പുണ്ടായിരുന്നു, സത്യം. അതു നൈമിഷികം മാത്രം. പെൺകുട്ടി എന്തറിഞ്ഞു!

ടെസ്സേ, ഒന്നു പറഞ്ഞോട്ടേ
എനിക്കു വലുതായി ഒന്നും പറ്റിയതായിത്തോന്നുന്നില്ല

ആടറിയാതെ ആടിനെ മലമ്പാതയിലൂടെ അറവുശാലയിലേക്ക് നയിക്കുന്ന ആ നടപ്പുണ്ടല്ലോ ആ നടപ്പിലാണ് ടെസ്സേ എന്റെ സുഖം നിന്റെ കിടക്കയിലല്ല. ചെത്തിക്കളയേണ്ടത് പിന്നേയും ബാക്കിനിൽക്കുകയാണെന്നർത്ഥം.

സുഗതകുമാരിടീച്ചറുടെ നിത്യസത്യമായ വരികളോർക്കുക.

"മുറിച്ചുമാറ്റാം കേടുബാധിച്ചോരവയവം
പക്ഷേ, കൊടും കേടുബാധിച്ച പാവം മനസ്സോ"

ആഷിക് അബുവിന്റെ സിനിമ സ്ത്രീപക്ഷത്തുനിന്ന് ആരോഗ്യകരമായ വലിയ ചർച്ചകൾക്ക് വഴിതുറക്കട്ടെ എന്ന് ആശംസിക്കുകയാണ്. അതിനെക്കാൾ പ്രധാനമാണ് വേണുഗോപാലിന്റെ കവിതയിന്മേൽ നടക്കേണ്ട ചർച്ച. രണ്ടുപുരുഷന്മാർക്കും അവർ ചെയ്തിടത്തോളം കാര്യങ്ങൾക്ക് അഭിനന്ദനം. ജയിലിൽവെച്ച് ശാക്തീകരണം സംഭവിച്ച നായിക (പണപരമായും ബുദ്ധിപരമായും) സാമ്പ്രദായിക സിനിമാസ്റ്റൈലിൽ ഗുണ്ടകളുടെ സഹായത്തോടെ പ്രതാപ്പോത്തനെ മൂർഖനെക്കൊണ്ട് കടിപ്പിച്ചു കൊല്ലുന്ന രംഗം 22 ഫീമെയിൽ കോട്ടയത്തെ ഒരു പുരുഷപക്ഷ സിനിമയാക്കുമ്പോൾ വേണുഗോപാലിന്റെ കവിത കൂടുതൽ സ്ത്രീപക്ഷമാകുന്നു എന്ന വ്യത്യാസമുണ്ട്.

വാൽക്കഷ്ണം: സജിതമഠത്തിലിനോട് ഒരു വാക്ക്: കൊച്ചേ, കിട്ടുന്ന കാശ് കളയണ്ട. പക്ഷേ, സാധനം സാംസ്കാരികവിലോപം ഉണ്ടാക്കുന്നുണ്ട്. മുടി ചെത്തുന്നതും ചെത്താത്തതുമൊക്കെ അവളവളുടെ ഇഷ്ടം. ഉൽപ്പന്നം ചെലവാക്കാൻ സജിതമഠത്തിലിനെ ഉപയോഗിച്ചതുപോലെ ഒരു വിൽപ്പനതന്ത്രം. അതാണു മിടുക്ക്. ഒരു കണക്കെടുപ്പുനടത്താം. ഇതുവരെ പീഡിപ്പിക്കപ്പെട്ട പെൺകുട്ടികളിൽ മുടി മുറിച്ചവരെത്ര, മുടി മുറിക്കാത്തവരെത്ര? ഇന്ദുലേഖ ഉപയോഗിച്ചവരെത്ര, ഉപയോഗിക്കാത്തവരെത്ര?

# ഫെമിനിസം സാധ്യമാകും; സ്ത്രീവേദിയെ പുതുക്കിപ്പണിതുകൊണ്ടാവില്ല

▶ **സുൽഫത്ത് എം.**

**ജെ. ദേവികയുടെ** 'സ്ത്രീപക്ഷരാഷ്ട്രീയവും സ്ത്രീപ്രശ്നത്തിന്റെ സർക്കാർവത്ക്കരണവും കേരളത്തിൽ" എന്ന ലേഖനത്തോടുള്ള പ്രതികരണം.

കേരളത്തിലെ സ്ത്രീവാദരാഷ്ട്രീയത്തിനെ ആത്മവിമർശനപരമായി സമീപിച്ചുകൊണ്ട് "സംഘടിത" മാസികയ്ക്കുവേണ്ടി ജെ. ദേവികനടത്തിയിട്ടുള്ള അന്വേഷണങ്ങൾ ഇത്തരത്തിൽ നടക്കുന്ന ആദ്യത്തെ ചുവടുവെപ്പാണെന്നു പറയാം. 1980കളിൽ കേരളത്തിൽ രൂപം പ്രാപിച്ച് വളരെപ്പെട്ടെന്നുതന്നെ ഇവിടെ വേരുപിടിച്ചെങ്കിലും അതേവേഗത്തിൽ പടർന്നുപന്തലിക്കാൻ ഫെമിനിസത്തിനു കഴിയാതിരുന്നത് എന്തുകൊണ്ട് എന്ന അന്വേഷണം വളരെ പ്രസക്തമാണ്. ഈ അന്വേഷണങ്ങളും തുടർചർച്ചകളും ഫെമിനിസത്തിന്റെ വളർച്ചയ്ക്ക് സഹായകരമാവുമെന്ന് പ്രതീക്ഷയുണ്ട്.

ഈ ലേഖനത്തോടുള്ള വളരെ പ്രധാനപ്പെട്ട ഒരു വിയോജിപ്പ് കേരളത്തിലെ ഫെമിനിസത്തിന്റെ രണ്ടു വ്യത്യസ്തധാരകളെക്കുറിച്ചുള്ള ലേഖികയുടെ കാഴ്ചപ്പാടിനോടാണ്. ബദൽ ഇടതുപക്ഷത്തു രൂപം കൊണ്ട രാഷ്ട്രീയഫെമിനിസത്തിന്റേതായ ഒരൊറ്റ ധാരയേ കേരളത്തിൽ ഉണ്ടായിട്ടുള്ളു. മറുധാര എന്ന നിലയിൽ അവതരിപ്പിച്ചിട്ടുള്ള "വികസനവാദ ഫെമിനിസം" ഒരു ഭരണകൂടആശ്രിത പരിഷ്കരണ വാദം മാത്രമാണ്. ഫെമിനിസം, സ്ത്രീവിമോചനം എന്നീ സംജ്ഞകളെപ്പോലും സംശയദൃഷ്ടിയോടെയായിരുന്നു ശാസ്ത്രസാഹിത്യപരിഷത്തിന്റെ വനിതാവിഭാഗത്തിലെ ബഹുഭൂരിപക്ഷവും അന്നു സമീപിച്ചിരുന്നത്. അതേസമയം പുല്ലിംഗ പ്രത്യയശബ്ദങ്ങളില്ലാത്ത വനിത, മഹിള എന്നീ സംജ്ഞകളോടുപോലും അകലം പാലിക്കാൻ ഫെമിനിസ്റ്റുകളും ശ്രമിച്ചിരുന്നു.



ലേഖനത്തിന്റെ രണ്ടാംഭാഗത്തിൽ ഫെമിനിസത്തിന്റെ വളർച്ചയെ മുരടിപ്പിച്ചുകളഞ്ഞ കാരണങ്ങളെക്കുറിച്ച് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. അതിലൊന്ന് ആദ്യകാല സംഘങ്ങളിൽ പലതിനേയും സാമ്പത്തിക പ്രതിസന്ധി അലട്ടുകയോ ഇല്ലാതാക്കുകയോ ചെയ്തു എന്നുള്ളതാണ്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ ഇടത്തിലേക്ക് കടന്നുകയറിയ വിദേശിയും സ്വദേശിയുമായ ഫണ്ടുകൾ സ്ത്രീപ്രസ്ഥാനങ്ങളേയും സ്ത്രീപ്രസ്ഥാനങ്ങൾക്ക് മുതൽക്കൂട്ടാകേണ്ടിയിരുന്ന സ്ത്രീകളേയും എങ്ങനെ വ്യവസ്ഥയോട് അഡ്ജസ്റ്റുചെയ്യുന്നവരാക്കിയെന്നും ഭരണകൂടത്തിനെതിരെ നിശ്ശബ്ദരാകുന്നവരാക്കിയെന്നും ലേഖിക കണ്ടെത്തുന്നതേയില്ല. കേരളത്തിലെ സ്ത്രീവിമോചനാശയങ്ങളുടെ തലയും ചിറകുമരിഞ്ഞത് ഫണ്ടിംഗ്

ഏജൻസികളുടെ ഭാഗമായുള്ള എൻ.ജി.ഒ വത്ക്കരണവും സ്ത്രീപ്രശ്നങ്ങളുടെ പ്രൊജക്ടുവത്ക്കരണവും ആയിരുന്നെന്ന് വിലയിരുത്താതെ നടത്തുന്ന ഏതന്വേഷണവും അപൂർണ്ണമായിരിക്കും.

ഇന്ത്യയിലെ മറ്റുപ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളീയസമൂഹത്തിൽ നിലനില്ക്കുന്ന സ്ത്രീവിരുദ്ധമനോഭാവത്തിന്റെ ചരിത്ര, സാംസ്കാരിക-പ്രത്യയശാസ്ത്രകാരണങ്ങൾ അന്വേഷിക്കാനോ ആഴത്തിൽ പഠിക്കാനോ കേരളത്തിലെ ഫെമിനിസ്റ്റുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതും വിമർശനാത്മകമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. സ്ത്രീപക്ഷഗവേഷണപ്രബന്ധങ്ങൾക്കും പ്രൊജക്ടുകൾക്കും ഗവേഷണങ്ങൾക്കും കേരളത്തിൽ ഒരു ക്ഷാമവുമില്ലെങ്കിലും ഫെമിനിസ്റ്റുരാഷ്ട്രീയത്തിന് സൈദ്ധാന്തികമായ ആഴം നല്കാൻ അവയ്ക്ക് കഴിഞ്ഞിട്ടില്ല. ലേഖിക സൂചിപ്പിക്കുന്ന ഇന്ത്യയിലാകെ ശ്രദ്ധിക്കപ്പെടുന്ന സ്ത്രീപക്ഷഗവേഷണം കൂടുതലും ഭരണകൂടാശ്രിത പരിഷ്കരണശ്രമങ്ങളുടേയും സാഹിത്യത്തിന്റേയും മേഖലകളിലാണ് നടന്നിട്ടുള്ളത്. അവയൊക്കെ സ്ഥാപിതതാത്പര്യങ്ങളുമായി ബന്ധപ്പെട്ട് നടന്നവയുമായിരുന്നു. അല്ലാതെയുള്ള ചുരുക്കംചിലവ കണ്ടെത്തി ഫെമിനിസത്തിന് മുതൽക്കൂട്ടാക്കാൻ ഫെമിനിസ്റ്റുകൾ ശ്രമം നടത്തിയിട്ടുമില്ല.

കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങൾ അന്നത്തെ സവിശേഷ സാഹചര്യത്തിൽ സദാചാരം, ഏകദാമ്പത്യം, കുടുംബം എന്നിവയെ കേന്ദ്രീകരിച്ച് നടത്തിയ നവോത്ഥാന, പരിഷ്കരണശ്രമങ്ങൾ കേരളത്തിലെ ലിംഗപദവിയെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് എങ്ങനെയായിരുന്നു. കേരളത്തിലെ സ്ത്രീപുരുഷബന്ധങ്ങൾ എന്തുകൊണ്ട് ജനാധിപത്യപരമായി വികസിക്കുന്നില്ല, ഉന്നതവിദ്യാഭ്യാസരംഗത്തുവരെ സജീവസാന്നിധ്യമായിട്ടും ഗാർഹികഇടങ്ങളിലും തൊഴിലിടങ്ങളിലും പൊതുമണ്ഡലങ്ങളിലും സ്ത്രീകളുടെ മാനസികാടിമത്തം തുടരുന്നതെന്തുകൊണ്ട്, പൊതുഇടങ്ങളും രാത്രികളും തന്റേതുകൂടിയാണെന്ന് ആത്മധൈര്യ

> സ്ത്രീപക്ഷഗവേഷണ പ്രബന്ധങ്ങൾക്കും പ്രൊജക്ടുകൾക്കും ഗവേഷണങ്ങൾക്കും കേരളത്തിൽ ഒരു ക്ഷാമവുമില്ലെങ്കിലും ഫെമിനിസ്റ്റുരാഷ്ട്രീയത്തിന് സൈദ്ധാന്തികമായ ആഴം നല്കാൻ അവയ്ക്ക് കഴിഞ്ഞിട്ടില്ല

ത്തോടെ സ്ഥാപിക്കാൻ ബഹുഭൂരിപക്ഷം സ്ത്രീകൾക്കും എന്തുകൊണ്ട് ആകുന്നില്ല, കേരളത്തിലെ സ്ത്രീകൾ എന്തുകൊണ്ടാണ് മറ്റു പ്രദേശങ്ങളേക്കാൾ കൂടുതലായി പുരുഷന്റെ ലൈംഗികവൈകൃതങ്ങൾക്ക് ഇരയാകുന്നത്, ഫെമിനിസ്റ്റുപഠനങ്ങൾ നടക്കേണ്ട മേഖലകളാണിതെല്ലാം.

ഇതുപോലെ ആരോഗ്യകരമായ സംവാദങ്ങൾ നടക്കേണ്ടമേഖലകളുമുണ്ട്. ലൈംഗികത്തൊഴിലാളികളെ തൊഴിലാളികൾ എന്ന നിലയിൽ അഭിമുഖീകരിക്കുമ്പോൾ ഉണ്ടാകുന്ന ആശങ്കകൾ, കുടുംബത്തെ ജനാധിപത്യപരമായി എങ്ങനെ പൊളിച്ചെഴുതാം, വിദ്യാഭ്യാസമേഖലയിലുണ്ടാകുന്ന മാറ്റങ്ങളെ സ്ത്രീപക്ഷത്തുനിന്ന് സമീപിക്കേണ്ടതിന്റെ ആവശ്യകത ഭരണകൂടനയങ്ങളുടേയും സമീപനങ്ങളുടേയും സ്ത്രീപക്ഷ ഉള്ളടക്കം ഇവയൊക്കെ അതിൽപ്പെട്ടതാണ്. ഈ സംവാദങ്ങളാണ് ഫെമിനിസത്തെ രാഷ്ട്രീയമായും സൈദ്ധാന്തികമായും സാംസ്കാരികമായും വളർത്തേണ്ടിയിരുന്നത്. ദൗർഭാഗ്യകരമെന്നുപറയട്ടെ, ചില സംവാദങ്ങൾ തുടങ്ങിവെക്കാൻ ആദ്യകാല ഫെമിനിസ്റ്റുകൾ ശ്രമിച്ചെങ്കിലും തുടരാൻ സാധിച്ചില്ല.

വൈരുദ്ധ്യങ്ങളുടെ വ്യത്യസ്തധാരകളും ബഹുത്വവും ഏതൊരു പ്രസ്ഥാനത്തെയുംപോലെ ഫെമിനിസത്തിന്റേയും അനിവാര്യതയാണ്. ആന്തരികവും തദ്ദേശീയവുമായ ദൗർബല്യങ്ങളെ മറികടക്കാനും ലിംഗസമത്വപ്പോരാട്ടത്തിന്റെ വളർച്ചയ്ക്ക് സഹായകമാവുന്ന ഊർജ്ജം നേടാനും സഹായകമാവേണ്ടത് കൊണ്ടും കൊടുത്തുമുള്ള സംവാദങ്ങളാണ്. എന്നാൽ വിയോജിപ്പുകൾ ശത്രുതാപരമായ വ്യവഹാരങ്ങളിലേക്കു മാറിയത് വിപരീതഫലമാണുണ്ടാക്കിയത്. ലേഖിക തെറ്റിദ്ധരിച്ചതുപോലെ ലൈംഗികത്തൊഴിലാളികൾ വന്ന ഇരുട്ടിലേക്കുതന്നെ മറഞ്ഞുകൊള്ളണമെന്ന വാദം ഫെമിനിസ്റ്റുകൾ ഉന്നയിച്ചതായി അറിയില്ല. എന്നാൽ ലൈംഗികത്തൊഴിലിനെ ഒരു തൊഴിൽ എന്ന നിലയിൽ സമീപിക്കുന്നതിനെച്ചൊല്ലിയുള്ള ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നു എന്നതും ഇപ്പോഴും ഉണ്ട് എന്നതും വസ്തുതയാണ്. ലൈംഗികത്തൊഴിലാളികളുടേയും ലൈംഗിക ന്യൂനപക്ഷങ്ങളുടേയും മനുഷ്യാവകാശങ്ങൾ സംബന്ധിച്ച ആഗോളഫണ്ടിംഗ് ഏജൻസികളുടെ താത്പര്യങ്ങളെ തിരിച്ചറിയുന്നതിലും ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്.

"കേരളത്തിലെ ഫെമിനിസ്റ്റുകൾക്ക്, ലൈംഗികപീഡനത്തെ എതിർക്കുക എന്ന കെണിയിൽനിന്ന് പുറത്തുകടക്കാൻ അതായത് സൂര്യനെല്ലി മുതൽ ഇങ്ങോട്ടുള്ള ഇരകളെ മുഴുവൻ മറക്കാൻ ഒരു കൈ സഹായം ആവശ്യമുണ്ടെങ്കിൽ ഇന്ത്യൻ ഫെമിനിസത്തിന്റെ നേതൃത്വനിരയിലും മുൻനിരയിലുമുള്ളവർ സഹായിക്കും. അവരുടെ സഹായത്തോടെ നമുക്ക് "ഉത്തമസ്ത്രീ" മാതൃകകളിൽനിന്ന് പുറത്തുകടന്ന് ഫെമിനിസ്റ്റുകളാവാം." അതിന് ലേഖിക സഹായിക്കുമായിരിക്കും. ഇന്ത്യയിൽ മറ്റെവിടെയും കേട്ടുകേൾവിപോലുമില്ലാത്തവിധം ചതിയിലൂടെ കൂട്ടബലാത്സംഗത്തിന് ഇരകളായ, നിരന്തരം നീതിനിഷേധങ്ങൾക്ക് ഇരകളായിക്കൊണ്ടിരിക്കുന്ന പെൺകുട്ടികളുടെ നീതിക്കുവേണ്ടി മുറവിളികൂട്ടുന്നവരെ മുഴുവൻ അപമാനിക്കുന്ന കണ്ടെത്തലുകളാണിത്. ആഴ്ചകളോളം മലമൂത്രവിസർജ്ജനംപോലും സാധിക്കാത്തവിധം ഗുരുതരമായി മുറിവേറ്റ് പഴുത്ത് അണുബാധയുമായി നാല്പത്തിയൊന്നാം ദിവസം ഉപേക്ഷിക്കപ്പെട്ടനിലയിൽ തിരിച്ചെത്തിയ പതിനഞ്ചുകാരിക്ക് രക്ഷപ്പെ

ടാൻ പഴുതുണ്ടായിരുന്നെന്ന കോടതിയുടെ കണ്ടെത്തലിനോളം നൈതികതയില്ലാത്ത മറ്റൊരു കണ്ടെത്തലാണ് യാഥാസ്ഥിതിക ലിംഗബോധമാണ് ഇത്തരം പ്രശ്നങ്ങളോട് ഫെമിനിസ്റ്റുകളെ പ്രതികരിക്കാൻ പ്രേരിപ്പിച്ചത് എന്നത്.

ലൈംഗികപീഡനത്തെ എതിർക്കുക എന്ന ഒറ്റലക്ഷ്യത്തിലേക്ക് ഒരുവിഭാഗം ഫെമിനിസ്റ്റുകൾ ബോധപൂർവ്വം ഒതുങ്ങിയതല്ല മറിച്ച് അവരുടെ ഊർജ്ജവും സമയവും ഏറ്റവുംകൂടുതൽ അതിനായി ചെലവഴിക്കേണ്ടിവരികയും അതിലേക്കുമാത്രം ചുരുങ്ങിപ്പോവുന്ന അവസ്ഥ സംജാതമാവുകയും ചെയ്തതാണ്. ഈ ചുരുങ്ങിപ്പോകലും അടിക്കടിയുണ്ടാകുന്ന പരാജയങ്ങളും ഫെമിനിസ്റ്റുകളെ തളർത്തുന്നുണ്ട് എന്ന് അംഗീകരിക്കുന്നു.

സ്ത്രീകൾക്കുനേരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ പുരുഷാധിപത്യത്തിന്റെ അധികാരപ്രയോഗവുമായി ബന്ധപ്പെട്ടതാണെന്ന ചരിത്രപരമായ തിരിച്ചറിവ് ഉള്ളതുകൊണ്ടാണ് കൃത്യമായ നിലപാടെടുത്തുകൊണ്ട് ഒരുവിഭാഗം ഫെമിനിസ്റ്റുകൾ അത്തരം പ്രശ്നങ്ങളിൽ ഇടപെട്ടത്. അല്ലാതെ സദാചാരവാദികളായതുകൊണ്ടല്ല. "ഡെറ്റോൾ ഒഴിച്ച് കുളിച്ചാൽ തീരുന്നതേയുള്ളൂ" എന്നുപറയാനുള്ള ആർജ്ജവവും അവർ കാണിച്ചിട്ടുണ്ട് എന്നാണെന്റെ വിശ്വാസം. സ്ത്രീത്വത്തിനുനേരെയുള്ള കടന്നുകയറ്റമായ ലൈംഗികാതിക്രമങ്ങൾ മറ്റൊരുനാട്ടിലുമില്ലാത്തവിധം പല രൂപത്തിൽ മലയാളിയുടെ സാമൂഹ്യ-സ്വകാര്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും നിലനില്ക്കുന്നതുകൊണ്ടുതന്നെ അതിനെ പ്രതിരോധിക്കേണ്ടതും ചെറുത്തുതോൽപ്പിക്കേണ്ടതും അടിയന്തിരാവശ്യമാണ്. ലേഖിക പറയുന്നതുപോലെ തന്ത്രപരമായ ആവശ്യമല്ല.

സ്ത്രീവിമോചനം മനുഷ്യമോചനത്തിന്, വ്യക്തിപരമായത് രാഷ്ട്രീയവുമാണ് തുടങ്ങിയ കാഴ്ചപ്പാടുകളോടെ സ്വയം മാറ്റത്തിനു വിധേയമായിക്കൊണ്ട് സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തിയായിമാറുന്നതിന് നേതൃത്വപരമായ പങ്കുവഹിക്കാൻ ആദ്യകാലഫെമിനിസ്റ്റുകൾ ശ്രമം നടത്തിയിരുന്നു. ലിംഗപദവിയുടെ മുഖ്യധാരാപ്രവേശത്തെ വിമർശനാത്മകമായി സമീപിക്കാനും ഇടപെടാനും പ്രയോജനപ്പെടുത്താനും ഈ നേതൃത്വങ്ങൾക്ക് പിന്നീട് കഴിയാതെപോയി. പുതുതായി സ്ത്രീപക്ഷരാഷ്ട്രീയത്തിലേക്ക് ആകർഷിക്കപ്പെട്ടവരുടെ റോൾമോഡലുകൾ പോലുമായിരുന്ന ഈ ആദ്യകാലനേതൃത്വങ്ങൾ വ്യവസ്ഥയെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തിൽനിന്ന് പിന്നോട്ടടിച്ച് വ്യവസ്ഥയോട് അഡ്ജസ്റ്റുചെയ്യുന്നവരും പരിഷ്കരണവാദശ്രമങ്ങളുടെ സഹായികളുമായത് ഫെമിനിസ്റ്റുപ്രസ്ഥാനത്തിന്റെ പുതുനാമ്പുകളെപ്പോലും മുരടിപ്പിച്ചുകളഞ്ഞു. ശരീരത്തിന്റേയും കുടുംബത്തിന്റേയും പ്രത്യശാസ്ത്രങ്ങളിൽനിന്ന് കേരളത്തിനുപുറത്തുള്ള ഫെമിനിസ്റ്റുകൾക്ക് മറികടക്കാനായതുപോലെ കേരളത്തിലെ ഫെമിനിസ്റ്റുകൾക്ക് ഒരു പരിധിക്കപ്പുറം കഴിഞ്ഞതുമില്ല.

> ഇച്ഛാശക്തിയുള്ള നേതൃത്വങ്ങളുടെ അഭാവം കേരളത്തിലെ ഫെമിനിസ്റ്റുപ്രസ്ഥാനം നേരിടുന്ന വെല്ലുവിളികളിലൊന്നാണ്

സൗമ്യ കൊലചെയ്യപ്പെട്ടപ്പോൾ കേരളത്തിന്റെ തെക്കേഅറ്റംമുതൽ വടക്കേഅറ്റംവരെയുള്ള റെയിൽവേ സ്റ്റേഷനുകളിൽ ഒരു സംഘടനാ പിൻബലവുമില്ലാതെ സ്ത്രീകളും പെൺകുട്ടികളും കറുത്ത ബാഡ്ജ് ധരിക്കുകയും വിതരണം ചെയ്യുകയും ചെയ്തത് ചില സ്ത്രീനേതൃത്വങ്ങളുടെ ആഹ്വാനംകൊണ്ടുമാത്രമായിരുന്നു. കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ സ്ത്രീകളെ ബാധിക്കുന്ന അടിസ്ഥാനപ്രശ്നങ്ങളിൽ നേരിയ ഒരാഹ്വാനത്തിനുപോലും ചലനങ്ങളുണ്ടാക്കാനും ജനപിന്തുണ നേടിയെടുക്കാനും കഴിയും എന്നതിന്റെ തെളിവാണിത്. ഇച്ഛാശക്തിയുള്ള നേതൃത്വങ്ങളുടെ അഭാവം കേരളത്തിലെ ഫെമിനിസ്റ്റുപ്രസ്ഥാനം നേരിടുന്ന വെല്ലുവിളികളിലൊന്നാണ്.

കാര്യമായ അഴിച്ചുപണിയിലൂടെ സ്ത്രീവേദിയുടെ ഘടനയിൽ മാറ്റം വരുത്തി കേരളത്തിനുപുറത്തുള്ള സ്ത്രീസംഘടനകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു വലയുടെ മാതൃകയിലേക്ക് മാറുന്നതിലൂടെ സാധ്യമാവുന്ന മറ്റൊരു ഫെമിനിസത്തെക്കുറിച്ച് പ്രതീക്ഷപുലർത്തിക്കൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്. കേരളത്തിലെ സ്വതന്ത്രസ്ത്രീപ്രസ്ഥാനങ്ങളെ കുരുക്കിമുറുക്കിയ ഒരു വലതന്നെയായിരുന്നു സ്ത്രീവേദി എന്നാണെന്റെ അഭിപ്രായം. കേരളത്തിലെ സ്വതന്ത്രസ്ത്രീപ്രസ്ഥാനങ്ങളുടെ നെറ്റ്വർക്ക് വളരെ കൃത്യമായ ലക്ഷ്യത്തോടെ ആഗോളഫണ്ടിംഗ് ഏജൻസി നെയ്തുകൊണ്ടുവന്നതാണെന്ന് മനസ്സിലാക്കാൻ ആ വലയിൽ കുടുങ്ങിപ്പോയവരെപ്പോലെ ലേഖികയ്ക്കും കഴിഞ്ഞില്ല. സ്ത്രീപക്ഷത്തുനിന്ന് വികസിച്ചുവരേണ്ട രാഷ്ട്രീയവും സൈദ്ധാന്തികവുമായ അന്വേഷണങ്ങളുടെ തിരിനുള്ളിയതും ചെറുത്തുനില്പുകളുടേയും സമരങ്ങളുടേയും മുനയൊടിച്ചുകളഞ്ഞതും ഈ വലയായിരുന്നു എന്ന് നിസ്സംശയം പറയാം. സൂര്യനെല്ലി, വിതുര, കോഴിക്കോട് ലൈംഗികപീഡനക്കേസുകളിൽ നീതി ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റിനുമുന്നിൽ ആരംഭിക്കാനിരുന്ന സമരത്തിന്റെ മുന്നോടിയായി തീരുമാനിച്ച സമരപ്രഖ്യാപന വാഹനജാഥ ഉദ്ഘാടനകേന്ദ്രമായ കാഞ്ഞങ്ങാട്ട് എത്തുമ്പോൾ ലൈംഗികവ്യാപാരക്കേസുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന "ജനസമ്പർക്കവാഹനജാഥ"യാവുന്നത് ഫെമിനിസ്റ്റുകാഴ്ചപ്പാടുകൾ സ്ത്രീവേദിയുടെ മുൻകയ്യിൽ ശാക്തീകരണ കാഴ്ചപ്പാടുകളായി മാറുന്നതിന്റെ ആദ്യകാലത്തെ ഒരു ഉദാഹരണംമാത്രം. ഈ രീതിയിലുള്ള എൻ.ജി.ഒ വത്ക്കരണത്തെ തൊടാൻപോലും ലേഖനം ഭയപ്പെടുന്നതുപോലെ തോന്നുന്നു.

ആൺപെൺ അധികാരബന്ധങ്ങളെ മാറ്റിമറിച്ച് സ്ത്രീക്കെതിരായിട്ടുള്ള എല്ലാ മർദ്ദകാവസ്ഥയേയും ഇല്ലാതാക്കി സ്ത്രീവിമോചനം സാധ്യമാക്കുക എന്ന ലക്ഷ്യമാണ് ഫെമിനിസം മുന്നോട്ടുവെക്കുന്നത്.

*(ശേഷം 17-ാം പേജിൽ)*

# ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ

**പ്രതികരണം**

**രണ്ടാംഭാഗം**



അജിത. കെ

**ആദ്യഘട്ടത്തിലെ** രാഷ്ട്രീയ സ്ത്രീവാദത്തെപ്പോലെ ചലനാത്മകമായ, സ്ഫോടനാത്മകമായ പ്രവർത്തനരീതികളിൽനിന്നും ഏറെ വ്യത്യസ്തമായിരുന്നു രണ്ടാം ഘട്ടത്തിലെ പ്രവർത്തനമെന്നത് ശരിയാണ്. ആ ഘട്ടത്തിലെ വളരെ അയഞ്ഞ, അസ്ഥിരമായ പ്രവർത്തനശൈലിയുടെ തുടർച്ചയായാണ് 'അന്വേഷി'യെന്ന ഒരു റജിസ്റ്റേർഡ് സംഘടനയ്ക്ക് ഞങ്ങൾ രൂപംകൊടുത്തത്. അക്കാലത്തെ പ്രവർത്തനം സാധാരണ സ്ത്രീകൾക്കിടയിലുണ്ടാക്കിയ ചലനങ്ങളും അവരിലുണർത്തിയ പ്രതീക്ഷകളും അവരുടെ പ്രശ്നങ്ങൾ ദൈനംദിനമായി, ചിട്ടയോടെ കൈകാര്യംചെയ്യേണ്ടതിന്റെ ആവശ്യകത ഞങ്ങളെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു. 'പ്രശ്നങ്ങളുമായി അഭയം തേടിവരുന്ന സ്ത്രീകൾക്ക് കരയാനും തുറന്ന് പറയാനുമൊരിടം' എന്ന ചുരുങ്ങിയ ലക്ഷ്യത്തോടെ ആരംഭിച്ച അന്വേഷി പലപല ഘട്ടങ്ങളിലൂടെ കടന്നുപോയി ഇന്ന് സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ കഴിവും അനുഭവപരിചയവുമുള്ള ഒരു സംഘം പ്രവർത്തകരടങ്ങിയ സ്ഥാപനമായിമാറിയത് ചരിത്രമാണ്. ഗാർഹിക പീഡനങ്ങൾ, സ്ത്രീകൾക്കുനേരെ തൊഴിലിടങ്ങളിലും പൊതുഇടങ്ങളിലുമുള്ള ലൈംഗിക പീഡനങ്ങളും ചൂഷണങ്ങളുമെല്ലാം കൈകാര്യം ചെയ്യേണ്ടത് ഭരണകൂടത്തിന്റെകൂടി ഉത്തരവാദിത്തമാണെന്ന നിലപാട് സ്വീകരിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നു. ലിംഗപദവിയുടെ മുഖ്യധാരാവത്ക്കരണത്തിന്റേയും സ്ത്രീശാക്തീകരണ മുദ്രാവാക്യങ്ങളുടേയും പൊതു അന്തരീക്ഷം ഇത്തരമൊരു നിലപാടെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടാവാം. ഭരണകൂടത്തിൽനിന്നും ജനാധിപത്യവ്യവസ്ഥിതിയിൽനിന്നും അന്തസ്സോടെ ജീവിക്കാനും നിലനില്ക്കാനുമുള്ള സ്ത്രീസമൂഹത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നുണ്ടോ?

ഇതിനെ എൻ.ജി.ഒ വത്ക്കരണമെന്നും ഫണ്ട് വാങ്ങിയുള്ള പ്രവർത്തനമെന്നും വ്യാഖ്യാനിക്കാവുന്നതാണ്. സ്ത്രീജനസാമാന്യവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ സ്ത്രീവാദ പ്രത്യയശാസ്ത്രത്തിന്റെ തുറന്ന പോരാട്ടരീതി അവലംബിക്കുക സാദ്ധ്യമല്ല എന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധേയമായ ഒരു വസ്തുതയാണ്. കേരളം മുഴുവനും സ്ത്രീപ്രസ്ഥാനങ്ങളുടെയിടയിൽ എൻ.ജി.ഒ വത്ക്കരണം നടന്നതും ആ കാലയളവിലാണ്. ഈ പ്രക്രിയയുടെ പരിമിതികളെ മറികടക്കാനും സ്ത്രീകളുടെ രാഷ്ട്രീയപ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരാനുമാണ് പ്രാഥമികമായും കേരളസ്ത്രീവേദി രൂപീകരിക്കപ്പെട്ടത്. സ്ത്രീവേദിയുടെ ഇന്നത്തെ ക്ഷീണാവസ്ഥയുടേയും പുറകോട്ടടിയുടേയും കാരണങ്ങൾ തീർച്ചയായും വിശകലനം ചെയ്യപ്പെടുകയും ആത്മവിമർശനത്തിന് പാത്രമാവുകയും ചെയ്യേണ്ടതുണ്ട്. പക്ഷേ, സ്ത്രീവേദി അതിന്റെ തുടക്കംമുതൽ ചലനാത്മകമായും രാഷ്ട്രീയദുഷ്പ്രഭുക്കളെ വെല്ലുവിളിക്കുന്നതരത്തിലും നടത്തിയ പ്രവർത്തനങ്ങളും അവ കേരളീയ മുഖ്യധാരാ രാഷ്ട്രീയപ്രസ്ഥാനങ്ങളിലും ഭരണസംവിധാനങ്ങളിലുമുണ്ടാക്കിയ സ്വാധീനവും നിഷേധിക്കുന്നത് ചരിത്രത്തെത്തന്നെ നിഷേധിക്കലായിരിക്കും. ഏതുകാര്യവും പൂർണ്ണമായും തെറ്റ്, അല്ലെങ്കിൽ






പൂർണ്ണമായും ശരി എന്നു വിലയിരുത്തുന്ന രീതിയോട് എനിക്ക് ഒട്ടുംതന്നെ യോജിക്കാൻ കഴിയില്ല.

രണ്ടാംഭാഗത്ത് ഏറ്റവും പ്രധാനമായി ഉന്നയിക്കപ്പെട്ട ഒരു വാദഗതി 'ലൈംഗിക തൊഴിൽ' പോലെയുള്ള വിവാദവിഷയങ്ങളിൽ കേരളത്തിലെ ഫെമിനിസ്റ്റ് ശൃംഖലയ്ക്കുള്ളിലുണ്ടായിരുന്നവരുടെ നിലപാടുകളിന്മേലാണ്. ബൂർഷ്വാസദാചാരത്തിന്റെ വ്യവസ്ഥകൾക്കതീതമായ ഒരു ചർച്ച സാദ്ധ്യമല്ലെന്നതുപോലെ ആ സംവാദങ്ങളുടെ വഴി നിയന്ത്രിക്കാനും ലൈംഗികതൊഴിലിനെക്കുറിച്ചുള്ള ലിബറൽ വ്യവഹാരങ്ങളെക്കുറിച്ച് ഫെമിനിസ്റ്റ് സംശയങ്ങളെ തങ്ങളുടെ സദാചാര അജണ്ടയോട് ചേർക്കാനും 'മാധ്യമ'ത്തിനു കഴിഞ്ഞുവെന്ന് ദേവിക പറയുന്നു. സ്തീകൾ എന്ന വിഭാഗം പ്രത്യേക താത്പര്യങ്ങളുള്ള ഒരു സവിശേഷ സാമൂഹ്യസംഘമാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നതിനുപകരം ഭരണകൂടസംരക്ഷണത്തിന്റെ ഗുണഭോക്താക്കൾ മാത്രമായി ചുരുങ്ങി. ഉന്നത രാഷ്ട്രീയ-തദ്ദേശ സ്വയംഭരണ കളങ്ങളിൽ ഫെമിനിസം പ്രകടിപ്പിച്ച നിലപാടുകളിലെ പരോക്ഷമായ, പലപ്പോഴും പ്രത്യക്ഷംതന്നെയായ ലൈംഗിക യാഥാസ്ഥിതികത്വം പല പുതിയ സാദ്ധ്യതകളേയും സദാചാര ചില്ലുകളിലൂടെ അളക്കാനുള്ള പ്രേരണയുണ്ടാക്കി. ലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള നിലപാടും ഇതുപോലെതന്നെയായിരുന്നു. ആഗോള എയ്ഡ്സ് ഭീതിയുടെ ഭാഗമായി തുറന്നുകിട്ടിയ ചെറിയ അവസരങ്ങൾ മുതലെടുത്തുകൊണ്ടാണ് ഈ രണ്ടുവിഭാഗങ്ങളും പൊതുരംഗത്ത് പ്രവേശിക്കാൻ ശ്രമിച്ചത്. എയ്ഡ്സ് നിയന്ത്രണമെന്ന ആഗോള പദ്ധതിയിലൂടെ ഈ വിഭാഗങ്ങളെ കടുത്ത നിരീക്ഷണത്തിനും അച്ചടക്കത്തിനും വിധേയരാക്കുന്നതരം പ്രയോഗങ്ങൾ നടപ്പിലാക്കിക്കൊണ്ടിരുന്ന ലിബറൽ തന്ത്രത്തിന്റെ ഭാഗം മാത്രമായിരുന്നു 'ലൈംഗിക തൊഴിലാളി'യുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വ്യവഹാരം, എന്നു ലേഖിക പറയുന്നു.

ഒരുവശത്ത് സ്ത്രീകളെ രാഷ്ട്രീയവിഷയികളാക്കുന്നതിനു പകരം ഭരണകൂടസംരക്ഷണത്തിന്റെ ഗുണഭോക്താക്കളാക്കി അരാഷ്ട്രീയവത്ക്കരിക്കുക, മറുവശത്ത് 'മാധ്യമം' പോലെ സാമുദായിക-സദാചാര നിലപാടുകളുള്ള ജിഹ്വകൾ ഫെമിനിസ്റ്റ് സദാചാരബോധത്തെ നിയന്ത്രിക്കുക- ദേവികയുടെ അഭിപ്രായത്തിൽ, ആദ്യഘട്ട രാഷ്ട്രീയ സ്ത്രീവാദവും രണ്ടാംഘട്ട ഫെമിനിസവും തമ്മിലുള്ള വ്യത്യാസം ഇവിടെ തുടങ്ങുന്നു. ലിംഗപദവിയുടെ മുഖ്യധാരാപ്രവേശത്തിന്റെ ഭാഗമായി തുറക്കപ്പെട്ട വൻ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഗാർഹിക പീഡനം, ഏറെയും കൗമാരപ്രായക്കാർ കുരുക്കിലാക്കപ്പെടുന്ന സെക്സ് റാക്കറ്റുകൾ തുടങ്ങിയ പലവിധ ലൈംഗിക അതിക്രമപ്രശ്നങ്ങൾ മുഖ്യധാരാരാഷ്ട്രീയരംഗത്ത് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞത് അത്ര വലിയ ഒരു നേട്ടമായി ദേവികയ്ക്ക് കാണാനാവുന്നില്ല. അതൊക്കെ ഭരണകൂട സംരക്ഷണത്തിനുവേണ്ടിയുള്ള, മറ്റൊരുവാക്കിൽ പറഞ്ഞാൽ ആദ്യഘട്ട രാഷ്ട്രീയസ്ത്രീവാദത്തിന്റെ നിലപാടിൽ വെള്ളം ചേർക്കപ്പെട്ട പരിശ്രമങ്ങളായാണ് ലേഖിക കാണുന്നതെന്നു വ്യക്തം. സ്ത്രീപീഡനപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു പഴഞ്ചൻ ഏർപ്പാടാണെന്ന സമീപനം ലേഖനത്തിലുടനീളം കാണുന്നു. ബൂർഷ്വാ സദാചാരത്തിന്റെ ചട്ടക്കൂട് ഭേദിച്ചില്ല, ലൈംഗിക യാഥാസ്ഥിതികത്വം പുലർത്തി, മധ്യവർഗ്ഗ സദാചാരത്തോട് നേരിട്ട് ഇടഞ്ഞില്ല, ഫെമിനിസ്റ്റ് ബഹുത്വം ബലികഴിക്കപ്പെട്ടു.... ഇത്തരം ഗൗരവമേറിയ ആരോപണങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്.

**'ലൈംഗിക തൊഴിൽ'-മറുവീക്ഷണം**

'ലൈംഗിക തൊഴിൽ' എന്ന പ്രശ്നത്തോട് കേരളസ്ത്രീവേദിയിലെ ഒരു പ്രവണതയുടെ വക്താവെന്ന നിലയിൽ ഞാനുൾപ്പെടെ എടുത്ത നിലപാട് ഇവിടെ വിശദീകരിക്കേണ്ടി വരുന്നു. എപ്പോഴാണ് 'മാധ്യമം' പോലുള്ള പത്രങ്ങളുടെ സാമുദായിക സദാചാരബോധത്തിൽ ഞങ്ങളൊക്കെ ആശ്രയിക്കുകയും അവരുടെ നിയന്ത്രണത്തിന് വിധേയരാവുകയും ചെയ്തതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. സ്ത്രീയുടെ ലൈംഗികതയ്ക്കുമേൽ കടുത്ത നിയന്ത്രണങ്ങളേർപ്പെടുത്തുമ്പോഴും പുരുഷന്റെ ലൈംഗിക അരാജകത്വത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്ന ആൺകോയ്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരു പ്രതിഭാസമാണ് വേശ്യാവൃത്തിയെന്നും ഏറ്റവും പ്രാചീനമായ ഒരു 'തൊഴിലാ'യി പ്രചരിപ്പിക്കപ്പെടുന്ന ഇത് സ്ത്രീകളെ ചൂഷണംചെയ്യുന്നതിന്റേയും അടിച്ചമർത്തുന്നതിന്റേയും അതിനീചമായ മുഖമാണെന്നും സ്ത്രീയുടെ അടിമത്തത്തിന്മേൽ കെട്ടിയുയർത്തപ്പെട്ട ഇന്നത്തെ കുടുംബഘടനയെന്ന നാണയത്തിന്റെ മറുപുറം മാത്രമാണിതെന്നും പുരുഷന് യഥേഷ്ടം പണം കൊടുത്ത് വാങ്ങാനും ഉപയോഗിക്കാനും വേണ്ടിയുള്ള ഒരു കച്ചവടച്ചരക്കു മാത്രമായ സ്ത്രീയുടെ (പെൺകുഞ്ഞിന്റെ എന്നുകൂടി പറയേണ്ടിവരുന്ന ഗതികേടിലാണ് കേരളീയ

സമൂഹം ഇപ്പോൾ) ലൈംഗികതയെ അടിസ്ഥാനപ്പെടുത്തിയ ഈ 'തൊഴിൽ' ബൂർഷ്വാ-ആൺകോയ്മയുടെ ഭാഗമാണെന്നും അത് നിലനില്ക്കേണ്ടത് ആ വ്യവസ്ഥയുടെ ആവശ്യമാണെന്നുമാണ് അന്നും ഇന്നും എന്റെ നിലപാട്. മറ്റേതൊരു അവയവംകൊണ്ടും ചെയ്യുന്ന തൊഴിൽപോലെതന്നെ ഇതിനേയും പരിഗണിക്കണമെന്നു പറയുന്ന വാദഗതി ഒട്ടുംതന്നെ അംഗീകരിക്കാനാവില്ല. അതിക്രമത്തിന്റെ, കടന്നാക്രമണത്തിന്റെ, സ്ത്രീ ഒരു ശരീരം/ലിംഗം മാത്രമാണെന്ന ആൺകോയ്മാപ്രത്യയശാസ്ത്രത്തിന്റെ ഒരു പ്രയോഗം മാത്രമായേ എനിക്കിതിനെ കാണാനാവുന്നുള്ളു. മറ്റേതൊരു തൊഴിൽപോലെയുമുള്ള ഒരു തൊഴിലായി ഇതും അംഗീകരിക്കപ്പെട്ടാൽ മറ്റേതൊരു തൊഴിലിനും പരിശീലനം കൊടുക്കുന്നതുപോലെ നമ്മുടെ സർവ്വകലാശാലകളിൽ ഈ തൊഴിലും എങ്ങനെ വിദഗ്ധമായി ചെയ്യാമെന്നതിന് കോഴ്സുകൾ ഉണ്ടായിക്കൂടെന്നില്ല!

ആഗോളവത്ക്കരണ വികസന നയത്തിന്റെ ഭാഗമായി ടൂറിസം അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ അതോടൊപ്പം ഒഴുകിവന്ന ഒരു പാക്കേജാണ് ലൈംഗികവ്യവസായം. നമ്മുടെ നാട്ടിലെ സെക്സ്റാക്കറ്റ് കേസുകളുടെ ആവിർഭാവവും വളർച്ചയും സ്ഥാപനവത്ക്കരിക്കപ്പെട്ടുകഴിഞ്ഞ ഇന്ന്, ഭാവിതലമുറയെ ആപത്ക്കരമായ അവസ്ഥകളിലെത്തിക്കുന്ന അത്തരം പ്രവണതകളെ പരിപോഷിപ്പിക്കുന്ന ഒരു സമീപനവും ഫെമിനിസ്റ്റാണെന്ന് ഞാൻ കരുതുന്നില്ല. സ്വന്തം ലൈംഗികതയ്ക്കുമേൽ പരമാധികാരം വേണമെന്ന ഫെമിനിസ്റ്റ് സ്വാതന്ത്ര്യപ്രഖ്യാപനമെവിടെ, ലൈംഗികത ഒരു ചരക്കായി വിപണിയിൽ വില്ക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള കേരളത്തിലെ പ്രവർത്തനങ്ങളെവിടെ? പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ കോഴിക്കോട് ബംഗളാദേശ് കോളനിയിലെ കുഞ്ഞീബിയെ പൊലീസ് ലോക്കപ്പിൽവെച്ച് കൊലചെയ്ത സംഭവത്തിൽ യാതൊരു സദാചാരചിന്തയുമില്ലാതെ, ലൈംഗികവൃത്തിയിലേർപ്പെട്ട കുഞ്ഞീബിയുടെ കൂട്ടുകാരികളെ സംഘടിപ്പിച്ച് പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും മറ്റുമൊക്കെ നടത്താനും അവരെ ഒന്നിച്ചുചേർത്ത് 'കുഞ്ഞീബി സ്മാരക മഹിളാസമാജം' രൂപീകരിക്കാനും ശ്രമിച്ച 'ബോധന'യുടെ സജീവപ്രവർത്തകയെന്ന നിലയിൽ അത്തരമൊരു സദാചാരബോധം ഒരിക്കലും എന്നെ സ്വാധീനിച്ചിട്ടില്ല. ഈ വിഭാഗം സ്ത്രീകളും അവരുടെ കുഞ്ഞുങ്ങളും നേരിടുന്ന സാമൂഹ്യമായ ബഹിഷ്കരണവും കടന്നാക്രമണങ്ങളും ഭരണകൂടത്തിന്റെ ക്രൂരമായ മർദ്ദനമുറകളുംമറ്റും തീർത്തും മനുഷ്യാവകാശപ്രശ്നമാണെന്നും അത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും ആവശ്യമാണെന്നും ഞാൻ കരുതുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം ലൈംഗിക കച്ചവടമെന്ന സമ്പ്രദായം ഇല്ലാതാക്കി അതിൽപെട്ടുപോയ സ്ത്രീകൾക്ക് സ്വന്തമായി അദ്ധ്വാനിച്ച് സ്വാഭിമാനത്തോടെ ജീവിക്കാനുള്ള സാമൂഹ്യസാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതായിരിക്കണമെന്നും മറിച്ച് ഒരു തൊഴിലെന്ന നിലയിൽ അതിനെ നിലനിർത്തുകയെന്നതായിരിക്കരുതെന്നുമാണ് എന്റെ അഭിപ്രായം. കുടുംബത്തിനകത്തെ അസമമായ അധികാരബന്ധങ്ങളിൽനിന്നുള്ള മോചനവും ലൈംഗിക കച്ചവടത്തിൽനിന്നുള്ള മോചനവും സ്ത്രീയുടെ അവകാശസമരങ്ങളുടെ ഭാഗമായി വരണമെന്ന് ഉറക്കെ പറയാൻ ഞാനാഗ്രഹിക്കുന്നു.

> നമ്മുടെ നാട്ടിൽ പെൺഭ്രൂണഹത്യ നടത്തുന്നതിനെ ന്യായീകരിക്കുന്ന പ്രവണതകളുണ്ടെങ്കിലും ഗർഭസ്ഥശിശു പെണ്ണായതുകൊണ്ടുമാത്രം അതിനെ ഇല്ലാതാക്കാനുള്ള തീരുമാനമെടുക്കുന്നത് സ്ത്രീയല്ല, പുരുഷനും അവന്റെ കുടുംബാംഗങ്ങളുമാണ്

**ലൈംഗിക ന്യൂനപക്ഷങ്ങൾ**

അതേസമയം ലൈംഗികന്യൂനപക്ഷങ്ങളുടെ പ്രശ്നം ഇതിൽനിന്നും അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ലൈംഗികന്യൂനപക്ഷങ്ങളായ ലെസ്ബിയൻ, ഗേ, ട്രാൻസ്ജെൻഡർ, ബൈസെക്ഷ്വൽ വിഭാഗങ്ങൾ കാലാകാലങ്ങളായി മതപരവും പുരുഷാധിപത്യപരവുമായ സദാചാരസങ്കല്പങ്ങളുടെ ഇരകളാക്കപ്പെട്ടവരാണെന്നത് തർക്കമറ്റ വസ്തുതയാണ്. ഓരോ വ്യക്തിയുടേയും ലൈംഗികാഭിരുചി — അത് ജന്മനാ ആർജ്ജിച്ചതോ സാമൂഹ്യസാഹചര്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നതോ ആകട്ടെ -- യെക്കുറിച്ച് മുൻവിധിയോടെയുള്ള, സദാചാരപരമായ സമീപനം സ്ത്രീയെ, സ്ത്രീയുടെ ലൈംഗികതയെ, സ്ത്രീയുടെ പ്രത്യുത്പാദനത്തെ നിയന്ത്രിക്കുകയെന്ന ആത്യന്തികലക്ഷ്യവുമായി കണ്ണിചേർക്കപ്പെട്ടതാണ്. കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാത്ത ലൈംഗികബന്ധത്തെ, അതും സ്ത്രീയുടെ ഭാഗത്തുനിന്നുള്ളതിനെ മത-പുരുഷാധിപത്യ മൂല്യങ്ങൾ അംഗീകരിക്കുന്നില്ല. ക്രിസ്തുമതമുൾപ്പെടെയുള്ള എല്ലാ മതങ്ങളും സ്ത്രീകളുടെ ഗർഭച്ഛിദ്രത്തിനുള്ള അവകാശത്തെ പൂർണ്ണമായും നിഷേധിക്കുന്നതിന്റെ അടിസ്ഥാന താത്പര്യം ഇതാണ്. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും മറ്റുമുള്ള ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഒരു പ്രധാന പ്രവർത്തനമേഖലയാണ് സ്ത്രീകളുടെ പ്രത്യുത്പാദനാവകാശങ്ങൾ. നമ്മുടെ നാട്ടിൽ പെൺഭ്രൂണഹത്യ നടത്തുന്നതിനെ ന്യായീകരിക്കുന്ന പ്രവണതകളുണ്ടെങ്കിലും ഗർഭസ്ഥശിശു പെണ്ണായതുകൊണ്ടുമാത്രം അതിനെ ഇല്ലാതാക്കാനുള്ള തീരുമാനമെടുക്കുന്നത് സ്ത്രീയല്ല, പുരുഷനും അവന്റെ കുടുംബാംഗങ്ങളുമാണ്. സ്ത്രീയുടെ ആവശ്യപ്രകാരം ഗർഭച്ഛിദ്രം നടത്തുന്നത് പാപമാണെന്ന സമീപനം പൊതുവെ മതങ്ങൾ സ്വീകരിക്കുന്നു. ഈ സ്ത്രീവിരുദ്ധ സമീപനത്തിന്നെതിരായി ആഗോളതലത്തിൽതന്നെ പോരാട്ടങ്ങൾ നടക്കുന്നു.

സ്വന്തം ലൈംഗികതയ്ക്കുമേൽ പരമാധികാരത്തിനുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ വേറിട്ടുതന്നെ കാണേണ്ടതാണ്. ഈ വിഭാഗങ്ങളുടെ പോരാട്ടങ്ങൾ തീർച്ച




യായും മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളുടെ ഭാഗമാണ്. നാളിതുവരെ കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് ഈ പ്രശ്നത്തോട് അകൽച്ചയുണ്ടായിരുന്നുവെന്നതും ശരിയാണ്. 'ലൈംഗികതൊഴിൽ' പ്രശ്നവും ന്യൂനപക്ഷങ്ങളുടെ പ്രശ്നവും കൂട്ടിക്കുഴയ്ക്കപ്പെട്ട രീതിയിലാണ് കേരളത്തിൽ അവതരിപ്പിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ, രണ്ടിനേയും ഒരുപോലെ കാണാനുള്ള പ്രവണതയുണ്ടായി. പുരുഷാധിപത്യമൂല്യങ്ങൾക്ക് പ്രസ്ഥാനത്തിലുള്ളവരുടെയിടയിലുണ്ടായിരുന്ന സ്വാധീനവും ഒരു കാരണമാകാം. സ്വവർഗ്ഗലൈംഗികതയും ഭിന്ന ലൈംഗികതയും ഒരേപോലെ അംഗീകരിക്കപ്പെടേണ്ടതുണ്ട്. സ്ത്രീയുടെ അടിമത്വത്തിന്മേൽ കെട്ടിയുയർത്തപ്പെട്ട ഇന്നത്തെ അണുകുടുംബമാതൃകയെ, അതിന്റെ എല്ലാവിധ സ്ഥാപിതതാത്പര്യങ്ങളോടുമൊപ്പം ഈ സമീപനം ചോദ്യം ചെയ്യുന്നു. ഈ വിഭാഗങ്ങളെ ക്രിമിനൽവത്ക്കരിക്കുന്ന നിയമസാമൂഹ്യസംവിധാനങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ബ്രിട്ടീഷുകാർ കൊണ്ടുവന്ന 377-ാം വകുപ്പ് എടുത്തുകളയണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് നടക്കുന്ന നിയമപോരാട്ടങ്ങൾ ഈ പശ്ചാത്തലത്തിൽ വിലയിരുത്തുന്നത് നന്നായിരിക്കും. സ്വവർഗ്ഗരതി ഒരു കുറ്റകൃത്യമല്ല എന്ന സുപ്രീംകോടതിവിധിയുടെ ചരിത്രപ്രാധാന്യം മനസ്സിലാക്കപ്പെടേണ്ടത് ഈ പശ്ചാത്തലത്തിലാണ്.

സ്വവർഗ്ഗരതി കുറ്റകൃത്യമാക്കപ്പെടുന്ന നിയമവ്യവസ്ഥ എടുത്തുകളയണമെന്ന് പറയുമ്പോൾ, ബാല ലൈംഗിക പീഡനം കൈകാര്യം ചെയ്യാനും മേൽപ്പറഞ്ഞ 377-ാം വകുപ്പ് മാത്രമാണ് ഇന്നുള്ളത് എന്ന വസ്തുത ചൂണ്ടിക്കാട്ടി, മേൽ സൂചിപ്പിച്ച കുറ്റകൃത്യത്തിന് പ്രത്യേക നിയമവകുപ്പുണ്ടാക്കണമെന്നും മനുഷ്യാവകാശ-സ്ത്രീവാദ പ്രവർത്തകർ ആവശ്യമുന്നയിച്ചിട്ടുണ്ട്. **അതുപോലെ ഏതുതരത്തിലുള്ള ലൈംഗികബന്ധവും പ്രായപൂർത്തിയായവർ, തുല്യ സാമൂഹ്യപശ്ചാത്തലമുള്ളവർ തമ്മിൽ സ്വമേധയാ എടുക്കുന്ന തീരുമാനമായിരിക്കണം.** അല്ലാതെ അസമമായ സാമൂഹ്യാവസ്ഥകളിലുള്ള വ്യക്തികൾ തമ്മിൽ ബലപ്രയോഗത്തിലൂടെയും പ്രലോഭനങ്ങളിലൂടെയും നടക്കുന്ന ലൈംഗികബന്ധത്തെ ക്രിമിനൽകുറ്റമായല്ലാതെ കാണാനാവില്ല. പതിനാറുവയസ്സ് കഴിഞ്ഞാൽ ഒരു പെൺകുട്ടി ഏർപ്പെടുന്ന ലൈംഗികബന്ധങ്ങളെ അവൾ സ്വമേധയാ വഴങ്ങുന്നതാണെന്ന നിഗമനത്തിലെത്തുന്ന നിയമസംവിധാനവും നമ്മുടെ നാട്ടിൽത്തന്നെയാണല്ലോ. പ്രായപൂർത്തിവോട്ടവകാശവും വിവാഹം ചെയ്യാനുള്ള അവകാശവും 18 വയസ്സുകഴിഞ്ഞാലേ ഒരാൾക്ക് ലഭിക്കുകയുള്ളു, പക്ഷേ, ലൈംഗികാതിക്രമങ്ങളുടെ കാര്യത്തിൽ 16 വയസ്സുകഴിയുമ്പോഴേക്ക് ഒരാൾ മുതിർന്ന വ്യക്തിയാകുന്നു!

ലേഖനത്തിന്റെ മൂന്നാം ഭാഗത്താണ് ഭാവിയെ സംബന്ധിച്ച കാഴ്ചപ്പാടുകൾ ദേവിക മുന്നോട്ടുവെക്കുന്നത്. ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള ഗതിവിഗതികൾ അതിന്റെ ഭാവിയെ സംബന്ധിച്ച് ഏറെ ശുഭകരമല്ലെങ്കിലും ഫെമിനിസത്തിന്റെ പുറത്തു സംഭവിക്കുന്ന സാമൂഹ്യപ്രക്രിയകൾ ഇനിമുതൽ അതിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കാൻപോകുന്നുവെന്ന് ദേവിക പ്രവചിക്കുന്നു. പഞ്ചായത്ത് സ്ത്രീപ്രതിനിധികൾ, കുടുംബശ്രീ-മഹിളാ സമഖ്യ തുടങ്ങിയ സംവിധാനങ്ങൾ, അടുത്തകാലത്ത് ശക്തമായി ഉയർന്നുവന്ന സ്വകാര്യആശുപത്രികളിലെ നഴ്സുമാരുടെ സമരങ്ങൾ, പെൺകൂട്ട്പോലുള്ള പരിശ്രമങ്ങൾ, ദേശീയതലത്തിൽ ഇന്ത്യൻ വിമൻസ് സ്റ്റഡീസ് പഠനരംഗത്തും ഫെമിനിസ്റ്റ് പ്രവർത്തനങ്ങളിലുമുള്ള മലയാളിസ്ത്രീകൾ, ഇസ്ലാമിക ആത്മീയതയാൽ പ്രേരിതമായ സ്ത്രീമുന്നേറ്റങ്ങൾ.... ഇപ്രകാരം നേരിട്ട് പുരുഷാധിപത്യത്തോട് ഏറ്റുമുട്ടാത്തതും എന്നാൽ സാമൂഹ്യചലനങ്ങളുണ്ടാക്കുന്നതുമായ പ്രവണതകളിലേക്കാണ് ദേവിക വിരൽചൂണ്ടുന്നത്. കേരളത്തിനുപുറത്തുള്ള ഇന്ത്യൻ ഫെമിനിസവുമായുള്ള മലയാളി ഫെമിനിസത്തിന്റെ ബന്ധം പുതുക്കിപ്പണിയണമെന്ന് ലേഖിക അഭിപ്രായപ്പെടുന്നു. കേരള സ്ത്രീവേദിയുടെ ഘടനയിൽ വമ്പിച്ച അഴിച്ചുപണി വേണമെന്നും ഒരു വലയുടെ മാതൃകയിൽ വ്യത്യസ്ത സ്ത്രീസംഘങ്ങളെ കണ്ണിചേർക്കുന്ന സ്ത്രീവേദിയുടെ കേന്ദ്രഭാഗം ചലനാത്മകസ്വഭാവമുള്ളതും ക്രിയാത്മകമായ അസ്ഥിരത മുഖമുദ്രയായുള്ളതുമായിരിക്കണമെന്നും ലേഖനത്തിൽ പറയുന്നു. വളരെയേറെ ശുഭാപ്തിവിശ്വാസത്തോടെയാണ് ഈ ലേഖനം ദേവിക അവസാനിപ്പിക്കുന്നത്. ഇത് പ്രായോഗികമാക്കുക അത്ര എളുപ്പമല്ലെന്ന് എല്ലാവർക്കുമറിയാം. എങ്കിലും അത്തരം പരീക്ഷണങ്ങൾ ആവശ്യമാണ്, അനിവാര്യമാണ് എന്നുതന്നെയാണ് എന്റെ പക്ഷം. ആത്മപരിശോധനയും തെറ്റുതിരുത്തലുകളും എല്ലാഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്. എന്നുമാത്രമല്ല, സമീപനരീതികളിലെ വ്യത്യസ്തത അംഗീകരിച്ചുകൊണ്ട് തുറന്നമനസ്സോടെ പ്രശ്നങ്ങൾ കൈകാര്യംചെയ്യാൻ കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് കഴിയേണ്ടതുണ്ട്, കഴിയുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കുക..■

# സ്വസ്ഥമായി മൂത്രമൊഴിക്കാൻ പറ്റില്ലെങ്കിൽപിന്നെ എന്താഘോഷം സാറേ?

*നഗരത്തിൽ നാലിടത്ത് സ്ത്രീകൾക്കായി നാലു പബ്ലിക് ടോയ്‌ലെറ്റുകൾ നിർമ്മിച്ചിരുന്നെങ്കിൽ സ്ത്രീകളുടെ 'ആശങ്ക' ഒഴിവാക്കാമായിരുന്നു. ഇനിയിപ്പോ ഇതൊക്കെ വായിച്ച് വെള്ളിമാടുകുന്നിൽ നിർമ്മിക്കാനിരിക്കുന്ന 'ജെൻഡർ പാർക്കി'ൽ നിരവധി ടോയ്‌ലറ്റുകൾ ഞങ്ങൾ നിർമ്മിച്ചുതരും എന്നുമാത്രം പറയരുതേ, കാരണം കോഴിക്കോട് ടൗണിൽനിന്ന് കിലോമീറ്ററുകൾക്കപ്പുറം വെള്ളിമാട്കുന്ന് വന്നു മൂത്രമൊഴിക്കുക എന്നത് അത്ര സുഖകരമായ കാര്യമേയല്ല- കോഴിക്കോട് നടന്ന ജെൻഡർഫെസ്റ്റിന്റെ പശ്ചാത്തലത്തിൽ ഒരിടപെടൽ...., ഫെസ്റ്റ് നടത്താൻ മുൻകയ്യെടുത്ത സാമൂഹികക്ഷേമവകുപ്പുമന്ത്രി എം.കെ. മുനീറിന്റെ ശ്രദ്ധയിലേക്ക് ചില പെണ്ണുരുക്കങ്ങൾ. മിഠായിത്തെരുവിൽ നടന്ന മൂത്രപ്പുരസമരം നിരന്തരം അവഗണിക്കപ്പെടുന്ന സാഹചര്യത്തിൽ, മന്ത്രി അറിയാൻ ചില കാര്യങ്ങൾ* ***സരിത കെ. വേണു*** *എഴുതുന്നു.*



**മന്ത്രി മുനീർ അറിയാൻ.....**

**സ്വസ്ഥമായി മൂത്രമൊഴിക്കാൻ പറ്റില്ലെങ്കിൽപിന്നെ എന്താഘോഷം സാറേ?**

ബഹുമാന്യനായ സാമൂഹികക്ഷേമവകുപ്പു മന്ത്രി അറിയുന്നതിന്

സർ,

പുര കത്തുമ്പോൾ വാഴ വെട്ടുക എന്നൊരു നാടൻചൊല്ലാണ് ഈയിടെയായി എന്റെ മനസ്സുനിറയെ. നാട്ടിലെ എല്ലാ സ്ത്രീകളേയും ശാക്തീകരിച്ച്, അവൾ ഇരയല്ലെന്നു വരുത്തിത്തീർത്ത്, അവൾക്ക് പറയാൻ ഇടം കൊടുക്കുന്നതായി ഭാവിച്ച് ഈ സർക്കാരും കൂട്ടരും ഒരു പരുവമാവുന്നില്ലേ എന്നൊരു തോന്നൽ. ഇങ്ങനെയൊക്കെയാണോ ഞാനോ എന്റെ സഹോദരിയോ അമ്മയോ മകളോ കൂട്ടുകാരിയോ അനുഭവിക്കുന്ന വിവിധങ്ങളായ സാമൂഹികപ്രശ്നങ്ങളെ നേരിടേണ്ടത്? സത്യത്തിൽ ജെൻഡർഫെസ്റ്റുകൾപോലുള്ള ചില ഓർമ്മപ്പെടുത്തലുകളും വിളംബരങ്ങളും അത്യാവശ്യമാണ്. പ്രത്യേകിച്ചും സ്ത്രീ ഒരു ശരീരം മാത്രമാവുന്ന ഇക്കാലത്ത്. പക്ഷേ, അതിനുമുമ്പ് ഇതിന്റെ നടത്തിപ്പുകാരായ നിങ്ങൾ അറിയേണ്ട ചില വസ്തുതകളുമുണ്ടെന്നിരിക്കെ ഇത്തരം ആഘോഷങ്ങൾ വെറും പ്രഹസനമാവുകയേ ഉള്ളൂ എന്നു ഞാൻ പറയാതെതന്നെ അറിയാമല്ലോ? പിന്നെ പറയുമ്പോൾ എല്ലാം പറയണമെന്നല്ലേ, സ്ത്രീയെ സെമിനാറുകളിലൂടെ ഉദ്ബോധിപ്പിച്ച് ശാക്തീകരിച്ചിട്ടൊന്നും കാര്യമില്ല. അവൾക്ക് പട്ടാപ്പകൽപോലും സമാധാനത്തോടെ തിരക്കേറിയ വഴികളിലൂടെ നടക്കാൻ വയ്യ. ഉടുമുണ്ട് പൊക്കിയും പാന്റിന്റെ സിബ്ബ് അഴിച്ചും ഇവിടുത്തെ ആങ്ങളമാർ ഞങ്ങളെ പ്രബുദ്ധരാക്കിക്കൊണ്ടിരിക്കുകയാണ്. വെറും 5 മിനിറ്റ് കോഴിക്കോട് പുതിയ ബസ്സ്റ്റാന്റിൽ നിങ്ങളുടെ വനിതാപ്രതിനിധികളോട് ഒന്ന് ഇരിക്കാൻ പറയണം. അപ്പോൾ അറിയാം വിശേഷം. ഇറച്ചിക്കടയിലാണ് താൻ ഇരിക്കുന്നത് എന്ന് അവർക്കു ബോധ്യപ്പെടാൻ ആദ്യത്തെ 3 മിനിറ്റ് മതിയാവും.




ഭൂമിയിലെ ഏറ്റവും മനോഹരമായ സൃഷ്ടിയാണ് സ്ത്രീ. ഞാനും അതിൽ അഭിമാനംകൊള്ളുന്നു. യഥാർത്ഥ മാറ്റം സ്ത്രീജീവിതങ്ങളിൽ കൊണ്ടുവരാൻ ഉതകുന്നെങ്കിൽ ജെൻഡർഫെസ്റ്റ് ഒരു അനിവാര്യതയാണ്. സ്വസ്ഥമായി ജീവിക്കാൻ സൗകര്യം ഒരുക്കുന്നതിലൂടെ കൊണ്ടുവരാം, ആ മാറ്റം. ആഘോഷിക്കപ്പെടേണ്ടതാണ് സ്ത്രീത്വം എന്ന ബോധം അവൾക്കു നല്കണമെങ്കിൽ ആദ്യം നല്കേണ്ടത് സുരക്ഷിതയെന്ന ബോധ്യമാണ്. പോംവഴിയില്ലാത്ത പ്രശ്നമൊന്നുമല്ല അത്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയും അല്പം മനുഷ്യപ്പറ്റോടെ പ്രശ്നങ്ങളെ കൈകാര്യംചെയ്തും ആ ബോധ്യം ഉണ്ടാക്കിയെടുക്കാവുന്നതേയുള്ളു.

**മിഠായിത്തെരുവിലെ പെൺകുട്ടികൾ**

അസംഘടിതമേഖലയിൽ ജോലിചെയ്യുന്ന സ്ത്രീതൊഴിലാളികളുടെ കൂട്ടായ്മ 'പെൺകൂട്ട്' കോഴിക്കോട് കുറച്ചുവർഷങ്ങളായി നടത്തിവരുന്ന ഒരു സമരമുണ്ട്. അതിനെക്കുറിച്ച് സാർ കേട്ടിരിക്കുമോ എന്നറിയില്ല. മൂത്രപ്പുരസമരം. മിഠായിത്തെരുവിലെ കടകളിൽ ജോലിചെയ്യുന്ന പാവം പെൺകുട്ടികളുടെ ദുരവസ്ഥ

പരിഹരിക്കാനായിരുന്നു ആ സമരം. രാവിലെ 8ന് വീട്ടിൽനിന്നും ഇറങ്ങിയാലാണ് പലരും രാവിലെ 9നകം ഷോപ്പുകളിലെത്തുന്നത്. മിക്കവരും സെയിൽസ് ഗേൾസാണ്. 9നു തുടങ്ങുന്ന അഭ്യാസം തീരുന്നത് രാത്രി 7.30ന്. വീട്ടിൽ എത്തുന്നത് രാത്രിയിൽ. ഇതിനിടയിൽ ഇവർ കടന്നുപോകുന്ന ജീവിതമൊന്നും ഞാനോ നിങ്ങളെ ഒരിക്കൽപോലും അറിഞ്ഞിട്ടുണ്ടാവില്ല. ഒരേ നില്പാണു സർ. സീസൺ ആണെങ്കിൽ പറയുകയും വേണ്ട. ഇതിനിടയിൽ മൂത്രമൊഴിക്കുന്നത് രണ്ടുതവണ. ഇവർക്കൊന്നും മുള്ളാൻ ആഗ്രഹമില്ലാഞ്ഞിട്ടൊന്നുമല്ല സാറേ. അതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെയാ. മൂത്രമൊഴിക്കാൻ ഹോട്ടലുകളിൽ കയറി ഇവരൊക്കെ എത്ര ചായ കുടിക്കും? അല്ല, ഇതിനൊക്കെ ഒരു കണക്കില്ലേ? പീരിഡ്സാണെങ്കിൽ പെൺകുട്ടികൾ മൂത്രമേ ഒഴിക്കില്ല. രാത്രിവരെ ഇങ്ങനെ സഹിച്ചുനിൽക്കുന്ന എത്രയോപേരെ എനിക്കുതന്നെ അറിയാം. മൂത്രശങ്ക ഭയന്ന് വെള്ളംപോലും കുടിക്കില്ല ഈ കുട്ടികൾ. ഫലം വിവിധതരം ആരോഗ്യപ്രശ്നങ്ങളായി ഇവർ പിന്നെ ജോലിക്കു വരില്ല. ഇവരുടെയൊക്കെ വീട്ടിൽ ഈ തുച്ഛമായ തുകയുടെ ഉപയോഗം വലിയതാണ് എന്നുകൂടി ഓർക്കണം.

**അടക്കിപ്പിടിച്ച് മണിക്കൂറുകൾ**

അവർ മാത്രമല്ല, ഇതെഴുതുന്ന ഞാനടക്കം മിക്ക സ്ത്രീകളും വീടിനുവെളിയിൽ ഇറങ്ങിയാൽ ഇങ്ങനെ അടക്കിപ്പിടിച്ചിരിക്കലാണ് പതിവ്. ഇന്ത്യയിൽ ഏതു ചുമരും പുരുഷന് പബ്ലിക് ടോയ്‌ലറ്റാണ്. എന്നാൽ നിങ്ങളും അങ്ങനെ ഒഴിച്ചുകാണിക്ക് എന്നുമാത്രം പറയരുത് സർ. ഞങ്ങൾക്ക് അതിൽ ഇത്തിരി അസൗകര്യമുണ്ട്. സത്യമായിട്ടും സ്വസ്ഥമായി മൂത്രമൊഴിക്കാൻ പറ്റില്ലെങ്കിൽ പിന്നെന്താഘോഷം സാറേ? അപ്പോൾ പറഞ്ഞുവരുന്നത്, രണ്ടുവർഷത്തിലധികമായി നടന്നുവരുന്ന ടോയ്‌ലറ്റ് സമരം എങ്ങുമെത്തിയില്ല എന്നാണ്.

അന്ന് സമരം കടുത്തപ്പോൾ നാലു നിർഗുണപരബ്രഹ്മങ്ങളായ ഇ–ടോയ്‌ലറ്റുകൾ കോർപറേഷൻ അധികാരികൾ സ്ഥാപിച്ചിരുന്നു. രണ്ടാമത്തെ ദിനംതന്നെ ഇവ മരിക്കുകയോ അർദ്ധപ്രാണനാവുകയോ ചെയ്തു. ഇത്രയും ആഡംബരമായി, ആഘോഷമായി സ്ത്രീത്വം കൊണ്ടാടപ്പെടുന്ന അതേ സ്ഥലത്താണ് ഈ അവസ്ഥ. *(നഗരത്തിൽ നാലിടത്ത് സ്ത്രീകൾക്കായി നാലു പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിച്ചിരുന്നെങ്കിൽ സ്ത്രീകളുടെ ആ 'ശങ്ക' ഒഴിവാക്കാമായിരുന്നു. ഇനിയിപ്പോ ഇതൊക്കെ വായിച്ച് വെള്ളിമാടുകുന്നിൽ നിർമ്മിക്കാനിരിക്കുന്ന 'ജെൻഡർപാർക്കി'ൽ നിരവധി ടോയ്‌ലറ്റുകൾ ഞങ്ങൾ നിർമ്മിച്ചുതരും എന്നുമാത്രം പറയരുതേ, കാരണം കോഴിക്കോട് ടൗണിൽനിന്ന് കിലോമീറ്ററുകൾക്കപ്പുറം വെള്ളിമാടുകുന്ന് വന്നു മൂത്രമൊഴിക്കുക എന്നത് അത്ര സുഖകരമായ കാര്യമേയല്ല.)*

**ഇവരും തൊഴിലാളികളാണ്**

സ്ത്രീകൾ ഒന്നിച്ചിരിക്കുക, അവർക്കു പറയാനുള്ളത് പറയുക, അതിനൊരു പൊതുവേദി എന്നതൊക്കെ എത്ര മനോഹരങ്ങളായ ആശയങ്ങളാണല്ലേ, ദാസാ. അങ്ങനെയൊക്കെ ഉണ്ടാവുമെങ്കിൽ സന്തോഷം. പാചകമേളയും ഷട്ടിൽ ബാഡ്മിന്റൺ കളിയും മൈലാഞ്ചിയിടൽ മത്സരവും സിനിമാപ്രദർശനവുമൊന്നും ഞാനടങ്ങുന്ന സാധാരണസ്ത്രീകളുടെ ആവശ്യമല്ല. ഞങ്ങളുടെ പ്രശ്നം ചെയ്യുന്ന ജോലിക്ക് തുല്യ വേതനമാണ്. അസംഘടിതമേഖലയിൽ ജോലിചെയ്യുന്ന നിരവധി സ്ത്രീ തൊഴിലാളികൾ ഇന്നും ഈ അസമത്വവും ചൂഷണവും നേരിടുന്നു. തൊഴിലാളി ക്ഷേമനിധി എന്ന ഒരു സാമഗ്രിയുണ്ട്. തൊഴിലാളികളും മുതലാളിമാരും ചേർന്ന് തുല്യസംഖ്യ അടയ്ക്കുന്ന ഏർപ്പാടാണ്. അതിന്റെ ഗുണം തൊഴിലാളിക്കു ലഭിക്കും. തൊഴിലാളി വർഷങ്ങളോളം മുതലാളിയുടെ തുച്ഛശമ്പളത്തിൽ പണിയെടുക്കുകയും പണിയെടുത്ത് പണിയെടുത്ത് ഒരുദിവസം വിരമിക്കുകയും ചെയ്യുന്നു.

പലർക്കും തൊഴിലാളി ക്ഷേമനിധി എന്താണെന്നറിയില്ല. ആരെങ്കിലും പറഞ്ഞ് അറിഞ്ഞ് മുതലാളിയോട് ചെന്നുചോദിച്ചാൽ തന്റെ പങ്ക് തുക അടയ്ക്കാൻ മുതലാളിക്ക് സൗകര്യമില്ല. എന്നാൽ, വർഷത്തിൽ രണ്ടു തവണയെങ്കിലും ലേബർ ഓഫീസർമാർ തങ്ങളുടെ സീറ്റിൽനിന്നും ഇറങ്ങിവന്ന് അതൊക്കെ നടപ്പാക്കുന്നുണ്ടോ എന്നൊന്ന് അന്വേഷിച്ചാൽ തീരാവുന്നതേയുള്ളു സർ, ഈ പ്രശ്നം. ഇപ്പോഴത്തെപ്പോലെ വരരുത്. കിട്ടേണ്ടത് കിട്ടുമ്പോൾ ചിരിയോടെ മടങ്ങുന്ന നാട്ടുനടപ്പ് ഇത്തിരി മാറ്റിവെക്കേണ്ടിവരും.

**കണ്ണൊന്നു തുറക്കണം സർക്കാരേ**

കോഴിക്കോട്ടെ പ്രശസ്തമായ മിഠായിത്തെരുവിലെ അസംഘടിത സ്ത്രീത്തൊഴിലാളികളുടെ അവസ്ഥ ഇപ്പോഴും ഇതൊക്കെയാണ്. പുരുഷനേക്കാൾ കുറവാണ് അവരുടെ വേതനം. എന്നാൽ അദ്ധ്വാനത്തിനൊട്ടും കുറവുമില്ല. തുല്യവേതനവും തൊഴിൽ സുരക്ഷയുമാണ് ഈ പെൺകുട്ടികളുടെ ഏറ്റവും വലിയ ആവശ്യങ്ങൾ. 70% കടകളും രജിസ്റ്റേഡ് അല്ല. അതിനാൽ തൊഴിലാളികളും. ഇതിനാൽ നേരത്തെ പറഞ്ഞ ക്ഷേമനിധിക്കൊന്നും ഈ പാവങ്ങളുടെ കണ്ണീരു കാണാനാവുന്നില്ല. എന്നാൽ, ജെൻഡർഫെസ്റ്റ് നടത്താൻമാത്രം രാഷ്ട്രീയബോധമുള്ള ഒരു സർക്കാറും മന്ത്രിമാരുമൊക്കെ വിചാരിച്ചാൽ ഇതൊന്നും അത്ര വിഷമമേയല്ല.

ഇങ്ങനെ നാടുമുഴുവനും പ്രശ്നങ്ങളാണ്. അതിൽ സ്ത്രീകളുടെ ജീവിതം ദിനംപ്രതി ദുരിതപൂർവ്വവും അനിശ്ചിതവുമാവുന്നു. പുര ഇങ്ങനെയൊക്കെ കത്തിക്കൊണ്ടിരിക്കേ എങ്ങനെയാണ് വാഴവെട്ടാൻ തോന്നുന്നത് എന്നതാണ് എന്റെ മനസ്സിനെ അലട്ടുന്നത്. ഒരഞ്ചുമിനിറ്റിലധികം ഒരിടത്തു പുരുഷന്റെ ശല്യമില്ലാതെ തനിയെ നിൽക്കാൻ കഴിയുക, സഹോദരന്റെയോ കൂട്ടുകാരന്റെയോ കൂടെ നടക്കുമ്പോൾ ചൂഴ്ന്നുതിന്നാതിരിക്കുക, മാന്യമായി തൊഴിലെടുക്കുന്നതിനുള്ള അർഹമായ വേതനവും ആരോഗ്യപരമായ തൊഴിൽ സാഹചര്യങ്ങളും യാത്രാസൗകര്യങ്ങളും താമസസൗകര്യങ്ങളും ഒരുക്കുക എന്നതൊക്കെയാണ് സ്ത്രീകളുടെ ആവശ്യം. ഈ ആവശ്യങ്ങളൊക്കെ ഇങ്ങനെ കടലാസിൽ ഉരുട്ടി ഉരുട്ടി എഴുതിക്കൊണ്ടിരിക്കാൻ മാത്രമാണ് ജെൻഡർഫെസ്റ്റുകൾ എങ്കിൽ ആ കല്യാണപ്പുരയിലേക്ക് ഞങ്ങൾ ഇല്ല, സർ.

ഊഷ്മളമായ അഭിവാദ്യങ്ങൾ ■

('നാലാമിടം' എന്ന ബ്ലോഗിലെ പെണ്മ കോളത്തിൽനിന്ന്)

കഥ



പ്രിയ.എ.എസ്.



# കുഞ്ഞുണ്ണി അവസ്തി

**ഞാൻ** ജനലേക്കേറി മറിഞ്ഞപ്പോ അമ്മൂമ്മ പറയുവാ,നിന്റെമ്മ വരട്ടെ,നിന്നെ ബോർഡിങ് സ്ക്കൂളിലാക്കാൻ പറയണൊണ്ട് ഞാൻ എന്ന്. അതിനെന്താ, ആക്കിക്കോ ബോർഡിങ്ങില്,എനിക്ക് ബോർഡിങ് സ്ക്കൂളിഷ്ടാ,അവടെ നികും സാറൊണ്ടാകുവല്ലോ എന്ന് അപ്പത്തന്നെ മറുപടി പറഞ്ഞു ഞാൻ.

മൂക്ക് ചുളിച്ച് എന്നെ നോക്കീട്ട് ഒറ്റപ്പോക്ക് അമ്മൂമ്മ.

നികും സാറൊള്ളത് താരേ സമീൻ പർ സിനിമയിലാ.എനിക്കെന്താ ഇഷ്ടാന്നോ ആ സിനിമ.ചെലപ്പോ അതിലെ ഇഷാൻ അവസ്തിയെപ്പോലെ ബ്രഡ് വായിലെടുത്തു കടിച്ചുപിടിച്ചോണ്ട് ഞാൻ കൈകഴുകാൻ പോകും,ചെലപ്പോ അവൻ ചെയ്യണതുപോലെ മഞ്ഞേം ചൊവപ്പും നെറങ്ങള് മിക്സ് ചെയ്യും.

അപ്പോ അമ്മ എന്നെ കുഞ്ഞുണ്ണി അവസ്തി എന്നു വിളിക്കും.അപ്പോ ഞാനമ്മേ അമ്മ അവസ്തി എന്നുവിളിക്കും.

എനിക്കും ഇഷ്ടാ നെറങ്ങള് ഇഷാനെപ്പോലെ. വലുതായി ജോലി കിട്ടുമ്പോ. ഞാനേ,എന്റമ്മച്ചിക്ക് എല്ലാനെറങ്ങളുമൊള്ള ഒരു സാരി വാങ്ങിച്ചു കൊടുക്കും .അമ്മക്കേറ്റവുമിഷ്ടം പച്ചയാ.എനിക്കേറ്റവുമിഷ്ടം മഞ്ഞയും ചൊവപ്പുമാ.

അച്ചനിഷ്ടം കറുപ്പായിരിക്കും.അച്ചനൊരു വവ്വാലാണല്ലോ.ഞാനങ്ങനെ പറഞ്ഞപ്പോ അമ്മൂമ്മ വിചാരിച്ചു അച്ചനൊരു വക്കീലല്ലേ,കറുത്ത കോട്ടും കുപ്പായോം ഇടണ ആളല്ലേ ,അതുകൊണ്ടാ ഞാൻ വവ്വാലെന്നു പറഞ്ഞേന്ന്.രാത്തിറീല് വൈകി വരണ ആളെപ്പിന്നെ വവ്വാലേന്നല്ലേ വിളിക്കണ്ടത്?

അച്ഛപ്പൻ ഓഫീസിലിരുന്ന് കേസ് പഠിക്കണതു കൊണ്ടാ വീട്ടില് വരാൻ വൈകണത്.കേസ് പഠിച്ചില്ലെങ്കിലേ കോടതി അച്ചയ്ക്ക് ബാഡ് മാർക് കൊടുക്കുമായിരിക്കും.എനിക്കിതു വരെ ഒറ്റ ബാഡ് മാർക്കും കിട്ടിട്ടില്ല.ഗുഡ് മാർക് കിട്ടാറുമൊണ്ട്.

അതേ, അച്ചപ്പൻ വവ്വാലിന്നലെ നേരത്തേ വന്നു.എന്നിട്ട് എന്നോടും അമ്മയോടും ചോദിക്കുവാ,സിനിമാ കാണാമ്പോകാംന്ന്.നിങ്ങള് പൊക്കോ,ഞാനിവിടെ ഇരുന്ന് കളറ് ചെയ്തോളാം എന്ന് പറഞ്ഞു ഞാൻ.അതേ ഈ മലയാളം സിനിമേല് മുഴുവൻ അടീം ഇടീം ചോരേമാ.എനിക്കു കാണണ്ട മലയാളം സിനിമ.

അതേ ഊർക്കില് പോലാണിരിക്കണേങ്കിലും ക്ളാസില് ഓരോരുത്തർക്കിട്ട് അവനവനെക്കൊണ്ടാവണപോലെ കൊടുക്കണൊണ്ടല്ലോ നീയ്, പുഷ്പാ മിസ് ഒരു ദെവസം കണ്ടല്ലോ നീയ് ആരാണ്ടെ ഭിത്തീല് ചേർത്തുവച്ച് ഇടിക്കണത്?പിന്നെ സിനിമേലെ ഇടി കാണുമ്പം മാത്രം നെനക്കെന്താ ഇത്ര പേടീന്നാ അമ്മ കണ്ണുരുട്ടി ചോദിക്കണത്.

അതേ ഇപ്പം ഗാന്ധി പറയണതിനൊന്നും ആർക്കും ഒരുവെലേമില്ല.ഉദ്രവിക്കുന്നത് ഒന്നിനും ഒരു പരിഹാരമല്ല എന്ന് ഗാന്ധി പറഞ്ഞത് കാർത്തിക്കിനെ അഭിഷേക് ഇടിക്കാൻ തൊടങ്ങിയപ്പോ ഞാൻ പലതവണ പറഞ്ഞുനോക്കി.അപ്പോ കാർത്തിക് എന്റെ മൂക്കിനിട്ട് ഒരിടി.എനിക്ക് നല്ലോണം വേദനിച്ചു.ഉപദേശിക്കാനൊക്കെ ചെന്നാല് ഇപ്പോ ഇടിയാ ഫലം.ഞാൻ പിന്നൊന്നും പറയാതെ സ്ഥലം വിട്ടു.അപ്പോഴൊണ്ട് കാർത്തിക് എന്റെ പുറകേ വന്ന് എന്റെ ഊരക്കിട്ട് ഒറ്റയിടി.അപ്പോ എനിക്ക് നല്ലോണം നൊന്തു.ഇനീം അവനെന്നെ ഇടിക്കും എന്നു തോന്നിയപ്പഴാ ഞാനവനെ ഭിത്തീലേക്കു ചേർത്തുവച്ച് ഒരിടി കൊടുത്തത്.അതാ മിസ് കണ്ടത്.



പക്ഷേ അമ്മേ, ക്ളാസിലെ ഇടിക്ക് സിനിമേലെ ഇടിയെപ്പോലെ ചെവി പൊട്ടണ ഒച്ചയില്ലല്ലോ. ക്ളാസില് ഓരോരുത്തര് വേറെ ഓരോരുത്തരെ ഇടുക്കുമ്പോ ഇങ്ങനെ ടിഷ്ക്,ടിഷ്ക് എന്ന് ഒച്ച വന്നിരുന്നെങ്കില് എന്തു നല്ലകാര്യായേനെ. എന്നാപ്പിന്നെ ആ കാർത്തിക്കും അഭിഷേകും ആദിത്യയുമൊക്കെ എത്ര നന്നായിപ്പോയേനെ..റ്റീച്ചേഴ്സ് റൂമിൽ ഇരുന്നാലുംകൂടി മിസിന് കേക്കാമ്പറ്റി

യേനെ ഇടിക്കോലാഹലം.ഓടി വന്ന് ആഹാ, ഇവിടെ ഞാനില്ലാത്തപ്പോ ഇതാണല്ലേ പണി എന്നുമ്പറഞ്ഞ് മിസിന് കൈയോടെ എല്ലാ ഇടിവീരന്മാരെയും പിടിക്കാമ്പറ്റിയേനെ. ഇടിവീരന്മാരുടെ പേരെഴുതി ലീഡറിന്റെ കൈകൊഴയണതും നിന്നേനെ.

എന്റെ അഭിപ്രായത്തില് ക്ലാസിലെ ഇടിക്ക് ഒച്ചവേണം.സിനിമേലെ ഇടിക്ക് ഒച്ച വേണ്ട.പക്ഷേ ഈ മലയാളസിനിമേലപ്പിടി അടിഇടി പൂരമാ.പിന്നെ നെറയെ ചോരേം.

കുഞ്ഞുങ്ങള് പേടിച്ച് പോകും എന്നൊരു വിചാരമില്ല ആർക്കും എന്നാ അമ്മ പറയണത്.കുട്ടികൾക്കുള്ള സിനിമ എടുക്കാൻ ഇവിടെ ആരുമില്ലേ എന്നു ചോദിച്ച് പത്രത്തിലെഴുതാൻ ഞാനമ്മയോട് പറഞ്ഞിട്ടൊണ്ട്.

സിനിമ കാണാണതേ എനിക്കിപ്പം പേടിയാ. ചെലപ്പോ ഒരാള്, ഒരാളെ ചവിട്ടിച്ചവിട്ടി എല്ലൊടിക്കും.

ചെലപ്പോ ഒരാള് ഒരാളെ ഭിത്തിയിലേക്കു ചേർത്തു വച്ച് ഠപ്പേ ഠപ്പേന്ന് തല ഇടിച്ചു പൊളിക്കും.

ചെലപ്പോ ഒരാള് ഒരാളുടെ ചെവി അറുത്ത് കൈയിലെടുത്ത് തൂക്കിപ്പിടിക്കും.

കുട്ടികൾക്ക് സങ്കടം വരില്ലേ ഇതൊക്കെ കണ്ടാൽ? ഇതൊക്കെ കണ്ടിട്ട് ഒറങ്ങാൻ കെടന്നാല് കുട്ടികള് രാത്രീല് പേടി സ്വൊപ്നം കണ്ട് നെലവവിളിക്കില്ലേ?

.ഒരാള് മലേടെ മോളില് നില്ക്കണതു കണ്ടാൽ ഇപ്പോ അയാളെ തള്ളി താഴെ ഇടുമോ അമ്മാ ,അയാള് ചത്തുപോകുമോ അമ്മാ എന്നു ചോദിച്ച് ഞാൻ അമ്മേടെ മടീലേക്ക് വലിഞ്ഞു കയറും.എന്നിട്ട് അമ്മേടെ കഴുത്തിനും താടിക്കും എടേല് മൊഖം പൂഴ്ത്തും. ഇടീടെ ഒച്ചകൂടി കേട്ടാല് ഞാനമ്മേ ഇറുക്കെ ചുറ്റിപ്പിടിച്ച് അമ്മാ,അമ്മാ ,വീട്ടിപ്പോകാം എന്നു കരഞ്ഞു തുടങ്ങും.

നെറയെ പൂവും പൂമ്പാറ്റകളും മീനും മിന്നാമിന്നികളും മഴയും കാറ്റും ചിരിയും കളിയും സന്തോഷവും സമാധാനവും ഉള്ള സിനിമകളാ ഞങ്ങള് കുട്ടികൾക്ക് ഇഷ്ടം.

ഹലോ,വല്യമ്മാവാ, ബോംബേല് വല്യമ്മാവന്റെടുത്താണോ ഈ അമീർ ഖാൻ താമസിക്കണത്? അമീർ ഖാനെക്കണ്ടാൽ ഒന്നു പറയണേ,താരെ സമീൻ പർ തുടരുന്നു എന്നു പറഞ്ഞ് ഒരു സിനിമ എടുക്കാൻ. ■



# ഒരു ക്വിസും കൊറേ ഉത്തരങ്ങളും

പ്രിയ.എ.എസ്.

എനിക്കേ കൊറേ ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളും അറിയാം. പറഞ്ഞുകേപ്പിക്കട്ടെ?

പൂരങ്ങളുടെ നാട്?

തൃശൂർ.

അതോർക്കാൻ എളുപ്പമാ.പ്രാഞ്ചിയേട്ടൻ പറയണതോർത്താ മതി.

കേരളത്തിലെത്ര നദികളുണ്ട്?

44.

44 ,അതൊരു സയാമീസ് ഇരട്ടയാന്നാ എനിക്ക് തോന്നണത്.

കേരളത്തിലെ ഒരേയൊരു വാമനക്ഷേത്രം എവിടെയാണ്?

തൃക്കാക്കര.അതിന്റെ തൊട്ടടുത്തു തന്നെയാ ഞാൻ താമസിക്കണ ശിഖ വീട്.

കൃഷ്ണ ഗാഥ രചിച്ചതാര്?

ചെറുശ്ശേരി.ഉന്തുന്തുന്തുന്തുന്താളെയുന്ത് എന്ന് രാജ്ഞി രാജാവിന് കളി പറഞ്ഞു കൊടുത്ത കഥ,ആ ഈണത്തിൽ ഒരു പാട്ടെഴുതാൻ രാജാവ് ചെറുശ്ശേരിയോട് കല്പിച്ചത് ഒക്കെ അപ്പൂപ്പൻ എനിക്ക് പറഞ്ഞു തന്നിട്ടൊണ്ട്.

ഈ ചോദ്യങ്ങളും ഉത്തരങ്ങളും മിസ് പറഞ്ഞിട്ട്



അമ്മയാ എന്നെ പഠിപ്പിക്കുന്നത്.ഞാനേ സ്ക്കൂളീന്ന് ക്വിസിനു പോണൊണ്ട്.അതിനു വേണ്ടീട്ടാ ഇതൊക്കെ.

പക്ഷേ എനിക്കെപ്പോഴും ഉത്തരം തെറ്റിപ്പോകണ കൊറേ ചോദങ്ങളൊണ്ട്.

ഹിന്ദുക്കളുടെ പുണ്യഗ്രന്ഥം ഏത്? വിച്ച് ഈസ് ദ ഹോളി ബുക് ഓഫ് ഹിന്ദൂസ്?-

ഭഗവദ് ഗീത.

ക്രിസ്ത്യാനികളുടെ പുണ്യ ഗ്രന്ഥം-ബൈബിൾ

മുസ്‌ലീംസിന്റെ പുണ്യ പുസ്തകം-ഖൊറാൻ.എനിക്കേ ഇതിന്റെയെല്ലാം ഉത്തരം തമ്മില് തെറ്റിപ്പോകും.

ഭഗവദ് ഗീതയില് അങ്ങനെ പറഞ്ഞിട്ടൊണ്ട്,ഇങ്ങനെ പറഞ്ഞിട്ടൊണ്ട് എന്നൊക്കെ പറഞ്ഞു നടക്കണ മഹാന് ഹിന്ദുക്കളുടെയാണ് ഗവത് ഗീത എന്നുപോലും അറിയില്ലേ എന്നെന്നെ കളിയാക്കണു ഈ അമ്മ.

ഹിന്ദൂന്ന് വച്ചാലെന്താമ്മേ എന്നമ്മേടെ കഴുത്തേൽ കൈയിട്ട് അപ്പോ ഞാനൊരു ചോദ്യം.

അപ്പോ അമ്മ എന്നെ കെട്ടിപ്പിടിച്ച് ഒരായിരം ഉമ്മ തന്നിട്ട് പറയുവാ. പാവം കുഞ്ഞുങ്ങള്.അതുങ്ങക്കുണ്ടോ മതോം ജാതീം.മോങ്കുട്ടി ആ പുണ്യ -ഉത്തരങ്ങള് തെറ്റിച്ചാലും അമ്മ വഴക്കു പറയില്ലാട്ടോ.അതൊക്കെ നല്ല നല്ല കാര്യങ്ങള് നല്ല ംതിയുള്ള ാഷേല് പറയണ മൂന്നു നല്ല പുസ്തകങ്ങളാണ് എന്നു മാത്രം കുഞ്ഞോർത്താൽ മതി.

പക്ഷേ അമ്മേ,ഞാനിന്ന് സ്ക്കൂളീന്നു വരുമ്പോ ഒരു ക്രിസ്ത്യാനിയെ കണ്ടു.

അതെങ്ങനെയാ ക്രിസ്ത്യാനിയെ കണ്ടാല് തിരിച്ചറിയണത്? ആ സൂത്രവിദ്യ എനിക്കുപോലും അറിയില്ലല്ലോ ,ഒന്നു പറഞ്ഞുതാടോ എനിക്ക് എന്നായി അപ്പോ അമ്മ..

അയാള് തൊപ്പി വച്ചിരുന്നു,തൊപ്പി വയ്ക്കണത് ക്രിസ്ത്യാനികളല്ലേ എന്ന് ഞാൻ ചോദിച്ചപ്പോ,തൊപ്പി വയ്ക്കണത് മുസ്‌ലീംസാ എന്നു പറയണു ഈ അമ്മ.

ഓ ഞാൻ മടുത്തു ഈ ഹിന്ദു മുസ്ലീം ക്രിസ്ത്യാനികളെക്കൊണ്ട്.ഇംഗ്ലീഷ് വാക്കുകളുടെ സ്പെല്ലിങ് പഠിക്കണതിനേക്കാ വെഷമമാ ഈ അമ്മ പറയണ ഹിന്ദു മുസ്ലീം ക്രിസ്ത്യാനിക്കാര്യങ്ങള് പഠിക്കണത് .പഠിച്ചു പഠിച്ച് ഭഗവദ് ഖൊറാനെന്നു പറ്ഞു പോകുവോ ഞാനെന്നാ എന്റെ സംശയം.

എന്താണാവോ ,അമ്മ ഞാമ്പറഞ്ഞതു കേട്ട് തർക്കിക്കാനും വന്നില്ല,വഴക്കു പറയാനും വന്നില്ല.

അതൊന്നും കുഞ്ഞ് പഠിച്ചില്ലേലും ഒരു കൊഴപ്പോമില്ല എന്നു പറഞ്ഞു അമ്മ.

എന്നാപ്പിന്നെ അടുത്ത ചോദ്യം ചോദിക്കടോ പൊന്നാരഅമ്മേ എന്നായി അപ്പോ ഞാൻ.

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം

വെണ്മ മനസ്സിൽ വിളങ്ങിന ദ്രന് മേന്മേലമൃതമയം എന്നെഴുതിയതാര്?

ഒരു മിനിട്ടുപോലും ആലോചിക്കാതെ ഞാൻ ഉത്തരം പറഞ്ഞു.ഉള്ളൂർ

കാക്കേ കാക്കേ കൂടെവിടെ എഴുതിയ നമ്മടെ അതേ ഉള്ളൂരാണെന്നേ ഈ ഉള്ളൂർ.

ഇതൊക്കെ എനിക്ക് പച്ചവെള്ളം പോലറിയാം.

പക്ഷേ പുണ്യഗ്രന്ഥങ്ങളെക്കുറിച്ചുള്ള ചോദ്യം,അത് വേണ്ടാ,വേണ്ടാ,മിസ് , പാസ് ഇറ്റ് പ്ളീസ്. ■

---

*(8-ാം പേജിൽനിന്നും തുടർച്ച)*

സ്ത്രീപുരുഷബന്ധങ്ങളുടെ ജനാധിപത്യവത്ക്കരണവും സാമൂഹ്യവ്യവസ്ഥിതിയുടെ സമൂലപരിവർത്തനവുമായിരിക്കും ഇതിന്റെ ആത്യന്തിക ഫലം. അതു നേടിയെടുക്കാൻ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീപക്ഷകാഴ്ചപ്പാടോടെയുള്ള അന്വേഷണങ്ങളും സമരരൂപങ്ങളും വികസിച്ചുവരണം. നിലനിൽക്കുന്ന സാമൂഹ്യഘടനയിലെ പുരുഷമേധാവിത്വപരമായ എല്ലാ അധികാരസ്ഥാപനങ്ങളേയും ചോദ്യം ചെയ്യണം. അതിനുപകരം ലൈംഗികസ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണ് മുഖ്യ സ്ത്രീപ്രശ്നമെന്നും അതിനെ അഭിസംബോധനചെയ്യാത്തവരെല്ലാം സദാചാരവാദികളാണെന്നും ഉള്ളതരത്തിൽ ഒരു ഫെമിനിസ്റ്റുധാര കേരളത്തിൽ വികസിച്ചുവരുന്നത് കാണാതിരുന്നുകൂടാ. മുതലാളിത്തത്തിനും താത്പര്യമുള്ള ഒരു വിഷയമാണ് സ്ത്രീയുടെ ലൈംഗിക സ്വാതന്ത്ര്യം. സ്ത്രീപുരുഷബന്ധങ്ങളിൽ ജനാധിപത്യമോ, സ്വത്തുടമസ്ഥതയിൽ തുല്യതയോ അടിസ്ഥാന മനുഷ്യാവകാശങ്ങളോ സ്വാതന്ത്ര്യങ്ങളോ പൂർണ്ണമായി ഇല്ലാത്ത ഒരു സമൂഹത്തിന് ലൈംഗികസ്വാതന്ത്ര്യം മാത്രമായി നേടിയെടുക്കാൻകഴിയുന്നതെങ്ങനെയെന്നറിയില്ല. ഇന്നു നിലനിൽക്കുന്ന കുടുംബത്തിന്റെ പ്രത്യയശാസ്ത്രം അതേപടി നിലനിർത്തിക്കൊണ്ടല്ല ലൈംഗികസ്വാതന്ത്ര്യവും ബഹുലൈംഗികതയും വികസിച്ചുവരേണ്ടത്. സ്വകാര്യസ്വത്തുടമസ്ഥതയെ നിലനിർത്തുന്ന മൂല്യവ്യവസ്ഥിതിയുടെ തകർച്ചയിലൂടയേ അതു സാധ്യമാവുകയുള്ളു. ഈ രാഷ്ട്രീയം തിരിച്ചറിഞ്ഞുകൊണ്ടേ ഫെമിനിസത്തിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇതിനു പുതിയരീതിയിലുള്ള സംഘടനാരൂപങ്ങൾ വേണ്ടിവരും. സ്ത്രീവേദിയെ പുതുക്കിപ്പണിതുകൊണ്ട് സാധിക്കുന്ന ഒന്നല്ല അത്. വ്യത്യസ്ത കാഴ്ചപ്പാടുകൾ തമ്മിലുള്ള ആരോഗ്യകരമായ സംവാദങ്ങളിലൂടെ ഊർജ്ജം നേടിയെടുക്കുന്നതോടൊപ്പം ഫെമിനിസ്റ്റുകൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരസ്പരബഹുമാനം, സ്നേഹം, ആദരം, വിശ്വാസം, സഹിഷ്ണുത ഇവയൊക്കെ തിരിച്ചുപിടിക്കുകയും വേണം. ■

കവിത

# എനിക്കൊരാകാശമുണ്ടായിരുന്നെങ്കിൽ

**രാധികാസനോജ്**




എനിക്കായൊരാകാശമുണ്ടായിരുന്നെങ്കിൽ
ചങ്കു ചുകന്ന
കറുത്ത കിളിയായി
കരിനീലമേഘങ്ങളുടെ ഇടയിലൂടെ
പറന്ന് പറന്ന്
ചിറകിനെ തഴമ്പിക്കാൻ വിടാമായിരുന്നു
ഞെട്ടിപ്പിക്കുന്ന
ജാഗരങ്ങളെ
പതുക്കെ, തൂവലുകൾകൊണ്ട്
അമർത്തിമൂടി
ഏതെങ്കിലും ശൂന്യദ്വാരങ്ങളിലേക്ക്
ചേക്കേറാമായിരുന്നു.
*ഹോപ്കിൻസിന്റെ
പരുന്ത് പറന്ന വഴികളൊക്കെ കണ്ട്
സൂര്യൻ ചുമച്ച് ചോരതുപ്പുന്ന
കടലറ്റങ്ങളിൽ എത്തിനോക്കി
നുരയുന്ന തിരകളെ
കൊഞ്ഞനംകുത്തി
തിരിച്ച് പറന്നേറാമായിരുന്നു.

എനിക്കൊരു
കടലുണ്ടായിരുന്നെങ്കിലോ!
വായടയാത്ത വമ്പൻ മത്സ്യങ്ങളെ
കാവൽനിർത്തി
കരിങ്കല്ലിടുക്കിന്റെ
കരൾത്തണുപ്പുകൾക്കിടയിൽനിന്നും
ഒരായിരം ചാരക്കുടുക്കകൾ പെറുക്കി
ഉടച്ചുവിടാമായിരുന്നു
ശ്വാസംമുട്ടിക്കിടക്കുന്ന
അസ്ഥിയസ്വാസ്ഥ്യങ്ങൾക്ക്
വീർപ്പുവിടാമല്ലോ
ചാരംകൊണ്ടീ ലവണവീര്യം
ഉരുകിയില്ലാതാവേണ്ടല്ലോ

ഉടൽ പാതിമീനായ
ഒരു സുന്ദരിക്കന്യകയായിരിക്കും
ഞാനപ്പോൾ...
തുടുത്ത മുലകളിടിയാതെ
വയറുടഞ്ഞുവീർത്തുതുറിക്കാതെ
തിളങ്ങുന്ന കണ്ണുകളും
ജ്വലിക്കുന്ന കഴുത്തുകളുമുള്ള
വശ്യവിസ്മയം.
ചെകിളപ്പൂക്കൾകൊണ്ട്
അവരെന്നെ വീശും
വഴുപ്പേറാത്ത വിരിപ്പുറത്തെന്നെ
കൊണ്ടുനടക്കും.
വഴിതെറ്റി....
ഉരുക്കുകപ്പൽച്ചതുരങ്ങൾക്കുള്ളിൽ
നിന്ന്
ചാരനിറത്തിലേക്കടർന്നുവീഴുന്ന
ഏതെങ്കിലും നിസ്സാരമനുഷ്യൻ,
ചുണ്ടുകൊണ്ട് നടക്കുകയും
കാലുകൊണ്ട് ചുംബിക്കുകയും ചെയ്യുന്ന
ഒരു അർദ്ധനഗ്നൻ
എന്നെ കാണുന്നമാത്രയിൽ പൊട്ടിത്തെറിക്കും.
ലാവയായി
സമുദ്രോപരിതലത്തിലേക്ക്
തെറിച്ചുപോകും

എനിക്കൊരു കാടുണ്ടായിരുന്നെങ്കിൽ
വെട്ടാൻ വരുന്ന
മഴുക്കളെ
വളഞ്ഞുനീണ്ടെടുത്തൊടിച്ച്
വേരിലൊളിപ്പിക്കുന്ന
ചിരഞ്ജീവിവൃക്ഷങ്ങളെ
നീളെ വളർത്തുമായിരുന്നു.
വേരറ്റങ്ങളിൽ
ചുരുണ്ടുറങ്ങുന്ന മൺപ്രാണികളിൽ ചിലതിന്
ചില്ലകളിലേക്ക് സ്ഥാനക്കയറ്റം കൊടുത്തേനെ
മഴവില്ലുകളിലും
പൂവള്ളികൾ പടർത്താൻ
നിറങ്ങൾ
കരിമേഘങ്ങളിലേക്ക്
വലിഞ്ഞുകയറി
താഴേക്കു മഴച്ചാട്ടം വെച്ചുകൊടുക്കുമ്പോൾ
വള്ളികൾ മണ്ണിനെ നമിക്കും
പകുതി വിടർന്ന വിത്തുചുണ്ടുകളിൽ
കുഞ്ഞരിത്തുണ്ടുകൾ വെച്ചുകൊടുക്കും
ഞാനൊരു കുഞ്ഞുപൂമ്പാറ്റയായിരിക്കും,
കേട്ടോ!
പക്ഷേ,
ലാമിനേറ്റ് ചെയ്ത ചിറകുകളുടെ
കാര്യത്തിൽ,
എന്നോടു പൊറുക്കണം.




# മനുഷ്യർ

ബൾക്കീസ് ബാനു

സ്ത്രീകൾ; പുരുഷന്മാർ
ഒരു നാണയത്തിന്റെ ഇരുപുറങ്ങൾ.
മനുഷ്യർ,
ഒരുമിച്ചുനിന്ന്-
കരുത്തുനേടേണ്ടവർ,
തുല്യർ;
ദുഃഖവും സുഖവും
പങ്കിട്ടെടുക്കേണ്ടോർ.
രക്ഷിതാക്കൾ;
മക്കൾക്കു തുണയാകേണ്ടവർ;
കരുത്തുനൽകേണ്ടവർ,
ആരും ശക്തരല്ല; അശക്തരല്ല.
മനുഷ്യർ
അവകാശങ്ങൾ
നേടിയെടുക്കേണ്ടവർ,
തുല്യനീതി ഉറപ്പുവരുത്തേണ്ടവർ
പൗരധർമ്മം ചെയ്യേണ്ടവർ;
ശത്രുമിത്രഭേദം മറക്കേണ്ടവർ;
ലിംഗവർണ്ണവർഗ്ഗഭേദം തുടച്ചുമാറ്റേണ്ടവർ
ഭൂമിയിൽ,
ശാന്തിയും സമാധാനവും
പാലിച്ചു നിർത്തേണ്ടവർ.
പഴമതൻ വിജ്ഞാനഭാണ്ഡത്തെ-
ആദരിക്കേണ്ടവർ
ആർഷഭാരതസംസ്കാരത്തെ-
ഉയർത്തിപ്പിടിക്കേണ്ടവർ
സ്ത്രീകൾ; പുരുഷന്മാർ
മനുഷ്യവംശപാരമ്പര്യം
നിലനിറുത്തേണ്ടവർ.

# ഹാങ്ങർ

ഗയ നന്ദ



അവന്റെ ഷേർട്ട്
അടിവസ്ത്രം
ജീൻസ്...
അവന്റെ നോവലുകൾ
സിഗററ്റ് കൂട്
ഓസീയാർ ബോട്ടിൽ...
അവന്റെ കാമുകിമാർ
വിയർപ്പുകൾ
ചുവന്ന ശരീരം

മുറ്റത്തെ കമ്പിയിൽ
ഓരോ ഹാങ്ങറിലും
പാറിവന്നു കൂടുകെട്ടുന്ന
ഓലക്കുരുവികളെ നോക്കി
ഞാൻ ഫോൺ ചെയ്തുകൊണ്ടിരിക്കും

വൈകുന്നേരംവരെ
എന്നെ
ഓഫ് ലൈനിലിട്ട്



# ഒറ്റനിലാവ്

ബിജി ബാലകൃഷ്ണൻ

എന്റെ ഒഴിഞ്ഞ കുപ്പിയിലേക്ക്
നിന്റെ കയ്യിലെ വിഷദ്രാവകം നിറയ്ക്കുക
വാക്കുകൾകൊണ്ട് കുത്തേൽക്കുമ്പോൾ
നീറാതിരിക്കാൻ
എനിക്കുകിട്ടിയ അമൃതാവുമത്...
ഒരൊറ്റനോട്ടത്തിൻ
ചുംബനത്തിനുമപ്പുറം
പതിവ് സത്ക്കാരങ്ങൾകൊണ്ട്
വാക്കുകൾ വീഞ്ഞാകുമ്പോൾ
നമുക്കിനിയും ഓർക്കാം
വെറുമൊരു ഒറ്റനിലാവിൽ
കടപുഴകാതെനിന്ന
വൻമരത്തിലെ
വേരുകളല്ല ചിതലരിച്ചുപോകുന്നത്
തീയെ കടലാക്കാൻ പഠിപ്പിച്ച
നിന്റെ ആദ്യനേത്രത്തിലെ
പെൺശാഖകളാണ്
കാലാഗ്നിക്കുചുറ്റും നൃത്തം വെക്കുന്നത്
ഇനിവയ്യ കൂട്ടുകാരാ
നമുക്കുചുറ്റും എന്താണ് ഒളിപ്പിക്കേണ്ടത്.

# ബി.ഒ.ടി

## ടോൾ വിരുദ്ധസമരം തുടരുന്നു



ജ്യോതി നാരായണൻ



**മണ്ണുത്തി-ഇടപ്പള്ളി** ദേശീയപാതയിൽ തൃശൂർ പാല്യക്കരയിൽ നടക്കുന്ന ബി.ഒ.ടി. ടോൾവിരുദ്ധസമരത്തിന്റെ സാഹചര്യങ്ങൾ സംഘടിത കഴിഞ്ഞലക്കം പ്രസിദ്ധീകരിച്ചിരുന്നല്ലോ. ശ്രീമതി ഹസീന ഈ സമരത്തിൽ പങ്കെടുത്ത് 22 ദിവസം നിരാഹാരമനുഷ്ഠിച്ചു. നമ്മുടെ സഹോദരങ്ങൾ ഇപ്പോഴും അവിടെ സമരം തുടരുകയാണ്. നിരാഹാരസമരത്തിന്റെ 64-ാം ദിവസമായ ഏപ്രിൽ 19ന് സ്ത്രീകളുടെ നേതൃത്വത്തിൽ പ്രതീകാത്മകമായി ദേശീയപാത തിരിച്ചുപിടിച്ചു. സാറടീച്ചറുടെ നേതൃത്വത്തിൽ സ്ത്രീകൾ ടോൾബൂത്തിൽ പ്രവേശിച്ച് പൊതുവഴി തലമുറകൾ സമരം ചെയ്ത് നേടിയതാണെന്നും ഇത് തങ്ങളുടെ പാതയാണെന്നും പ്രഖ്യാപിച്ചു. പ്രശസ്ത എഴുത്തുകാരി കെ.ബി. ശ്രീദേവി, പാർവ്വതി പവനൻ, സുമംഗല ടീച്ചർ, എം.എം. ഗ്രേസി, വി.എം. ഗിരിജ, ശോഭ സുരേന്ദ്രൻ, ജ്യോതി നാരായണൻ തുടങ്ങിയവർ പങ്കെടുത്തു. കൂടാതെ കൊടുങ്ങല്ലൂരിലെ അക്രമങ്ങൾക്കെതിരെ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി നജ്മയുടെ നേതൃത്വത്തിലുള്ള അമ്മമാരുടെ കൂട്ടായ്മ ഈ സമരത്തിന് നേതൃത്വം നല്കി. ഏപ്രിൽ 25-ാം തീയതി തലസ്ഥാനത്തു നടക്കുന്ന സെക്രട്ടറിയേറ്റ് മാർച്ചിന്റെ പ്രചരണജാഥ ഏപ്രിൽ 20-ാം തീയതി രാവിലെ ടോൾപ്ലാസയിൽ നിന്നാരംഭിച്ചു.

ആഗോളവത്ക്കരണസ്വകാര്യവത്കരണം സാധാരണജനങ്ങളുടെ ജീവിതത്തിലേക്ക് ബാദ്ധ്യതകൾ അടിച്ചേൽപ്പിക്കുന്ന ഇത്തരം കയ്യേറ്റങ്ങളെ ചെറുത്തുതോൽപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് NO BOT; NO TOLL സമരത്തിൽ പങ്കാളികളാവുക ■



# പെണ്ണുങ്ങൾക്കും ഇറങ്ങിനടക്കാം

കെ.ആർ. ഇന്ദിര

റ്റിസിമറിയം തോമസിന്റെ 'ഇറങ്ങിനടപ്പ്' വായിച്ചപ്പോൾ ചില തിരുത്തലുകളും നിർദ്ദേശങ്ങളും ആവശ്യമുണ്ട് എന്നു തോന്നി. പെണ്ണുങ്ങൾക്കും ഇറങ്ങിനടക്കാം എന്നാണ് പൊതുവേ തോന്നിയത്. താന്തോന്നികളായ പെണ്ണുങ്ങൾക്ക് വളരെ എളുപ്പത്തിൽ ഇറങ്ങിനടക്കാം എന്നും തോന്നുന്നു.

ആരാണ് താന്തോന്നി?

താൻ + തോന്നി = താന്തോന്നി

തനിക്കു തോന്നുന്നതുപോലെ പ്രവർത്തിക്കുന്നയാൾ.

വളരെ ശാസ്ത്രീയമായിപ്പറഞ്ഞാൽ, ഒരാൾക്കു പ്രവർത്തിക്കണമെങ്കിൽ അയാൾക്ക് അതു തോന്നുകതന്നെ വേണം. അതിനർത്ഥം എല്ലാവരും താന്തോന്നികളാണ് എന്നാണ്. പക്ഷേ, ഭൂരിപക്ഷം പേരുടേയും തോന്നലുകൾ നാട്ടുനടപ്പനുസരിച്ചുള്ളതും നിയമാനുസൃതവും ആണ്. എന്നാൽ, ചിലർ അങ്ങനെയല്ല. അവരുടെ തോന്നലുകൾ അവരെമാത്രം ആശ്രയിച്ചിരിക്കുന്നു. അവരുടെ ന്യായബോധം, അവരുടെ ഇഷ്ടം, അവരുടെ അഭിരുചി, അവരുടെ താത്പര്യങ്ങൾ, അവരുടെ ആവശ്യങ്ങൾ തുടങ്ങിയവയെ ആസ്പദിച്ചാവാം അവരുടെ തോന്നലുകൾ. അങ്ങനെ തോന്നുന്നത് പ്രാവർത്തികമാക്കുന്നവരാണ് താന്തോന്നികൾ. താന്തോന്നി എന്ന പദം ദുർവിശേഷണമാണ്. പുരുഷനുപോലും അത് അധികപ്പറ്റാണ്. സ്ത്രീയുടെ കാര്യം പറയാനുമില്ല.

ഒരു പെണ്ണിന് എത്രമാത്രം താന്തോന്നിയാവാൻ കഴിയും?

വളരെക്കുറച്ച്.

അതുകൊണ്ട്, താന്തോന്നിപ്പെണ്ണുങ്ങളുടെ ഇറങ്ങിനടപ്പ് എന്ന പ്രയോഗം ആളെക്കൂട്ടാനുള്ള തന്ത്രമാണെന്നു കരുതിയാൽ മതി.

ഇറങ്ങിനടപ്പ്

ആണ് പെണ്ണിനോട് എങ്ങനെ പെരുമാറുന്നു എന്നതാണ് 'ഇറങ്ങിനടപ്പ്' എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഓരോ സ്ത്രീയോടും അത് സ്വാനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കാനാവശ്യപ്പെടുന്ന എന്നിരിക്കട്ടെ. ഓരോ സ്ത്രീക്കും ഓരോ പുസ്തകം രചിക്കാനായേക്കും. പക്ഷേ, പുസ്തകങ്ങളുടെ ഉള്ളടക്കം ഏതാണ്ടൊരുപോലിരിക്കും. അതുകൊണ്ട് അറുബോറായിരിക്കുകയും ചെയ്യും. ഒരു പുസ്തകം



വായിച്ചാൽമതി എന്നർത്ഥം!

ദുഃഖിപ്പിക്കുന്നതും മറക്കാനാവാത്തതുമായ പുരുഷാക്രമണങ്ങളാൽ അവഹേളിതമാണ് ഓരോ മലയാളി സ്ത്രീയുടേയും യാത്ര. പക്ഷേ, അത് റ്റിസി പറയുന്നതുപോലെ പരമ്പരാഗതമായി കൈയടക്കിവെച്ചിരുന്ന യാത്രാസുഖത്തിനുമേൽ വെല്ലുവിളിയായോ ഭീഷണിയായോ ഒക്കെ പുരുഷന്റെ അബോധമനസ്സ് സ്ത്രീകളുടെ യാത്രയെ ദർശിച്ചതുകൊണ്ടല്ല. അവർ അങ്ങനെ ദർശിച്ചിട്ടില്ലതന്നെ. മറിച്ച് സ്ത്രീസാന്നിദ്ധ്യം അവന്റെ യാത്രാസുഖം വർദ്ധിപ്പിക്കുകതന്നെയാണ് ചെയ്തിട്ടുള്ളത്. കാലങ്ങളായി കൈയടക്കിവെച്ചിരിക്കുന്ന പുറംലോകചിട്ടകൾ പങ്കിടേണ്ടിവരുന്നതിൽ പുരുഷന് അസ്വസ്ഥതയല്ല; ഗൂഢാനന്ദമാണുള്ളത്. അവൻ സഹയാത്രികയുടെ സമ്മതത്തിനു കാക്കാതെ തന്റെ ലൈംഗികാസക്തി അവളുടെമേൽ അടിച്ചേൽപ്പിക്കുന്നതിനു കാരണം അയാൾക്ക് കടുത്ത ലൈംഗികാസക്തിയുണ്ട് എന്നതും അതു പ്രയോഗിക്കാൻ ശങ്കിക്കേണ്ടതില്ല എന്നതുമാണ്. സാമൂഹികനിയമങ്ങൾ പുരുഷന്റെ തന്നെ സൃഷ്ടിയാണല്ലോ. രാജ്യത്തെ നിയമസമാധാനപാലന വ്യവസ്ഥ പുരുഷനെ ശിക്ഷിക്കാൻ പര്യാപ്തമല്ലതാനും. ഈ സൗകര്യങ്ങളുപയോഗിച്ച് ശക്തൻ അശക്തനെ ചൂഷണംചെയ്തു സുഖിക്കുന്ന സാമാന്യവ്യവസ്ഥതന്നെയാണ് സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ.

**ബസ്സ് സാംസ്കാരികപ്രതീകം മാത്രമല്ല**

ബസ്സ് ഒരു സാമ്പത്തികപ്രതീകംകൂടിയാണ്. ചെമ്മൺനിരത്തിലൂടെ പൊടിമണ്ണു പരത്തി കരിതുപ്പിക്കൊണ്ട് ഉരുണ്ടുനീങ്ങിയിരുന്ന മോന്തകൂർത്ത ബസ്സ് 1930കളിൽ പരിഗണിച്ചിരുന്നത് പണക്കാരെമാത്രമായിരുന്നു. കസവുപുടവയും തോൾസഞ്ചിയുമായി നടന്നുനീങ്ങുന്ന പ്രമാണിമാരുടേയും തറവാട്ടമ്മമാരുടേയും അരികിൽ ഉരുണ്ടുവന്നുനിന്ന് ബസ്സ് ചോദിക്കും–

"പോരുന്നാ?"

"ഗുരുവായൂർക്കെത്ര കാശാ?"

"പന്ത്രണ്ടണ"

"ഔ! അത് നന്നെ കൂടുതലാണേയ്. അതിനൊന്നും പാങ്ങ്ല്യ. പൊയ്ക്കോളൂ."

ബസ്സ് വീണ്ടും ഉരുണ്ടുതുടങ്ങുന്നു.

അങ്ങനെ കാലം പോകെ ബസ്സ് കൂടുതൽ ജനകീയമായി. ബസ്സ്ചാർജ്ജ് സർക്കാർ നിശ്ചയിച്ചു തുടങ്ങി. വിദ്യാർത്ഥികൾക്ക് യാത്രാക്കൂലിയിൽ ഇളവു നൽകിത്തുടങ്ങി. ഇളവു വർദ്ധിച്ചുകൊണ്ടിരുന്നു. ബസ്സുകളിൽ തിരക്കും വർദ്ധിച്ചുവന്നു. 1972 മുതൽ ബസ്സ്യാത്ര നിരന്തരമായി നടത്തിപ്പോന്നിരുന്ന 'ഞാൻ എന്ന താന്തോന്നിപ്പെണ്ണിന് അന്നുമുതൽ ഇന്നുവരെ നിരന്തരം ബസ്സിൽ നടത്താൻ കഴിഞ്ഞ ഒരു അഭ്യാസമുണ്ട്. കലശൽകൂട്ടുക എന്നതാണ് അത്. കൺസഷനുവേണ്ടിയുള്ള ബഹളം, നിർത്താതെ പോകുന്ന ബസ്സുകളെ ഓടിച്ചിട്ടുപിടിച്ചു ഭേദ്യംചെയ്യുന്ന ബഹളം. പെണ്ണുങ്ങളുടെ സീറ്റിൽ അള്ളിപ്പിടിച്ചിരിക്കുന്ന ആണുങ്ങളെ എഴുന്നേൽപ്പിച്ചുവിടാനുള്ള യുദ്ധം, കയറുന്നതിനുമുമ്പും ഇറങ്ങുന്നതിനുമുമ്പും ബെല്ലടിച്ചു 'റൈറ്റ്' പറയുന്ന കിളിയെ പാഠം പഠിപ്പിക്കൽ, ഓവർസ്പീഡിൽ ബസ്സോടിക്കുന്നതിന് ഡ്രൈവറെ ശാസിക്കൽ, ഹോണടിച്ച് ചെവി പൊട്ടിക്കുന്നതിന് ചീത്തപറയൽ, ബാക്കി പൈസ തരാതെ മുങ്ങുന്ന കണ്ടക്ടറെ പിടികൂടൽ, മുൻവാതിലിലൂടെ തള്ളിക്കയറുന്ന ആണുങ്ങളെ കോളറിനുപിടിച്ചിറക്കൽ, ഡോറിലിടിച്ച് ശബ്ദമുണ്ടാക്കുകയും ചെവി പൊട്ടുംവിധം വിസിലടിക്കുകയും ചെയ്യുന്ന കിളിയെ വിരട്ടൽ.... ആഹാ ഇക്കാലമത്രയും എന്റെ ജീവിതം സമരോദ്യുഗ്നമായിരുന്നു. ഇക്കാലമത്രയും ഞാൻ എതിരിട്ടതെല്ലാം പുരുഷന്മാരെയായിരുന്നു. അപ്പോഴെല്ലാം ഞാൻ വിജയിച്ചത് നിയമവും നീതിയും എന്റെ പക്ഷത്തായിരുന്നതുകൊണ്ടുമാത്രമല്ല, ഞാൻ വഴക്കാളിയും താർക്കികയും നീറുപോലെ കടിച്ചുതൂങ്ങുന്നവളും ആയതുകൊണ്ടുമാത്രമല്ല, ഞാനൊരു സ്ത്രീയായതുകൊണ്ടു കൂടിയായിരുന്നു 'പെണ്ണായിപ്പോയില്ലേ, അല്ലെങ്കിൽ കാട്ടിക്കൊടുക്കാമായിരുന്നു' എന്ന് അനവധി ആണുങ്ങൾ ഗതികെട്ടു പറഞ്ഞുപോയിട്ടുണ്ട്. അവരെ ഞാൻ അപ്പോഴും തോണ്ടി.

'പെണ്ണല്ല എന്നു കരുതിക്കൊള്ളൂ. നിങ്ങൾക്കെന്തുചെയ്യാനാവും? ഞാനൊന്നു കാണട്ടെ.'

> 1972 മുതൽ ബസ്സ്യാത്ര നിരന്തരമായി നടത്തിപ്പോന്നിരുന്ന 'ഞാൻ എന്ന താന്തോന്നിപ്പെണ്ണിന് അന്നുമുതൽ ഇന്നുവരെ നിരന്തരം ബസ്സിൽ നടത്താൻ കഴിഞ്ഞ ഒരു അഭ്യാസമുണ്ട്. കലശൽകൂട്ടുക എന്നതാണ് അത്.

അവർക്കങ്ങനെ കരുതാനാവില്ല എന്നെനിക്കുറപ്പുണ്ടല്ലോ!!

ആരും പെണ്ണല്ല എന്നു കരുതിയില്ല. ഒന്നും ചെയ്തുമില്ല. എതിരാളി മുഖം വീർപ്പിച്ച് മുറുമുറുത്തുകൊണ്ട് കടന്നുപോയി. കാഴ്ചക്കാരായ ആണുങ്ങൾ അമർഷത്തോടെ പിറുപിറുത്തു. പരാജയം അവരുടേതുകൂടിയായി അവർ കരുതി. കണ്ടുനിന്ന പെണ്ണുങ്ങൾ എന്റെ പക്ഷം ചേർന്നതുമില്ല. 'ഇവളേതാ?' എന്ന മട്ടിൽ അവർ ശങ്കയോടെ നോക്കുകയും പരമാവധി അകന്നുനിൽക്കുകയും ചെയ്തു. അടുപ്പംകാണിച്ചാൽ കണ്ടുനിൽക്കുന്ന പുരുഷന്മാരുടെ മനസ്സിൽ തങ്ങളും ചീത്തയായിപ്പോകുമല്ലോ എന്നോർത്ത് അവർ എന്നോട് മിണ്ടുകയോ ചിരിക്കുകയോ ചെയ്യാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചു. എങ്ങനെയെങ്കിലും ഇവളെയൊന്നു തോൽപ്പിക്കണം എന്നോ കരയിക്കണം എന്നോ ഉള്ള വാശി പുരുഷന്മാരിൽ കുറേപ്പേർ എന്നോടു പുലർത്തിപ്പോരുന്നത് എന്റെ ഈ കയ്യിലിരിപ്പിന്റെ വിശേഷംകൊണ്ടുതന്നെയാണ്. 'വീട്ടിൽ ചോദിക്കാനും പറയാനും ആണുങ്ങളില്ലാഞ്ഞിട്ടാണ്' എന്നും 'ആണിന്റെ കൈച്ചൂടറിയാഞ്ഞിട്ടാണ്' എന്നും അവരെന്നെ നിന്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. 'അതിനോട് മിണ്ടാൻകൊള്ളില്ല; അലവലാതി ജനുസ്സാ' എന്നും അവർ പറഞ്ഞു.

ഭാഗ്യം! പൃഥ്വിരാജ് പറഞ്ഞപോലെ 'ഞാനൊന്ന് അറിഞ്ഞു വിളയാടിയാൽ നീ പത്തുമാസം കഴിഞ്ഞേ ഫ്രീയാകൂ' എന്ന് ഒരുത്തനും എന്നോടു പറഞ്ഞിട്ടില്ല. പറഞ്ഞാൽ അവന്റെ നാഭിക്കു കഠാര കയറ്റും എന്ന് ഞാൻ വളരെ പണ്ടേ തീരുമാനിച്ചിട്ടുള്ളതാണ്. പിന്നെയൊരിക്കലും അവനു വിളയാടാൻ പറ്റരുതല്ലോ!

അത്രയൊന്നും പറയാത്തതുകൊണ്ട് ആണുങ്ങളെ പ്രസംഗത്തിൽ കുളിപ്പിച്ച് ഞാൻ ആനന്ദിച്ചു. തരംതാണതും പ്രകോപനപരവുമായ രീതിയിൽ, ഭാഷയിൽ ആണുങ്ങൾ എന്നെ എതിരിട്ടുപോന്നു. അവരുടെ പെണ്ണുങ്ങളും വെറുതെയിരുന്നില്ല. പെണ്ണുങ്ങളുടെ സീറ്റിൽ പത്നീസമേതനായിരിക്കുന്ന പുരുഷനെ ചോദ്യംചെയ്യുന്ന എന്നെ പെൺപുലിയുടെ ശൗര്യത്തോടെ പത്നി ആക്രമിച്ചു. വർഗ്ഗസമരത്തിലധിഷ്ഠിതമായ സാമൂഹികശാസ്ത്രത്തെ ഞാൻ പരിഹാസപൂർവ്വം വീക്ഷിക്കാൻ തുടങ്ങിയത് ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരാളിൽത്തന്നെ– അത് പുരുഷനോ സ്ത്രീയോ ആകട്ടെ, പീഡിതനും പീഡകനും കുടികൊള്ളുന്നുണ്ട് എന്നും ചൂഷിതനുള്ളിൽ ഒരു ചൂഷകൻ പതുങ്ങിയിരിപ്പുണ്ട് എന്നും ഞാൻ ആദ്യമായി മനസ്സിലാക്കിയത് ബസ്യാത്രയിലാണ്. അപ്പോൾമുതൽ പെണ്ണുനല്ലത്, ആണ് ചീത്തത് എന്ന ദ്വന്ദ്വം ഞാൻ മനസ്സിൽനിന്ന് പറിച്ചുകളഞ്ഞു. മനുഷ്യനിൽ നല്ലതും ചീത്തതും എന്ന വിഭജനവും ശരിയല്ല എന്നാണെന്നെ അനുഭവം പഠിപ്പിച്ചത്. ഓരോ വ്യക്തിയിലും നന്മയും തിന്മയും അടങ്ങിയിരിക്കുന്നു. നന്മ കൂടുതലും തിന്മ കുറവും ആയിട്ടുള്ള ആളുകളുമായി ഇടപെടുകയും മറ്റുള്ളവരെ കഴിയുന്നത്ര ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ആരോഗ്യത്തിനു ഹിതകരം എന്ന് കുറേക്കാലത്തെ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു. ഈ നിഗമനത്തോട് യോജിക്കാത്തവർ ധാരാളമുണ്ടാവാം. ഓരോ വ്യക്തിയിലേയും നന്മയെ ചൂഷണം ചെയ്യണം; തിന്മയെ അവഗണിക്കണം എന്നു പറയുന്നവരുമുണ്ട്. വ്യക്തിയിലെ നന്മയെ വളർത്തിയെടുക്കണം; തിന്മയെ നശിപ്പിക്കണം എന്നു പറയുന്നവരുമുണ്ട്. തരം കിട്ടിയാൽ തിന്മയിലേക്കു ചായുന്ന



മനസ്സാണ് സാധാരണമനുഷ്യരു ടേത് എന്നതാണു സത്യം. ബുദ്ധനും യേശുവിനും ഗാന്ധിക്കും ജീവാവസാനംവരെ പ്രയത്നിച്ചിട്ടും മനുഷ്യരെ നന്നാക്കാൻ കഴിഞ്ഞില്ല എന്നോർക്കണം.

**കേരളത്തിലെ പുരുഷൻ**

റ്റിസിമറിയം തോമസ് തന്റെ പുസ്തകത്തിൽ നൽകുന്ന ചില വിവരണങ്ങളും അവയ്ക്കു ചേർത്തിരിക്കുന്ന ഉദാഹരണങ്ങളും തമ്മിൽ ചെറിയ പൊരുത്തക്കേടു കാണുന്നു. ഉദാഹരണത്തിന്, 'ഏതു സ്ത്രീയുടേയും ശരീരത്തിൽ കട ന്നുപിടിച്ച് ആക്രമിക്കുന്നു കേരള ത്തിലെ പുരുഷൻ' എന്നു വിവരി ക്കുന്നിടത്ത് ഉദാഹരണം എന്ന വണ്ണം റ്റിസി അവതരിപ്പിക്കുന്നത് ഒരു കർണ്ണാടകക്കാരൻ തന്നെയും സഹോദരിയേയും ബാംഗ്ലൂ രിൽവെച്ച് അപമാനിച്ചതും മലയാ ളികളെ അടച്ചാക്ഷേപിച്ചതും ആണ്.

കേരളീയൻ പെരുമാറുന്നതു പോലെ കർണ്ണാടകക്കാരനും സ്ത്രീയോടു പെരുമാറുന്നുണ്ട് എന്ന് റ്റിസി യുടെ ഉദാഹരണ ത്തിൽനിന്ന് വ്യക്തമാകുന്നു. എങ്കിലും അതിക്രമങ്ങളുടേയും അതിക്രമികളുടേയും എണ്ണത്തിൽ കേരളം മുൻപന്തിയിൽതന്നെയാണ്. മറ്റെല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളെ ക്കാളും മുന്നിൽ. താരതമ്യേന വിദ്യാഹീനരായ അന്യസംസ്ഥാന ങ്ങളിലെ പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ ചവിട്ടിമെതിക്കുന്നവരും അന്യസ്ത്രീകളെ വെറുതെ വിടുന്ന വരുമാണ്. കേരളത്തിലെ പുരുഷ ന്മാർ പൊതുവെ സ്ത്രീകളുടെ പദ വിയോ അധികാരമോ പരിഗണിക്കു ന്നവരല്ല. ഏതുസ്ത്രീയേയും വെറും പെണ്ണായിക്കാണുന്നവരാണ് ഇവി ടുത്തെ പുരുഷന്മാരിലേറെയും.

**പുരുഷാധിപത്യത്തിന്റെ രീതികൾ**

പുരുഷന്റേത് എന്നു കരുതപ്പെ ടുന്ന തൊഴിൽ മേഖലകളിലും പ്രക ടനങ്ങളിലും സ്ത്രീക്ക് ഒരിക്കലും ശോഭിക്കാനാവില്ല എന്നു സ്ഥാപി ക്കുകയും സ്ത്രീ ചെയ്യുന്ന പലകാ ര്യങ്ങളും പുരുഷന് കൂടുതൽ നന്നായിചെയ്യാൻ കഴിയും എന്നു വാദിക്കുകയും ആണ് പുരുഷാധി പത്യത്തിന്റെ ഒരു പ്രധാന പദ്ധതി. വാഹനമോടിക്കുന്നതിൽ സ്ത്രീ വളരെ മോശക്കാരിയാണ് എന്ന് പുരുഷൻ സദാ ആശ്വസിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു.

പന്ത്രണ്ടുവർഷംമുമ്പ് ആകാശ വാണിയിലെ മറ്റൊരുദ്യോഗസ്ഥയു മൊത്ത് ഞാൻ സ്കൂട്ടർ ഓടിക്കാൻ പഠിക്കാൻ പുറപ്പെട്ടപ്പോൾ അവി ടുത്തെ ഡ്രൈവർമാരിൽ ഒരാൾ ഞങ്ങളെ പരിഹസിക്കുകയുണ്ടായി. "പെണ്ണുങ്ങൾ ഡ്രൈവിങ്ങ് പഠിച്ചിട്ടെ ന്താവാൻ?" എന്നായിരുന്നു പരിഹാ സം. ''ഒരു ടയറ് മാറ്റിയിടാൻ നിങ്ങളെക്കൊണ്ടാവുമോ?" അയാൾ തുടർന്നു.

"ശരിയാണ്."

ഞാൻ പ്രതിവചിച്ചു. 'പക്ഷേ, ആ വഴി പോകുന്ന ഏതെങ്കിലും ഒരാ ണിനെക്കൊണ്ട് അതു ചെയ്യിക്കാൻ ഞങ്ങൾക്കു കഴിയും."

അല്പം അശ്ലീലധ്വനിയോടെ പൊട്ടിച്ചിരിച്ചുകൊണ്ട് അയാൾ തല കുലുക്കി. ഏറെ കഴിയുന്നതിനുമുമ്പ് പക്ഷാഘാതം പിടിപെട്ട് അയാൾ തൊഴിൽ ചെയ്യാൻ അപ്രാപ്തനായി. തുടർന്ന് പെൻഷൻ പറ്റുന്നതുവരെ ടെലിഫോൺ ഓപ്പറേറ്ററായി സേവ നംചെയ്യേണ്ടിവന്ന അയാളെ സ്കൂട്ട റിൽ ഓഫീസിൽ കൊണ്ടുവന്നുവി ട്ടിരുന്നത് പിന്നീട് വണ്ടിയോടിക്കാൻ പഠിച്ച മകളായിരുന്നു!

പുരുഷന്റെ ഈ സ്ഥായിയായ അഹങ്കാരത്തിന്റേയും പരിഹാസ ത്തിന്റേയും നിദർശനമാണ് 'ലേഡി ഡ്രൈവേഴ്സ്' എന്ന സരസമായ ഫോർവേർഡ്. സ്ത്രീകൾ വാഹന മോടിക്കുമ്പോൾ വിഡ്ഢിത്തം കാണിക്കും എന്ന് അതു പറയുന്നു. ശരിതന്നെ. പക്ഷേ, സ്ത്രീകൾ വാഹനമോടിച്ച് നരഹത്യ ചെയ്യാ റില്ല!!

ജീവിതവിജയം നേടുന്ന പുരുഷ നേയും അയാളുടെ തോളിൽ ച്ചാഞ്ഞ് ശൃംഗരിക്കുന്ന സ്ത്രീ യേയും ചിത്രീകരിക്കുന്നത് സമൂഹ ത്തിന്റെ പൊതുസ്വഭാവംതന്നെയാ ണ്. ഒറ്റയ്ക്കുനിൽക്കുന്ന സ്ത്രീ യേയും എതിർക്കുന്ന സ്ത്രീയേയും ഭയക്കുകയും നിന്ദിക്കുകയും ചെയ്യു ന്നതും അതുതന്നെ.

**സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യം**

ഇങ്ങനെയൊക്കെയാണെങ്കിലും സ്ത്രീക്ക് സഞ്ചാരസ്വാതന്ത്ര്യം നേടി യെടുക്കുകതന്നെ ചെയ്യാം. അതി ന്നാദ്യം ചെയ്യേണ്ടത് അല്പം അഗ്ര സ്സീവ് ആവലാണ്. വിനയം, വിധേ യത്വം, ലജ്ജ തുടങ്ങിയവ കൈവി ട്ടാൽ നിങ്ങൾ അഗ്രസ്സീവ് ആവുക യായി. സദാ പുരുഷന്റെ ആക്രമണം ഭയന്നുകഴിയുന്നതിനു പകരം അല്പം അക്രമാസക്തയാവുക യാണ് നിങ്ങൾ. ബസ്സിൽ കയറിയാ ലുടൻ മുന്നിലേക്കു തള്ളിക്കയറി ഡ്രൈവർക്കുചുറ്റും തിങ്ങിക്കൂടി, ആണുങ്ങളുണ്ടാക്കുന്ന ശല്യ ത്തിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കു ന്നതിനുപകരം കയറുമ്പോൾതന്നെ വളരെ ഗൗരവത്തിൽ പുരുഷന്മാരോ ടൊന്ന് ഒച്ചയിട്ടുനോക്കൂ 'മുന്നിൽ

സ്ത്രീകൾ തിക്കിത്തിരക്കുന്നതു കാണുന്നില്ലേ? നിങ്ങളൊന്നു പിന്നാക്കം നീങ്ങിനിൽക്കൂ' എന്ന്. അവർ അൽപ്പമൊന്നു ചുളുങ്ങുന്നതു കാണാം. തുടർന്ന് നിങ്ങൾ ഒരൽപ്പം പിറകിലേക്കിറങ്ങി നിൽക്കൂ. ഒരു പുരുഷനും നിങ്ങളുടെ ദേഹത്തുചാരുകയോ കൈവെക്കുകയോ ചെയ്യുകയില്ല. നിങ്ങളുടെ അധികാരഭാവവും ഗൗരവവും പുരുഷന്മാർക്കൊന്നാകെ അപകടസൂചന നൽകിക്കഴിഞ്ഞിരിക്കും.

ഒരുകാര്യം പ്രത്യേകം ഓർക്കുക. യാത്രയിൽ ഒരു പുരുഷനോടും വിനയപൂർവ്വം പെരുമാറരുത്; ചിരിക്കരുത്. ഒപ്പത്തിനൊപ്പം തമാശപറഞ്ഞുകൊണ്ട് ഉറക്കെ പൊട്ടിച്ചിരിക്കുക. 'അവരെ പരിഹസിച്ചുകൊണ്ട് നേർക്കുനേരെ തമാശപറഞ്ഞ് ചിരിക്കുക. ബുദ്ധിപൂർവ്വം പെരുമാറുക. വിജയം നിങ്ങളുടേതായിരിക്കും.

അപരിചിതമായ പ്രദേശങ്ങളിൽ ഒറ്റയ്ക്കു യാത്രചെയ്യുന്നതാണ് സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതെങ്ങനെ തരണം ചെയ്യാം എന്നു നോക്കാം. സമാനമനസ്കകളായ സ്ത്രീകളോടൊത്ത് സംഘംചേർന്ന് യാത്ര ചെയ്തു തുടങ്ങുക. യാത്രയ്ക്കാവശ്യമായ കാര്യങ്ങളെല്ലാം മറ്റുള്ളവർ ചെയ്യാൻവേണ്ടി കാത്തിരിക്കാതെ സ്വയം ചെയ്യുക. സംഘത്തിൽ മുന്നിട്ടുനിൽക്കുക. നിങ്ങൾ പ്രാപ്തയാവുകതന്നെ ചെയ്യും. താമസിയാതെ നിങ്ങൾക്ക് ഒറ്റയ്ക്കു ദൂരയാത്ര ചെയ്യാനുള്ള ശേഷിയുണ്ടാവും. ഒറ്റയ്ക്കുള്ള യാത്രയ്ക്ക് ആവശ്യമായ മുന്നൊരുക്കങ്ങൾ പിഴവുകൂടാതെ ചെയ്യുക, വിജനമായ ഇടങ്ങളിൽ ഒറ്റയ്ക്കു ചെന്നുപെടാതിരിക്കാൻ ശ്രദ്ധിക്കുക. പരുങ്ങലില്ലാതെ എവിടെയും അധികാരഭാവത്തിൽ കയറിച്ചെല്ലുക, മാറിനിൽക്കാതെ നേർക്കുനേരെ സംസാരിക്കുക. ദീർഘദൂരരാത്രിയാത്രയിൽ അടുത്തിരിക്കുന്ന പുരുഷനെ അടക്കം പഠിപ്പിക്കാനും ചട്ടമ്പിമാർഗ്ഗംതന്നെയാണുത്തമം.

**പെൺമക്കളെ പ്രാപ്തരാക്കുക**

ആൺകുട്ടികൾക്ക് ധീരരായിരിക്കാനും പെൺകുട്ടികൾക്ക് ഓമനകളായിരിക്കാനും പരിശീലനം നൽകുന്ന രീതി അവസാനിപ്പിക്കേണ്ടതുമുണ്ട്. ധീരരാവാനുള്ള കായികപരിശീലനവും മാനസികപരിശീലനവും പെൺകുട്ടികൾക്കു നൽകേണ്ടതുണ്ട്. അവർക്ക് അതിനുതക്ക ആവശ്യബോധവും ഉണ്ടാവേണ്ടതുണ്ട്. ബ്യൂട്ടിപാർലറിൽ പോവാൻ പ്രദർശിപ്പിക്കുന്ന ഔത്സുക്യം കരാട്ടേ ക്ലാസ്സിൽ പോവാനും അവർ പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. നൃത്താഭ്യാസത്തിലുള്ള കൗതുകം വാഹനമോടിക്കുന്നതിലും പെൺകുട്ടികൾക്കുണ്ടാവണം. സ്വാതന്ത്ര്യം തന്നെത്തേടിവരില്ല എന്നും താൻ സ്വാതന്ത്ര്യത്തെ തേടുകയും നേടുകയും ചെയ്യേണ്ടതാണ് എന്നും അവർ അറിയണം. വീടിനുവെളിയിൽ ജീവിക്കാൻ വേണ്ട പ്രാപ്തി മകൾക്കുണ്ടാവാൻ തക്കവിധത്തിൽ അവളെ ഇലക്ട്രിസിറ്റി ഓഫീസിലും ബാങ്കിലും പഞ്ചായത്ത് ഓഫീസിലുംമറ്റും പോയി കാര്യങ്ങൾ നടത്തിയെടുക്കാൻ പരിശീലിപ്പിക്കണം. പൊതുസമൂഹത്തിലേക്കിറങ്ങിച്ചെന്ന് ഇടപെടാൻ അവൾ സജ്ജയാവുകതന്നെ ചെയ്യും. കുടുംബശ്രീയുടെ പ്രവർത്തനം ഇതിനുദാഹരണമായിട്ടെടുക്കാം.

ഈ സ്വാതന്ത്ര്യപ്രാപ്തിയിൽ അൽപ്പം ശ്രദ്ധിക്കേണ്ട വിഷയമാണ് പെൺകുട്ടികളുടെ / സ്ത്രീകളുടെ വസ്ത്രധാരണം. വസ്ത്രധാരണം ലൈംഗികോദ്ദീപകമാണെങ്കിൽ



അത് ആക്രമണത്തെ ക്ഷണിച്ചുവരുത്തും എന്നൊരു പൊതുധാരണയുണ്ട്. അടിസ്ഥാനരഹിതമാണീ ധാരണ എന്നു പറഞ്ഞുകൂടാ. ലൈംഗികോത്തേജനമുണ്ടായാൽ പുരുഷന് എന്തുവിഡ്ഢിത്തവും അക്രമവും പ്രവർത്തിക്കാൻ തോന്നും. ശക്തമായ നിയമപാലനവും ശിക്ഷാവ്യവസ്ഥയും നിലനിൽക്കുന്നയിടങ്ങളിൽ അയാൾ തന്റെ വികാരത്തെ അടക്കാൻ നിർബന്ധിതനായേക്കും. അല്ലാത്തയിടങ്ങളിൽ നിസ്സങ്കോചം അയാൾ അപമര്യാദയിലേക്കും അക്രമത്തിലേക്കും നീങ്ങിയേക്കും. അതുകൊണ്ട് വസ്ത്രധാരണത്തിൽ അൽപ്പം ശ്രദ്ധചെലുത്തുന്നത് നമ്മുടെ സ്ത്രീകൾക്ക് അല്പംകൂടി സുരക്ഷിതത്വം ഉറപ്പുവരുത്തും. പക്ഷേ, വസ്ത്രധാരണരീതികൊണ്ട് പരിഹരിക്കാവുന്നതല്ല സ്ത്രീയുടെ പ്രശ്നം. സ്ത്രീയെ മനസാ നഗ്നയാക്കുന്നവനാണ് പുരുഷൻ. അതുകൊണ്ട് വിനയവതിയും ശൃംഗാരരൂപിണിയുമായിരിക്കുന്നതിനു പകരം ക്രൂരയും കുപിതയുമായിട്ടവതരിക്കുക. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹൃതമാവുകതന്നെ ചെയ്യും. തങ്ങളുടെ മുന്നിൽ നഗ്നതാപ്രദർശനം നടത്തിയ പുരുഷനെ വളഞ്ഞിട്ട് മർദ്ദിച്ചവശനാക്കിയ ആലുവാ യു.സി. കോളേജിലെ പെൺകുട്ടികൾക്ക് അഭിനന്ദനം. അവർക്ക് ശിഷ്യപ്പെടാൻ മറ്റുപെൺകുട്ടികൾ തയ്യാറാവട്ടെ.

### നല്ല സ്ത്രീപുരുഷബന്ധവും നല്ല ഇറങ്ങിനടപ്പും

ആരോഗ്യകരമായ സ്ത്രീപുരുഷബന്ധം കേരളത്തിൽ സാദ്ധ്യമാണ് എന്ന് മുപ്പതുവർഷംമുമ്പ് കോഴിക്കോട് സർവകലാശാലാകേന്ദ്രത്തിലെ വാസകാലം കൊണ്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലേഡീസ് ഹോസ്റ്റലിന് ഒരു വാർഡനും ഒരു ഹൗസ്‌കീപ്പറും ഉണ്ടായിരുന്നു. ആ രണ്ടമ്മച്ചിമാരും തമ്മിൽ കുറുകുറെ രാപ്പകൽ വർത്തമാനം പറഞ്ഞു. അവരൊരിക്കലും ഞങ്ങളെ നിയന്ത്രിക്കാനോ ഭരിക്കാനോ വന്നില്ല. ഞങ്ങൾക്കെപ്പോൾ വേണമെങ്കിലും ഹോസ്റ്റലിൽനിന്നു പുറത്തുപോവുകയും എപ്പോൾ വേണമെങ്കിലും തിരിച്ചു വരികയും ചെയ്യാമായിരുന്നു. മെസ്ഫീയിൽ ഇളവുകിട്ടാൻവേണ്ടി പോക്കുവരവ് റെജിസ്റ്ററിൽ രേഖപ്പെടുത്തണമായിരുന്നു എന്നുമാത്രം. പുരുഷന്മാർക്ക് ഹോസ്റ്റലിൽ പ്രവേശിക്കുന്നതിന് സമയപരിധിയുണ്ടായിരുന്നു എന്നതും രാത്രിയിൽ കൂടണയുന്ന പെൺകുട്ടികൾക്ക് നിശ്ചിതസമയത്ത് ഗെയ്റ്റ് പൂട്ടി സ്റ്റൂളിൽ ഇരിപ്പുപിടിക്കുന്ന ഗൂർഖാജിയോട് ഗെയ്റ്റ് തുറന്നുതരാൻ ആവശ്യപ്പെടേണ്ടതുണ്ടായിരുന്നു എന്നതും മാത്രമായിരുന്നു അവിടുത്തെ നിയന്ത്രണം. എന്നിട്ടും പെൺകുട്ടികൾ പിഴച്ചില്ല. അവിടെ പ്രണയങ്ങളും പ്രണയവിവാഹങ്ങളും പ്രണയപരാജയങ്ങളുമുണ്ടായിരുന്നു. പക്ഷേ, അവയൊന്നുംതന്നെ പെൺകുട്ടികളുടെ ജീവിതം തകർക്കുകയോ അവരെ ആത്മഹത്യയിലെത്തിക്കുകയോ ചെയ്തില്ല. ഏറ്റവും സുദൃഢവും ആരോഗ്യകരവുമായ സ്ത്രീപുരുഷബന്ധങ്ങൾ അവിടെ രൂപപ്പെട്ടു. ഒരു പുരുഷനും അവിടെ അപമര്യാദയായി പെരുമാറിയില്ല. ക്യാംപസ്സിനുപുറത്തും വലിയ അപകടങ്ങളുണ്ടായിരുന്നില്ല.

ആ എൺപതുകളിൽ വടക്കൻ കേരളത്തിലോടുന്ന ബസ്സുകളിൽ പുരുഷന്മാർ കൂടുതൽ മാന്യരായി കാണപ്പെട്ടു. അവരോടൊരിക്കലും തട്ടിക്കയറേണ്ടിവന്നില്ല. ആരെയും മര്യാദപഠിപ്പിക്കുകയോ നിലയ്ക്കുനിർത്തുകയോ വേണ്ടിവന്നില്ല. അത്തരം പ്രശ്നങ്ങൾ താരതമ്യേന കൂടുതൽ കണ്ടിരുന്നത് തെക്കൻ കേരളത്തിലായിരുന്നു. വടക്കുള്ളവർ ശുദ്ധരാണെന്നും തെക്കുള്ളവർ പിശകാണെന്നുമുള്ള ഞങ്ങളുടെ പൊതുധാരണയ്ക്ക് അത് ഈടും കൂട്ടി.

> സ്വാതന്ത്ര്യം
> തന്നെത്തേടിവരില്ല എന്നും
> താൻ സ്വാതന്ത്ര്യത്തെ
> തേടുകയും നേടുകയും
> ചെയ്യേണ്ടതാണ് എന്നും
> അവർ അറിയണം

അക്കാലത്ത് സ്ത്രീകൾക്ക് നിയമത്തിന്റെ പ്രത്യേകസംരക്ഷണം വേണ്ടത്രയുണ്ടായിരുന്നില്ല. സ്ത്രീകൾ അതിനെക്കുറിച്ച് ബോധവതികളായിരുന്നുമില്ല. എന്നിട്ടും പുരുഷനെ എളുപ്പത്തിൽ മാനം കെടുത്തിവിടാൻ സ്ത്രീക്കു കഴിയുമായിരുന്നു. ആ നാണംകെടുത്തലിനെ പുരുഷനു ഭയവുമായിരുന്നു. വിരലിലെണ്ണാവുന്നവർ മാത്രമേ സ്ത്രീയെ തിരിച്ചാക്രമിക്കുകയോ നാണംകെടുത്തുകയോ അസഭ്യം പറയുകയോ ചെയ്തിരുന്നുള്ളു.

വ്യത്യസ്തമായ രീതിയിലുള്ള പ്രതികരണം അന്നും ഇന്നും കണ്ടുവരുന്നത് ലേഡീസ് സീറ്റ് ഡിമാൻഡ് ചെയ്യുന്ന സ്ത്രീകളുടെ കാര്യത്തിലാണ്. എന്നും ക്രൂരമായ രീതിയിൽ സ്ത്രീകൾ കൈകാര്യം ചെയ്യപ്പെട്ടു പോരുന്നു ഈ വിഷയത്തിൽ. ലൈംഗികാതിക്രമത്തിൽ പൊതുവെ കാണുന്ന ഒളിസ്വഭാവം ഈ വിഷയത്തിൽ കാണാറില്ലതാനും. പുരുഷന്റെ സുഖസൗകര്യങ്ങൾക്ക് സ്ത്രീ വിഘാതമാകുമ്പോൾ പുരുഷൻ പരസ്യമായി ആക്രമിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ പുരുഷന്മാർ സംഘടിക്കാറുമുണ്ട്. ആധുനികകാലത്ത് സ്ത്രീക്കും പുരുഷനും വെവ്വേറെ സീറ്റ് ആവശ്യമില്ല എന്നും അങ്ങനെ വേർതിരിക്കുന്നതുകൊണ്ടാണ് പുരുഷനിത്രയേറെ ലൈംഗികദാരിദ്ര്യമുണ്ടാവുന്നതെന്നും അതുകൊണ്ടാണ് പുരുഷൻ സ്ത്രീയെ അപൂർവ്വവസ്തു എന്നപോലെ ആക്രാന്തത്തോടെ വീക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതും എന്നുമാണ് പുരുഷന്മാരും ഒരു ചെറിയ ശതമാനം സ്ത്രീകളും കരുതുന്നത്. പുരുഷനിൽനിന്ന് സ്ത്രീയെ മാറ്റിയിരുത്താൻ വേണ്ടിയല്ല ലേഡീസ് സീറ്റ് എന്നതാണു സത്യം. സ്ത്രീകൾ പൊതുവെ കായികശേഷി കുറഞ്ഞവരും പലവിധ ശാരീരികാവശതകൾ ഉള്ളവരും ആണ് എന്നതുകൊണ്ടും സ്ത്രീക്ക് പുരുഷന്മാരോട് പൊരുതി തിക്കുംതിരക്കുംകൂടി സീറ്റ് നേടാൻ കഴിയില്ല എന്നതുകൊണ്ടുമാണ് സീറ്റ് സംവരണം ചെയ്തിരിക്കുന്നത്. സീറ്റ് സംവരണം ചെയ്തിട്ടുണ്ട് എന്നുള്ളതുകൊണ്ട് മറ്റുസീറ്റുകളിലൊന്നും സ്ത്രീകൾ ഇരിക്കരുത് എന്നു വിശ്വസിക്കുന്ന ധാരാളം സ്ത്രീകളും പുരുഷന്മാരുമുണ്ട്. മറ്റു സീറ്റുകളെ 'ആണുങ്ങളുടെ സീറ്റ്' എന്ന് അവർ വ്യവഹരിക്കുന്നു.

ബസ്‌യാത്രയ്ക്കിടയിൽ നീണ്ടുവരുന്ന പുരുഷഹസ്തങ്ങളിൽ സേഫ്റ്റിപിൻകൊണ്ട് നല്ല കുത്തുവെച്ചുകൊടുക്കാൻ പെൺകുട്ടികൾക്ക് ഉപദേശം കിട്ടാറുണ്ട്. നിശ്ശബ്ദമായും ഒളിഞ്ഞും ഉള്ള ഈ പ്രതികരണംവഴി ഇന്നോളം ഒരു പുരുഷനും നന്നായിട്ടില്ല. ഉച്ചത്തിലുള്ള ഒരൊറ്റ പ്രതികരണംവഴി അയാളെ മാത്രമല്ല, ആ ബസ്സിൽ അപ്പോഴുള്ള മുഴുവൻ പുരുഷന്മാരേയും ആശങ്കാകുലരാക്കാം എന്നിരിക്കെ എന്തിനു സേഫ്റ്റിപിൻ പ്രയോഗിക്കണം?

അല്പംകൂടി സനാതനികളായ 'സന്ധുബന്ധുക്കൾ' വേറെയൊരു ഉപദേശമാണ് യുവതികൾക്കു നൽകാറുള്ളത്. യാത്രയിൽ കൂടെയുള്ള പുരുഷൻ– അത് അച്ഛനോ സഹോദരനോ ഭർത്താവോ ആകട്ടെ– വേണം അക്രമിയായ പുരുഷനെ എതിരിടേണ്ടത്, സ്ത്രീ മാനം മര്യാദയ്ക്ക് അടങ്ങിയിരുന്നുകൊള്ളുകയും രഹസ്യമായിമാത്രം വിവരം പുരുഷനെ അറിയിക്കുകയും ചെയ്യേണ്ടതാണ് എന്നതാണ് ആ ഉപദേശം. ഈ സന്ധുബന്ധുക്കളിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ട് എന്ന് എടുത്തുപറയേണ്ടതുണ്ട്. പലവിധത്തിൽ വിപരീതഫലമുണ്ടാക്കുന്ന നടപടിയാണ് അവർ ഉപദേശിക്കുന്നത്. പുരുഷനും പുരുഷനും തമ്മിൽ വലിയ വാക്കേറ്റവും

കയ്യാങ്കളിയും ഉണ്ടാവാൻ അതു കാരണമായേക്കും. നീണ്ടു നിൽക്കുന്ന സ്പർദ്ധയ്ക്കും വൈരനിര്യാതനത്തിനും കൂട്ടത്തല്ലിനും ഇടവരുത്തിയേക്കും. എന്നാൽ സ്ത്രീകൾതന്നെ പ്രശ്നത്തെ സധൈര്യം നേരിടുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാകും. മാത്രമല്ല, അതുവഴി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമുണ്ടാവുകയും ചെയ്യും. പ്രശ്നത്തെ അഭിമുഖീകരിക്കുന്ന സ്ത്രീക്ക് സഹയാത്രികമാരുടെ പിന്തുണ ലഭിക്കാറില്ല എന്ന ഏറ്റവും ദുഃഖകരമായ വസ്തുത മറന്നുകൊണ്ടല്ല ഈ പറയുന്നത്. അത് അവളെ നന്നെ ഒറ്റപ്പെടുത്തുക തന്നെ ചെയ്യും. സഹനം സ്ത്രീക്ക് ഭൂഷണമാകുന്നു എന്ന പരമ്പരാഗത സങ്കല്പവും അവളുടെ ദുരിതത്തിന് ആക്കംകൂട്ടുന്നു. അങ്ങേയറ്റം സഹിച്ചതിനുശേഷം പൊട്ടിക്കരയുകയോ പൊട്ടിത്തെറിക്കുകയോ ചെയ്യാവുന്നതാണ് എന്ന് പൊതുവായ ഒരു പരിധിനിർണ്ണയ സമ്പ്രദായമുണ്ടല്ലോ നമ്മുടെ സംസ്കാരത്തിൽ. ഏറ്റവും പിഴച്ച ഒരു രീതിയാണിത്. സൂചികൊണ്ടെടുക്കാവുന്നത് തൂമ്പാകൊണ്ട് എടുക്കേണ്ടിവരുന്നു ഈ നടപടി നിമിത്തം. തുടക്കത്തിൽ ചെറിയ രീതിയിലുള്ള പ്രതികരണം കൊണ്ട് തടയാവുന്ന പ്രശ്നം നിശ്ശബ്ദതകൊണ്ടുവളർത്തിയെടുക്കുന്നത് തികച്ചും അപകടകരമാണ്.

**കണ്ടുനിൽക്കുന്നവരും കൈവെക്കുന്നവരും:**

പ്രശ്നങ്ങൾക്ക് സ്ത്രീകൾ തന്നെ പരിഹാരം കണ്ടെത്തിക്കൊള്ളട്ടെ എന്നു കരുതുന്ന പുരുഷന്മാർ ഇത്തരം ലൈംഗികാക്രമണപ്രശ്നങ്ങളിൽ കാഴ്ചക്കാരായി നിൽക്കുകയേ ഉള്ളു. അക്രമികളായ പുരുഷന്മാർ മനോരോഗികളാണെന്നും അവരെ കുറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും അല്ല സ്ത്രീകൾ ചെയ്യേണ്ടത്, മറിച്ച് അവരെ ചികിത്സിപ്പിക്കുകയാണു വേണ്ടത് എന്ന് ചില പുരുഷന്മാർ സ്ത്രീകളെ ഉപദേശിക്കുന്നു. പ്രശ്നപരിഹാരത്തിനായി തങ്ങൾ ഒന്നും ചെയ്യേണ്ടതില്ല എന്നാണ് അവരുടെ നിലപാട്. സ്ത്രീകൾ മാത്രമാണ് പ്രശ്നപരിഹാരം കണ്ടെത്താൻ ബാദ്ധ്യസ്ഥർ എങ്കിൽ, അത് അവരുടെ സൗകര്യമനുസരിച്ച് ചെയ്യുകയാണുചിതം. പുരുഷൻ ഉപദേശം നൽകാൻ മാത്രമായി രംഗത്തെത്തേണ്ടതില്ല.

തങ്ങളുടെ പെൺമക്കളുടെ സുരക്ഷയെക്കുറിച്ച് ഉത്ക്കണ്ഠയുള്ളവരാണ് പിതാക്കന്മാർ. എന്നാൽ അതേ പുരുഷന്മാർതന്നെ അന്യന്റെ പെണ്മക്കളെ ലൈംഗികചൂഷണത്തിനിരയാക്കുന്നതു കാണാം. സ്വന്തം അമ്മയേയും പെങ്ങളേയും ഭാര്യയേയും മകളേയും സംരക്ഷിക്കുന്നതിൽ ജാഗരൂകരായ പുരുഷന്മാർതന്നെ ബസ്‌യാത്രയിൽ സ്ത്രീകളിൽനിന്ന് ബലാൽ ലൈംഗികസുഖം നേടാൻ ശ്രമിക്കുന്നു. കേരളത്തിൽ അതു നാട്ടുനടപ്പായതുകൊണ്ടാണ് പുരുഷന്മാർ അങ്ങനെ പെരുമാറുന്നത്. തമിഴ്നാട്ടിലെത്തിയാൽ ആ ദേശത്തിനൊത്ത വിധത്തിലും ഇസ്ലാമികരാജ്യങ്ങളിൽ അവിടുത്തെ നിയമമനുസരിച്ചും യൂറോപ്പിലും അമേരിക്കയിലും ചെല്ലുമ്പോൾ അവിടങ്ങളിലെ നിയമമനുസരിച്ചും ഇതേ പുരുഷന്മാർ പെരുമാറുന്നുണ്ട്. അവിടങ്ങളിൽ ഏറ്റവും നന്നായി നിയമം പാലിക്കുന്നത് മലയാളികളായ പുരുഷന്മാരാണ് എന്നത് ശ്രദ്ധേയമാണ്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് ഇവിടെ നിയമപാലനത്തിനുള്ള അപര്യാപ്തതയാണ് സ്ത്രീകൾക്ക് യാത്രാപ്രശ്നങ്ങളുണ്ടാക്കുന്നത് എന്നാണ്. സാമാന്യജനതയുടെ നീതിബോധമാകട്ടെ, സൗകര്യമനുസരിച്ച് മാറ്റിമറിക്കാവുന്നതാണുതാനും.

അതുകൊണ്ട് സ്ത്രീകൾ സദാ പ്രതികരണസന്നദ്ധരായിരിക്കുകതന്നെ വേണം. പി.ഇ. ഉഷയുടെ ബസ്‌യാത്രാപ്രശ്നം ഈ സന്ദർഭത്തിൽ പരാമർശമർഹിക്കുന്നുണ്ട്. ഉഷയെ ടാറടിച്ചുകാണിക്കാൻവേണ്ടി എതിർപക്ഷം പറഞ്ഞുപരത്തിയത് ഉഷ അറിഞ്ഞുകൊണ്ട് ആ ലൈംഗികകേളിക്ക് ഇരുന്നുകൊടുക്കുകയും പിന്നീട് അനാവശ്യമായി ബഹളം വെക്കുകയുമായിരുന്നു എന്നാണ്. ഇതേരീതിയിലുള്ള വാദങ്ങൾ സമാനമായ ലൈംഗികാതിക്രമങ്ങളിൽ സ്ത്രീകൾക്കെതിരെ ഉയരാറുണ്ട്. കോടതിയിൽ വക്കീലും പോലീസ്സ്റ്റേഷനിൽ പോലീസുകാരനും സ്ത്രീകളോട് ചോദിക്കാറുള്ള സ്ഥിരം ചോദ്യമാണിത്. അതുകൊണ്ട് ആദ്യനിമിഷംതന്നെ പ്രതികരിക്കുക. പുരുഷന്മാർക്ക് ആശയ്ക്കവസരം നൽകാതിരിക്കുക.

പി.ഇ. ഉഷയുടേതിനോടു സമാനമായ ഒരനുഭവം എനിക്കുണ്ടായിട്ടുണ്ട്. ബസ്സിൽ ഡ്രൈവറുടെ തൊട്ടുപിറകെയുള്ള സീറ്റിൽ അറ്റത്തിരുന്ന് പത്രം വായിക്കുമ്പോഴാണ് എന്റെ ഇടതുകക്ഷത്തിൽ ഒരു ആളനക്കമുണ്ടായത്. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് ഒരു ഉദ്ധൃതലിംഗം. കോപിഷ്ഠയായി ഞാൻ ചാടിയെണീറ്റ് അയാളുടെ ചെകിടത്ത് ആഞ്ഞടിച്ചു. ഒച്ചകേട്ട് ഡ്രൈവർ തിരിഞ്ഞുനോക്കി. 'ബസ്സ് നിർത്ത്' ഞാൻ ആജ്ഞാപിച്ചു. സഡൻ ബ്രേക്കിട്ടു അയാൾ. 'ഡോർ തുറക്ക്' കിളിയോട് ഞാൻ വിരൽചൂണ്ടി അലറി. അയാൾ ഡോർ തുറന്നു. 'ഇറങ്ങെടാ' പ്രതിയോട് ഞാൻ അട്ടഹസിച്ചു. അയാൾ ഇറങ്ങിയോടി. 'വണ്ടി വിട്ടോ' ഞാൻ ഉത്തരവിട്ടു. തുടർന്ന് ഭാവഭേദമൊന്നുമില്ലാതെ പത്രപാരായണം തുടർന്നു.

പിന്നീടൊരിക്കലും അയാളെ ഞാൻ കണ്ടിട്ടില്ല.

ഇത്തരം അവസരങ്ങൾ കുറച്ചേ നമുക്കു ലഭിക്കുകയുള്ളൂ. അവ വേണ്ടവിധത്തിൽ ഫലപ്രദമായും ബുദ്ധിപൂർവ്വകമായും ഉപയോഗിച്ചില്ലെങ്കിൽ ആ അവസരം എന്നെന്നേക്കുമായി നഷ്ടപ്പെടും. ബുദ്ധിപൂർവ്വം ഉപയോഗിക്കുകയാണെങ്കിൽ വളരെയേറെ ഫലപ്രദമാവുകയും ചെയ്യും.

ഏതോ ഒരുവന്റെ ഉദ്ധൃതലിംഗത്തെ ഏറ്റുവാങ്ങിയ ഒരു സുന്ദരിയുടെ ചിത്രം മനസ്സിൽ തെളിഞ്ഞുവരുന്നു. അത് തൃശൂർ വിമല കോളേജിനുമുമ്പിൽവെച്ച് ബസ്സിനുള്ളിലായിരുന്നു. ബസ്സിലെ തിരക്കൊഴിഞ്ഞപ്പോൾ സുന്ദരി അല്പം മുന്നോട്ടു നീങ്ങിനിന്നു. തൊട്ടുപിറകിൽ നിന്നിരുന്ന മെലിഞ്ഞുണങ്ങിയ യുവാവിന്റെ വളഞ്ഞു വികൃതമായ ലിംഗത്തിൽനിന്ന് ശുക്ലം ഇറ്റിറ്റുവീഴുന്ന കാഴ്ചയാണപ്പോൾ ഞാൻ കണ്ടത്. എനിക്കോക്കാനം വന്നു.

'എന്തൊരു കോലം!'

*(ശേഷം 29-ാം പേജിൽ)*



# വാസ്തവം

▶ ജാൻസി

**കേരളത്തിന്റെ** രാഷ്ട്രീയ സാഹചര്യം മതത്തിന്റേയും തീവ്രവാദത്തിന്റേയും അക്രമരാഷ്ട്രീയത്തിന്റേയും കൂലംകുത്തലിൽ മലീമസമായിരിക്കുകയാണ്. വർഗ്ഗീയതയും തീവ്രവാദവും തഴച്ചുവളരാൻ വളക്കൂറുള്ള മണ്ണാണ് ഇവിടുള്ളത്. ഗാന്ധിജിയേയും മാർക്സിനേയും പിൻതുടർന്നുവന്നവർതന്നെയാണ് ഇത്തരം സാമൂഹ്യവിരുദ്ധ പ്രവണതകൾക്ക് ആക്കംകൂട്ടുന്നത് എന്നതും രസകരംതന്നെ. മതത്തിന്റെ പേരിൽ വോട്ടുപിടിക്കുകയും മതത്തിനായി മന്ത്രിയെ നല്കുകയും ചെയ്യുന്ന പാർട്ടികളെ ജനങ്ങൾതന്നെ നിരോധിക്കേണ്ടതുണ്ട്. പിന്നെ ആർക്കു വോട്ടുകൊടുക്കും എന്ന ചോദ്യം ഉയർന്നേക്കും. പട്ടിണിപ്പാവങ്ങളേയും തൊഴിലാളിവർഗ്ഗങ്ങളേയും സമത്വത്തിലേക്കുയർത്തുന്ന പാർട്ടികളുടെ സ്ഥിതി ലജ്ജാവഹമാണ്.പാർട്ടിയിൽ ബൂർഷ്വാനയം വെച്ചുപുലർത്തുന്നതുകൊണ്ട് പുറത്തുചാടുന്ന ചില വിദ്വാന്മാർ യാതൊരു ഉളുപ്പുമില്ലാതെ വിരുദ്ധാശയങ്ങളിലേക്കു ലയിക്കുന്നതു കാണുമ്പോൾ വിഷമം തോന്നുന്നു. സിന്ധുജോയ്, സെൽവരാജ് എന്നിവർക്കു സംഭവിച്ചത് പൂന്താനം എന്ന കവി അന്നേ പാടിയിട്ടുള്ളതാണ്. "സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു നാണംകെട്ടു നടക്കുന്നിതു ചിലർ"–

പാർട്ടിയിൽ ബൂർഷ്വാനയം വെച്ചുപുലർത്തുന്നതുകൊണ്ട് പുറത്തുചാടുന്ന ചില വിദ്വാന്മാർ യാതൊരു ഉളുപ്പുമില്ലാതെ വിരുദ്ധാശയങ്ങളിലേക്കു ലയിക്കുന്നതു കാണുമ്പോൾ വിഷമം തോന്നുന്നു

നമ്മുടെ വിശുദ്ധകേരളം മാലിന്യംകൊണ്ട് മലീമസമായിരിക്കുകയാണ്. രാഷ്ട്രീയമാലിന്യങ്ങളും പൊതുജനങ്ങൾ പുറംതള്ളുന്ന മാലിന്യങ്ങളും ഒരുപോലെ ഉയർന്നുവരുന്നതുകൊണ്ട് ജനജീവിതം ദുഷ്കരമാകുന്നുണ്ട്. മാലിന്യങ്ങൾ പൂന്തോപ്പുകളാക്കാമെന്ന അറിവുള്ള ഭരണാധികാരികളാണ് ഇവിടുള്ളത്. എന്നാലും ഇതൊന്നും ചെയ്യിക്കാതെ ചക്കരക്കുടത്തിൽ കയ്യിടാൻ തമ്മിലടിക്കുന്നതു കാണുമ്പോൾ മാലിന്യനിർമ്മാർജ്ജനത്തിന് നിയമപരമായി അധികാരമുള്ള ആളുകളെ ഒരാഴ്ചയെങ്കിലും ഈ മാലിന്യക്കൂമ്പാരത്തിൽ നട്ടുവെക്കണമെന്ന് പറയാൻ തോന്നും. റോഡുവികസനമെന്നപേരിൽ കോഴിക്കോട്ടനുവദിച്ച 400 കോടി എന്നപോലെ പല സ്ഥലത്തും പണം അനുവദിക്കുന്നുണ്ട്. മെയ്മാസത്തിൽ നന്നാക്കി ഓഗസ്റ്റിൽ പൊളിയുന്ന റോഡുകൾ നിർമ്മിക്കാൻ ഇത്ര പണം ആവശ്യമെങ്കിൽ സ്ഥിരം നന്നായിക്കിടക്കുന്ന റബ്ബറൈസ്ഡ് പോലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് കോടികോടി ഉണ്ടെങ്കിലും പറ്റില്ലല്ലോ. ജീവിതനിലവാരം വളരെ ഉയർന്നുനിൽക്കുന്ന നാടുകൂടിയാണു കേരളം. ഒരുലക്ഷം രൂപ ശമ്പളം കിട്ടി നന്നായി ജീവിക്കുന്നവരും 1000 രൂപ ശമ്പളം കിട്ടി നന്നായി ജീവിക്കുന്നവരും നമ്മുടെ നാട്ടിലുണ്ട്. എല്ലാ മനുഷ്യരും ഉണ്ടും ഉറങ്ങിയും വസ്ത്രം ധരിച്ചും സമാധാനത്തോടെ കഴിയേണ്ടത് സ്റ്റേറ്റിന്റെ ആവശ്യമാണ്. അതു നിർവഹിച്ചുകൊടുക്കേണ്ടത് സ്റ്റേറ്റാണ്. അല്ലെങ്കിൽ 'വെട്ടു' സംഘങ്ങൾ ഇവിടെ അധികരിക്കും. കവർച്ചാസംഘം, അധോലോകസംഘം എന്നിവരെ തട്ടിനടക്കാൻ വയ്യാതാവും. ഇവർ ഭരണകൂടത്തിലും നുഴഞ്ഞുകയറും. ഇന്ന് വിശുദ്ധമായി മുന്നോട്ടുപോകുന്ന സർക്കാറുകൾക്ക് അവിശുദ്ധി കൈവരും. ഇതു നമ്മുടെ നാടാണ് ഓർമ്മവേണം.

# പാരതന്ത്ര്യത്തിന്റെ കാഞ്ചനക്കൂട്ടിൽ

വൃന്ദ വേണുഗോപാൽ

മലപ്പുറം ജില്ലയിലെ വാഴയൂർ സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽ പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥിനി

**മലയാളി** ഉറക്കത്തിന്റെ ആലസ്യംവിട്ട് ജീവിതത്തിന്റെ തിരക്കിലേക്കുണരുന്നതിനുംമുമ്പേ, കേരളത്തിന്റെ പട്ടണങ്ങളിൽ മല്ലിപ്പൂവിന്റെ മണം പടർത്തുന്ന തമിഴ്നാടൻ മങ്കമാരെക്കാണാം. വിലകൂടിയ പെർഫ്യൂം പൂശി ആയിരങ്ങൾ മതിക്കുന്ന പട്ടുപുടവ ചുറ്റിയ ജല്ലറിപ്പരസ്യംപോലെ ആയിരിക്കില്ല അവർ. അലസമായി, എന്നാൽ മാന്യമായി ചുറ്റിക്കെട്ടിയ മുഷിഞ്ഞ ചേലയും തോളത്തുവീണുകിടക്കുന്ന കള്ളിത്തോർത്തും മെടഞ്ഞിട്ട എണ്ണമയമില്ലാത്ത മുടിയിൽ മല്ലിപ്പൂവുമായി ജോലിക്കുപോകാനൊരുങ്ങിനിൽക്കുന്ന തമിഴ്സ്ത്രീകൾ നമ്മുടെ പട്ടണങ്ങളിലെ പ്രഭാതങ്ങളുടെ സ്ഥിരം കണിയാണ്. അവരുടെ അശ്രദ്ധമായ നടപ്പും ആത്മവിശ്വാസമുള്ള ശരീരഭാഷയും കാണുമ്പോൾ അതിശയം തോന്നിപ്പോകും. സ്വന്തം നാട്ടിലൂടെ ഇത്രയും തന്റേടത്തോടെ പകൽവെളിച്ചത്തിൽപോലും നടക്കാൻ എത്ര മലയാളിപ്പെണ്ണുങ്ങൾക്കു കഴിയുന്നുണ്ട്?

വിദ്യാഭ്യാസത്തിലും സ്ത്രീസാക്ഷരതയിലും മുൻപന്തിയിൽ നിൽക്കുന്ന, സുരക്ഷിതമായ സാമൂഹ്യാവസ്ഥ നിലനിൽക്കുന്നുവെന്ന് നാം സ്വയം വിശ്വസിക്കുന്ന നമ്മുടെ കേരളത്തിലെ പെൺവർഗ്ഗത്തിന്റെ അവസ്ഥയെന്താണ്? സ്വാശ്രയബോധത്തിന്റേയും കുലീനമായ സ്ത്രീത്വത്തിന്റേയും ഉദാത്തസങ്കല്പങ്ങൾ വെച്ചുപുലർത്തുന്ന നമ്മുടെ നാട്ടിലെ ഒരു ശരാശരിപ്പെണ്ണിനാണോ കഴിവും വിദ്യാഭ്യാസവും വൃത്തിയും സൗന്ദര്യമില്ലെന്നു നാം സദാ കളിയാക്കുന്ന നമ്മുടെ അയൽക്കാരിയായ തമിഴത്തിപ്പെണ്ണിനാണോ സ്വത്വബോധമുള്ളത്? ആരാണു കൂടുതൽ സുരക്ഷിതർ? ആരാണ് അക്രമിക്കപ്പെടുന്നത് കുറവുള്ളത്? കേരളത്തിൽ ആറുമുതൽ ആറുവരെ എന്ന സമയപരിധിക്കുള്ളിൽ സ്ത്രീകളുടെ യാത്രാസ്വാതന്ത്ര്യം അലിഖിതമായി പരിമിതപ്പെട്ടിരിക്കുമ്പോഴും തമിഴ്സ്ത്രീകൾ ആ പരിധിക്കപ്പുറവും ഇപ്പുറവും പട്ടണങ്ങളിലൂടെ സ്വൈരമായി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. എന്തുകൊണ്ടാണ് നമ്മുടെ പറഞ്ഞുപഴകിയ സദാചാരത്തിന്റെ വേലിക്കെട്ടുകൾ മലയാളിപ്പെണ്ണിനെ സംരക്ഷിക്കാനെത്താത്തത്? എന്തുകൊണ്ടാണ് സൗമ്യമാരും കൃഷ്ണപ്രിയമാരും ഇവിടത്തെ പെൺകുട്ടികളുടെ പാരതന്ത്ര്യത്തിനുള്ള ആയുധങ്ങളായിമാത്രം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നത്?



മറ്റെല്ലായിടത്തും പുരുഷന്മാരും സ്ത്രീകളും തൊട്ടടുത്ത് സീറ്റുകളിലിരുന്നു സുരക്ഷിതമായി യാത്രചെയ്യുമ്പോൾ നമ്മുടെ നാട്ടിൽ മാത്രം അത്തരമൊരു പ്രവണത കുറവായിട്ടും ബസ്സുകളിൽ രാത്രിയാത്ര സുരക്ഷിതമാകുന്നില്ല. രാത്രി ഒരു സമയത്തിനുശേഷം ഒരുസ്ത്രീ ഒറ്റയ്ക്കു വീടിനു പുറത്തെവിടെയെങ്കിലും സഞ്ചരിക്കുന്നതു കണ്ടാൽ നമ്മുടെ സമൂഹമവളെ വേറെ ഗണത്തിലെഴുതിച്ചേർക്കും.

ഒരു ശരാശരി മലയാളിപ്പെണ്ണിന്റെ സദാചാരം നിർണ്ണയിക്കുന്നതിന് ഒരുപാടുമാനദണ്ഡങ്ങളുണ്ട്, സമൂഹത്തിനും വീടിനും. പുതിയ തൊഴിലിടങ്ങളിൽ ചെന്നുപെടുന്ന സ്ത്രീകളാണ് അത്തരം സദാചാരനീതി ശാസ്ത്രത്തിന്റെ കഴുത്തിനു പിടിത്തം ഏറ്റവുമധികം അനുഭവിക്കുന്നത്. അലിഖിത മാനദണ്ഡങ്ങളുടെ ചട്ടക്കൂടിൽ കൂടുതലായി ഒതുങ്ങിനിൽക്കുന്ന തൊഴിലാണ് അദ്ധ്യാപനം. അതുകൊണ്ടുതന്നെയാണ് മലയാളിയുടെ വിവാഹമാർക്കറ്റിൽ അദ്ധ്യാപകരുടെ വില

ഒരിക്കലും ഇടിയാത്തത്. രാവിലെ ഒൻപതുമണിക്ക് വീട്ടിൽനിന്നിറങ്ങി വൈകുന്നേരം അഞ്ചുമണിക്ക് വീട്ടിൽ തിരിച്ചെത്തുന്ന, വീട്ടിലേയും തൊഴിലിടത്തേയും ചുമതലകൾ സമാന്തരമായി നിർവഹിക്കുന്ന പെണ്ണാണ് കുടുംബത്തിൽ പിറന്ന പെണ്ണ്. വേഷം സാരിയായിരിക്കണം, അത് കുലീനതയുടെ ആദ്യ അടയാളം. ആറുമീറ്റർ നീട്ടി വലിച്ചുടുത്താലും ശരീരം പിന്നെയും പിശുക്കില്ലാതെ പുറത്തു കാട്ടിത്തരുന്ന ആ വേഷത്തോളം കുലീനത മറ്റൊന്നിനുമില്ലെന്നതാണ് നീതീകരണമില്ലാത്ത നാടൻ പ്രമാണം. സമയത്തിന്റേയും വേഷത്തിന്റേയും കാലത്തിന്റേയും പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്നു ഇവിടുത്തെ ശരാശരി പെണ്ണിന്റെ ജീവിതം. ഈ ശരാശരിക്കൊരുപാട് മാനങ്ങളുണ്ട്; അതിന്റെയോരങ്ങളിൽ എല്ലാത്തിനോടും പടവെട്ടുന്ന ഒരു ന്യൂനപക്ഷവുമുണ്ട്.

ജനിക്കുമ്പോൾതൊട്ടേ മഞ്ഞലോഹത്തിന്റെ മായക്കാഴ്ചകളിൽ മുങ്ങി മറ്റൊരുവന്റേതാകാനായി ഉഴിഞ്ഞുവെക്കപ്പെട്ടിരിക്കുന്ന പെൺജന്മങ്ങൾ ഇത്തരം സാമൂഹ്യബോധങ്ങളിൽനിന്നെങ്ങനെ മോചനം നേടും? സമൂഹത്തിനും കുടുംബത്തിനും ബാധ്യതയാണെന്ന അപകർഷതാബോധം പെണ്ണിനെ ആത്മവിശ്വാസമില്ലാത്തവളാക്കുന്നു. അതിലേറെ വാഴ്ത്തപ്പെടാനും പൂജിക്കപ്പെടാനും സംരക്ഷിക്കപ്പെടാനുമുള്ളവളാണ് താനെന്ന് കുടുംബവും സമൂഹവും കുത്തിവെക്കുന്ന ബോധം സ്വയം സംരക്ഷിക്കുക എന്ന ചിന്തയിൽനിന്നുമകറ്റുന്നു. സ്ത്രീശാക്തീകരണ സെമിനാറുകളേക്കാൾ സ്ത്രീസമൂഹത്തിനാവശ്യം സാമ്പത്തിക സുരക്ഷിതത്വത്തിനുള്ള അവബോധമാണ്. കുടുംബത്തിനുണ്ടാക്കിയെടുക്കാൻ കഴിയുന്ന സ്വാശ്രയബോധത്തിൽനിന്നു മാത്രമേ സ്വത്വബോധവും ആത്മവിശ്വാസവുമുള്ള സ്ത്രീസമൂഹം ഉണ്ടാകൂ. എപ്പോഴും വസ്ത്രധാരണത്തെക്കുറിച്ച് ആശങ്കാകുലയായി, പാറിപ്പറക്കുന്ന മുടിയെയോർത്ത് തലപുകയ്ക്കുന്ന മലയാളിസ്ത്രീകളാണോ അതോ പെണ്ണിന് സദാചാരത്തിന്റെ വളയങ്ങൾ ഉണ്ടാക്കിക്കൊടുത്ത് അവയ്ക്കുള്ളിലൂടെയുള്ള ജീവിതത്തിന് അവളെ മെരുക്കിയെടുക്കുന്ന ഈ സമൂഹമാണോ തന്റേടിയായ തമിഴത്തിപ്പെണ്ണിനെ കണ്ടു പഠിക്കേണ്ടത്? ■

---

*(26-ാം പേജിൽ നിന്നും തുടർച്ച)*

അവജ്ഞയോടെ പറഞ്ഞുകൊണ്ട് ഞാൻ കാറിത്തുപ്പി. ജീവിതാവസാനംവരെ അയാൾക്ക് തന്റെ വൈരൂപ്യത്തെച്ചൊല്ലി അപകർഷതാബോധം ഉണ്ടാവട്ടെ എന്ന ശാപമായിരുന്നു ആ കാറിത്തുപ്പൽ. ആ സ്ത്രീ തുടക്കത്തിൽത്തന്നെ പ്രതികരിച്ചിരുന്നുവെങ്കിൽ തുടർന്നുണ്ടായതെല്ലാം ഒഴിവാക്കാമായിരുന്നു. ഒരുപക്ഷേ, ആ ചെറുപ്പക്കാരൻ ഇത്തരം അഭ്യാസങ്ങളിൽനിന്ന് എന്നെന്നേക്കുമായി പിൻതിരിയുമായിരുന്നു.

സ്ത്രീകളുടെ ഇറങ്ങിനടപ്പ് വാഹനങ്ങളിൽമാത്രമായി ഒതുങ്ങുന്നതല്ല. സിനിമാശാലകൾ, സാംസ്കാരികസമ്മേളനങ്ങൾ, പൂരപ്പറമ്പുകൾ, ഉത്സവങ്ങൾ തുടങ്ങിയവയെല്ലാം ഇറങ്ങിനടക്കാനുള്ള ഇടങ്ങളാണ്. ഇവയിൽ ചില പൊതുസ്ഥലങ്ങൾ സ്ത്രീകളുടേതുകൂടിയാണ് എന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള നഗരമാണ് തൃശൂർ. സംഗീത, സാഹിത്യ, ലളിതകലാ അക്കാദമികളുടെ സാന്നിദ്ധ്യവും ഫിലിംഫെസ്റ്റിവലുകളും മറ്റ് കലാപരിപാടികളും വലിയൊരളവിൽ സ്ത്രീസാന്നിദ്ധ്യം ഉറപ്പുവരുത്തുന്നു. ഇരുളടഞ്ഞ സിനിമാതിയേറ്ററുകൾക്കുള്ളിൽപ്പോലും ഒറ്റപ്പെട്ട പ്രശ്നങ്ങളേ ഉണ്ടാകാറുള്ളു ഇവിടെ.

കടകളിൽ മറ്റുരൂപങ്ങളിലാണ് മറ്റേവർഗ്ഗം സ്ത്രീകളെ നേരിടാറുള്ളത്. ചിലയിടത്ത് പുരുഷന്മാർക്ക് മുൻഗണന ലഭിക്കുന്നു. നാടൻ പലചരക്കുകടകളിൽ ശല്യക്കാരെ ആദ്യം ഒഴിവാക്കിവിടുന്ന നയത്തിന്റെ ഫലമായി സ്ത്രീകൾ തഴയപ്പെട്ടുപോകുന്നു. മറിച്ചും സംഭവിക്കാം. സ്വർണ്ണാഭരണം വാങ്ങാൻ ചെല്ലുന്ന സ്ത്രീയുടെ മാറിൽ മാല ചേർത്തുവെച്ച് ഭംഗി കാട്ടിക്കൊടുക്കാൻ വെമ്പുന്ന യുവകോമളന്മാർ സ്വർണ്ണക്കടകളിലുണ്ടാവും. ശൃംഗരിക്കാൻ തയ്യാറല്ലാത്ത ഗൗരവക്കാരികളെ പല കടക്കാരും ഗൗനിക്കാറില്ല എന്നുവന്നേക്കും. പത്തുരൂപ ഡിസ്കൗണ്ടുകിട്ടാൻവേണ്ടി കുഴഞ്ഞാടുന്ന പെണ്ണുങ്ങളേയും കടകളിൽ കാണാം. പത്തുരൂപയ്ക്കുപകരം പത്തുശൃംഗാരപദവും അഞ്ചു കരസ്പർശവും കടക്കാരൻ വസൂലാക്കുന്നു. സുന്ദരിയായ കസ്റ്റമർ പോയിക്കഴിഞ്ഞാൽ അർത്ഥം വെച്ചും നിന്ദിച്ചും അവളെപ്പറ്റി അഭിപ്രായം പറഞ്ഞ് അടക്കിച്ചിരിക്കുകയും ചെയ്യുന്നു.

ഇറങ്ങിനടപ്പിന്റെ ഈ മേഖലകളിലെല്ലാം സ്ത്രീ സ്വതന്ത്രയാവാനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്. ബാല്യത്തിൽതന്നെ എതിർപ്പു പ്രകടിപ്പിക്കുന്നത് ശീലമാക്കിയിട്ടുള്ള സ്ത്രീകൾക്ക് അതിനാരുടേയും ഉപദേശമോ നിർദ്ദേശമോ സഹായമോ ആവശ്യമായി വരികയില്ല. എന്നാൽ സ്ത്രൈണത പൊതുവെ അക്രമാസക്തമല്ലാത്തതുകൊണ്ട് ബഹുഭൂരിപക്ഷം പെൺകുട്ടികൾക്കും അതിനാവശ്യമായ പരിശീലനം ലഭിക്കേണ്ടിവന്നേക്കും. അടങ്ങിയൊതുങ്ങി വളരുന്നതിനുപകരം ചോദ്യംചെയ്തും അവകാശങ്ങൾ പിടിച്ചെടുത്തും വളരട്ടെ അവർ. ഉറക്കെപ്പറയാനുള്ള തന്റേടമുണ്ടാവട്ടെ അവർക്ക്. ബസ്സിലെയും ഓട്ടോറിക്ഷയിലെയും അയൽവീട്ടിലെയും അങ്കിളുമാർ കൈനീട്ടുമ്പോൾ ആ കയ്യിലെ വിരലുകൾ കടിച്ചുമുറിപ്പെടുത്താനും ഒച്ചവെച്ച് ആളെക്കൂട്ടാനും ഭർത്സനം കൊണ്ട യാളെ അഭിഷേകംചെയ്യാനുമുള്ള ജന്മവാസനയുണ്ടാവട്ടെ അവൾക്ക്. ഈ വളർച്ചയ്ക്കിടയിൽ ഏറെ പഴി കേൾക്കേണ്ടിവന്നേക്കും അവൾക്ക്. അതിനു കീഴ്പ്പെട്ടുപോയാൽ അവളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുകയായി.

പ്രതികരണശേഷി ആർജ്ജിക്കുക.

അതു പ്രയോഗിക്കുക.

അതു നിലനിർത്തുക.

ആകാശത്തിനും ഭൂമിക്കും രാപ്പകൽ ഭേദമെന്യെ നിങ്ങൾ ഉടമകളായിത്തീരും. ■

# നിസ്സഹായന്റെ നിലവിളി



പ്രസീത കെ.പി

**ചാരക്കണ്ണൻ** തടിയൻ പൂച്ചയുടെ ഉച്ചയുറക്കത്തിന്റെ ആഴത്തിലേക്ക് മാത്യൂസിന്റെ ഏറ് ചെന്നുപതിച്ചപ്പോൾ, അതു വിറയോടെയുള്ള ദീർഘമായ കരച്ചിലുമായി മതിലിനപ്പുറത്തേക്ക് രക്ഷപ്പെടുന്നത്, ഉന്നം പിഴയ്ക്കാത്തതിന്റെ ആത്മനിർവൃതിയോടെ മാത്യൂസ് നോക്കിനിന്നു. അതൊരു പൂർവ്വവൈരത്തിന്റെ കഥയാണ്, കഴിഞ്ഞാഴ്ച മാർക്കറ്റിൽനിന്ന് വാങ്ങിയ നെയ്ച്ചാള, സൂസന്ന കടുംപുളിയിട്ട് വറ്റിച്ചുവെച്ചിരുന്നു. ഒറ്റച്ചാട്ടത്തിനാണത് ആ ചാരക്കണ്ണൻ താഴെ തട്ടിക്കളഞ്ഞത് തുള്ളിപോലും ബാക്കിയില്ലാതെ. അതുമാത്രമല്ല തലേന്നത്തെ മീറ്റിംഗിൽ ആ കഷണ്ടിക്കാരന്റെ അഭിപ്രായപ്രകടനവും കൈയടിയുംകൂടി ഓർത്തപ്പോൾ എറിയാതിരിക്കാൻ കഴിഞ്ഞില്ല.

''മീനുവാന്റീടെ പൂച്ചയാ.... എന്തിനാ ഡാഡീ എറിഞ്ഞോടിച്ചത്" ജാൻസിമോളുടെ കമന്റാണ്. കോളേജ് വിട്ടു വന്ന് ഡാഡിയെ തിരക്കി പറമ്പിലേക്കിറങ്ങിയതാണവൾ.

"ഡാഡീ... തിരുവനന്തപുരത്തിനിന്നെപ്പോ വന്നു?"

ഓ.... മമ്മി വിളിക്കുന്നു. എന്തൊക്കെയോ സ്പെഷ്യൽ ഉണ്ടാക്കിയിട്ടുണ്ട്. ജാൻസിമോളോടൊത്ത് അയാൾ വീടിനകത്തേക്ക് നടന്നു. മഴമേഘങ്ങൾ അടുത്ത മഴയ്ക്കായി ആകാശത്തു കൂട്ടംകൂട്ടമായി മേയുന്നു, ഉത്സവപ്പറമ്പിലെ ആനകളെപ്പോലെ...!

ഇരുൾമൂടിയ ആകാശത്തിന്റെ കറുപ്പുരാശി വീടിനുള്ളിലേക്കും പരന്നു. മീറ്റിംഗിലെടുത്ത തീരുമാനങ്ങൾ, ചർച്ചകൾ ഇതെല്ലാംകൂടി വയറിനകത്തൊരു കുഴമറി. ദഹനക്കേടാണോ?... കഴിഞ്ഞവർഷത്തെ മീറ്റിംഗിലെ തീരുമാനങ്ങൾ കടലാസുകളിൽ ഉറങ്ങിത്തീർത്തു. ഇതും.... അതുപോലെ.....

പനിയിൽ വിറയ്ക്കുന്നവർ കൂടിക്കൂടിവരുന്നു. മരണം പ്രണയപൂർവ്വം ആളുകളെ ആശ്ലേഷിച്ച് അതിന്നരികിലേക്കു ചേർക്കുന്നു. കാനയ്ക്കരികിലെ ചേരികളിൽ പനിപിടിച്ചുകിടക്കുന്ന കുഞ്ഞുങ്ങളുടെ ദാരുണദൃശ്യം പകർത്തിയ സി.ഡി. ആരോ മീറ്റിംഗിൽ പ്രദർശിപ്പിച്ചിരുന്നു. ഒരു ബ്ലസ്സി സിനിമ കണ്ടാസ്വദിച്ചപോലെ ആളുകൾ കണ്ട് അഭിപ്രായം പറഞ്ഞപ്പോൾ അതവിടെത്തീർന്നു. മാത്യൂസ് കുടിക്കാനെടുത്ത ചായ കയ്യിലിരുന്നു തണുത്തു വെറുങ്ങലിച്ചു.

"ഇങ്ങേർക്കിതെന്തു പറ്റി.... ഒരാലോചന." സൂസന്നയുടെ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങിയപ്പോൾ ആ തണുത്ത ചായയിലേക്കയാൾ ചുണ്ടുകൾ ചേർത്തു.

വായുവിലൂടെ ചളിവാസന പുരണ്ട കാറ്റ് ജനലുകൾ തള്ളിമാറ്റി അകത്തേക്കു കടന്ന് അയാളെ ചുറ്റി നിന്നപ്പോൾ ചവച്ചിറക്കിയ അടയുടെ കഷണം തൊണ്ടയിൽനിന്നും ഊക്കോടെ പുറത്തേക്കു തള്ളി. പാതിയിൽ നിന്നുപോയ രുചിവിചാരങ്ങളെ കാറ്റ് കൈപിടിച്ച് ദൂരത്തേക്കു കൊണ്ടുപോയി. അവിടെനിന്നും എഴുന്നേറ്റയാൾ വരാന്തയിലെ വലിയ കൽതൂണിൽ ചാരിയിരുന്നപ്പോഴേക്കും അയാളെ തേടി മഴവെള്ളപ്പാച്ചിലുപോലെയാണ് ഓരോരോ വിചാരങ്ങൾ ഓരോ മതിലും ചാടിക്കടന്നവിടേക്കെത്തിയത്. തലേന്ന് തിരുവനന്തപുരത്തുനിന്നും തിരിച്ചുവരുമ്പോൾ ട്രെയിൻ വരാൻ കുറച്ച് താമസമുള്ളതിനാൽ, ആ സിമന്റുബെഞ്ചിൽ കുറേനേരം ഇരുന്നു. അപ്പോഴാണ് കറുത്തിരുണ്ട തടിയനെലികൾ ട്രാക്കിലൂടെ ഓടുന്നകണ്ടത്. തന്റെ മനോരാജ്യങ്ങളിലേക്ക് ഇപ്പോഴും കടന്നുവന്ന് അവയോരോന്നും തുറിച്ചുനോക്കുന്നു.



അതുമാത്രമല്ല എലിപ്പനി നിവാരണ മാർഗ്ഗങ്ങൾ ചർച്ചചെയ്യാനും പഠിക്കാനും അന്യസംസ്ഥാനത്തുനിന്നെത്തിയവരുടെ കൂട്ടത്തിലുണ്ടായിരുന്ന ആ കഷണ്ടിത്തലയനും തന്നെ വിടാതെ പിന്തുടരുന്നു.

ഓരോരോ മഴയിലും പല പേരിൽ പല രോഗങ്ങൾ നാടിനുമേൽ വന്ന് പുതയ്ക്കുന്നതറിയാതെ ഓരോ ഭരണവും മാറിമാറി വരുന്നു. ചർച്ചകൾക്കുമേൽ ചർച്ചകളായി പരിഹാരം പകച്ചുപോകുമ്പോൾ, ഓട്ടവീണ പോക്കറ്റുള്ളവരെല്ലാം തന്നെ ജീവിതത്തിനുമുന്നിൽ തോറ്റ് മരണത്തിന്റെ കറുത്ത രഥത്തിൽ യാത്രയാകുന്നു. ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ നടന്ന മീറ്റിംഗായതിനാൽ വളരെ നന്നായിത്തന്നെ ആസൂത്രണം ചെയ്തിരുന്നു. പനിയെക്കുറിച്ച് പഠിക്കാനെത്തിയ വിദഗ്ദ്ധരായവർ നഗരത്തിലെ ഉന്നതങ്ങളായ ഹോട്ടലുകളിൽ താമസിച്ചു. വിദഗ്ദ്ധസംഘത്തിലെ രണ്ടുപേർ കാലാവസ്ഥാഭേദത്തിൽ ജലദോഷബാധിതരായി ശീതീകരിച്ചമുറിയിലെ ബ്ലാങ്കറ്റിനടിയിൽ കിടന്നുതന്നെ പഠനം നടത്തി. അപ്പോഴും തെരുവോരങ്ങളിൽ പനിപിടിച്ച് വിറയ്ക്കുന്ന കുഞ്ഞുങ്ങളുടേയും അമ്മമാരുടേയും തേങ്ങൽ ആ കനത്ത മഴഗീതത്തിന് ശ്രുതിമീട്ടുംപോലെ കേൾക്കാമായിരുന്നു. ചർച്ച പാതിയിലെത്തിയപ്പോഴാണ് കഷണ്ടിത്തലയൻ തന്റെ വിദഗ്ധമായ കണ്ടെത്തൽ പ്രസ്താവിച്ചത്. "എലികളെ തുരത്തുക, അതിനായി പൂച്ചയെ വളർത്തുക" അയാളുടെ ഹാസ്യത്തിൽ പങ്കുചേർന്ന് കയ്യടിയും ചിരിയും ഉച്ചത്തിലായി. കഷണ്ടിത്തലയന്റെ കണ്ണുകൾ ചാരനിറത്തിൽ തിളങ്ങി. അപ്പോഴേക്കും പാത്രത്തിലിരുന്ന അണ്ടിപ്പരിപ്പും ബദാമും തീർത്തിരുന്നു. വാക്സിനേറ്റ് ചെയ്ത പൂച്ചകളെ വളർത്തുക, അത് എലിയെ പിടിക്കും. പൂച്ചകളുടെ വംശവർദ്ധനവിനെക്കുറിച്ച് ആളുകൾക്ക് ബോധവത്ക്കരണക്ലാസ്സുകൾ, ഹെൽത്ത്സെന്റർ വഴി പൂച്ചവിതരണം. പിന്നെയും എന്തൊക്കെയോ പറഞ്ഞ് ആളുകൾ ചിരിക്കുകയും ഒച്ചവെക്കുകയും ചെയ്യുന്നു. പിന്നീടൊന്നും കേൾക്കാൻ കഴിയാത്തവിധം അയാളുടെ കാതുകൾ അടഞ്ഞുപോയിരുന്നു. അപ്പോഴേക്കും ഇല്ലം ചുടാനുള്ള പുതിയ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ട് ടി.വി.യും മാധ്യമങ്ങളും മത്സരരംഗത്തിറങ്ങിക്കഴിഞ്ഞു. കളിയും കാര്യവും തിരിച്ചറിയാനാകാതെ ഒറ്റയാന്റെ കളിയിടത്തിലേക്ക് അയാൾ ഒഴിഞ്ഞുമാറി നടന്നു.

> മഴയിൽത്തകർന്ന
> കാനയ്ക്കരുകിൽ മലപോലെ
> മാലിന്യക്കൂമ്പാരം
> അതിനടിയിൽ
> ഏകോദരസഹോദരങ്ങളായി
> ആഹാരം പരതുന്ന പൂച്ചകളും
> എലികളും. ഒരേ
> ആവശ്യത്തിനുമുമ്പിൽ അവരും
> പരസ്പരംമറന്ന് ഒന്നാകുന്നു.

അലസമായ ചിന്തകളെ മുറിച്ചുകൊണ്ട് ഗെയ്റ്റ് തള്ളിത്തുറന്ന് ആരോ കടന്നുവരുന്നു. ഇളയമകൾ ജിനിയാണ്. ഇനി സ്കൂൾ വിശേഷങ്ങളുടെ ഒരു തോരാമഴയായിരിക്കും. പക്ഷേ, പതിവിനുവിപരീതമായി അവൾ നിശ്ശബ്ദയായി അടുത്തെത്തി. "ഡാഡീ... റീനയുടെ പപ്പ മരിച്ചു. എലിപ്പനിപിടിച്ചായിരുന്നു. സ്കൂളിൽനിന്നും കുറേപ്പേര് പോയി. അവളെ ക്ലാസ്സിൽനിന്നാ കൊണ്ടുപോയത്......" ഒറ്റശ്വാസത്തിൽ എല്ലാം പറഞ്ഞ് അവൾ അകത്തേക്കു പതിയെ നടന്നുപോയി. മരണത്തിന്റെ തീവ്രവേദന ആ കുഞ്ഞുഹൃദയത്തിലും മുറിവുണ്ടാക്കിയിരിക്കണം. പ്രാർത്ഥനയ്ക്കും അത്താഴത്തിനുമിടയിലൂടെ ആ രാത്രി ഇഴഞ്ഞുനീങ്ങുമ്പോൾ ഉറക്കം പിണങ്ങിയകന്ന് തിരിഞ്ഞുകിടന്നു...... പിന്നെപ്പോഴാണ് തന്നെ ആശ്ലേഷിച്ചതെന്നറിയില്ല.

''ഡാഡീ ഓഫീസിൽ പോകണ്ടേ" എന്ന മോളുടെ ശബ്ദമാണ് അയാളെ ഉണർത്തിയത്.

മഴയുള്ളതിനാൽ ഷട്ടർ പകുതി താഴ്ത്തിയ വിടവിലൂടെ ബസ്സിനകത്തേക്ക് വെള്ളം ഒലിച്ചുകൊണ്ടിരുന്നു. വഞ്ചിപോലെ ആടിയുലഞ്ഞ് പോകുന്ന ബസ്സിനകത്തേക്കൊരു രൂക്ഷഗന്ധം ഓടിക്കയറിയതാണ് കണ്ണുകൾ പുറത്തേക്കുപതിക്കാൻ കാരണമായത്. മഴയിൽത്തകർന്ന കാനയ്ക്കരുകിൽ മലപോലെ മാലിന്യക്കൂമ്പാരം അതിനടിയിൽ ഏകോദരസഹോദരങ്ങളായി ആഹാരം പരതുന്ന പൂച്ചകളും എലികളും. ഒരേ ആവശ്യത്തിനുമുമ്പിൽ അവരും പരസ്പരംമറന്ന് ഒന്നാകുന്നു.

ഹെൽത്ത് സെന്ററിലെത്തിയപ്പോൾ അവിടേയും സംസാരവിഷയം പനിയും പരിഹാരനടപടികളും വിമർശങ്ങളുമൊക്കെത്തന്നെ.

"മാത്യൂസാറേ.... ഈ പൂച്ച.... എലിയെ പിടിക്കുമോ?"

ശ്രീധരൻനായരുടെ ചോദ്യം ഓഫീസിലൊരു ചിരിയുയരാൻ കാരണമായി... അവരെ ചിരിപ്പിക്കാൻ കഴിഞ്ഞതിൽ ചരിതാർത്ഥനായി ശ്രീധരൻനായർ ദ്രവിച്ച പ്ലാസ്റ്റിക്വയറുകൾ പാകിയ കസേരയിൽ ഞെളിഞ്ഞിരുന്നു.

''ഇന്ന് മരുന്ന് സപ്ലൈയാണ് വീടുകളിൽ." ജോഷിയാണ്.

മീറ്റിംഗിനുപോയിട്ടെന്തായി സാറേ... തീരുമാനങ്ങൾ? പുറത്തുനിന്നുംവന്ന ഒരു സാറിന്റെ പൂച്ചപുരാണം വലിയ കോമഡിയായീന്നൊക്കെ മത്തായിസാറു പറഞ്ഞു..... ജോഷി പിന്നെയും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.

പഞ്ചായത്തിൽ രണ്ടുപേർക്കുകൂടി പനി സ്ഥിരീകരിച്ച വാർത്ത അയാളെ അസ്വസ്ഥനാക്കി. രണ്ടാഴ്ചത്തെ ലീവ് എഴുതി മാത്യൂസ് വീട്ടിലേക്കു മടങ്ങി.

ഓഫീസിൽ പോയ ആൾ ലീവെടുത്തുവന്നത് സൂസന്നയിൽ അമ്പരപ്പുണർത്തി.... "ഒന്നിനും ലീവെടുക്കാത്തയാളാ.... രണ്ടാഴ്ച ലീവെടുത്തിരിക്കുന്നത്.... എന്താ അസുഖം വല്ലതും?" സൂസന്നയുടെ ആശ്ചര്യത്തിന് "ഏയ്" എന്നു നീട്ടിമൂളിക്കൊണ്ടയാൾ മുറിയിലേക്കു നടന്നു. കറുത്ത വാർത്തകൾ പരന്ന പത്രം മേശമേൽ കിടന്ന് കാറ്റിൽ ചിറകിട്ടടിക്കുന്നതു കണ്ടപ്പോൾ മോളുടെ കൂട്ടുകാരി റീനയെ ഓർത്തുപോയി.

എത്ര കുടുംബങ്ങൾ അനാഥമാകുന്നു. എത്രപേരുടെ പ്രതീക്ഷകൾ പൊലിയുന്നു. വെറുതെ നിസ്സഹായനായി ഉള്ളിൽ കരയാൻ മാത്രമേ കഴിയുന്നുള്ളൂ.... കനത്ത ഭാരം നെഞ്ചിൽ കൂടുകെട്ടുന്നതയാളെ തളർത്തി.

മുറിയിൽനിന്നും പുറത്തിറങ്ങിയപ്പോൾ കണ്ടത് കയ്യിലൊരു കറുത്തവരയൻ പൂച്ചയുമായി ജിനിമോൾ മുന്നിൽ വന്നുനിൽക്കുന്നതാണ്. "ഡാഡീ... കണ്ടോ.... വാതിലു തുറന്നപ്പോൾ ഇതിവിടെയിരിക്കുന്നു. നമുക്കിതിനെ വളർത്താം.... പാവം. ടിവില് കണ്ടു..... എലികളെ കൊന്നുകളയണമെന്നു പറഞ്ഞത്..... ഇത് എലികളെയൊക്കെ പിടിച്ചോളും. അല്ലേ ഡാഡീ..."

വേണ്ടെന്നു പറഞ്ഞിട്ട് അവൾ സമ്മതിക്കുന്നില്ല. മകളുടെ ജന്തുസ്നേഹത്തിനുമുന്നിൽ അയാൾക്കൊന്നും മറുത്തുപറയാൻ കഴിഞ്ഞില്ല. അവളുടെ കയ്യിലിരുന്ന് അത് അയാളെ സൂക്ഷിച്ചുനോക്കി.

രണ്ടുദിവസംകൊണ്ട് അത് ഇണങ്ങി. കൂടുതലും കുട്ടികളുടെ കൂടെ. അയാളുടെ എതിർപ്പവഗണിക്കാൻ അവർ ടി.വി.യിൽ എലിനിവാരണമാർഗ്ഗങ്ങൾ കാണിക്കുന്നത് ചൂണ്ടിക്കാട്ടി.

അയാളെ കാണുമ്പോഴെല്ലാം ആ പൂച്ച മുരളുകയും വാതിലിൽ ചാരിനിന്ന് മൂത്രമൊഴിച്ച് വിദ്വേഷം പ്രകടിപ്പിക്കുകയും ചെയ്തു.

അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പോകുമ്പോൾ മാത്യൂസ് മക്കളുടെ മുറിയിലേക്കു ചെന്നു. രണ്ടുപേരുടേയും നടുവിൽ ആ വരയൻപൂച്ച ഇരിക്കുന്നു. തന്നെ കണ്ടതും കണ്ണുതുറിച്ചു നോക്കിനിന്നു. അയാളതിനെ ഇറക്കിവിട്ടില്ലെങ്കിലും അയാളെ പകയോടെ നോക്കിക്കൊണ്ട് അതാ മുറിക്കുമുന്നിൽതന്നെ കിടന്നു. ആ നോട്ടത്തിൽ അയാൾക്കെന്തോ വല്ലായ്മ തോന്നി.

അസ്വസ്ഥതയോടെ അയാൾ ഉറങ്ങാൻ കിടന്നു. പൂച്ചയുടെ കണ്ണിന്റെ മൂർച്ചയും നോട്ടവും അയാളെ ഭയപ്പെടുത്തി. പിന്നെ പതിയെ രാവിന്റെ അവസാനത്തിലെപ്പോഴോ അയാൾ താഴ്ന്നുപോയത് ഒരു വലിയ കുഴിയിലേക്കായിരുന്നു. കുഴിനിറയെ പൂച്ചകൾ, തടിച്ചുതും ഉരുണ്ടതുമായ ചുമന്ന കണ്ണുകളുള്ളതുമായ പൂച്ചകൾ.

അവ അയാളെ ഓടിക്കുന്നു. കയ്യിൽനിന്നും തുറിച്ചുവരുന്ന നഖങ്ങൾ, വളഞ്ഞ കോമ്പല്ലുകളിൽനിന്നിറ്റുവീഴുന്ന രക്തത്തുള്ളികൾ. ആർത്തുചീറ്റിക്കൊണ്ടയാളുടെ ദേഹത്തേക്ക് ചാടിവീഴുന്നു. ഒരു വലിയ ഞെട്ടലോടെയാണയാൾ നിദ്ര വിട്ടുണർന്നത്.

നേരം വെളുത്തു.... മഴയില്ലാതെ ഇളം മഞ്ഞവെളിച്ചത്തിന്റെ ഇത്തിരിവെട്ടം മുറിക്കകത്തേക്ക് അരിച്ചിറങ്ങുന്നത് നോക്കിക്കിടക്കുമ്പോൾ സൂസന്നയുടെ ശബ്ദം....

"ജാൻസിമോൾക്ക് നല്ല പനിയുണ്ട്." അയാൾ പരിഭ്രാന്തിയോടെ അവളുടെ മുറിയിലേക്ക് എഴുന്നേറ്റുനടന്നു.

കയ്യിൽ അന്നത്തെ പത്രവുമായി സൂസന്ന അയാളുടെ അരികിലെത്തി വേവലാതിയോടെ പറഞ്ഞു.

"ദേ..... കണ്ടോ.... എലികളിൽനിന്നു മാത്രമല്ല.... മറ്റു മൃഗങ്ങളുടെ സ്രവങ്ങളിൽനിന്നും പനി പടരുന്നുണ്ട്. അതിനാൽ വളർത്തുമൃഗങ്ങളെ ശ്രദ്ധിക്കുക" ....എന്ന് പത്രവാർത്ത.

അയാൾ പിന്നൊന്നും ഓർത്തില്ല. പറമ്പിലേക്കോടിയിറങ്ങി കയ്യിൽ കിട്ടിയ ഒരു വലിയ വടിയുമായി ഓരോ മുറിയിലും കയറിയിറങ്ങി.... "എവിടെയാണാ ജന്തു" എന്നലറിക്കൊണ്ട്..... ഒരിടത്തും അതിനെ കാണാനുണ്ടായിരുന്നില്ല.... മാത്യൂസ് വടിയുമെടുത്ത് ആ പറമ്പിനുചുറ്റും നിർത്താതെ ഓടിക്കൊണ്ടിരുന്നു. ■



# സ്ഥാനഭ്രംശം

**നയൻതാര വി**

എന്നും.....
അവളുടെ സാമ്രാജ്യം
അടുക്കളയായിരുന്നു.
അതിന്റെ
എല്ലാ....
മുക്കും മൂലയും
അവൾക്ക്
മനപ്പാഠമായിരുന്നു.
ഉപ്പ്, മുളക്, മഞ്ഞൾപ്പൊടികൾ
വെച്ചിരിക്കുന്ന ടിന്നുകളുടെ നിറം
ഉറക്കത്തുപോലും
ഉരുവിടുമായിരുന്നു.
ടി.വി.യിലെ
കുക്കറിഷോയിലെ
പാചകക്കുറിപ്പുകൾ
തലയിണയ്ക്കടിയിൽ
സൂക്ഷിച്ചിരുന്നു.
അമ്മ-അമ്മായിമാരുടെ
ഫോൺ നമ്പരുകൾ
ഒരിക്കലും മറക്കാതെ ശ്രദ്ധിച്ചിരുന്നു.
അവളുണ്ടാക്കുന്ന കറികൾക്കൊരിക്കലും
ഉപ്പോ.... മുളകോ...
ഏറിയില്ലെങ്കിലും
നിത്യവും
കാലത്തുണരുവാൻ,
അടുപ്പിലെ
ചാരം വാരുവാൻ,
പാത്രം മിനുക്കുവാൻ.... അവൾ
ഒരിക്കലും
വിഘ്നം
വരുത്തിയില്ലെങ്കിലും
വീട്ടുസാമാനങ്ങൾക്ക്
സ്ഥാനവും താളവും
ഒരിക്കലും ഭ്രംശം
പിണഞ്ഞില്ലയെങ്കിലും
ഉമ്മറച്ചേതിയിൽ നി–
ന്നാ കയർ മാത്ര–
മെങ്ങനെ.... അടുക്കള
കഴുക്കോലിലാടി....



അഭിമുഖം

# എന്റെ ജനതയുടെ ഭാഷയ്ക്കുള്ള അംഗീകാരമാണ് എനിക്കു നേടാനായ ഏറ്റവും വലിയ അവാർഡ്

തമിഴ് എഴുത്തുകാരി ബാമ തന്റെ ആത്മകഥാപരമായ നോവൽ 'കരുക്കി'നെക്കുറിച്ചും, തമിഴ്സാഹിത്യത്തിലുള്ള അതിന്റെ സ്ഥാനം, ദളിതരുടെ അവസ്ഥ എന്നിവയെക്കുറിച്ചും മറ്റും:

***അവലംബം: 'ഔട്ട് ലുക്ക് ഇൻഡ്യ.കോമി'ന് നൽകിയ അഭിമുഖം.***

1992 ലെ ഒരു പുലർകാലം. ബാമ (1958 ൽ തമിഴ്നാട്ടിലെ വിരുതുനഗർ ജില്ലയിലെ പുതുപ്പട്ടി ഗ്രാമത്തിൽ ജനിച്ചു) താൻ കന്യാസ്ത്രീയായിരുന്ന മഠത്തിൽ നിന്നു പുറത്തേക്കു വരുമ്പോൾ - തിരിച്ചു പോകാത്ത വിധം- ശേഷിക്കുന്ന ജീവിതത്തെക്കുറിച്ച് ചില പദ്ധതികളൊക്കെയുണ്ടായിരുന്നു.


ജോലിയില്ലാതെ, സമൂഹത്താലും പള്ളിയാലും ഒരുപോലെ കുറ്റപ്പെടുത്തപ്പെട്ടപ്പോൾ, അവർ തന്റെ ആത്മകഥ 'കരുക്ക്' എഴുതാൻ തുടങ്ങി- മരണത്തിൽ നിന്നു സ്വയം പിൻതിരിയാൻ. 1992 ൽ 'കരുക്ക്' പ്രസിദ്ധീകരിക്കുമ്പോൾ തമിഴ് ഭാഷയുടെയും അതിന്റെ വ്യാകരണത്തിന്റെയും സ്വതന്ത്രവും അനന്യവുമായ പ്രയോഗരീതിയാൽ, ദളിത് സാഹിത്യം സ്പർശിച്ചത് തമിഴ് സാഹിത്യവൃത്തങ്ങളെ മാത്രമല്ല സമൂഹത്തെ ഒന്നാകെയായിരുന്നു. ബാമ തന്റെ രണ്ടാമത്തെ നോവൽ 'സംഗതി' 1994-ൽ പൂർത്തിയാക്കി. 1996-ൽ ചെറുകഥകളുടെ സമാഹാരവുമായി വന്നതോടെ ഉയർന്ന ഉൾക്കാഴ്ചയും അനനുകരണീയ ശൈലിയുമുള്ള എഴുത്തുകാരി എന്ന നിലയിലുള്ള സ്ഥാനം ഉറപ്പിച്ചു. എഴുത്തിനു പുറമേ കാഞ്ചീപുരത്തെ ഓങ്കൂരിലെ സ്കൂളിൽ പഠിപ്പിക്കുന്നു. പുതുപ്പട്ടിയിലെ അവരുടെ വീട്ടിൽ നിന്നു ഫോണിലൂടെ *ഔട്ട്ലുക്ക് ഇൻഡ്യ ഡോട്ട് കോമി*നോട് കരുക്കിന്റെ പിറവി, അതിനുശേഷം ദളിതരുടെ അവസ്ഥ, തമിഴ്സാഹിത്യം എന്നിവയെക്കുറിച്ച് സാമാന്യമായി സംസാരിക്കുന്നു.

■ 'കരുക്ക്' *പ്രധാനമായും നിങ്ങളുടെ ചെറുപ്പകാലാനുഭവങ്ങളെ മുൻനിർത്തിയുള്ളതാണ്. അതിൽ, ബോധപൂർവ്വം നിങ്ങളുപേക്ഷിച്ച എന്തെങ്കിലുമുണ്ടോ?*

ഉണ്ട്. ഗൗരവമുള്ള ഒരുപാട് കാര്യങ്ങൾ 'കരുക്കി'ലില്ല. ജാതിസംഘർഷവുമായി ബന്ധപ്പെട്ട് അക്രമാസക്തമായ പല സംഭവങ്ങൾക്കും ഞാൻ സാക്ഷിയായിട്ടുണ്ട്. അതെല്ലാം ഞാനെന്റെ ആദ്യ പുസ്തകത്തിൽ ഉൾപ്പെടുത്തിയില്ല. കാരണം 'കരുക്കി'ൽ ഞാനെന്താണു ലക്ഷ്യമാക്കുന്നത്, അത് അതിൽ നിന്നു വ്യതിചലിച്ചേക്കുമോ എന്നു തോന്നി.

■ *അടുത്ത പുസ്തകത്തിൽ അതുൾപ്പെടുത്തിയോ?*

ഉവ്വ്. എന്റെ ചെറുകഥകൾ കൂടുതലും യഥാർത്ഥ ജീവിത സന്ദർഭങ്ങളിൽ നിന്നെടുത്തതാണ്; എന്റെ വളർച്ചയോടൊപ്പം ഞാൻ കേട്ടതോ, അറിഞ്ഞതോ ആയ സംഭവങ്ങളാണവ. പ്രത്യേകിച്ച് എന്റെ രണ്ടാമത്തെ ഗ്രന്ഥം സംഗതി. സംഗതിയെഴുതുമ്പോൾ ദളിതസ്ത്രീകളുടെ പ്രശ്നങ്ങളായിരുന്നു മനസ്സിലുണ്ടായിരുന്നത്. സംഗതിയിൽ സ്വീകരിച്ചിരിക്കുന്ന കാര്യങ്ങൾ യാഥാർത്ഥ്യവുമായി വളരെ അടുത്തവയാണ്. പിന്നീടെഴുതിയ, എന്റെ കൃതികളിലെ ഭൂരിഭാഗവും (ചെറുകഥകൾ) തമിഴ്നാട്ടിലുണ്ടായ ജാതിസംഘർഷങ്ങളിലോ സമുദായസംഘർഷങ്ങളിലോ ആഴത്തിൽ മുക്കിയെടുത്തതാണ്. ഒരുപാടു ചെറുകഥകൾ തമിഴ്നാടിന്റെ ജാതിചരിത്രത്തിന്റെ മഷിപുരണ്ട രൂപമാണ്. ഇതിവൃത്തത്തിലും മറ്റും എന്റെ യാതൊരു സംഭാവനയുമില്ല. ഞാനവ എഴുതിയെന്നേയുള്ളൂ. വസ്തുതകൾക്ക് അക്ഷരരൂപങ്ങൾ കൊടുത്തു എന്നതൊഴിച്ചാൽ അതിലെന്റെ സംഭാവനയെക്കുറിച്ച് എനിക്കുറപ്പില്ല.




■ *നിങ്ങൾക്ക് കുട്ടിക്കാലത്തുണ്ടായ മോശം അനുഭവങ്ങൾ എഴുതണമെന്ന് ഒരു കുട്ടിയായിരുന്നപ്പോൾ തോന്നിയിട്ടുണ്ടോ?*

ഇല്ല. ഞാനെഴുതിത്തുടങ്ങിയത് കോളേജിലായശേഷമാണ്. എന്റെ ആദ്യ രചനകളിൽ ചിലത് കവിതാരൂപത്തിലായിരുന്നു. ശരിയായ അർത്ഥത്തിൽ അതു കവിതയാ

യിരുന്നില്ല. ഞാനവയെ അങ്ങനെ വിളിക്കില്ല. അവ ഭാവാത്മകമായിരുന്നു. പക്ഷേ ഞാൻ ആ രൂപത്തിൽ ശ്രദ്ധിക്കുന്നില്ല.എന്തെന്നാൽ അവ എന്റെ വൈയക്തികമായ ചിന്തകളുടെ തീർത്തും ആവിഷ്കാരപരമായ പുറംതള്ളലായിരുന്നു. ആശയപരമായി അവ അത്രയ്ക്ക് സൂക്ഷ്മമായിരുന്നില്ല. ചില സ്വകാര്യസംതൃപ്തിക്കു വേണ്ടിയാണ് ഞാനതെഴുതിയത്. ഞാനന്ന് എന്റെ ഇരുപതുകളിലായിരുന്നു. കവിതയിലായിരുന്നു, അങ്ങനെ (അവയെ) വിളിക്കാമെങ്കിൽ, അവ ആ രൂപത്തിലാണ് എന്നിലേക്കു വന്നത്. പക്ഷേ പിന്നീട് ഞാൻ മാറ്റി. ചെറുകഥകൾ എഴുതിത്തുടങ്ങി.

■ *തുടക്കത്തിൽ നിങ്ങളെ ആരാണ് കൂടുതൽ പ്രചോദിപ്പിച്ചത്?*

എന്റെ സഹോദരൻ, രാജ് ഗൗതമൻ, എഴുത്തുകാരനാണ്. അദ്ദേഹമാണ് എന്നെ എഴുതാൻ പ്രേരിപ്പിച്ചതും പ്രചോദിപ്പിച്ചതും. ലൈബ്രറിയിൽ നിന്നോ മറ്റെവിടെ നിന്നോ അദ്ദേഹം വീട്ടിൽ കൊണ്ടുവന്ന പുസ്തകങ്ങളാണ് ചെറുപ്പത്തിൽ ഞാൻ വായിച്ചത്. അങ്ങനെയാണ് തമിഴ് എഴുത്തുകാരായ മണി, പാർത്ഥസാരഥി, ജയകാന്തൻ, അഖിലൻ തുടങ്ങിയവരെ പരിചയമായത്. ഞാൻ എഴുതാൻ തുടങ്ങിയപ്പോൾ അദ്ദേഹം എന്നെ നന്നായി പ്രോത്സാഹിപ്പിച്ചു. കൂടാതെ, കോളേജിൽവെച്ച് ഞാൻ സാഹിത്യവുമായി കൂടുതൽ പരിചയപ്പെട്ടു. ഇംഗ്ലീഷിൽ നിന്നുള്ള കൃതികളും കുറച്ച് ഇന്ത്യൻ ഭാഷകളിൽ നിന്നുള്ളവയും, പ്രത്യേകിച്ച് ബംഗാളി സാഹിത്യവും ഞാൻ വായിച്ചു.

■ *അതിൽ കൂടുതൽ ഇഷ്ടമായ എഴുത്തുകാർ ആരൊക്കെയാണ്?*

എനിക്ക് കൂടുതൽ പുസ്തകമൊന്നും കിട്ടിയിരുന്നില്ല. കോളേജിൽ വച്ച് ഒരു പുസ്തകം തന്നെ വീണ്ടും വീണ്ടും വായിച്ചു. ടാഗോർ എന്റെ എഴുത്തുരീതികളെ ഒരുപാടു സ്വാധീനിച്ചു. ഞാൻ അദ്ദേഹത്തെ ഒരുപാടു ഇഷ്ടപ്പെട്ടു. അദ്ദേഹത്തെ അനുകരിക്കാൻ ശ്രമിച്ചു. ഗീതാഞ്ജലി ഒരുപാടു പ്രചോദനം തന്നു. ഖലീൽ ജിബ്രാനും. ജിബ്രാനെ എനിക്കിഷ്ടമാണ്. ഞാൻ അദ്ദേഹവുമായി താദാത്മ്യം പ്രാപിച്ചു. പിന്നീട് എന്റെ ജീവിതത്തിൽ ജിബ്രാനും എനിക്കും തമ്മിൽ ധാരാളം സമാനതകൾ കണ്ടു. ഞാൻ വലുപ്പം പറയുകയാണോ എന്നറിയില്ല. പക്ഷേ ജീവിതത്തിന്റെ വലിയൊരു ഭാഗം അദ്ദേഹം പള്ളിയിൽ ചെലവഴിച്ചു.ഞാനും എന്റെ സമയം അവിടെ ചെലവഴിച്ചു. അതെന്നെ ഒരുപാടു സ്പർശിച്ചു. സന്യാസാശ്രമത്തിൽ നിന്നു അദ്ദേഹത്തിനു ലഭിച്ച അനുഭവങ്ങളായിരുന്നു എഴുതാൻ പ്രേരിപ്പിച്ചതെങ്കിൽ എനിക്കും അതുതന്നെയായിരുന്നു അനുഭവം.

> എന്റെ ജനതയുടെ
> സ്വത്വം
> സമൂഹത്തിൽ
> സ്ഥാപിക്കാനായി.
> അതാണ് എനിക്കു
> ലഭിച്ച ഏറ്റവും
> വലിയ അവാർഡ്

ടാഗോറും ജിബ്രാനുമാണ് എന്റെ എഴുത്തിനെയും ചിന്താലോകത്തെയും സ്വാധീനിച്ചത്.

■ *നിങ്ങളുടെ പ്രിയപ്പെട്ട തമിഴ് എഴുത്തുകാർ ആരൊക്കെയാണ്?*

ജയകാന്തനെ വലിയ ഇഷ്ടമാണ്. എല്ലാവരിലും വച്ച് ഞാൻ കൂടുതൽ വായിച്ചിട്ടുള്ളത്, വീണ്ടും വീണ്ടും വായിച്ചിട്ടുള്ളത് അദ്ദേഹത്തെയാണ്. എനിക്കു തോന്നുന്നു, തമിഴ് എഴുത്തുകാരിൽ അദ്ദേഹമാണ് ആദ്യമായും, ശക്തമായും സാഹിത്യത്തിലൂടെ സാമൂഹ്യാവബോധം സൃഷ്ടിച്ചത്.

■ *പുരസ്കാരങ്ങൾ നേടുന്നതിനെക്കുറിച്ചെന്തു തോന്നുന്നു? ക്രോസ് വേഡ് അവാർഡ് ലഭിച്ചതിനെ താങ്കൾ എങ്ങനെ കാണുന്നു?*

പുരസ്കാരം നേടുന്നതോ ഏതെങ്കിലും അംഗീകാരം കിട്ടുന്നതോ എന്നെ സംബന്ധിച്ച് ഒന്നുമല്ല. അതെന്നെ തൃപ്തയാക്കുന്നില്ല. പുരസ്കാരങ്ങൾ കിട്ടുമ്പോഴുള്ള ആ സന്തോഷം വളരെപ്പെട്ടെന്നു തന്നെ പോകുന്നുമുണ്ട്. ചിലപ്പോൾ ഓർമ്മയിൽ നിന്നേ മാഞ്ഞു പോകുന്നു. ഒരു കാര്യം എനിക്കു കൂടുതൽ സംതൃപ്തി തരുന്നത്, എന്റെ ആളുകളുടെ ഭാഷ ഉപയോഗിച്ചതിലാണ്. സാഹിത്യ പണ്ഡിതർ അംഗീകരിച്ചതോ തമിഴ് സാഹിത്യവൃത്തങ്ങളിലോ തമിഴ് സാഹിത്യനിയമങ്ങൾക്കുള്ളിലോ അല്ലാത്തതോ ആയ ഭാഷ. പക്ഷേ, എന്റെ *'കരുക്ക്'* പ്രസിദ്ധീകരിച്ചതിനുശേഷം, അത് ശ്രദ്ധയാകർഷിച്ച വിധം, അതേപ്പറ്റി സംസ്ഥാനമാകെ ആളുകൾ സംസാരിച്ചത് എല്ലാം വിമർശകർക്ക് ആ ഭാഷ ഉപയോഗിക്കുന്നവരെക്കൂടി ശ്രദ്ധിക്കേണ്ടതാക്കി തീർത്തു. അതിന്റെ വ്യാകരണം ഭാഷയുടെ ഭാഗമായി. അതെനിക്ക് അഭിമാനമുണ്ടാക്കി. യഥാർത്ഥത്തിൽ തമിഴ് സാഹിത്യത്തിൽ ഒരു മാറ്റം കൊണ്ടുവരാൻ ഞാൻ കാരണമായി.

'കരുക്കി'ൽ ഞാൻ പറഞ്ഞത് എന്റെ മാത്രം കഥയല്ല. അത് എന്റെ കൂട്ടരുടെ സാമൂഹ്യാഘാതത്തിന്റെ ആവിഷ്കാരമാണ്. അതിന്റെ ദൈർഘ്യം അളക്കപ്പെട്ടിട്ടില്ല. ഞാനത് ഒറ്റ പുസ്തകത്തിലേക്ക് ഘനീഭവിപ്പിക്കാൻ ശ്രമിച്ചു. കാലങ്ങളായി സമൂഹത്തിലെ ഒരു വിഭാഗത്തിനു നേരെ ക്രൂരത കാണിച്ചുകൊണ്ടിരുന്നവർക്ക് അതൊരു ഓർമ്മപ്പെടുത്തലായി.

ഒരു സ്മാരകമോ ശിൽപമോ എനിക്കു നിർമ്മിക്കാനായില്ല. ഒരു പുസ്തകമെഴുതി. ഭാഗ്യത്തിന് അത് ഇരുട്ടിൽ മറഞ്ഞുപോയില്ല. അങ്ങനെ, എന്റെ ജനത മുഖ്യധാരയിൽ ഒരു ഇടം കണ്ടെത്തി. തമിഴ് ചരിത്രത്തിൽ അവരുടെ ചരിത്രത്തിന് ഇടമുണ്ടായിരുന്നില്ല. അതൊരിക്കലും രേഖപ്പെടുത്തിയിരുന്നില്ല. അതെല്ലാം മാറി. എനിക്കു സന്തോഷമുണ്ട്. ഒരവാർഡിനും എനിക്കീ സന്തോഷം തരാനാവില്ല. അത് അനന്യമാണ്. അതിനൊപ്പം ഒന്നുമില്ല. എനിക്കു ക്രോസ്‌വേഡ് അവാർഡ് കിട്ടിയെങ്കിൽ, നല്ലത്. കുറേ പേർ കൂടി എന്റെ പുസ്തകം അറിഞ്ഞു, എന്റെ ആളുകളെയും. അവാർഡു കിട്ടിയില്ലായിരുന്നെങ്കിൽ എനിക്കു വിഷമമൊന്നുമില്ല.

ഞാനൊരിക്കലും ഒരു എഴുത്തുകാരിയായേ അടങ്ങൂ എന്നു കരുതിയിരുന്നയാളല്ല. 'കരുക്ക്' എഴുതുമെന്നു കരുതിയില്ല. മഠത്തിൽ നിന്നു വന്നതിനുശേഷം ഞാൻ വളരെ ബുദ്ധിമുട്ടിയ സമയമുണ്ടായിരുന്നു.

എല്ലാതരത്തിലുള്ള പ്രശ്നങ്ങളുമായും എനിക്ക് മല്ലിടേണ്ടിയിരുന്നു. ഒരു ഭ്രഷ്ടയെപ്പോലെ എന്നെ കണക്കാക്കി. ദാരിദ്ര്യവും അനുഭവിച്ചു. ബന്ധുക്കൾ ശപിച്ചു. എനിക്കതു സഹിക്കാനായില്ല. ആത്മഹത്യ ചെയ്യാതിരിക്കാനാണ് ഞാനെഴുതി തുടങ്ങിയത്. വളരെ സ്വാഭാവികമായാണ് 'കരുക്ക്' പുറത്തുവന്നത്. ഒരു സാഹിത്യകൃതി എന്നതിനേക്കാൾ എന്റെ അനുഭവങ്ങളുടെ ഒരു കവിഞ്ഞൊഴുക്കായിരുന്നു അത്. അത് അതിന്റേതായ വഴിയിൽ സംഭവിച്ചതാണ്. അത് പ്രസിദ്ധീകരിക്കുമെന്ന് ആലോചിച്ചതേയില്ല. പിന്നീട്, മറ്റുള്ളവർക്കൊപ്പം എന്റെ സഹോദരനും നിർബന്ധിച്ചപ്പോൾ ഞാൻ സമ്മതിച്ചു.വിജയിച്ചു. എന്റെ ജനതയുടെ സ്വത്വം സമൂഹത്തിൽ സ്ഥാപിക്കാനായി. അതാണ് എനിക്കു ലഭിച്ച ഏറ്റവും വലിയ അവാർഡ്. എന്തെങ്കിലും നേടാനാകുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല.

■ നാമനിർദ്ദേശം ലഭിച്ച *മറ്റു കൃതികളെപ്പറ്റി എന്താണഭിപ്രായം? അതു വായിച്ചോ?*

ഇല്ല. മറ്റു പുസ്തകമൊന്നും ഞാൻ വായിച്ചില്ല. അറിഞ്ഞപ്പോൾ അതു കിട്ടാനുള്ള ശ്രമം നടത്തി. പക്ഷേ ഈ ഗ്രാമത്തിൽ ജീവിച്ചുകൊണ്ട് അതു കിട്ടുക എളുപ്പമല്ല. മഹാശ്വേതാദേവിയെയും അവർ ആദിവാസികളെപ്പറ്റിയെഴുതുന്ന നല്ല കൃതികളെയും കേട്ടിട്ടുണ്ട്. അവരെഴുതിയതെല്ലാം വായിക്കണമെന്നുണ്ട്. പറ്റുമെന്നു കരുതുന്നു.

■ *താങ്കൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്?*

തമിഴ്നാടിനെ പ്ലേഗുപോലെ ബാധിച്ച വർഗീയകലാപങ്ങളെപ്പറ്റി ഒരു പുസ്തകമെഴുതിക്കൊണ്ടിരിക്കുന്നു. ജാതിയുടെ പേരിൽ ചെയ്ത കൊള്ളരുതായ്മകളും അതുമൂലമുണ്ടായ അർത്ഥമില്ലാത്ത അക്രമങ്ങളും ഒക്കെ എഴുതണം. ഒരു സംസ്കാരം മുഴുവനായി തുടച്ചുമാറ്റപ്പെട്ടു. ആളുകളുടെ മനസ്സും വികാരങ്ങളും തിരിച്ചെടുക്കാനാവാത്ത വിധം നശിപ്പിച്ചുകളഞ്ഞു. ദുരന്തം തന്നതും അവശേഷിപ്പിച്ചതുമെല്ലാം തലമുറകളുടെ തന്നെ ആത്മാവും ശരീരവും തകർത്തു കളഞ്ഞു. ആ വേദന ആവിഷ്കരിക്കാനാണ് ശ്രമിക്കുന്നത്. ഞാനും എന്റെ ജനതയും കാലങ്ങളായി കടന്നുപോന്ന ആ വേദനയാണ് എന്റെ അടുത്ത കൃതിയിൽ.

■ *ധാരാളം ഗവേഷണം അതിനാവശ്യമില്ലേ?*

ഈ സ്ഥലത്തെല്ലാം പോകുന്നുണ്ട്. തെക്കൻ ജില്ലകളിൽ. തേവരുടെയും ദളിതരുടെയും ഇടയിൽ നടന്ന എണ്ണമറ്റ സംഘട്ടനങ്ങൾ. നിസ്സാരകാര്യങ്ങളുടെ പേരിൽ ജാതിക്കൂട്ടായ്മകൾ തമ്മിലുള്ള അടിപിടികൾ. വസ്തുതകളുടെ രാഷ്ട്രീയവും അതിൽ ഉൾപ്പെട്ട ആളുകളുടെ ഭൗതികാവസ്ഥയും. ഇതിവൃത്തം പൂർണ്ണമായിട്ടില്ല. പക്ഷേ, ഈ സംഭവങ്ങൾ കേന്ദ്രാശയമാണ്. ഞാനതിനുചുറ്റും കുറേ കഥാപാത്രങ്ങളെ സൃഷ്ടിക്കുകയാണ്. ബാധിതർ (affected), ഇരയാക്കപ്പെട്ടവർ, ഇടനിലക്കാരായി വന്നവർ– വാസ്തവത്തിൽ കലങ്ങിയ വെള്ളത്തിൽ മീൻപിടിച്ചവർ.



■ നിങ്ങൾ ബാധിതർ, ഇരയാക്കപ്പെട്ടവർ, പറയുന്നു. എന്തെങ്കിലും വ്യത്യാസമുണ്ടോ?

ഉവ്വ്. ഇരയാക്കപ്പെട്ടവർ ഈ കലാപത്തിന്റെ ഇര തന്നെയാണ്. അവർക്ക് അവരുടെ വീടുകൾ, കുടുംബം ഒക്കെ നഷ്ടപ്പെട്ടു. ഈ കലാപങ്ങളിൽ അവരാണ് direct line of fire ൽ ഉള്ളത്. ബാധിതർ എന്നുപറയുന്നവർ കലാപങ്ങളിൽ നേരെ ഉൾപ്പെട്ടവരല്ല. കുറെ മുറിപ്പാടുകളുമായി രംഗം വിട്ട നിഷ്കളങ്കരായ സാക്ഷികളാണവർ. പക്ഷെ വാസ്തവത്തിൽ അവരുടെ പ്രശ്നങ്ങളല്ല എന്നെ അലട്ടുന്നത്. തീർച്ചയായും അതെന്റെ പരിഗണനയിലുണ്ട്. എന്റെ പ്രശ്നങ്ങൾ എന്റെ ജനതയുടെ സഹനങ്ങളിൽ തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്നു. ദളിതരാണവർ. എന്റെ ഓരോ യാത്രയിലും ഒരുപാടു കഥകൾ കേട്ടു. അതാണെന്റെ പ്രയത്നങ്ങളിൽ ഇപ്പോഴുള്ള നിരാശ. ഈ കഥകൾ ശ്രദ്ധിക്കുന്നത് സന്തോഷം തരുന്നു. സംസാരഭാഷ വളരെ സമ്പന്നമാണ്. തിരിച്ചുവന്ന് ഞാനിതെഴുതുമ്പോൾ അതിന്റെ യഥാർത്ഥ ഗന്ധം നഷ്ടമാവുന്നു. കഥ പറയുന്നത് ഒരു സ്വാഭാവിക പ്രക്രിയയാണ്. ഞാൻ ചെയ്യുന്നത് ഒരു കൃത്രിമ പ്രവൃത്തിയാണ്.

■ *ദലിത് സാഹിത്യം തമിഴ്നാട്ടിൽ ആദ്യം പ്രകാശിതമായപ്പോൾ അതിലെ വൈരുദ്ധ്യങ്ങൾ കൊണ്ടുതന്നെ അത്* സ്പഷ്ടമായിരുന്നു. *ആയിരുന്നു. എഴുത്തുകാർ അവരുടെ ജീവിതസാഹചര്യങ്ങൾ ഉയർന്നജാതിക്കാരുടേതിൽ നിന്നു വ്യത്യസ്തമാണന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് പുറത്തുവന്നു. പക്ഷേ, ഇതേ എഴുത്തുകാർ തൃപ്തികരമായ ജീവിതം നയിച്ചുകൊണ്ടാണ് അതില്ലാത്തവരെപ്പറ്റി എഴുതികൊണ്ടിരിക്കുന്നത്.*

എന്താ അങ്ങനെ പറഞ്ഞത്? ദളിതർ ജീവിക്കേണ്ടതെങ്ങനെയെന്നാണ് കൂടുതൽപേരും പറയുന്നത്. ദളിതർ ശുദ്ധിയില്ലാത്തവരാണ്. കുടിയന്മാരാണ്. അവർക്കു സംസ്കാരമില്ല. അവരുമായുള്ള ഇടപെടലുകൾ മറ്റുള്ളവരുടെ ശരീരത്തെയും ആത്മാവിനെയും ചീത്തയാക്കും.എന്തുകൊണ്ടാണ് ആളുകൾ ഇങ്ങനെ പറയുന്നത്? ദളിതർ മനുഷ്യരല്ലേ? അവർ ഉയർന്ന ജാതിക്കാരെപ്പോലെ സ്വസ്ഥജീവിതം അർഹിക്കുന്നില്ലേ? ദളിത് എഴുത്തുകാർ ഏ.സി.കാറിൽ സഞ്ചരിക്കാനോ, വിമാനത്തിൽ പറക്കാനോ സോഫയിലിരിക്കാനോ പാടില്ല എന്നു പറയുന്നു. അവരെഴുതുന്നു, സമ്പാദിക്കുന്നു. അവർക്കതു പറ്റും. അവർക്കതു വാങ്ങാൻ പറ്റുമെങ്കിൽ എന്തുകൊണ്ട് ഇത്തരം ആർഭാടങ്ങൾ അവർക്കു പാടില്ല? ഈ ചോദ്യങ്ങൾ ഞാൻ ചോദിക്കുന്നത് ഭൗതികമായല്ല ; ധാർമികമായാണ്.

നിങ്ങളിപ്പോൾ കാളവണ്ടിയിൽ യാത്രചെയ്യുന്നതിനെപ്പറ്റി എഴുതുന്നു എന്നിരിക്കട്ടെ, അതിനർത്ഥം നിങ്ങളെപ്പോഴും കാളവണ്ടിയിൽ യാത്രചെയ്യണം എന്നാണോ? കാറിലോ ബസ്സിലോ യാത്രചെയ്തുവെന്നു വെച്ച് കാളവണ്ടിയിലെ യാത്രാനുഭവങ്ങൾ പറയുന്നത് സാധ്യമല്ലാതാവുമോ? അതും ഈ വിമർശകർ ഞങ്ങളുടെ എഴുത്തിനെപറ്റിയല്ല ജീവിതരീതിയെപ്പറ്റിയാണ് കമന്റു ചെയ്യുന്നത്. ഞങ്ങളുടെ എഴുത്ത് വിലയിരുത്തുന്നത് അതിന്റെ നിലവാരത്തെപ്പറ്റിയല്ല ഞങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നതിനെപ്പറ്റിയാണ്. ഇത് അപഹാസ്യമാണ്.

■ *'കരുക്ക്' കമ്മ്യൂണിസ്റ്റു* പരാമർശങ്ങളിൽ *നിന്നു അകന്നുനിൽക്കുന്നതാണു കണ്ടിട്ടുള്ളത്. എന്തുകൊണ്ട്? ബോധപൂർവ്വം ചെയ്തതാണോ?*

ഞാനൊരു കുട്ടിയായിരുന്നപ്പോൾ, എന്റെ ഗ്രാമത്തിലുള്ള കമ്മ്യൂണിസ്റ്റുകാർ ദൈവത്തെ തളളിപ്പറയുന്നവരായിരുന്നു. എന്റെ അമ്മ വളരെ ദൈവഭക്തയും മതബോധമുള്ളയാളുമായിരുന്നു. അമ്മയ്ക്ക് എന്നിൽ വലിയ സ്വാധീനമുണ്ട്. അതുകൊണ്ട് ദൈവത്തെ ഉപേക്ഷിക്കുക എളുപ്പമായിരുന്നില്ല.

ഞങ്ങളുടെ
എഴുത്ത്
വിലയിരുത്തുന്നത്
അതിന്റെ
നിലവാരത്തെപ്പറ്റിയല്ല
ഞങ്ങൾ എങ്ങനെ
ജീവിക്കുന്നു
എന്നതിനെപ്പറ്റിയാണ്

തീർച്ചയായും, ഞാൻ കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തെ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷേ, തമിഴ്നാട്ടിലെ കമ്മ്യൂണിസ്റ്റുകാരുമായി എനിക്കു ചില പ്രശ്നങ്ങളുണ്ട്. കൂടുതൽപേരും സാമ്പത്തികോന്നമനത്തെയും സമത്വത്തെയും പറ്റിപ്പറയുന്നു. പക്ഷേ ജാതിവ്യത്യാസത്തെപ്പറ്റി പറയുന്നില്ല. ഒന്നുകിൽ അത് തന്ത്രപരമാണ്. അല്ലെങ്കിൽ എന്തൊക്കെയോ രഹസ്യമായ നിയന്ത്രണങ്ങൾ ഉണ്ട്. ഞാൻ അവരുടെ നിലപാടുമായി യോജിക്കുന്നില്ല. അതുകൊണ്ട് അതുമായി പ്രത്യക്ഷത്തിലുള്ള ബന്ധമൊന്നും എന്റെ എഴുത്തിലില്ല. ഇപ്പോൾ നിങ്ങൾ ചോദിച്ചപ്പോഴാണ് ഞാനതിനെ ഇതുവരെ വിമർശിച്ചില്ലല്ലോ എന്നോർത്തത്.

■ *തമിഴ് ഒരു ക്ലാസിക് ഭാഷയല്ലെന്നു ചിലർ പറയുന്നു. നിങ്ങളുടെ അഭിപ്രായമെന്താണ്?*

ഞാൻ സമ്മതിക്കില്ല. തമിഴ് വളരെ സമ്പന്നമായ ഒരു ഭാഷയാണ്. അതിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. ഞാനൊരു താരതമ്യപഠനത്തിനില്ല. മറ്റു ഭാഷകളെക്കുറിച്ചുള്ള എന്റെ അറിവ് പരിമിതമാണ്. ജമ്മുവിൽ ഞാൻ ഒരു കന്യാസ്ത്രീയായിരുന്നപ്പോൾ ഹിന്ദി ഭജൻസ് കുറേ കേൾക്കുമായിരുന്നു. എനിക്കത് വളരെ ഇഷ്ടമായിരുന്നു. വ്യക്തിപരമായി എനിക്ക് ഇതറിയാൻ താത്പര്യമുണ്ട്. എന്റെയറിവിൽ തമിഴ് വൈവിധ്യമുളളതും സമ്പന്നവുമാണ്.

■ അപ്പോൾ നിങ്ങൾ ഏതിന്റെ ഭാഗമാണ്? തമിഴിന്റെ , ദ്രാവിഡത്തിന്റെ അതോ ദളിത് സാഹിത്ത്യത്തിന്റേതോ?.

തമിഴിൽ ഒട്ടേറെ വൈവിധ്യങ്ങളുണ്ട്. എന്റെ വിശ്വാസം ഭാഷ വിനിമയത്തിനുള്ളതാണെന്നാണ്. ഞാൻ സവിശേഷമായി അല്ലെങ്കിൽ വാശിയോടെ എന്റെ ജനതയുടെ ഭാഷ ഉപയോഗിക്കുന്നു. എന്റെ ആളുകളെക്കുറിച്ചെഴുതുമ്പോൾ അത് അവരുടെ ഭാഷയിലായിരിക്കണം. അതാണെനിക്കിഷ്ടം. ഇനി വായനക്കാർക്ക് തീരുമാനിക്കാം ഞാൻ എഴുതിയത് തമിഴ് സാഹിത്യത്തിലാണോ, ദളിത് സാഹിത്യത്തിലാണോ, ദ്രാവിഡത്തിലാണോ എന്നൊക്കെ.

■ *ദളിത് സാഹിത്യം ദളിതരെഴുതുന്നതു മാത്രമാണോ?*

നിർബന്ധമില്ല. മറ്റു ജാതിക്കാർക്കും ദളിത് അവബോധം വിവരിക്കാവുന്നതാണ്. ദൃഢനിയമങ്ങളില്ലതിൽ. അങ്ങനെയൊന്നുണ്ടോ? ആർക്കും എന്തിനെപ്പറ്റിയും എഴുതാം. പക്ഷേ വ്യത്യാസം ഉണ്ടാകും. അസ്പൃശ്യത ഉദാഹരണമായെടുക്കാം. ഒരു അയിത്തക്കാരനേ അതിന്റെ വേദനയറിയൂ. മറ്റുള്ളവർക്ക് സഹാനുഭൂതിയുണ്ടാകുകയോ താദാത്മ്യപ്പെടുകയോ ഒക്കെയാവാം. പക്ഷേ, വേദന എപ്പോഴും വ്യക്തിപരമാണ്. പക്ഷേ അതു റിപ്പോർട്ടു ചെയ്യുന്നതോ പ്രതിഫലിപ്പിക്കുന്നതോ അതിനു തുല്യമല്ല. ദളിതരുടെ മേൽ കുമിഞ്ഞുകൂടിയ ബ്രാഹ്മണരുടെ നുണകളെയും അപമാനങ്ങളെയും ദളിതർക്കല്ലാതെ മറ്റുള്ളവർക്ക് പുറത്തേക്കു കൊണ്ടുവരാൻ കഴിയുമോ എന്നെനിക്കറിയില്ല. മറ്റുള്ളവർക്കും ദളിതരെക്കുറിച്ചെഴുതാം. എന്താ കുഴപ്പം? പക്ഷേ, ഞങ്ങളർഹിക്കുന്ന ബഹുമാനം ഞങ്ങൾക്കു നിഷേധിച്ചതിനെ എപ്പോഴും ഓർക്കേണ്ടതുണ്ട്. അവരുടെ എഴുത്ത് ദളിതരോടുള്ള താത്പര്യങ്ങൾ നിറഞ്ഞിരിക്കും. അല്ലെങ്കിൽ ദളിതർ അവരെക്കുറിച്ചുതന്നെ എഴുതട്ടെ. ചില എഴുത്തുകാർ വിശ്വസിക്കുന്നത് ഉയർന്ന ജാതിക്കാർക്കു മാത്രമേ ദളിതരെ സഹായിക്കാനാവൂ എന്നാണ്. അല്ലാതെ ദളിതർക്കോ അവരുടെ നേതാക്കൾക്കോ എഴുത്തുകാർക്കോ അല്ല. ഞങ്ങളുടെ കാരണങ്ങളിലേക്ക് സംഭാവനകളൊന്നുമില്ലെങ്കിൽ അവരെന്തിനാണ് ഞങ്ങളെ അപമാനിക്കുന്നത്.

■ *മഹാരാഷ്ട്രയിലോ കർണ്ണാ*

*ടകയിലോ ഉണ്ടായിരുന്നതുപോലെ വേഗത്തിൽ ദളിത് സാഹിത്യത്തെ തമിഴ്നാട് കൈകൊണ്ടില്ല.*

ശരിയാണ്. ഇപ്പോൾ നിങ്ങൾക്ക് അത്ര എഴുപ്പത്തിൽ അതു തള്ളിക്കളയാനാവില്ല. ഒരിക്കലും അത് എളുപ്പമായിരുന്നില്ല. ദളിതരുടെ ഏതു പ്രവൃത്തിയും വെളിച്ചം കാണുക ബുദ്ധിമുട്ടാണ്. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളുടെ വാതിൽ ഒരിക്കലും ഞങ്ങൾക്കു മുമ്പിൽ തുറന്നിട്ടില്ല. ഞങ്ങളുടെ പേരുകൾ വരേണ്യജാതിക്കാരുടെ ഒപ്പം അച്ചടിച്ചു കാണാൻ ഞങ്ങൾക്ക് ഇടിച്ചു കയറേണ്ടിവന്നു. കഴിഞ്ഞകാലസാഹിത്യം ചില ഉന്നതവിഭാഗങ്ങളുടെ സ്വകാര്യസ്വത്തുപോലെയായിരുന്നു. പക്ഷേ മുപ്പതുകളിലെ അംബേദ്കർ പ്രസ്ഥാനം ചില വ്യതിയാനങ്ങൾ കൊണ്ടുവന്നു. ചിലത് അച്ചടിക്കാൻ പറ്റി. പക്ഷേ, കാര്യങ്ങൾ ഇപ്പോഴും കഷ്ടത്തിലാണ്.

■ *പ്രമുഖ തമിഴ് നിരൂപകൻ വള്ളികാനൻ പറഞ്ഞത് എല്ലാ* വികസനവും *തമിഴ്ഭാഷയിൽ പതുക്കെ വന്നിട്ടുള്ളൂവെന്നാണ്. ദളിത് സാഹിത്യത്തിന് ഇത് ബാധകമാണോ?*

അതെ, ശരിയാണ്. ഞാൻ മുന്നേ പറഞ്ഞ കാര്യങ്ങൾ ഈ വൈകലിന് കാരണമായിരുന്നു. ഏതെങ്കിലും ഭാഷയിൽ നൂറ്റാണ്ടുകളോളം ഒരു സമുദായത്തിന് എഴുതാനും വായിക്കാനുമുള്ള അവകാശം നിഷേധിച്ചതിനെപ്പറ്റി നിങ്ങൾക്ക് ചിന്തിക്കാനാവുമോ? അവർക്ക് ആദ്യം എഴുത്തുകൊടുക്കണമായിരുന്നു. എന്നിട്ടേ അവരിൽ നിന്നെന്തെങ്കിലും പ്രതീക്ഷിക്കാനാവൂ. അംബേദ്കർ ശതാബ്ദി ആഘോഷത്തിനു ശേഷം അതു പ്രത്യക്ഷത്തിൽ തന്നെ മാറ്റങ്ങളുണ്ടാക്കി.

■ *പക്ഷേ, ഇരത്തായ്മലൈ ശ്രീനിവാസൻ 'പറയൻ' എന്ന മാസികയിലൂടെ അധഃകൃതരുടെയും തകർക്കപ്പെട്ടവരുടെയും പ്രശ്നങ്ങൾ 1893-ലെ ഏറ്റെടുത്തിരുന്നു.*

തീർച്ചയായും ഒറ്റയായ ശ്രമങ്ങൾ അങ്ങുമിങ്ങുമുണ്ടായിരുന്നു. പക്ഷേ ഞങ്ങളുടെ ആളുകൾക്ക് മാറ്റമുണ്ടാകാൻ പര്യാപ്തമായിരുന്നില്ല നിങ്ങൾ ഈ പറയുന്ന പറയൻ... ഞാനെന്റെ കുട്ടിക്കാലത്തു കേട്ടിട്ടില്ല. കോളേജിലെത്തിയശേഷമാണ് അതിന്റെ ഒരു ലക്കം കാണാനൊത്തത്. ഇപ്പോഴും ശ്രദ്ധിക്കാവുന്നതിനേക്കാളും ചെറിയ ശ്രമങ്ങളാണ് നടക്കുന്നത്.

■ ദളിത് എന്നതിന്റെ മറുപേരാണോ പട്ടികജാതിക്കാർ എന്നത്?

വ്യക്തിപരമായി ഞാൻ വിയോജിക്കുന്നു. ആ വിയോജിപ്പ് എന്റെ എഴുത്തിലുമുണ്ട്. സംവരണത്തിലും അതു പ്രശ്നമാകുന്നുണ്ട്. ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനപ്പുറം യഥാർത്ഥത്തിൽ ഞങ്ങളെ മനുഷ്യരായിക്കാണുന്നില്ല. അത് പ്രശ്നങ്ങൾ കൂടുതൽ മോശമാക്കുന്നു.

പൊതു സ്ഥലങ്ങളിൽ ഞങ്ങൾ അപമാനിതരാവുന്നു. അവന്/അവൾക്ക് ഒരു കഴിവുമില്ലെന്ന് ആളുകൾ പറയുന്നു. അവർ അവർക്കൊരുക്കിവച്ച വഴിയിലൂടെ കടന്നുവരുന്നു. അതു പട്ടികജാതിക്കാർ എന്നറിയപ്പെടുന്നതിൽ ഞങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കി. അതു തരംതാഴ്ത്തുന്നതാണ്. ദളിതരെന്ന നിലയിലല്ല. മറാത്തി വാക്കായ ദളിത്. മണ്ണിൽ വേരുപടർത്തിയവർ (rooted in the soil) എന്നതിൽ മാന്യത തരുന്നു. പട്ടികജാതി എന്നുച്ചരിക്കുമ്പോൾ ഞങ്ങൾ ഞങ്ങളുടെ തോടിനുള്ളിലേക്കു വലിയുന്നു.

> കരുക്കെഴുതുന്നതിനു
> മുമ്പ് എനിക്കെന്റെ
> ജാതി
> വെളിപ്പെടുത്താൻ
> മടിയായിരുന്നു.
> എനിക്കു നാണമായിരുന്നു.
> പക്ഷേ, 'കരുക്ക്'
> എനിക്ക് ദിവ്യമായൊരു
> ധൈര്യം തന്നു

■ *തമിഴ്നാട്ടിൽ ദളിത് സാഹിത്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?*

മുമ്പ്, ഒരുപാട് ഊർജ്ജമുള്ളതും സ്വന്തവുമായുള്ള ശബ്ദങ്ങളുണ്ടായിരുന്നു. പക്ഷേ കൂടുതൽപേരും ഇപ്പോഴെഴുതുന്നില്ല. പ്രധാനമായും സാമ്പത്തികപ്രശ്നങ്ങളാണ്. നിങ്ങളെഴുതിയത് അച്ചടിച്ചുകാണാൻ വർഷങ്ങളെടുക്കുമെങ്കിൽ നിങ്ങൾക്കു പിടിച്ചുനിൽക്കാനാവില്ല. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ പ്രവേശിക്കുക പ്രയാസമാണെന്ന് നിങ്ങൾക്കൂഹിക്കാൻ പോലും പറ്റില്ല. എനിക്കുപോലും പ്രയാസമായിരുന്നു. 'കരുക്ക്' സ്വീകരിക്കപ്പെട്ടതിനു ശേഷം മാത്രമാണ് പ്രസാധകരും എഡിറ്റർമാരും എന്റെ സമുദായത്തിലുള്ള എന്നേപ്പോലുള്ള എഴുത്തുകാരിലേക്ക് കണ്ണുതുറന്നത്. ഞാൻമൂലം കുറച്ചു പേർക്കുകൂടി വാതിലുകൾ തുറക്കാനിടയായി.

■ *ദളിത് മാഗസിനുകളെപ്പറ്റി എന്തുപറയുന്നു? നിങ്ങളെപ്പോലുള്ളവർ ചേർന്ന് ദളിതെഴുത്തുകളെ പിൻതുണയ്ക്കാൻ ഒരു മാഗസിൻ തുടങ്ങിക്കൂടേ?*

അതൊക്കെ ഭാവനചെയ്യാൻ എളുപ്പമാണ്. ആളുകൾ തങ്ങളുടെ അടുത്ത നേരത്തെ ഭക്ഷണം എവിടുന്നു കിട്ടുമെന്നു ആലോചിക്കുമോ അതോ പുസ്തകമോ മാഗസിനോ അച്ചടിക്കുമോ? വിട്ടുകള. ഞാനീ കാര്യത്തിൽ അൽപം സിനിക്കാണ്. കുറച്ചുപേർക്കു വാസ്തവത്തിൽ ചിലപ്പോൾ ചിലർ വരും. ചിലപ്പോഴില്ല. അവർ എപ്പോഴുമില്ല. ചെന്നൈയിൽ നിന്നുള്ള ദളിത് മുരശ്, ചിലപ്പോൾ കോടങ്കി..... അത്രയേയുള്ളൂ. എന്തുകൊണ്ട് മുഖ്യധാരപ്രസിദ്ധീകരണങ്ങൾക്ക് ഞങ്ങളെപ്പോലുള്ളവർക്കുവേണ്ടി കുറച്ചുപേജുകൾ ചെലവഴിച്ചുകൂടാ. ഗുണമേന്മയല്ല തീർച്ചയായും ഇത്തരം കാര്യങ്ങളെ നിർണ്ണയിക്കുന്ന ഘടകം.

■ *തമിഴ് എഴുത്തുകാർക്കിടയിൽ ജാതീയതയുണ്ടോ?*

ജാതീയത എവിടെയുമുണ്ട്. എഴുത്തുകാർക്കിടയിലുമുണ്ട്. കുറെപ്പേർ അതേപ്പറ്റിപ്പറയുന്നു, ഇതു ഇല്ലാതാക്കുന്നതിനു സെമിനാറുകളും ക്ലാസുകളും നടത്തുന്നു. ജാതി ഇല്ലാതാക്കാനുള്ള താത്പര്യം പക്ഷേ അപൂർവ്വമായി ചിലർ കാണിക്കുന്നുണ്ട്. ഒരു പക്ഷേ അത് ഇല്ലാതാക്കിയാൽ അവർക്കെഴുതാനുള്ള വിഷയം നിഷേധിക്കലാകും. (ചിരിക്കുന്നു).

■ *ഒരെഴുത്തുകാരി എന്ന നിലയിൽ നിങ്ങൾ അത്തരത്തിലുള്ള വിവേചനം പ്രത്യേകിച്ച് പൊതു ഇടങ്ങളിൽ അനുഭവിച്ചിട്ടുണ്ടോ?*

ഉവ്വ്. എനിക്കുണ്ടായിട്ടുണ്ട്. ഒരുപാടില്ല. ഒരു കാരണം ഞാനെപ്പോഴും എന്നെ സ്ഥാപിക്കുന്നു. ഞാൻ ശ്രദ്ധാപൂർവം എന്റെ തല ഉയർത്തിപ്പിടിക്കുന്നു. കരുക്കെഴുതുന്നതിനു മുമ്പ് എനിക്കെന്റെ ജാതി വെളിപ്പെടുത്താൻ മടിയായിരുന്നു. എനിക്കു നാണമായിരുന്നു. പക്ഷേ, 'കരുക്ക്' എനിക്ക് ദിവ്യമായൊരു ധൈര്യം തന്നു. ഒരു പ്രത്യേക തരത്തിലുള്ള ധൈര്യം. നിങ്ങൾക്കറിയാമോ എഴുത്ത് നിങ്ങൾക്കതു തരും.

■ *വിശദമാക്കാമോ?*

'കരുക്ക്' എഴുത്തിന്റെ ചാലുകൾ എന്റെ വീട്ടിലേക്കു കൊണ്ടുവന്നു. എല്ലാ വിഭാഗത്തിലുള്ളവരുടെയും എഴുത്തുകൾ. ചെറുപ്പക്കാർ, വൃദ്ധർ, പുരുഷന്മാർ, സ്ത്രീകൾ. പക്ഷേ, ചെറുപ്പക്കാരുടെ എഴുത്തുകളായിരിക്കും ലോകത്തെ അഭിമുഖീകരിക്കാൻ ധൈര്യം തന്നത്. ഇപ്പോഴും എനിക്ക് ധാരാളം കത്തുകൾ കിട്ടുന്നു. എല്ലാം 'കരുക്കി'നെ പ്രശംസിക്കുന്നു. അവരെത്രമാത്രം ആ പുസ്തകവുമായി ഒന്നിക്കുന്നുവെന്നു പറഞ്ഞുകൊണ്ട്. കരുക്കിന്റെ മൂന്നാം പതിപ്പിറക്കാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണു ഞാൻ.

■ *സു. സുമിതിരൻ തമിഴിൽ, വളരെ ബഹുമാന്യനായ വിമർശകനാണ്. സ്ത്രീ എഴുത്തുകാരെക്കുറിച്ച് അദ്ദേഹത്തിന് നല്ല അഭിപ്രായമില്ല. എന്താണിത്?*

സത്യത്തിൽ എനിക്കറിയില്ല. പക്ഷേ എന്നെ അത് അലട്ടുന്നില്ല. ഞാൻ ദളിത് എഴുത്തുകാരിയും സ്ത്രീ എഴുത്തുകാരിയുമാണ്. നിങ്ങൾക്കെന്നെ ദളിത് സ്ത്രീ എഴുത്തുകാരിയെന്നോ സ്ത്രീ ദളിത് എഴുത്തുകാരിയെന്നോ വിളിക്കാം. (ചിരിക്കുന്നു). എഴുത്തുകാരികൾക്ക് വേറെ കഥയായിരിക്കും പറയാനുള്ളത്. അവരെല്ലാവരും പരിഗണിക്കപ്പെട്ടിട്ടില്ല. ഞങ്ങൾ എഴുത്തുകാരികൾ ഇതു ചർച്ചചെയ്തിട്ടുണ്ട്. പറഞ്ഞിട്ടൊന്നും കാര്യമില്ല. പാശ്ചാത്യവത്കരണം മൂലം നമ്മുടേത് ഒരു പുരുഷകേന്ദ്രിത സമൂഹമാണ്. അതുകൊണ്ട് സ്ത്രീകളെ പുരുഷനുതുല്യയായി സ്വീകരിക്കുന്നത് അതിന്റെ ഈഗോയെ മുറിവേൽപിക്കും.

■ *ഒരെഴുത്തുകാരന് സമൂഹം നൂറ്റാണ്ടുകളായി കൊണ്ടുനടക്കുന്ന വീക്ഷണങ്ങളെ മാറ്റാനുള്ള കരുത്തുണ്ടോ?*

സമൂഹത്തിന്റെ കാഴ്ചപ്പാടൊന്നും മാറ്റുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ, എനിക്കതിനായിട്ടുണ്ട്. പലപ്പോഴായി ഞാനിത് പറഞ്ഞിട്ടുണ്ട്. ഈ അഭിമുഖത്തിലും നാണമില്ലാതെ പറയുന്നു(ചിരിക്കുന്നു). പക്ഷേ അതു ശരിയാണ്. എന്റെ ജീവിതരീതി മാറി. നേരത്തെ ഞാനെന്റെ ജാതി പറയാതിരുന്നപ്പോൾ എനിക്ക് ശ്വാസംമുട്ടുമായിരുന്നു. എന്റുള്ളിൽ നിശ്ശബ്ദമായി ഞാൻ വിങ്ങുമായിരുന്നു. കരുക്ക് എല്ലാം മാറ്റിമറിച്ചു.

■ *നിങ്ങൾക്ക് എത്രമാത്രം രാഷ്ട്രീയവ്യക്തിത്വം ഉണ്ട്. ധാരാളം തമിഴ് എഴുത്തുകാർ മുൻനിര രാഷ്ട്രീയക്കാരാണ്.*

എന്നിൽ രാഷ്ട്രീയതാൽപര്യം പരിമിതമാണ്. ചുറ്റുപാടുമുള്ള രാഷ്ട്രീയസംഭവങ്ങളെ ഞാൻ നിരീക്ഷിക്കുന്നുണ്ട്. ഞാൻ നിരീക്ഷിക്കുകയാണ്. ഒന്നുപറയുകയും മറ്റൊന്നു ചെയ്യുകയും വേറൊന്ന് അർത്ഥമാക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരിലേക്കു ഉൾപ്പെടാൻ ഞാനില്ല. ഒരു ദളിതെന്ന നിലയിൽ എന്റേത് നേർത്ത ഒച്ചയുമാണ്. അംബേദ്കറുടെ ഇരട്ട വോട്ടിങ് സമ്പ്രദായം വേണമെന്നാണ് ശരിക്കും ഞാനാഗ്രഹിക്കുന്നത്. എന്റെ ഓർമശരിയാണെങ്കിൽ പൂനാപാക്ടിൽ ഇതുചെയ്തിട്ടുണ്ട്. അത് ഞങ്ങൾക്ക് കൂടുതൽ ശക്തി തരും. ഉം...ഞാൻ ഉറക്കെ ചിന്തിച്ചെന്നേയുള്ളൂ.

■ *നിങ്ങൾ ഒരു പ്രവർത്തകയെപ്പോലെ സംസാരിക്കുന്നു. നിങ്ങള ങ്ങനെയാണോ?*

പൂർണ്ണമായുമല്ല. എന്റെ പ്രവർത്തനം എന്റെ പുസ്തകത്തിന്റെ തുമ്പുവരെയുള്ളൂ. എന്നെ സംബന്ധിച്ച്, എഴുത്ത് ദളിതരെ, സ്ത്രീകളെ കുട്ടികളെ ഒക്കെ സ്വതന്ത്രരാക്കാനുള്ളതാണ്.

■ *ഇതുപോലെ ചെയ്യുന്ന യുവ എഴുത്തുകാരുണ്ടോ തമിഴ്നാട്ടിൽ?*

യുവഎഴുത്തുകാർ ഒരുപാടുണ്ട്. അല്ലാഗുയ പെരിയവന്റേത് തനിമയുള്ളതും,ശക്തവുമായ എഴുത്താണ്. അദ്ദേഹത്തിന്റെ ചീത്ത, പുറംജാതിക്കാർ എന്നൊക്കെയർത്ഥമുള്ള **തീട്ടു** വളരെ നല്ലതാണ്. പക്ഷേ നല്ല യുവകവികൾ നോവലെഴുത്തുകാരേക്കാൾ ഏറിനിൽക്കുന്നു.

■ *നിങ്ങൾ തമിഴ് സാഹിത്യ നിയമങ്ങൾ തകർത്തു. മറ്റു എഴുത്തുകാർ ആരെങ്കിലും ഇത്തരം അനുഭവമെഴുത്തിലുണ്ടോ?*

ഞാൻ അതുചെയ്തു. 'കരുക്കു'



വന്നപ്പോൾ ധാരാളം പേർ അങ്ങനെ ചെയ്തു. ശിവകാമി, ഇമയൻ, അഭിമാനി, പാബ്ലോ അരുവിക്കുയിൽ ഇവരിൽ ചിലരാണ്... .പക്ഷേ എനിക്കും അവർക്കും വ്യത്യാസമുണ്ട്. അവർ സംഭാഷണത്തിലാണ് സംസാരഭാഷ ഉപയോഗിച്ചത്. ആഖ്യാനം മുഴുവൻ സംസാരഭാഷ ഉപയോഗിച്ചത് ഞാനാണ്.

■. *തമിഴ്സാഹിത്യത്തിന്റെ ഭാവിയെന്താണ്?*

ഇപ്പോൾ അത് അത്ര തെളിച്ചമുള്ളതല്ല. അത് ഉയർന്നുനിന്ന ഒരു സമയമുണ്ടായിരുന്നു. ഇപ്പോൾ ഒരു നിശ്ചലതയുണ്ട്. വിമർശകരായിരിക്കാം ഒരു കാരണം. അവർ വളരെ പരുഷരും ദയാശൂന്യരുമായിരുന്നു. ഞാൻപോലും വിഷമിച്ചിട്ടുണ്ട്. എന്തിനെഴുതുന്നു? ഞാനെന്നോടുതന്നെ പല തവണ ചോദിച്ചിട്ടുണ്ട്. കരുക്കിനും ധാരാളം നെഗറ്റീവ് പ്രതികരണങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് ആഖ്യാനത്തെപ്പറ്റി. അപ്പോഴാണ് പള്ളിയും അവരുടെ ദേഷ്യം കോരിയൊഴിച്ചത്. അവർ ശക്തിയായി പുറത്തേക്കു വന്നില്ലെങ്കിലും ചെറിയ എതിർപ്പുപോലും എന്നെ വേദനിപ്പിച്ചു. എനിക്കവരുടെ വിരോധം മനസ്സിലായി. പള്ളിയുടെ അറിയപ്പെടുന്ന ആളുകൾപോലും എന്നെ താക്കീതു ചെയ്തു.

ശകാരം പൊതുഇടങ്ങളിൽ ഉണ്ടായില്ലെങ്കിലും എന്റെ എഴുത്തിനെ അതു ബാധിച്ചു. ഇതുപോലുള്ള അനുഭവങ്ങൾ മറ്റ് എഴുത്തുകാർക്കുമുണ്ടായിരുന്നു. പ്രോത്സാഹനത്തിന്റെ ഒരു വാക്കുപോലും കലാകാരന് ടോണിക്കാണ്.

■ *ഒരു തമിഴ് എഴുത്തുകാരിയെന്ന നിലയിൽ നിങ്ങൾക്കെന്തെങ്കിലും കുറവുണ്ടെന്നു തോന്നുന്നുണ്ടോ? തമിഴ്നാടിനു പുറത്തുള്ളവർ താങ്കളെ അറിയുന്നില്ല. താങ്കളുടെ കൃതികൾ പരിചയപ്പെടാനാവുന്നില്ല. വിഷമം തോന്നുന്നുണ്ടോ?*

വിഷമമുണ്ട്. തീർച്ചയായും. നിത്യജീവിതത്തിൽ ഇംഗ്ലീഷിന് അമിതമായ പ്രാധാന്യം കിട്ടുന്നു. എന്റെ ഗ്രാമത്തിൽപ്പോലും കുട്ടികൾ അമ്മയ്ക്കു പകരം മമ്മിയെന്നും അപ്പയ്ക്കു പകരം ഡാഡിയെന്നും വിളിക്കുന്നതിൽ മാതാപിതാക്കൾക്ക് സന്തോഷമുണ്ട്. ഇംഗ്ലീഷ് ഒരു മേൽക്കൈയുള്ള ഭാഷയായിക്കഴിഞ്ഞു. അതു ചെടിപ്പിക്കുന്നു. സങ്കടമുണ്ട്.

> കാഞ്ചീപുരം ജില്ലയിൽ ഇപ്പോഴും ദളിതർക്ക് പള്ളികളിൽ മറ്റുള്ളവരൊപ്പം ഇരിക്കാനാവില്ല

■ *ഇത് ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനയല്ലേ? എല്ലാത്തിനുമുപരി എല്ലാ സ്ക്കൂളിലും വിദ്യാഭ്യാസം ഇംഗ്ലീഷിലാണ്* കൊടുക്കുന്നത്...

അതു ശരിയല്ല. പ്രാദേശിക ഭാഷ പഠിപ്പിക്കുന്ന ധാരാളം സ്കൂളുകളുണ്ട്. പക്ഷേ, അതിലും പ്രധാനമായി, വാസ്തവത്തിൽ ഈ ക്രിസ്ത്യൻ മിഷണറിമാർ ഇല്ലായിരുവെങ്കിൽ ഞങ്ങളെപ്പോലുള്ളവർ സ്കൂൾ കാണുമായിരുന്നില്ല. വിദേശ മിഷണറിമാർ ഇന്ത്യയിലേക്കു വന്നപ്പോൾ അവർ ഞങ്ങളെ സമാനരായി പരിഗണിച്ചു. കാര്യങ്ങൾ മോശമായി മാറാൻ തുടങ്ങിയത് ഇന്ത്യക്കാർ ഏറ്റെടുത്തതു മുതലാണ്. അതുകൊണ്ടാണ് ഞങ്ങൾ ക്രിസ്ത്യാനികളായിട്ടും ജാതി പോകാതിരുന്നത്. കാഞ്ചീപുരം ജില്ലയിൽ ഇപ്പോഴും ദളിതർക്ക് പള്ളികളിൽ മറ്റുള്ളവരൊപ്പം ഇരിക്കാനാവില്ല. സെമിത്തേരി പോലും വേറെവേറെയാണ്. അറിയാമോ 'കരുക്ക്' എനിക്ക് അങ്ങേയറ്റത്തെ സന്തോഷം തന്നതാണ്. ബാംഗ്ലൂരിലെ തിയോളജിക്കൽ കോളേജുകളിൽ അതുപയോഗിക്കുന്നുണ്ട്. അത് വലിയൊരു വിജയമാണ്.

■ *കരുക്കിന്റെ ഇംഗ്ലീഷ് വിവർത്തനത്തെപ്പറ്റി എന്താണഭിപ്രായം?*

ലക്ഷ്മിയുടെ ശ്രമം അഭിനന്ദനീയമാണ്. പുസ്തകത്തിലെ ബുദ്ധിമുട്ടുള്ള വാക്കുകൾ മനസ്സിലാക്കാൻ നിരവധി തവണ എന്റടുക്കൽ വന്നു. അവളെ കുറ്റപ്പെടുത്താനാവില്ല. ആദ്യം വായിക്കുമ്പോൾ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാണ്. അതിനവൾക്കെന്തുചെയ്യാനാവും? അതിൽ ഞാനുപയോഗിച്ച പല വാക്കുകൾക്ക് തത്തുല്യമായ വാക്ക് ഇംഗ്ലീഷിലില്ല. പക്ഷേ, അതിന്റെ സത്ത അവൾക്കു പിടികിട്ടിയിരുന്നു. തമിഴ്‌വാക്കുകൾ അറിയില്ലായിരുന്നിട്ടും അവൾ നല്ലൊരു ശ്രമമാണ് നടത്തിയത്.

■ *ഇന്ത്യയിലെ ചെറുപ്പക്കാർ ഒറ്റയാന്മാരല്ല. അവർക്കുവേണ്ടിയാണ് ഞങ്ങൾ എഴുതുന്നതെന്ന് നിങ്ങൾ ഒരിക്കൽ പറഞ്ഞു. അതുകൊണ്ട് നിങ്ങളെന്താണർത്ഥമാക്കുന്നത്?*

താരാപബ്ലിഷിങ്ങും മാക്സ്മുള്ളർഭവനും സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെടുക്കുകയായിരുന്നു ഞാൻ. ചെറുപ്പക്കാർ ഓരോ സ്ഥലത്തും വ്യത്യസ്തരാണെന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്. അവർക്ക് സാമൂഹ്യരാഷട്രീയസാംസ്കാരിക വ്യത്യാസങ്ങളുണ്ട്. നിങ്ങൾ എഴുതുമ്പോൾ നിങ്ങൾ മനസ്സുകൊണ്ടു ചെറുപ്പമായിരിക്കണമെന്നാണ് എഴുത്തുകാരോട് ഞാൻ പറഞ്ഞത്. ശ്രമിച്ചത്. അവർക്കൊരു പിടിച്ചെടുക്കുന്ന മനസ്സുണ്ട്. അതുകൊണ്ട് ഓരോരുത്തരും ജാഗ്രതയുള്ളവരാവണം. ഞാനെന്റെ കാര്യം പറയാം. ഞാനെഴുതുമ്പോൾ അധീശവർഗ്ഗത്തെയും അടിമവർഗ്ഗത്തെയും ഞാനോർക്കും. അധീശവർഗ്ഗത്തിന് ആത്മപരിശോധന നടത്തുവാൻ അവരിൽ നിന്നുള്ള ചെറുപ്പക്കാരെ എനിക്കാവശ്യമാണ്. അടിമവർഗ്ഗക്കാരുടെ സ്വത്വസ്ഥാപനത്തിന് ധൈര്യം കൊടുക്കാൻ അവരിലെ ചെറുപ്പക്കാരെയും എനിക്കാവശ്യമുണ്ട്. ഞാൻ പറഞ്ഞതു മനസ്സിലായെന്നു കരുതുന്നു. അധഃസ്ഥിതരായ യുവാക്കളെ അവരുടെ പാർശ്വവത്കൃതാവസ്ഥകളിൽ നിന്നു ഉയർത്തുവാൻ ഞാനാഗ്രഹിക്കുന്നു.

■ *നിങ്ങൾ വിവാഹിതയാണോ?*

അല്ല. വിവാഹിതയല്ല. തമിഴ്നാട്ടിൽ ഒറ്റയ്ക്കൊരു സ്ത്രീ ജീവിക്കുക എന്നത് എത്ര വിഷമം പിടിച്ചതാണെന്നു നിങ്ങൾക്കു മനസ്സിലാകും. അതത്ര എളുപ്പമല്ല. എല്ലാത്തരത്തിലുള്ള കഥകളും നിങ്ങൾക്കു ചുറ്റുമുണ്ടാകും.


■ *അതിനുള്ളിലാവുക ഒരു സ്വസ്ഥമായ അവസ്ഥയാണോ?*

(ചിരിക്കുന്നു) ഞാൻ സ്വസ്ഥയുമാണ്. അസ്വസ്ഥയുമാണ്. ■

(വിവർത്തനം: ഡോ.സജിത.കെ.ആർ)

# 22 FK

## ഇവർ എന്തു പറയുന്നു?




**സനിത**

നാം കണ്ടുശീലിച്ച നായികാ സങ്കല്പങ്ങളിൽനിന്ന് വ്യത്യസ്തയാണ് ഇതിലെ നായിക. കാമുകനുമുന്നിൽ താനൊരു കന്യകയല്ലെന്ന് പറയുന്നവൾ. ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട ടെസ്സയുടെ പ്രതികാരനടപടിയിലൂടെയും ആണിനോടുള്ള വെല്ലുവിളിയിലൂടെയും മലയാളസിനിമാപ്രേക്ഷകർക്ക് ഒരു 'ഷോക് ട്രീറ്റ്മെന്റ്' ആയി സിനിമ മാറുന്നു. പെണ്ണിന്റെ മാനം നാലുകോളം വാർത്തയും ചാനൽചർച്ചയും മാത്രമായൊതുക്കുന്ന മലയാളിയുടെ കാപട്യത്തിനുനേരെയുള്ള തിരക്കാഴ്ചയാണീ സിനിമ. പെണ്ണിനുനേരെയുള്ള അനീതികൾക്ക് ഒരു പരിഹാരമാകാൻ ഇത്തരം പ്രതികാരനടപടിക്കു കഴിയുമോ എന്ന ചോദ്യം ഓരോ പ്രേക്ഷകൻ/പ്രേക്ഷക മനസ്സിലും ബാക്കിവെക്കുന്നു ഈ ചിത്രം.








## അൽഫോൻസ

സ്ത്രീകളോടുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്നേഹം നടിച്ച് തന്റെ മാനത്തിന് വില പറഞ്ഞ ഒരു പുരുഷനോട് ഒരു പെൺകുട്ടി പ്രതികരിച്ച രീതി തീർച്ചയായും വളരെ നന്നായി. 22 ഫീമെയിൽ കോട്ടയം എന്ന ഈ സിനിമയിലൂടെ ഒരു പെൺകുട്ടി തന്നെ നശിപ്പിച്ചവനെതിരെ തന്റേടത്തോടുകൂടി പ്രതികരിച്ചെങ്കിലും അവിടെയും സമൂഹത്തിൽ സ്ത്രീകളുടെ മാനത്തിന് വിലകല്പിക്കാത്ത മറ്റൊരു പുരുഷന്റെ കൂട്ടുപിടിക്കേണ്ടിവന്നത് ഒരു പോരായ്മയായി തോന്നി. ഇനിയൊരിക്കലും ഒരു പെൺകുട്ടിയേയോ സ്ത്രീയേയോ കാമത്തിന്റെ കച്ചവടക്കണ്ണോടുകൂടി ഒരു പുരുഷനും കാണാതിരിക്കട്ടെ.

## ഷംഷാദ് ഹുസൈൻ

സിനിമ എനിക്കിഷ്ടമായി. അതു കണ്ട് തിയേറ്ററിനു പുറത്തുവന്നപ്പോൾ വളരെ അഭിമാനത്തോടെ തലയുയർത്തി നിന്നു. ആശയപരമായി സിനിമയോട് ചില വിയോജിപ്പുകൾ ഉണ്ട്. സ്ത്രീക്കും പുരുഷനുമുള്ള പ്രശ്നത്തെ ജെനിറ്റിക്കൽ ആയിട്ടാണ് സിനിമ അഡ്രസ്സ് ചെയ്യുന്നത്. പക്ഷേ, നമ്മുടെ മലയാളസിനിമയുടെ ചരിത്രം പരിശോധിച്ചാൽ സിനിമ എന്നും ഒരു കളിയാണ്. എപ്പോഴും പുരുഷൻമാത്രം ജയിക്കുന്ന, പുരുഷന്റെ നീക്കങ്ങൾ മാത്രം ന്യായീകരിക്കപ്പെടുന്ന കളി. ചില കളിയിലെങ്കിലും ഞങ്ങൾ സ്ത്രീകളും ജയിച്ചുതുടങ്ങിയെന്ന സന്തോഷവും അഭിമാനവുമാണ് ഈ സിനിമ കണ്ടപ്പോൾ തോന്നിയത്.

## സുൽഫത്ത്

മലയാളികൾ പ്രത്യേകിച്ച് പെൺകുട്ടികൾ കാണേണ്ട ഒരു നല്ല സിനിമയാണ് 22 ഫീമെയിൽ കോട്ടയം. ആദ്യപകുതിയിലെ ടെസ്സ മലയാളസിനിമയിലും മലയാളിയുടെ ജീവിതപരിസരത്തും നിരന്തരം കാണപ്പെടുന്ന, പുരുഷന്റെ ചതിക്കുഴിയിൽ വീഴുകയും ഇരകളാക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയുടെ പ്രതിനിധിയാണ്. എത്ര റൊമാന്റിക്കായിട്ടാണ് പെൺകുട്ടികളെ കെണിയിൽ വീഴ്ത്തുന്നതെന്നുകൂടി ഈ സിനിമ കാണിച്ചുതരുന്നു. പക്ഷേ, രണ്ടാംപകുതിയിലെ ടെസ്സ ഇന്നുവരെ മലയാളിയുടെ ജീവിതപരിസരത്തിൽ എവിടെയും കണ്ടിട്ടില്ലാത്ത സ്ത്രീപ്രാതിനിധ്യം ആണ്. ഇത്തരം ഒരു സ്ത്രീ പ്രതിനിധാനത്തിന് ചങ്കൂറ്റംകാണിച്ച ഇതിന്റെ പ്രവർത്തകർ പ്രതീക്ഷയ്ക്കു വകനൽകുന്നു. ഇതുപോലെ ജയിൽ ഒരു പാഠശാലയാകുന്ന സിനിമയും മലയാളത്തിലാദ്യമായിട്ടാണെന്നു തോന്നുന്നു. ആർക്കെങ്കിലും ഈ സിനിമ അരോചകമായിത്തോന്നുന്നുണ്ടെങ്കിൽ അതിനു കാരണം പെണ്ണിന് ചുറ്റും വരച്ചുവെച്ചിട്ടുള്ള അതിർവരമ്പുകൾക്കപ്പുറം കടക്കുന്ന (മദ്യപിക്കുന്ന, മുടിമുറിക്കുന്ന, ഭർത്താവല്ലാത്ത പുരുഷനോടൊപ്പം സ്വന്തം ഇഷ്ടപ്രകാരം കിടക്ക പങ്കുവെക്കുന്ന, കൊലപാതകം നടത്തുന്ന) വ്യത്യസ്ത സ്ത്രീകഥാപാത്രങ്ങളുടെ സാന്നിദ്ധ്യമായിരിക്കാം. നീണ്ട കിടിലൻ ഡയലോഗുകൾ എയ്തുവിടുന്ന 'കരുത്ത'രായ പുരുഷകഥാപാത്രങ്ങൾക്കുപകരം സൗമ്യമായ ശബ്ദത്തിൽ ടെസ്സയോട് തടവുകാരി സുബൈദയും അവസാനം സിറിലിനോട് ടെസ്സയും പറയുന്ന ഡയലോഗുകൾ ഒരു പുതിയ അനുഭവംതന്നെയാണ്.

## പി.എം. ഗീത

22 ഫീമെയിൽ കോട്ടയം എന്ന സിനിമ പരസ്യപ്പെടുത്തുന്നതും ആസ്വദിക്കപ്പെട്ടതും പൊതുവെ സ്ത്രീപക്ഷസിനിമ എന്ന നിലയിലാണ്. എന്നാൽ സിനിമ കണ്ടിറങ്ങുന്ന ഒരു സ്ത്രീപക്ഷവാദി ഈ സിനിമയെ ആ നിലയ്ക്ക് നെഞ്ചേറ്റുമെന്ന് തോന്നുന്നില്ല. ആഗോളവത്ക്കരണകാലത്തെ പെൺകുട്ടിയേയും അവളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വ്യാമോഹങ്ങളേയും സിനിമ കൃത്യമായി തന്നെ അടയാളപ്പെടുത്തുന്നുണ്ട്. എന്നാൽ പെൺകുട്ടികളെ കേന്ദ്രീകരിച്ചുനടക്കുന്ന ശരീരചൂഷണങ്ങളെ തുറന്നുകാണിക്കുന്നതിനപ്പുറം അതിന്റെ പിന്നിലെ രാഷ്ട്രീയസാമ്പത്തിക പരിസരങ്ങളെ സിനിമ വിശകലനം ചെയ്യുന്നില്ല. സിറിലിനോട് ടെസ്സ നടത്തുന്ന പ്രതികാരം ഒരു സാധാരണ കമേഴ്സ്യൽ സിനിമയിലെ നായകൻ വില്ലനോട് ചെയ്യുന്നതിനപ്പുറത്തേക്ക് കടക്കുന്നില്ല. മാത്രവുമല്ല പെൺശരീരചൂഷണത്തിന്റെ പ്രതിവിധി പുരുഷലിംഗനിരാസമാണെന്ന് അംഗീകരിക്കാൻ കഴിയില്ല. ഈ പ്രതികാരനടപടിക്ക് ടെസ്സയെ സഹായിക്കുന്നതും ചൂഷകസമൂഹത്തിന്റെ പ്രയോക്താക്കളാണ് എന്നത് സിനിമയുടെ അടിസ്ഥാനപരമായ നിലപാടിനെ അപകടപ്പെടുത്തുന്നുണ്ട്. വളർന്നുവരേണ്ടത് സ്ത്രീപുരുഷസൗഹൃദങ്ങളാണ് എന്ന സന്ദേശം സിനിമ പകരുന്നില്ല. എടുത്തുപറയാവുന്ന ഒരു കാര്യം സിനിമ നിലനിൽക്കുന്ന കന്യകാത്വസങ്കല്പത്തെ തകർത്തെറിയുന്നു എന്നതാണ്. വിവാഹപൂർവ്വ ബന്ധങ്ങളേയും ലൈംഗികതയിലുള്ള സ്വയം നിർണ്ണയാവകാശത്തെയും മനുഷ്യന്റെ മികവുകളായി കണക്കാക്കപ്പെടുന്ന ഒരു സമൂഹത്തിന്റെ കപടസദാചാരമുഖത്തേക്കുള്ള ഒരു കാർക്കിച്ചുതുപ്പൽ ഈ സിനിമ നടത്തുന്നുണ്ട്. താൻ കന്യകയല്ല എന്ന് സരളമായി പ്രഖ്യാപിക്കുന്ന ടെസ്സ കേരളസമൂഹത്തിന്റെ കാപട്യത്തിനു നൽകുന്ന പ്രഹരം അഭിനന്ദിക്കപ്പെടേണ്ടതാണ്.




# 'ഭ' യല്ല 'ഫ'

ഗീത

**ലോകോത്തരമായ** പെൺസിനിമയെന്ന നിലയ്ക്കല്ല 22 ഫീമെയിൽ കോട്ടയം എന്ന പുതിയ സിനിമയെ മലയാളിപ്പെണ്ണിന് അഭിസംബോധനചെയ്യേണ്ടിവരുന്നത്. ആക്രമിക്കപ്പെടുന്ന പെണ്ണ് എന്നതല്ല പ്രശ്നം. ആക്രമണാനന്തരമുള്ള പതിവുവാർപ്പു സ്ത്രീമാതൃകകളെ പുനരാനയിക്കുന്നതിൽനിന്ന് 22 ഫീമെയിൽ കോട്ടയം എങ്ങനെ മാറിനിൽക്കുന്നുവെന്നതാണു പ്രധാനം. അപ്പോൾ സ്ത്രീപുരുഷനിർമ്മിതികളെയെന്നപോലെ സ്ത്രീപുരുഷബന്ധത്തേയും പാരമ്പര്യേതരമായി പ്രശ്നവത്ക്കരിക്കാൻ ഈ സിനിമയ്ക്കു കഴിഞ്ഞതെങ്ങനെ എന്ന് നാമന്വേഷിക്കേണ്ടിവരുന്നു.

സിനിമയ്ക്കുള്ളിലെ പെണ്ണും എല്ലായ്പോഴും സിനിമയ്ക്കകത്തും പുറത്തുമുള്ള പുരുഷന്റെ ലൈംഗികോത്തേജനത്തിനുള്ള കേവലശരീരമാണെന്ന വസ്തുത ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഏറെ ഗവേഷണങ്ങളും തെളിവുകളും ഇതു പറയുന്നതിനാവശ്യമില്ല. പ്രണയിക്കപ്പെടുന്ന പെണ്ണിനും പീഡിപ്പിക്കപ്പെടുന്ന പെണ്ണിനും സിനിമയിൽ ഒരു ശരീരമാണ്. ശരീരം മാത്രമായി വ്യക്തി സങ്കോചിപ്പിക്കപ്പെടുമ്പോൾ പ്രണയം പീഡനമാകുന്നു. അപക്വമായ സ്ത്രീപുരുഷബന്ധങ്ങളുടേയും ലൈംഗികപീഡനങ്ങളുടേയും ചിത്രീകരണങ്ങൾ നിറഞ്ഞിരിക്കുന്ന മലയാളസിനിമയുടെ അംഗീകൃത പൊതുഭാവുകത്വത്തെ ടെസ്സ കെ. എബ്രഹാം വിച്ഛേദിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതെപ്രകാരം എന്നതാണ് അന്വേഷിക്കേണ്ടിയിരിക്കുന്നത്.

കോട്ടയത്തുനിന്ന് ബാംഗ്ലൂരിലെത്തിപ്പെട്ട ടെസ്സ കെ. എബ്രഹാം എന്ന ഇരുപത്തിരണ്ടുകാരി നേഴ്സും ആഗ്രഹിക്കുന്നത് കാനഡയിലേക്കു പറക്കുവാനാണ്. സിനിമ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന അവളുടെ കണ്ണുകളിലെ കരുണ ന്യായമായും സംശയിക്കപ്പെടുന്ന ഒരു ഭൗതിക സാഹചര്യമാണിത്. അത്തരം സാമൂഹിക പരിസരങ്ങളെ തത്ക്കാലം മാറ്റിനിർത്തുന്നു. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരുവൾ എന്നതിനേക്കാൾ വ്യക്തിത്വമുള്ള ഒരുവൾ എന്നതാണ് ടെസ്സയ്ക്കു ചേർന്ന വിശേഷണം. വ്യക്തിപരമായതെന്തും രാഷ്ട്രീയമാകുന്നു എന്ന സ്ത്രീവാദപരികല്പനയുടെ പശ്ചാത്തലത്തിൽ ടെസ്സയെന്ന




സ്ത്രീയുടെ കേവലവ്യക്തിത്വവും ദൈനംദിന ജീവിതവും ലോകകാലങ്ങളോടു സംവദിക്കാൻ ശേഷിയുള്ളതാണ്.

ടെസ്സയുടേയും സിറിലിന്റേയും പ്രണയം സിറിൽ ഒരുക്കിയ കെണിയായിരുന്നു. അതറിയാതെ അതിൽത്തന്നെ ചെന്നുവീഴുന്ന ടെസ്സ പക്ഷേ, ആ പ്രണയത്തിലും അവരൊന്നിച്ചുള്ള ജീവിതത്തിലും ലൈംഗികബന്ധത്തിലും പുലർത്തുന്ന സുതാര്യതയും ആത്മാർത്ഥതയും ശ്രദ്ധേയമാണ്. അവളുടെ അന്നോളമുള്ള ജീവിതം തുറന്ന പുസ്തകമായിരിക്കുമ്പോഴും അവന്റെ ജീവിതം അടഞ്ഞിരിക്കുന്നു. യഥാർത്ഥ 'അവൻ' ആരാണ്? അതുകൊണ്ടാണ് അവന്റെ മുഖത്തുനോക്കിയാൽ മനസ്സറിയാൻ കഴിയില്ലെന്ന് വൈകിയെങ്കിലും അവൾ തിരിച്ചറിയുന്നത്. ഇവിടെവെച്ച് പ്രണയത്തിന്റെ മാത്രമല്ല ജീവിതത്തിന്റെ മുഴുവൻ അവകാശിയും അവൾ മാത്രമായിരിക്കുന്നു. നായിക നായകനെക്കാൾ കള്ളുകുടിക്കാൻ 'കപ്പാസിറ്റി' തെളിയിക്കുന്നതുകൊണ്ടോ താൻ കന്യകയല്ലെന്നവനോടു തുറന്നുപറയുന്നതുകൊണ്ടോ അല്ല ഈ സിനിമയുടെ ഭാവുകത്വം സവിശേഷമായിരിക്കുന്നത്. മറിച്ച് അവനിലില്ലാത്ത സത്യം -അതുതന്നെയാണിവളുടെ കർതൃത്വമായി വികസിക്കുന്നത്- അവളിലുണ്ടെന്നു പറയാൻ നിയോഗിക്കപ്പെടുന്നിടത്താണ് സിനിമയിലെ ഭാവുകത്വ വിസ്ഫോടനങ്ങളും വ്യതിയാനങ്ങളും വിച്ഛേദങ്ങളും സംഭവിക്കുന്നത്.

സിറിലുമായുള്ള ബന്ധത്തിൽ



ടെസ്സയുടെ പ്രണയം, ലൈംഗികബന്ധം, ലൈംഗികസുഖം എന്നിവയുടെ കർതൃത്വം അവൾക്കുതന്നെയായിരുന്നു. എന്നാൽ സിറിലിന്റെയോ? അപ്പോഴാണ് ലൈംഗികാവയവം മുറിച്ചുമാറ്റിക്കൊണ്ട് ഒരു അവയവമല്ല ആണത്തമെന്ന പാഠം അവൾക്കവനെ പഠിപ്പിക്കേണ്ടിവരുന്നത്. അവനെത്ര ആവർത്തിക്കുമ്പോഴും 'ഭ്ക്ക് അവൾ 'ഫ' എന്നു തന്നെ ഉച്ചരിക്കുന്നു. അവൻ നിശ്ചയിക്കുന്ന ഉച്ചാരണശുദ്ധിയിലേക്ക് അവൾ സ്വന്തം അക്ഷരങ്ങളെ കുളിപ്പിച്ചു തോർത്തിയെടുക്കുന്നില്ല. ഈ പ്രാദേശിക ഉച്ചാരണഭേദത്തെ തിരുത്തിച്ച് പുരുഷനിർണീത മുഖ്യധാരയിലേക്കു പ്രവേശിക്കാൻ വിസമ്മതിച്ചതുതന്നെയാണവളുടെ സ്വത്വശക്തി.

തന്നെ വഞ്ചിച്ച പുരുഷനോട് ടെസ്സയെന്ന പെണ്ണിന്റെ പ്രതികാരം മാത്രമല്ല, സിനിമയിലെ വന്ധ്യംകരണ പ്രക്രിയ. ഇതൊരുതരം പാഠം പഠിപ്പിക്കലാണ്. മനുഷ്യജീവിയായി മാറാൻ സിറിലിനെ ജ്ഞാനസ്നാനം ചെയ്യിക്കുന്ന ടെസ്സ പുരുഷനെന്ന നിലയ്ക്കുള്ള അവന്റെ അഹങ്കാരസുഖങ്ങൾ കടമുറിച്ചുമാറ്റുന്നു. വികാരമുണ്ടായിട്ടും സുഖിക്കാൻ കഴിയാത്തവനായി അവനെ ജീവിക്കാൻ ശപിക്കുന്നു. അതോടെ നീ വെറും പെണ്ണാണ് എന്നാക്രോശിക്കുന്ന ഒരു പുരുഷൻ സിനിമയ്ക്കുള്ളിൽ ഇല്ലാതാവുന്നു. ഈ ഷണ്ഡീകരണാനുഭവം മലയാളസിനിമയ്ക്കു പുതിയതാണ്. അധികാരിയായ 'ആണി'ല്ലാതാവുകയും മനുഷ്യനായി 'പെണ്ണു' നിലനില്ക്കുകയും ചെയ്യുന്ന അപൂർവ്വ സന്ദർഭം സിനിമയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സിറിൽ നടുവളഞ്ഞ് തലകുനിഞ്ഞ് തളർന്നുമടങ്ങിയിരിക്കുമ്പോൾ ടെസ്സ പുറംതിരിഞ്ഞ് തലയുയർത്തിപ്പിടിച്ച് നടന്നുപോകുന്ന ദൃശ്യത്തിലൂടെയാണ് സിനിമയിലിതു സാധിച്ചിരിക്കുന്നത്. പുരുഷൻ തന്നോടു ചെയ്തുകൂട്ടിയ കൊടിയ പാപങ്ങളോടുള്ള പ്രതിക്രിയ ഇത്തരത്തിൽ പെണ്ണുതന്നെ നിർവഹിക്കുന്നതോടെ ഈ സിനിമയെ നാല്പത്തഞ്ചുകാരനായ മെയിൽ ഷോവനിസ്റ്റ് വെറുക്കുന്നുവെന്നതും മലയാളസിനിമയ്ക്കുള്ളിൽ ആണധികാരമില്ലാത്ത ഒരു പെണ്ണനുകൂലലോകം സൃഷ്ടിക്കപ്പെടുന്നുവെന്നതും വ്യാമോഹമാണെന്നറിയാൻ പെണ്ണിനവളുടെ സാമാന്യബുദ്ധി മാത്രം മതിയാകും. എന്നാൽ പ്രണയനാട്യങ്ങളാലും അതിക്രമങ്ങളാലും കാലാകാലമായി താൻ പെണ്ണിനോടു തുടർന്നുപോരുന്ന വഞ്ചനാപരമായ അത്യാചാരങ്ങളെച്ചൊല്ലി മലയാളിപുരുഷലോകത്തിന്റെ അബോധമായ പശ്ചാത്താപവും ഭീതിയും ഉത്കണ്ഠയും അതിലുപരിയായ ആശയക്കുഴപ്പങ്ങളും വിളംബരം ചെയ്യാൻ ഈ പുരുഷസിനിമ ധൈര്യപ്പെടുന്നുവെന്നതാണ് പെൺവ്യവഹാരങ്ങളിൽ ഇതിന്റെ പ്രസക്തി. അതുകൊണ്ടുതന്നെ പതിവുസിനിമാരീതികളിൽനിന്നു വിഭിന്നമായി കഥയെ ആദ്യന്തം മുമ്പോട്ടു നയിക്കുന്നതു സ്ത്രീകഥാപാത്രമാണ്. സ്ത്രീകളുടെ ദൃശ്യത സിനിമയുടെ പ്രത്യേകതയാണ്. പെണ്ണുങ്ങൾ ലൈംഗികാവയവങ്ങൾ മാത്രമാകുന്നതിനെ ചെറുക്കുന്നതിലും ഒരു പരിധിവരെ സിനിമ വിജയിക്കുന്നു. ആശുപത്രി, അങ്ങാടി, ആപ്പീസ്, പൊതുവഴി, ജെയിൽ എന്നിങ്ങനെ വീടും മുറിയുമല്ലാത്ത പൊതുഇടങ്ങളിൽ ചലനനിരതരും കർമ്മനിരതരുമായിരിക്കുന്ന പെണ്ണുങ്ങൾ ധാരാളമായി ദൃശ്യമാകുന്നു. അഭിനയശേഷിയില്ലാത്ത നടിമാരാണ് ഇപ്പോഴത്തെ മലയാളസിനിമയുടെ ദൗർഭാഗ്യമെന്ന ധാരണയെ തിരുത്തിക്കൊണ്ട് സിനിമയെ മൊത്തമായി ചുമലേറ്റി വിജയിപ്പിക്കാൻ ശേഷിയുള്ള നടിമാർ മലയാളത്തിൽ സാധ്യമാണെന്നു തെളിയിക്കുവാനും സിനിമയ്ക്കു കഴിയുന്നു. വാ തുറന്നുള്ള മലയാള ഉച്ചാരണരീതിയിലേക്കു കൂടി ഇവർ വികസിച്ചിരുന്നെങ്കിൽ.■

## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽനിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ) ക്ഷണിക്കുന്നു.

പ്രിയവരിക്കാർക്ക് വാർഷിക വരിസംഖ്യ പുതുക്കാൻ സമയമായിട്ടുള്ളവർ അടുത്ത വർഷത്തേക്കുള്ള വരിസംഖ്യ ഉടൻ പുതുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*പത്രാ.സമിതി*

## സംഘടിത മാസിക
### വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വാർഷിക വരിസംഖ്യ | : 1000 രൂപ |




# 22 ഫീമെയിൽ കോട്ടയം

## സ്യൂഡോ ഫെമിനിസ്റ്റ് ചിന്തകൾ



അഖില ഹെൻറി



**എല്ലായിടത്തും** 22 ഫീമെയിൽ കോട്ടയത്തെപ്പറ്റിയുള്ള ചർച്ചകളാണ്. സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകളിലെല്ലാം എവിടെത്തിരിഞ്ഞാലും ഈ സിനിമതന്നെ. മിക്കതും മലയാളസിനിമയിലേക്ക് ഫെമിനിസത്തിന്റെ കടന്നുവരവ് എന്ന രീതിയിലാണ്. എനിക്കുപക്ഷേ, അങ്ങനെ തോന്നുന്നേയില്ല. അതു സംഭവിക്കാൻ ഇനിയും ഏറെക്കാലമെടുക്കും എന്നുതന്നെയാണ് എനിക്കു തോന്നുന്നത്.

ആദ്യംതന്നെ ഇതിൽ വളരെ ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയാം. ഫഹദ്ഫാസിലും റിമ കല്ലിങ്കലും തമ്മിലുള്ള പ്രണയം. അത് അതിമനോഹരമായി സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നു. ചിത്രീകരണത്തിന്റെ കാര്യമാണ് പറയുന്നത്, പ്രണയത്തിനെപ്പറ്റിയുള്ള കാഴ്ചപ്പാടുകളൊക്കെ മറന്നിട്ട്. ഒന്നാം ബലാത്സംഗത്തിനും രണ്ടാം ബലാത്സംഗത്തിനും ഇടയിലുള്ള റിമയുടെ ജീവിതവും അതുപോലെത്തന്നെ. രണ്ടാമതൊരു പ്രണയവും സംവിധായകൻ കാണിക്കുന്നു. റിമയുടെ അനിയത്തികഥാപാത്രത്തിലൂടെ. അതിലെ റിമയുടെ ആൺസുഹൃത്തിനെ ചിത്രീകരിച്ചിരിക്കുന്നതും നല്ല വൈദഗ്ധ്യത്തോടെയാണ്.

പശ്ചാത്തലസംഗീതത്തെ സിനിമ കണ്ടവരെല്ലാം പ്രശംസിക്കുന്നതുകേട്ടു. എനിക്കത് വളരെ അരോചകമായാണു തോന്നിയത്. കിൽ ബില്ലിനെ അനുകരിക്കാൻ ശ്രമം നടത്തിയതായി തോന്നി. അത് സിനിമയിലും ഉള്ളസ്ഥിതിക്ക് മനഃപൂർവ്വം ചെയ്തതായിരിക്കാനും വഴിയുണ്ട്. പക്ഷേ, അനുകരണം തീരെ നന്നായില്ല എന്നാണ് എന്റെ അഭിപ്രായം.

പിന്നെ നവതരംഗം, നവതരംഗം എന്നു പറഞ്ഞാൽ ഇതാണെങ്കിൽ ഇത് നമുക്കുവേണ്ട എന്ന അഭിപ്രായത്തോട് ഈ സിനിമയുടെ കാര്യത്തിൽ എനിക്ക് യോജിപ്പില്ല. സോൾട്ട് ആന്റ് പെപ്പർ വരെ അതു ശരിയാണെന്നെനിക്കു തോന്നി. പക്ഷേ, ചാപ്പ കുരിശും 22 എഫ്‌കെ യും കൊണ്ടുവരുന്നത് മാറ്റംതന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നുണ്ട്. 22 എഫ്‌കെയോട് യോജിക്കുന്നതുകൊണ്ടല്ല ഇത്. ഈ സിനിമ തുറക്കുന്ന വഴികളോടുള്ള യോജിപ്പാണ്.

ഇതിൽ സ്യൂഡോ ഫെമിനിസമാണ് സംവിധായകൻ അവതരിപ്പിക്കുന്നതെങ്കിലും അത് ഫെമിനിസമായി വാഴ്ത്തപ്പെടുന്നുണ്ട്. അപ്പോഴേതായാലും ഫെമിനിസം സിനിമയിലേക്കുവന്നാൽ അതിനും നിർമ്മാതാക്കളെ കിട്ടുമായിരിക്കും എന്ന സാധ്യതയിലാണ് എന്റെ കണ്ണ്; വേറൊന്നുംകൂടി, ഇനി ഞാൻ നേരത്തെ പറഞ്ഞ പ്രശ്നത്തിലേക്ക്.

ആഷിക് അബുവിന്റെ ഫേസ്ബുക്ക് പ്രൊമോഷൻ കാംപെയിൻ രസമാണു കാണാൻ. അവസാനമായി ഞാൻ ഈ സിനിമയെ വെറുക്കുന്നു എന്ന് ഒരു മെയിൽ ഷോവനിസ്റ്റ് പറയുന്നതു കാണിക്കുന്ന ഒരു പോസ്റ്ററും കണ്ടു. സിനിമ കാണുന്നതിനു മുമ്പുതന്നെ എന്റെ ശ്രദ്ധയിൽപ്പെട്ടത് സംവിധായകന്റെ ഈ പ്രചരണത്തിന്റെ സ്വഭാവമാണ്. ഇത് ഒരു സ്ത്രീപക്ഷ സിനിമയാണെന്നു പറഞ്ഞ് വിശ്വസിപ്പിക്കാൻ അതികഠിനമായി പരിശ്രമിക്കുന്നു. അതിൽ വിജയം കണ്ടെത്തുന്നുമുണ്ട്. ബസ്സിൽ ഒരു സ്ത്രീയെ ജാക്കിവെക്കുന്ന ആളെ അവർ തല്ലുന്നതും തെറിവിളിക്കുന്നതുമായ വീഡിയോ പെട്ടെന്നു തന്നെ ഹിറ്റായല്ലോ.

സിനിമ കണ്ടുകഴിഞ്ഞിട്ടേതായാലും എനിക്കുതോന്നുന്നത് സംവിധായകന്റെതന്നെ വിശ്വാസമില്ലായ്മ കവർഅപ് ചെയ്യാനുള്ള ശ്രമമായിരുന്നു ഇത്തരത്തിലുള്ള പ്രചരണം എന്നാണ്. തന്റെ ഫെമിനിസ്റ്റ് ഐഡന്റിറ്റിയെ സംവിധായകൻ കുറെയധികം ഭയക്കുന്നുണ്ട്. അത് സ്വാഭാവികവുമാണ്. കാരണം ഇന്നേവരെ സ്ത്രീവിരുദ്ധമല്ലാത്ത ഒരു കമേഷ്യൽ സിനിമ മലയാളത്തിലുണ്ടായിട്ടില്ല. ഇത്രയുംനാൾ തുടർന്നുവന്നിരുന്ന ഒരു സമ്പ്രദായത്തെ ഒരൊറ്റ സിനിമകൊണ്ട് ഇത്രയും അട്ടിമറിക്കുക എന്നത് വളരെ ധീരമായ ഒരു കാര്യമാണ്. അതിന്റെ വ്യാകുലതകൾ കാണുക അതുകൊണ്ടുതന്നെ സ്വാഭാവികവും. പലതും ബോൾഡ് ആയി പറ




യാൻ ശ്രമിക്കുമ്പോഴും അതങ്ങനെയല്ല എന്നു വരുത്തിവെക്കാൻ അടുത്ത നിമിഷം സംവിധായകൻ ശ്രമിക്കുന്നതും അതുകൊണ്ടാണ്. ഇത് സിനിമയിലുടനീളം കാണാം. അതുകൊണ്ടുതന്നെ ഈ ഉദ്യമത്തെ ബഹുമാനിക്കുമ്പോഴും ഇതിനെ ഫെമിനിസ്റ്റ് സിനിമ എന്നു വിളിക്കുന്നതിനോട് എനിക്ക് ശക്തമായ വിയോജിപ്പുണ്ട്.

ഇതിലെ പ്രധാനപ്രശ്നം മെയിൽ നറേറ്റീവ് തന്നെയാണ്. പെണ്ണിനെപ്പറ്റി ആണ് സംസാരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നത്തിന്റെ വേറൊരു മുഖം. ഇതിന്റെ ആദ്യവശം നമ്മൾ ഇത്രയും നാൾ കണ്ടുകൊണ്ടിരുന്നതുതന്നെ. തീർത്തും ആൺ ഇൻഡസ്ട്രിയായ മലയാളം സിനിമാ വ്യവസായത്തിൽനിന്ന് പുറത്തുവരുന്ന സിനിമകളിലെല്ലാം സ്ത്രീകൾ നിസ്സാരവത്ക്കരിക്കപ്പെട്ടിരുന്നത് (ബലാത്സംഗം, അടക്കിയൊതുക്കൽ, റിഡിക്കുലിംഗ് മുതലായവയെ സൂചിപ്പിക്കാൻ ഞാൻ ഉപയോഗിക്കുന്ന പദം) ഈ കാരണംകൊണ്ടാണ്. ഇപ്പോൾ ആഷിക് അബുവിലേക്കു വരുമ്പോൾ പ്രശ്നം വേറെയാണ്. സ്ത്രീപക്ഷ പ്രമേയം അവതരിപ്പിക്കുമ്പോളും ആൺ സ്വത്വം അതിലേക്ക് ഒളിഞ്ഞുനോക്കുകയും അതിനെ വിമർശിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ചെയ്യിപ്പിക്കുന്നു.

ഒന്നാമതായി ഇതിലെ നറേറ്റർ. അത് ഒരു മെയിൽ വോയ്സാണ്. അതു സംവിധായകൻ തന്നെയാണ്. അയാളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. അതായത് ഈ കഥ നമ്മുടെ മുമ്പിലെത്തുന്നത് ഈ ആൺ നറേറ്റർ വഴിയാണ്. ടെസ്സ എന്ന ധീര (എന്ന് സംവിധായകൻ പറയുന്നു, അവിടെയും എനിക്കു വിയോജിപ്പ്) യുവതിയുടെ കഥ പുറംലോകത്തെത്താൻ ഒരു ആൺ നറേറ്ററെ ഉപയോഗിക്കുന്നത് ഒരു നല്ല രീതിയാണെന്നെനിക്കു തോന്നുന്നില്ല.

ഈ സിനിമയിൽ ശക്തമായ ഫെമിനിസം എന്നുപറഞ്ഞ് ഉയർത്തിക്കാണിക്കുന്ന ഇടങ്ങളെല്ലാം എടുത്തുനോക്കാം. ആദ്യം തന്നെ ഫഹദ് ഫാസിലിനെ ടെസ്സയുടെ അനിയത്തി ടിസ്സ വായിനോക്കുന്ന രംഗം. അവിടെ സാധാരണയായി ആണുങ്ങൾ ചെയ്യുന്ന ഒരു കാര്യം പെണ്ണുചെയ്യുന്നു എന്നതാണ് സവിശേഷതയായി കാണുന്നത്. 'എന്നാ കുണ്ടിയാടീ' എന്ന് ടിസ്സ പറയുമ്പോൾ തിയറ്ററിൽ കയ്യടിയുണ്ടാകുന്നുമുണ്ട്. അതു ഞാൻ വേറെവിടെയോ പറഞ്ഞതുപോലെ തെറിപറയുന്ന പെണ്ണിനെ ആഘോഷിക്കുന്ന ആൺസമൂഹം പോലെയാണ്.

പാലേരിമാണിക്യം ഞാൻ തിയറ്ററിൽ പോയി കണ്ടിട്ടില്ല. പക്ഷേ, അതിൽ മമ്മൂട്ടിയുടെ പുറകെ നടക്കുന്ന സ്ത്രീ പുകവലിച്ചപ്പോഴും ആളുകൾ കയ്യടിച്ചിരിക്കും എന്നെനിക്കുറപ്പാണ്. അതുപോലെയൊക്കെ. 'എന്നാ കുണ്ടി'യുടെ വർണ്ണന കഴിഞ്ഞിട്ടോ പിന്നെ? ആദ്യമൊന്ന് ചമ്മിയ ഫാസിൽ കാരക്റ്റർ സിറിൽ തിരിച്ചുവരുന്നു. വലിയ ചന്തിയുള്ള ആണുങ്ങളെ പെണ്ണുങ്ങൾക്കിഷ്ടമാണോ എന്നാണ് അയാളുടെ ചോദ്യം. അവിടെ ടെസ്സയും ടിസ്സയും നമ്രശീർഷരാവുമ്പോൾ തിയറ്റർ ഇളകിമറിയുകയാണ്. അതാണ് സംവിധായകന് വേണ്ടതും. തുലനം ചെയ്തുനോക്കുമ്പോൾ മെജോരിറ്റിയെ സങ്കടപ്പെടുത്തരുത്.

പിന്നെ മൊറാലിറ്റി കോൺസെപ്റ്റുകൾ സിനിമ തകർക്കുന്നതായി പറയുന്ന സ്ഥലങ്ങൾ. സെക്സിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലെ 'പ്രോഗ്രസ്സീവ്നെസ്സ്'. അതും ഒരു ഫെയ്സ് ആണ് സിനിമയിൽ. കന്യകാത്വം ടെസ്സ കാര്യമായി കാണുന്നില്ല എന്നാണ് പറയപ്പെടുന്നത്. അതും ശരിയല്ല. കാരണം

സിറിലിൽ അവൾക്ക് ആത്മാർത്ഥ പ്രണയം തോന്നിത്തുടങ്ങിയപ്പോൾ അവൾ ആദ്യം പറയുന്നത് താൻ ഒരു കന്യകയല്ല എന്ന കാര്യമാണ്. അതായത് ഇതിന് അത്രത്തോളം പ്രാധാന്യമുണ്ട് എന്നവൾ കരുതുന്നു. ഇതു പറഞ്ഞില്ലെങ്കിൽ അതു ചതിയായിപ്പോകുമല്ലോ എന്നാണവൾ വിചാരിക്കുന്നത്. കന്യകാത്വമില്ലായ്മയിൽ സിറിലിന് തന്നെ നിരസിക്കാൻ പാകത്തിന് എന്തോ ഉണ്ടെന്നും അവൾ വിശ്വസിക്കുന്നു. അവളുടെ ആദ്യ ലൈംഗിക അനുഭവത്തെ സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നതും ശ്രദ്ധിക്കണം. അബദ്ധം പറ്റിപ്പോയി എന്നാണ് അവൾ അതിനെപ്പറ്റി പറയുന്നത്. സംഭവിക്കാൻ പാടില്ലാത്തതെന്തോ സംഭവിച്ചു. അതുകൊണ്ടുതന്നെ അതിനെ ഒരു യഥാർത്ഥ അനുഭവമായി കണക്കാക്കാൻ പറ്റില്ല. അപ്പോൾ കന്യകയല്ലാത്ത പെണ്ണിനെ കാണിക്കുന്ന ആഷിക് അബുവിന് ഈ ക്ലോസസ്സ് നിർബന്ധമാണ്.

അതുപോലെതന്നെ വളരെ ലിബറേറ്റഡ് ആയ സ്ത്രീ എന്ന നിലയിൽ കാണിക്കുന്ന ടെസ്സയുടെ റൂംമേറ്റ്. അവരുടെ സെക്ഷ്വൽ ജീവിതവും തമാശയാണ്. അവർക്ക് ഒരാളോട് പ്രണയം തോന്നി അയാളുമായി ലൈംഗികബന്ധം പുലർത്തുകയല്ല ആ സ്ത്രീ ചെയ്യുന്നത്. പല പെണ്ണുങ്ങളുടേയും ശരീരത്തെ ആഗ്രഹിക്കുന്ന ഒരു വയസ്സന്റെ കൂടെ കിടക്കുകയും അയാളുടെ പണം ഉപയോഗിക്കുകയും ചെയ്യുകയാണ്. സ്ത്രീയുടെ ലിബറേഷൻ ഫ്രീ സെക്സിലാണ് എന്നു പറഞ്ഞുറപ്പിക്കുന്ന വൃത്തികെട്ട രീതി.

ആഷിക് അബു പ്രതികാരം ചെയ്യുന്ന പെണ്ണിനെ കാണിക്കുന്നുണ്ടായിരിക്കാം. പക്ഷേ, പെണ്ണിന്റെ സ്ഥാനം എവിടെയാണ് എന്ന് വേറെ പല രീതികളിലും വരച്ചിട്ട് അതിനേയും കോംപൻസേറ്റ് ചെയ്യുന്നു. ജയിലിലാണ് ടെസ്സയ്ക്കു വീര്യം വരുന്നത്. അത് സുബൈദ എന്ന കൊലപാതകിയിലൂടെയാണ്. പക്ഷേ, ആ കൊലപാതകമുഖം അടുത്തനിമിഷം സംവിധായകൻ മാതൃത്വത്തിൽ തളച്ചിടുന്നു. ജയിലിനുള്ളിലെ തന്നെ ക്ലൈമാക്സ് സുബൈദയുടെ പ്രസവവും ടെസ്സയുടെ വയറ്റാട്ടിഷിപ്പുമാണ്.

താൻ ഫെമിനിസ്റ്റാണ് എന്നു നെലോളിക്കുന്ന സംവിധായകനു പറ്റിയ ഏറ്റവും വലിയ പിഴവ് സിറിലിന്റെ കാസ്ട്രേഷൻ രംഗങ്ങളാണ്.

സംവിധായകന്റെയുള്ളിലെ ആണ് തലയെടുക്കുന്നത് സിറിലിലൂടെയാണ്. അയാളുടെ ഓരോ ഡയലോഗിലുമുള്ള പഞ്ച് ടെസ്സയുടെ മറുഡയലോഗുകൾക്കില്ല. അവസാന ഏറ്റുമുട്ടൽരംഗത്ത് നിന്റെകൂടെ കെടന്നവനല്ലേടീ ഞാൻ എന്ന് ആക്രോശിക്കുന്ന അയാളെ ശ്രദ്ധിക്കണം. പിന്നീട് നീ ചെത്തിക്കളഞ്ഞ ആറിഞ്ചല്ലെടീ ആണത്തം എന്നിടത്തും അതേപുരുഷൻ തലപൊക്കുന്നു. എന്നാൽ ടെസ്സയോ? 'കാനഡയിലേക്ക് വാ അവടെവെച്ച് ഞാൻ നിനക്കെന്റെ പ്രണയം' തരും എന്ന മട്ടിലാണ്.

വേറൊരുകാര്യം പുരുഷലിംഗത്തെ ഇംഗ്ലീഷിൽ സംവിധായകൻ വിളിക്കുന്നത് മെയിൽ ഓർഗൻ എന്നാണ്. ലിംഗം മെയിൽ സെക്സ് ഓർഗൻ ആണ്. എന്നാൽ പുരുഷന്റെ ദി ഓർഗൻ ലിംഗമാണ് എന്നു പറയുകയാണ് അബു. (പിന്നീടതിന്റെ നീളവും പറഞ്ഞുതരുന്നു.)

പിന്നെ സ്ത്രീയുടെ ആയുധം സെക്സ് ആണ് എന്ന കാഴ്ചപ്പാട്. ടെസ്സയ്ക്ക് കൊലപാതകത്തിനായി കൂട്ടുനിൽക്കുന്നവരെല്ലാവരും പുരുഷന്മാരാണ്. എന്നാൽ പ്രതാപ് പോത്തനെ അയാളുടെ ഗസ്റ്റ് ഹൗസിലെത്തിക്കാൻ "ഷുഡ് ഐ സ്ക്രീം ഇൻ പെയ്ൻ ഓർ ഇൻ പ്ലെഷർ" എന്ന് മദാലസയായി ചോദിക്കുന്ന പെണ്ണ് വേണം. സിറിലിനെ പ്രലോഭിപ്പിക്കാൻ പ്രാർത്ഥന എന്ന ടെസ്സയുടെ മോഡലായ സ്ത്രീ വേണം.

താൻ ഫെമിനിസ്റ്റാണ് എന്നു നെലോളിക്കുന്ന സംവിധായകനു പറ്റിയ ഏറ്റവും വലിയ പിഴവ് സിറിലിന്റെ കാസ്ട്രേഷൻ രംഗങ്ങളാണ്. പീഡനത്തിനിരയായ പെണ്ണ് അതിനു കാരണക്കാരനായ ആളെയാണ് ഏറ്റുമുട്ടുന്നത്. അതിന് പീഡനത്തിനേക്കാൾ കയ്പ്പുണ്ട്. അവളുടെ പ്രണയത്തെയാണ് അവൾ വ്യഭിചരിച്ചത്. അങ്ങനെ സംഭവിച്ച ഒരു സ്ത്രീ ഒരിക്കലും ടെസ്സയെപ്പോലെ പെരുമാറില്ല. അവിടെയാണ് നേരത്തെ പറഞ്ഞ മെയിൽ നറേറ്റീവിന്റെ പ്രശ്നവും. ഒരു സ്ത്രീ ആയിരുന്നു ഇതു പറയുന്നതെങ്കിൽ ടെസ്സ ഒരിക്കലും അയാളെ സെക്സ് പോയിട്ട് ആദ്യം കാണുന്ന കെട്ടിപ്പിടിക്കൽ ചുംബനത്തിനുപോലും വിധേയയാവില്ല. സെക്സ് നടന്നോ ഇല്ലയോ എന്നു പറയാൻ സംവിധായകൻ ഭയപ്പെടുന്നതും ഇതുകൊണ്ടാണ്. മദ്യത്തിൽ അതിനെ മുക്കുകയാണ്. (സെക്സ് നടന്നു എന്നവർ പറയുന്നുണ്ടെങ്കിൽ അത് ഏറ്റവും വലിയ പതനമാണ്. ടെസ്സയ്ക്കു സംഭവിച്ചത് സംഭവിച്ച ഒരു പെണ്ണിന് അതിനെപ്പറ്റി ആലോചിക്കുകകൂടി അസാധ്യമാണ്.) അതു നടന്നു എന്നു പറയുകയാണെങ്കിൽ ഫെമിനിസത്തിന്റെ ഫ (ഫ അല്ല ഭ) പറയാൻ അബുവിനു പറ്റില്ലല്ലോ. പിന്നെയും പെൺപക്ഷമായിരുന്നു സിനിമയെങ്കിൽ അവളൊരിക്കലും 'ഉള്ളിന്റെയുള്ളിൽ നിനക്കെന്നെ ഇഷ്ടമാണ് എന്ന ചീള് ഡയലോഗടിക്കില്ല. സിറിലിനെക്കൊണ്ട് കാനഡയിൽ രാപ്പാർക്കാം എന്ന് പറയിപ്പിക്കില്ല. ചുരുക്കിപ്പറഞ്ഞാൽ ഇത് 22 എഫ്കെ അല്ല 22 എഫ്**കെ ആണ്.

ഒന്നുരണ്ടു കാര്യങ്ങൾകൂടി. ഇതിലേക്ക് ഒരു പോസ്റ്റ് കൊളോനിയൽ റീഡിങ്ങ് കൂടി നൽകാവുന്നതാണ്. ഒന്നാമതായി ഇതിലെ സംഭാഷണങ്ങളിലത്രയും ഇംഗ്ലീഷിന്റെ ഉപയോഗം നന്നായുണ്ട്. അത് ബാംഗ്ലൂർ ജീവിതത്തിന്റെകൂടെ ഡിഫോൾട്ടായി വരുന്നതാണെന്നും വേണമെങ്കിൽ വിചാരിക്കാം. പക്ഷേ, സിനിമയിൽ സെക്സിനെപ്പറ്റിപ്പറയുമ്പോഴൊക്കെ സംവിധായകൻ ഇംഗ്ലീഷേ ഉപയോഗിക്കൂ. കോളനികളുടെ സെക്സൊന്നും സെക്സല്ല. സെക്സെന്നാൽ ഇംഗ്ലീഷ് സെക്സാണ്. നിന്റെ ലിംഗം എന്നു പറയാൻ പാടില്ല. നിന്റെ മെയിൽ ഓർഗൻ എന്നേ പറയാൻ പാടൂ. ഐ വാൺട് റ്റു ഹാവ് സെക്സ് വിത്ത് യൂ എന്നേ റേപ്പിസ്റ്റ്

പറയൂ. നായിന്റെ മോളേ എനിക്ക് നിന്നെ പണ്ണണ്ടെടീ എന്നു പറയില്ല. ഇറ്റ് ഷുഡ് ബി കൾച്ചേഡ് ആൻഡ് സിവിലൈസ്ഡ് ഏത്? റേപേ. ഷുഡ് ഐ സ്ക്രീം ഇൻ പ്ലഷർ ഓർ ഇൻ പെയ്ൻ? എന്ന് ഒരു പോൺ ആർട്ടിസ്റ്റിന്റേതിന് സമമായ ഡയലോഗാണ് പ്രതാപ് പോത്തനെ പ്രലോഭിപ്പിക്കാൻ വരുന്ന പെണ്ണ് പറയുന്നത്.

മലയാളത്തിൽ പറയുന്ന എന്തോ മുട്ടൻ തെറി സിറിൽ പറയുന്നത് നിന്റെ കൂടെ കിടന്നവനല്ലെടീ ഞാൻ എന്നതിനുശേഷം വരുന്നത് അത് സംവിധായകൻ ഒരു മുട്ടൻ പഈഈഈഈഈ ശബ്ദത്തിൽ മുക്കി. എന്നാൽ കുറച്ചുകഴിഞ്ഞ് ഫക്ക് യു എന്ന് പറയുന്നതിന് ആ പ്രശ്നമില്ല. അതുകഴിഞ്ഞ് ടെസ്സയുടെ ഡയലോഗ് ഫക്ക് ചെയ്യാൻ സാമാനമില്ലല്ലോ എന്നായിരിക്കണം. അതെന്തായാലും കേൾക്കാൻ പറ്റിയില്ല. ഫക്ക് യു എന്നതിന് കിട്ടിയ തിയറ്റർ കയ്യടിയിൽ അതു മുങ്ങി.

പിന്നെയുള്ളത് സംഭാഷണങ്ങളുടെ വേഗവും താളവും. അതും തീർത്തും ഇംഗ്ലീഷാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ഐ വാൺട് ടു ഹാവ് സെക്സ് വിത്ത് യു എന്നതിനോടുള്ള ടെസ്സയുടെ പ്രതികരണമാണ്. സോറി സർ? എക്സ്ക്യൂസ് മി സർ? എന്നു ചോദിക്കുന്ന ആ രംഗം. ശരിക്കും ഇതേകാര്യം ഒരു ഹോളിവുഡ് സിനിമയിൽ എങ്ങനെ അവതരിപ്പിക്കപ്പെടുമോ അങ്ങനെത്തന്നെയാണ്, ഐ ലവ് യു എന്ന് ഫോൺ സംഭാഷണങ്ങളുടെ അവസാനമൊക്കെയും പറയുന്നത്. അതും കാരക്റ്ററസ്റ്റിക്കലി ഹോളിവുഡോ ഇംഗ്ലീഷോതന്നെ.

പിന്നെ മലയാളം എന്ന സൈറ്റിൽ ബി അബൂബക്കറിന്റെ ഏപ്രിലിന്റെ നഷ്ടം എന്ന നിരൂപണത്തിൽ സിനിമയിലെ ക്രിസ്റ്റ്യാനിറ്റിയെപ്പറ്റി ഒരവലോകനമുണ്ട്. അതുതന്നെ ഏറ്റവും വലിയ ആൻഗ്ലോഫീലിയ ആണ്. ടെസ്സ പറയുന്നത് അവളുടെ വിശ്വാസം. റിലിജിയസ് ഫെയ്ത് തന്നെ. അതാണ് അവളെക്കൊണ്ട് ഇതൊക്കെ ചെയ്യിപ്പിക്കുന്നത് എന്നാണ്. സിനിമയിലുടനീളം വരുന്ന യേശുക്രിസ്തു രൂപം. കൊല്ലുമ്പോഴൊക്കെ ഉള്ള പള്ളി മ്യൂസിക്. എല്ലാം നോക്കൂ. കോട്ടയം കാരായ ക്രിസ്ത്യാനികളുടെയെല്ലാം മേശപ്പുറത്ത് കുപ്പിയുണ്ടായിരിക്കും എന്ന് അഭിമാനത്തോടെയാണ് ടെസ്സ പറയുന്നത്. അതും ഇംഗ്ലീഷുകാർ നമുക്ക് എറിഞ്ഞുതന്നുപോയ രീതിതന്നെ. ടെസ്സയുടെ കുരിശുവരയും സിനിമയിലുടനീളം ഇലാബറേറ്റായി കാണിക്കുന്നുണ്ട്. ഇംഗ്ലീഷുകാരുടെ തനതുസ്വഭാവം കറക്ഷൻ എത്രപ്രാവശ്യമാണ് സിറിൽ ഫ അല്ല ഭ എന്നുപറഞ്ഞ് പുറത്തെടുക്കുന്നത്!

ഇതിൽ എടുത്തുകാണിക്കപ്പെടുന്ന വേറൊരു സംഗതി ബലാൽക്കാരത്തിനെതിരെയുള്ള സ്ത്രീയുടെ പ്രതികാരമാണ്. ശരിയാണ് റേപ് ചെയ്യപ്പെട്ട സ്ത്രീകളെ ഇങ്ങനെയൊരിക്കലും ഒരു മലയാളസിനിമയും ചിത്രീകരിച്ചിട്ടില്ല. പക്ഷേ, അപ്പോഴും നമ്മൾ ഒബ്വിയസ് ആയതിനെ എന്തുകൊണ്ടാണ് മറക്കുന്നത്? റേപ്പിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്.

മലയാളസിനിമയിൽ റേപ്പിന്റെ സാന്നിധ്യം ഒന്നോർത്തുനോക്കുക. പണ്ട് ഒന്നോ രണ്ടോ റേപ്പില്ലാത്ത ഒരു സിനിമ ആലോചിക്കാൻ കഴിയില്ലായിരുന്നു. ചിലപ്പോൾ അത് നായകന്റെ ഭാര്യയിൽ തുടങ്ങി ഭാര്യയുടെ രണ്ടോമൂന്നോ സഹോദരികളെയും വയലേറ്റുചെയ്യുന്നതുവരെ എത്തിനിന്നിരുന്നു. പക്ഷേ, ആ ട്രെന്റ് എന്തോ കാരണംകൊണ്ട് മാറിവന്നു. ആക്ഷൻ സിനിമകളിലേക്കും വേറെ തരത്തിലുള്ള പൊളിപ്പടങ്ങളിലേക്കും റേപ്പ് ചുരുങ്ങിവന്നു. പൊളിപ്പടം എന്നുപറയുമ്പോൾ ഇപ്പൊ ചിന്താമണി കൊലക്കേസ് പോലെയുള്ള പടങ്ങളില്ലേ. അങ്ങനെയൊക്കെ. മറ്റുസിനിമകളിൽനിന്നു പൂർണ്ണമായി ഒഴിവായി എന്നല്ല, അതുള്ള സിനിമകളുടെ എണ്ണം കുറഞ്ഞുവന്നു. റേപ്പിനുപകരം നിൽക്കാൻ റേപ്പ് അറ്റംപ്റ്റുകളായി. നായകന്റെ പെണ്ണിനെ നോട്ടമിട്ടുവെച്ചിരിക്കുന്ന വില്ലൻ സദാ പെണ്ണിനെ റേപ് ചെയ്യാൻ ശ്രമിക്കും. നായകൻ അതിൽനിന്ന് രക്ഷപ്പെടുത്തും. പതുക്കെ വളരെ പതുക്കെ റേപ്പിന്റെ പ്രാധാന്യം ഇങ്ങനെ കുറഞ്ഞുവരികയായിരുന്നു. (രംഗങ്ങളിൽ സംഭാഷണങ്ങൾ വെച്ച് അതിനെ കോംപൻസേറ്റു ചെയ്യുന്നുണ്ടെന്ന് തോന്നുന്നു.)

അങ്ങനെയൊരു സാഹചര്യത്തിലാണ് ആഷിക് അബു തന്റെ സിനിമയുടെ പ്രധാന സംഭവം റേപ് ആക്കി മാറ്റുന്നത്. അതായത് ഇത് സ്ത്രീയുടെ കഥയാണ്. സ്ത്രീയുടെ പ്രതികാരത്തിന്റെ കഥയാണ്. പ്രതികാരമോ, റേപ് കാരണമാണ്.

എന്തുകൊണ്ടാണ് സംവിധായകൻ പെണ്ണിന്റെ പ്രതികാരത്തിനു കാരണമായി റേപ്പിനെത്തന്നെ തിരഞ്ഞെടുക്കുന്നത്? ഇതിൽ ടെസ്സയെക്കൊണ്ട് കിൽ ബില്ലിലെ ഉമ തെർമന്റെ വീര്യം ചെയ്യിപ്പിച്ചെടുക്കാൻ സംവിധായകൻ നോക്കുന്നുണ്ട്. അതിലെ എല്ലാ സ്ത്രീകളും പ്രതികാരം ചെയ്യുന്നവരാണ്. പാമ്പിനെ ഉപയോഗിച്ച് ശത്രുവിനെ കൊല്ലുന്ന ഒറ്റക്കണ്ണി നഴ്സ് പോലും (കിൽ ബില്ലിൽ) പക്ഷേ, പകരംവീട്ടുന്നത് റേപ്പിനെയല്ല. ആ കാരണങ്ങളൊന്നും സംവിധായകനു ബോധിക്കുന്നില്ല. എല്ലാവരും പറയുന്നുണ്ടല്ലോ റേപ്പിൽ തീരുന്നതല്ല പെണ്ണിന്റെ ജീവിതമെന്ന് സിനിമ പറയുന്നു എന്ന്. ശരിക്കും നേരെ തിരിച്ചല്ലേ. അവളുടെ ജീവിതം അവിടെ തീർന്നതുകൊണ്ടാണ് ഒന്നും നോക്കാനില്ലാതെ അവൾ കൊലപാതകങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ ജീവിതത്തിലെ അവളുടെ സ്വഭാവം തകിടംമറിഞ്ഞ് പുതിയൊരു ടെസ്സയായി അവതരിക്കുന്നത്.

ആളുകളെക്കൊണ്ട് അവൾ ചെയ്യുന്ന പ്രവൃത്തിയെ 'പണി കൊടുക്കുക' എന്ന കേവലമായ ഒരു യൂസേജ് ഉപയോഗിച്ച് വർണിപ്പിക്കാൻ സംവിധായകന് കഴിയുന്നുണ്ട്. അതുതന്നെ പ്രശ്നം.

ആഷിക് അബുവുമായി എനിക്കുള്ള വിയോജിപ്പ് അദ്ദേഹത്തിന്റെ തിരിച്ചുപോക്കുകളോടാണ്. ഒരു കാര്യം പറഞ്ഞ് അടുത്ത ഷോട്ടിൽ അതിനെ എതിർത്തുപറയുന്ന ആ സ്വഭാവം. അത് ഭീരുത്വമാണ്. ഒന്നുകിൽ ഒരു കാര്യം പറയുക. അല്ലെങ്കിൽ പറയാതിരിക്കുക. അല്ലാതെ പറയാതിരിക്കുകയും പറഞ്ഞു എന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുകയുമല്ല. അത് ഒരു ആരോഗ്യകരമായ രീതിയാണെന്ന് എനിക്കുതോന്നുന്നില്ല. ■

# നുണച്ചീട്ടുകൾകൊണ്ടു തീർത്ത കൊട്ടാരങ്ങൾ



ഡോ. മിനിപ്രസാദ്

**എന്തൊക്കെയാണ്** നുണകൾ? യാഥാർത്ഥ്യമല്ലാത്തവ എന്നൊരു ഒഴുക്കൻ നിർവചനം കണ്ടെത്താമെങ്കിലും ജീവിതത്തിൽ നുണകളുടെ സ്ഥാനമെന്താണ് എന്ന ചോദ്യത്തിന്റെ മറുപടി അല്പം അലോസരം സൃഷ്ടിക്കും എന്നു തീർച്ച. ദാമ്പത്യജീവിതത്തിൽ നുണകളുടെ പങ്കിനെക്കുറിച്ചുള്ള അസുഖകരമായ ഓർമ്മപ്പെടുത്തലാണ് അഷിതയുടെ 'അമ്മ എന്നോടുപറഞ്ഞ നുണകൾ' എന്ന കഥ. നുണ പറയാനുള്ള പ്രവണത പരമ്പരാഗതമായി തുടരുന്നതാണെന്നും നുണകളാൽ നിർമ്മിച്ച ഒരു കോട്ടയിലാണ് ദാമ്പത്യബന്ധങ്ങൾ നിലനിൽക്കുന്നതെന്നും അഷിത ഈ കഥയിലൂടെ പറയുന്നു.

രണ്ടു തലമുറകളിലെ സ്ത്രൈണാനുഭവങ്ങൾ -അമ്മയുടേയും മകളുടേയും- അഷിത ഇവിടെ പങ്കുവെക്കുന്നു. മകളാണ് കഥാഖ്യാതാവ്. കഥാപാത്രത്തിന് പേരൊന്നും കഥയിൽ നൽകിയിട്ടുമില്ല. ബാല്യകൗമാരകാലങ്ങളിൽ അച്ഛന്റെ പരസ്ത്രീ ബന്ധത്തിന്റെ പേരിൽ അമ്മയുതിർക്കുന്ന ശാപവാക്കുകളിലൂടെ ചെല്ലമ്മയക്കൻ എന്ന സ്ത്രീ അവളിലേക്ക് കടന്നുവരുന്നു. കോപിക്കാൻ മാത്രമറിയാവുന്ന അച്ഛനും ആജ്ഞയും അനുസരിപ്പിക്കലും മാത്രമായി അമ്മ എന്ന സത്യം മാറുകയും ചെയ്യുന്നതോടെ അതിരുകളില്ലാത്ത സ്വാതന്ത്ര്യവും സൗമനസ്യവും ലഭിക്കുന്നയിടത്തേക്ക് കൗമാരത്തിലെത്തിനിൽക്കുന്ന ഒരു പെൺകുട്ടി ചായുക സ്വാഭാവികമാണ്. അമ്മയെ നിഷേധിക്കുന്നതിലൂടെ അവളുയർത്തുന്ന സ്വകാര്യലോകത്തിൽ അമ്മയുടെ സത്യസന്ധതാ പരിവേഷങ്ങളോടാണ് സ്വന്തം സ്വകാര്യലോകങ്ങൾകൊണ്ട് അവൾ കലമ്പുന്നത്.

ചെല്ലമ്മയക്കന്റെ ആത്മഹത്യയോടുള്ള അമ്മയുടെ പ്രതികരണങ്ങളാണ് സത്യസന്ധത എന്ന അവരുടെ ഭാവത്തെപ്പറ്റിയുള്ള അവളുടെ ധാരണകൾ തകിടംമറിക്കുന്നത്. തന്റെ ഏറ്റവും നല്ല ഉടുപ്പിട്ട് ഒരുങ്ങിനിന്ന മകളെ സംബന്ധിച്ചിടത്തോളം അമ്മ ഇനി ഒരിക്കലും കരയേണ്ടിവരില്ലല്ലോ എന്ന സമാധാനമായിരുന്നു. മരിച്ച വീടല്ലേ നാട്ടുകാരെന്താ പറയുക എന്ന ചോദ്യത്തോടെ ഒരു പഴകിയ നിറംമങ്ങിയ ഉടുപ്പിടാൻ നിർദ്ദേശം നൽകുമ്പോഴാണ് ജീവിതത്തിന്റെ പരസ്പരവിരുദ്ധ സമീപനങ്ങളാൽ അമ്മ അവളെ അത്ഭുതപ്പെടുത്തുന്നത്. അമ്മ അണിയുന്ന മുഖംമൂടികളെക്കുറിച്ച് അവളറിയുന്നതും അന്നാണ്. "മരിച്ച വീട്ടിൽ ചെന്നാൽ ദുഃഖം ഭാവിച്ച് ഒരിടത്ത് ഇരുന്നോളണം" എന്ന നിർദ്ദേശം കൂടിയാവുമ്പോൾ ജിജ്ഞാസയുടെ പാരമ്യതയിൽ എത്തുന്ന മകൾക്ക് ചെല്ലമ്മയക്കൻ മരിച്ചിട്ട് അമ്മയ്ക്ക് ദുഃഖമുണ്ടോ എന്ന ചോദ്യമുണ്ടാവുന്നു. ഈ ചോദ്യം എത്ര അടക്കിയിട്ടും അവളിൽനിന്നും പൊട്ടിപ്പുറപ്പെട്ടുപോവുകയാണ്. അതിന്റെ പ്രതികരണമായി അമ്മ മൂക്കുപിഴിയുകയും വേഷ്ടികൊണ്ട് കണ്ണീരൊപ്പുന്നതായി നടിക്കുകയും ചെയ്യുന്നു. ഇതോടെ അമ്മയുടെ യാഥാർത്ഥ്യങ്ങളെന്തെന്ന സംശയങ്ങൾ മകളിൽ കൂടിക്കൂടിവരുന്നു. ഈ ആശയക്കുഴപ്പങ്ങൾക്കവസാനമാണ് വലുതായാൽ എനിക്കും ഇഷ്ടംപോലെ നുണപറയാമോ എന്ന ചോദ്യം അവൾ ചോദിക്കുന്നത്. അവളിൽ നിറയുന്ന സ്വയം ബോദ്ധ്യങ്ങൾ ഈ ചോദ്യമായി രൂപാന്തരപ്പെടുകയാണ്. അതിനോടുള്ള പ്രതികരണമായി സാധാരണപോലെ അമ്മ അണിയുന്നത് ശകാരത്തിന്റെ മുഖം



മൂടിയാണ്. മിണ്ടാതിരുന്നോളൂ എന്ന ആജ്ഞയോടെ അവർ ജിജ്ഞാസകൾക്കത്രയും തടയിടുന്നു.

വിവാഹദിവസം അമ്മ നൽകുന്ന ഉപദേശങ്ങൾ കാലങ്ങൾക്കുശേഷം നവരത്നശോഭയുള്ള നുണകളായി അവൾ തിരിച്ചറിയുന്നത് സ്വന്തം അനുഭവത്തിലൂടെത്തന്നെയാണ്. "നേരത്തും കാലത്തും വെച്ചുവിളമ്പി ഒരു വീട് കൊണ്ടുനടക്കാച്ചാൽ കുട്ടിക്കളിയല്ല. ഒരു പുരുഷന്റെ മനസ്സിലേക്കുള്ള ഒറ്റവഴി അതാ മറക്കണ്ടാ" എന്ന ഉപദേശം വിവാഹദിവസം ലഭിക്കുന്ന മകൾ അമ്മയ്ക്ക് അപ്പോഴൊരു പ്രത്യേകഭാവം ഉണ്ടെന്ന് തിരിച്ചറിയുന്നെങ്കിലും ആ ആജ്ഞ ശിരസ്സാവഹിക്കുന്നു. വെപ്പും വിളമ്പും നന്നാക്കാനായി അവൾ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും ഭർത്താവിന്റെ മനസ്സിലേക്കുള്ള വഴിമാത്രം ലഭിക്കുന്നില്ല. കാലക്രമത്തിൽ കുട്ടികളുടെ മുറി > ഭർത്താവിന്റെ കിടപ്പുമുറി > അടുക്കള എന്നൊരു ഭ്രമണപഥം മാത്രമായി അവൾ ചുരുങ്ങിപ്പോവുന്നു. ഭക്ഷണം പാകംചെയ്യുന്നതുപോലെ സ്നേഹവും പാകംചെയ്യപ്പെടേണ്ടതാണെന്ന അറിവ് അവൾക്കുണ്ടാവുന്നത് ഭർത്താവിന്റെ അതൃപ്തികളിൽനിന്നാണ്. അവളുടെ ശാരീരികമായ ബലഹീനതകൾ കാലം ഏൽപ്പിക്കുന്ന തേയ്മാനങ്ങൾ എന്നിവ അയാളെ അതൃപ്തനാക്കുന്നു. അതിക്രൂരമായ ഒരു കബളിപ്പിക്കലായിട്ടാണ് അവൾ ആ അനുഭവത്തെ സ്വീകരിക്കുന്നത്. "ഞാനറിയാതെ എന്റെ നെഞ്ചിലെ പുഴ എങ്ങോ ഒഴുകിമറഞ്ഞതുപോലെ എന്റെ ഉണ്മയിലാരോ ഊക്കോടെ തുപ്പിയതുപോലെ" എന്നാണ് ആ അനുഭവത്തെ അവൾ ഉൾക്കൊള്ളുന്നത്. തന്റേത് എന്ന ഒരാൾ സ്വയം വിശ്വസിക്കുന്നതൊക്കെയും വീടിനും കുടുംബത്തിനുമായി ഉപേക്ഷിക്കുകയും സ്വയം സമർപ്പിക്കുകയും ചെയ്യുമ്പോൾ താനൊരുശരീരം മാത്രമാണെന്ന തിരിച്ചറിവ് നൽകുന്ന നടുക്കം തളർച്ച തന്നോടുതന്നെയുള്ള അവജ്ഞ ഇവയൊക്കെ ഈ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പുരുഷന്റെ മനസ്സിലേക്ക് ഒരേയൊരു വഴിമാത്രമേയുള്ളൂ എന്ന ശാശ്വതമായൊരു

---

വിവാഹദിവസം
അമ്മ നൽകുന്ന
ഉപദേശങ്ങൾ
കാലങ്ങൾക്കുശേഷം
നവരത്നശോഭയുള്ള
നുണകളായി അവൾ
തിരിച്ചറിയുന്നത് സ്വന്തം
അനുഭവത്തിലൂടെത്തന്നെയാണ്

---

സത്യം അങ്ങനെ അവളറിയുന്നു. അതാവട്ടെ അമ്മ പറഞ്ഞിരുന്നുമില്ല. താൻ പരാജയപ്പെട്ട ആ അങ്കത്തട്ട് അവൾക്കും നേരിടേണ്ടിവരുമെന്ന് ആ പാവം സ്ത്രീ ഓർത്തിരിക്കാനിടയില്ല.

സത്യത്തിന്റെ ഈ സ്വയം ബോദ്ധ്യത്തോടെ അവൾക്കൊരു പരിണാമം സംഭവിക്കുന്നു. അവളുടെ അമ്മയുടേയും അമ്മൂമ്മയുടേയും അവരുടെ മുൻഗാമികളായ സകലസ്ത്രീകളുടേയും സ്വന്തമായ മൗനത്തിന്റെ ഭാഷ തന്റേയും ആവിഷ്കരണമാധ്യമമായി അവൾ കണ്ടെത്തുന്നു. സംസാരിക്കേണ്ടിവരുമ്പോഴൊക്കെയും നിഷേധാർത്ഥത്തിലും വിപരീതാർത്ഥത്തിലും ഊന്നിനിന്നുകൊണ്ട് മൂളിക്കൊണ്ട് ആശയവിനിമയം നടത്തുവാനവൾ ക്രമേണ ശീലിക്കുന്നു. ആശയങ്ങൾ കൈമാറാനില്ലാതെയാവുന്നതോടെ ഭാഷ ഒരാഡംബരവസ്തുവാകുന്നു. ബാല്യകൗമാരങ്ങളിൽ അമ്മയുടെ മൗനവും മൂളലുകളും ഒരുപക്ഷേ, അവളെ ദേഷ്യപ്പെടുത്തുകയോ സങ്കടപ്പെടുത്തുകയോ ചെയ്തിരിക്കാം. പക്ഷേ, ഇപ്പോൾ അവരുടെ പരാജയങ്ങളുടെ ബഹിർസ്ഫുരണങ്ങളായി ഈ മൂളലുകൾ അവൾ ഉൾക്കൊള്ളുന്നു.

പ്രായം കൂടുന്നതോടെ അവൾക്ക് അവളുടെ അമ്മയുടെ ഛായയാവുന്നു എന്ന ജനങ്ങളുടെ പ്രതികരണം അവളെ തളർത്തുന്നു. പിന്നെ കണ്ണാടിയിൽ സ്വന്തം ഛായ ദർശിക്കുന്നതോടെ ആ സത്യം സ്വയം ബോദ്ധ്യപ്പെടുകയും ചെയ്യുന്നു. ആ നടുക്കം പൂർണ്ണമാവുന്നത് പട്ടുസാരി വാരിച്ചുറ്റി പാവക്കുട്ടിയെ ഒക്കത്തുവെച്ച് അവളുടെ മകൾ കടന്നുവന്ന് "എനിക്കിപ്പോ അമ്മയുടെ നല്ല ഛായയില്ലേ?" എന്നു ചോദിക്കുമ്പോഴാണ്. അഭിമാനത്തോടും സന്തോഷത്തോടും തന്റെ പരമ്പരയെ ഏറ്റുവാങ്ങാനവൾക്ക് കഴിയുന്നില്ല. തന്റെ നെഞ്ചിലേക്ക് ആരോ നിറയൊഴിക്കുന്നതുപോലെയാണ് ആചോദ്യം അവളിലേക്കു കടന്നുവരുന്നത്. ഈ പരമ്പര അവസാനിക്കുന്നില്ലെന്നും ഒരേ വിധിയും ഒരേ പഴിയും പേറേണ്ട പെണ്ണുങ്ങളാണ് ഒരേ ഛായ എന്ന മനോഹരമായ നുണയിൽ പതിച്ചിരിക്കുന്നത് എന്നുമുള്ള വലിയ സത്യമാണ് നെഞ്ചിലേക്കൊഴിക്കുന്ന ഒരു വെടിയുണ്ടയാവുന്നത്. ഇതേ അവസരത്തിൽതന്നെയാണ് അവരുടെ ദാമ്പത്യബന്ധത്തിന്റെ ദൃഢതയെപ്പറ്റിയുള്ള ഒരു ചേദ്യം അമ്മയിൽനിന്നുണ്ടാവുന്നത്. ഏതുനിമിഷവും പ്രതീക്ഷിച്ചിരുന്ന ഒരു ചേദ്യമായിരുന്നു എങ്കിലും ഒരുനിമിഷത്തേക്ക് പതറിപ്പോവുന്നു. പിന്നെ തികഞ്ഞ അനായാസതയോടെ "ഒന്നൂല്യ അമ്മേ.... ഇപ്പോ പണ്ടത്തേ കാലമാണോ പെൺകുട്ടികൾക്കൊക്കെ സുഖല്ലേ പരമസുഖം" എന്നവൾ പറയുന്നു. കാലം മാറിയിരിക്കുന്നു എന്ന അവകാശവാദത്തിലൂടെ അവൾ അമ്മയെ തന്റെ ജീവിതസുഖം ബോദ്ധ്യപ്പെടുത്തുകയും സ്വന്തം പരാജയങ്ങൾ മറച്ചുവെക്കുകയുമാണ്. തന്റെ കുടുംബം വളരെ സമാധാനപൂർണ്ണമായി കഴിയുന്നു എന്നത് ലോകത്തെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതലകൂടി സ്ത്രീയുടേതാവുന്നു. അവൾ അങ്ങനെ സമൂഹത്തിനുമുമ്പിൽ നല്ല ഭാര്യയും നല്ല അമ്മയുമാവുന്നു. കുടുംബം എന്ന സ്ഥാപനം ഒരു വലിയ നുണയാണെന്നും അതിനെ പൊതിഞ്ഞ് അനേകം നുണകളിലൂടെ സുന്ദരമാക്കി പ്രദർശിപ്പിക്കുകയുമാണെന്ന് ഈ കഥയിലൂടെ അഷിത വെളിപ്പെടുത്തുന്നു. പരമ്പരാഗതസങ്കല്പങ്ങളെ പൊളിച്ചെഴുതിയ അനേകം രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അവയോടൊപ്പം ചേർക്കാനുള്ള ശക്തി ഈ കഥയ്ക്കുമുണ്ട്. നുണകൾ എന്ന വാക്കിന് സ്ഫോടനാത്മകമായ ഒരു ശക്തി ഇവിടെ കൈവരുന്നു.

കഥ: 'അമ്മ എന്നോടു പറഞ്ഞ നുണകൾ' അഷിതയുടെ കഥകൾ, ഡി.സി. ബുക്സ്– 1999. ■

# അമ്മ എന്നോടു പറഞ്ഞ നുണകൾ

അഷിത

**ഈ ലോകത്തിൽ** എന്നോട് ഏറ്റവുമധികം നുണകൾ പറഞ്ഞിട്ടുള്ളത് എന്റെ അമ്മയാണ്. ഇളകാതെ കത്തിനിൽക്കുന്ന തീനാളംപോലെ ഈ അറിവ് എന്റെ നെഞ്ചകം പൊള്ളിക്കുന്നു.

പൂജാമുറിയിൽ, നിലവിളക്കിനു മുന്നിലിരുന്ന് രാമായണം വായിക്കുകയാണ് അമ്മ. ഉമ്മറത്തിരിക്കുന്ന എനിക്ക് അമ്മയുടെ മുഖം വ്യക്തമായി കാണാം. നെറ്റിയിലെ ഭസ്മക്കുറി. മൂക്കിന്റെ തുമ്പിലേക്ക് ഊർന്നിറങ്ങിയ കണ്ണട, കവിളിലെ ചുളിവുകൾ. ചെറുതായി ചലിക്കുന്ന ചുണ്ടുകൾ. വാർദ്ധക്യത്തിൽ അമ്മ തന്നെ ആകെ ഒരു വലിയ ഓർമ്മയുടെ ചുളിവുപോലെ. രാമായണത്തിലെ വരികളിലൂടെ വക്കുപൊട്ടിയ നഖമുള്ള അമ്മയുടെ ചൂണ്ടുവിരൽ അരിച്ചരിച്ചു നീങ്ങുന്നു.

ആ ചൂണ്ടുവിരലിന്റെ തുമ്പിൽ വിരിഞ്ഞ നാമരൂപങ്ങളായിരുന്നു ഈ ലോകത്തിൽ ഞാനാദ്യം പരിചയിച്ച നുണകൾ.

സ്കൂൾ വിട്ടുപിരിയുമ്പോൾ ചന്തമുക്കിൽവെച്ച് അഹമ്മദിക്ക തന്ന നാരങ്ങമിഠായികൾ പിടിച്ചുവാങ്ങി മുറ്റത്തേക്കെറിഞ്ഞ് അമ്മ കയർക്കുകയുണ്ടായി: അഹമ്മദിക്കയാത്രെ! ആരാ അയ്യാള് നിന്റെ? കണ്ടോരൊക്കെ വെച്ചുനീട്ടുന്നതു വാങ്ങിത്തിന്നു നടന്നോ, അച്ഛനിങ്ങട്ട് വരട്ടെ....

മുറ്റത്തുവീണ നാരങ്ങമിഠായികൾ ഓരോന്നും ഉറുമ്പുകൾ കൊണ്ടുപോയി. ആരുമല്ലാത്തവർ നീട്ടുന്ന നാരങ്ങാമിഠായികളാണ് ജീവിതത്തിന്റെ മധുരം എന്നു നൊന്തറിഞ്ഞതു പിന്നീടാണ്. എങ്കിലും അന്നും അത് അന്യായമായിത്തോന്നി.

അഹമ്മദിക്ക ആരുമല്ലാതിരിക്കുക; മധുരിക്കുന്ന ഒരു നോട്ടമോ വാക്കോ നീട്ടാത്ത, ആഴ്ചതോറും വന്ന് വീടാകെ കിടിലംകൊള്ളിക്കുന്ന ഒരാൾ അച്ഛനുമായിരിക്കുക.

സ്കൂൾ വിട്ടുവരുമ്പോൾ ചാരുകസേരയ്ക്കുമുകളിലായിക്കാണുന്ന കഷണ്ടി തലോടുന്ന പരുപരുത്ത കൈ, ഊണുകഴിഞ്ഞാൽ ഉറക്കെയുള്ള ആ കാർപ്പിക്കൽ, പണിക്കാരോടുള്ള ഗർജനം, ഒരാഴ്ചത്തെ കുറ്റങ്ങൾക്ക് എണ്ണിയെണ്ണി പതിയുന്ന ചൂരലിന്റെ സീൽക്കാരം, ഇതായിരുന്നു അച്ഛൻ.

അച്ഛൻ സൗമ്യനായി മാറിയിരുന്നത് അമ്മയുടെ അടുത്ത ബന്ധു




വായിരുന്ന ചെല്ലമ്മയക്കന്റെ മുന്നിൽ മാത്രം. ഒരു ഭസ്മക്കുറിയുടെ നേർവരയും സുഗന്ധവുമായിരുന്നു എന്റെ അമ്മയെങ്കിൽ ചെല്ലമ്മയക്കൻ ഒരു കുടന്ന മുല്ലപ്പൂക്കളുടെ സൗരഭ്യവും ഒരു ചിരിയുടെ ഇന്ദ്രജാലവുമായിരുന്നു. അവർ ചിരിക്കാൻ തുടങ്ങുന്നതിനുമുമ്പു തന്നെ മാർവിടം കുലുങ്ങുകയും കവിളിലെ ആ ഒറ്റ നുണക്കുഴി തെളിയുകയും ചിരി ചിന്നിത്തെറിച്ചതുപോലെ ആ മൂക്കുത്തി കിടന്നു മിന്നുകയും ചെയ്തു. അവർ വീട്ടിൽ ഒരിക്കലും വന്നതായി ഓർമയില്ല എനിക്ക്. എങ്കിലും അമ്മയുടെ ശാപവാക്കുകളിൽ അച്ഛന്റെ അസാധാരണമായ മൗനത്തിൽ, ഷർട്ടിന്റെ പോക്കറ്റിൽ ഒരിക്കൽ ഞാൻ കണ്ടെത്തിയ മുല്ലമൊട്ടിൽ ഒക്കെ അവർ സദാ നിറഞ്ഞുനിന്നു. ചെല്ലമ്മയക്കനെ എനിക്കിഷ്ടമായിരുന്നു. എങ്കിലും അച്ഛനും അമ്മയുമായുള്ള കലഹം മൂക്കുമ്പോൾ മോശയ്ക്കടിയിലോ കട്ടിലിനടിയിലോ ഒളിച്ചിരുന്ന് മനസ്സില്ലാമനസ്സോടെ ചെല്ലമ്മയക്കൻ മരിച്ചുപോവണേ എന്നു ഞാൻ പ്രാർത്ഥിച്ചിരുന്നു.

ചെല്ലമ്മയക്കൻ ഒരുദിവസം ആത്മഹത്യ ചെയ്തു. അമ്മയ്ക്ക് ഇനി ഒരിക്കലും കരയേണ്ടിവരില്ലെന്നോർത്ത് ഞാൻ സമാധാനിച്ചു. മരിച്ചവീട്ടിലേക്കു പോവാൻ എന്റെ ഏറ്റവും നല്ല കുപ്പായമിട്ട് ഞാനൊരുങ്ങി. അതിനുപകരം ഒരു നിറം മങ്ങിയ സാധാരണ കുപ്പായം തന്ന് അമ്മ പറഞ്ഞു: മരിച്ച വീടല്ലേ, നാട്ടുകാരെന്താ പറയ്വാ? പരസ്പരം വിപരീതമായ രണ്ടുതോന്നലുകളെ സമന്വയിപ്പിക്കാനറിയാതെ ഞാൻ അമ്മയെ സൂക്ഷിച്ചു നോക്കി. അമ്മയുടെ മുഖം ഒരു ഭസ്മക്കുറിപോലെ ഭദ്രമായിരുന്നു.

ഇലപൊഴിയുന്ന കാലമായിരുന്നു അത്. ഖിന്നതയോടെ കരിയിലകളെ തട്ടിത്തട്ടി നടക്കുമ്പോൾ അമ്മ അടക്കിയ സ്വരത്തിൽ പറഞ്ഞു:

അവിടെച്ചെന്നാ ചിരീം കളീം ഒന്നും വേണ്ട. മരിച്ചവീടാണ് ഓർമ്മ വേണം. ദുഃഖം ഭാവിച്ച് ഒരിടത്ത് ഇരുന്നോളണം. ഞാൻ ചോദിച്ചു: അമ്മയ്ക്ക് ചെല്ലമ്മയക്കൻ മരിച്ചിട്ട് സന്തോഷം തോന്നുന്നുണ്ടോ?

അമ്മ ആകെയൊന്നു പതറിയതായി എനിക്കുതോന്നി. വളരെമുമ്പിലായി നടന്നിരുന്ന അച്ഛൻ മ്ലാനതകലർന്ന ക്ഷമയോടെ തിരിഞ്ഞുനിന്നു. അമ്മ മൂക്കുപിഴിഞ്ഞ് വേഷ്ടിയുടെ തലപ്പുകൊണ്ട് കണ്ണീരൊപ്പുന്നതായി നടിച്ചു: വിസ്മയകരമായ ഒരു കാഴ്ചയായി അതെനിക്ക് അനുഭവപ്പെട്ടു.

അമ്മ കണ്ണീരൊപ്പുന്നതായി നടി

ച്ചപ്പോൾ ഒറ്റനുണക്കുഴി വിടർത്തി ആരോ പരിഹസിച്ചു ചിരിച്ച പോലെ! ചെല്ലമ്മയക്കന്റെ വീട്ടിൽനിന്നു മടങ്ങവെ ഓടിയും നടന്നു, അമ്മയോടൊപ്പമെത്തി എന്നെ കുഴയ്ക്കാൻ തുടങ്ങിയിരുന്ന ആ ചോദ്യം ഞാൻ ചോദിച്ചു: അമ്മേ, വലുതായാൽ എനിക്കും ഇഷ്ടംപോലെ നുണപറയാമോ?

മുല്ലപ്പൂവിന്റെ നേർത്ത സുഗന്ധം പിടിച്ചെടുത്തപോലെ അമ്മയുടെ മുഖവും നെറ്റിയിലെ സിന്ദൂരവും ഒപ്പം ചുളിഞ്ഞു: അസത്ത്, വേണ്ടാത്ത ചോദ്യങ്ങളേ നാവിലുദിക്കൂ അല്ലേ? അമ്മ കയർത്തു: ചീത്തക്കുട്ട്യോൾടെ മനസ്സിലേ ചീത്ത ചിന്തകളുണ്ടാവൂ. ഓരോന്നിനും എണ്ണിയെണ്ണി ഈശ്വരൻ ചോദിക്കും. കണ്ടില്ല്യേ...

പോക്കുവെയിൽ ഒരു ചിരിയുടെ ബാക്കിപോലെ കിടന്നു തിളങ്ങി.

കുറ്റബോധംകൊണ്ട് എന്റെ തല കുനിഞ്ഞുപോയി. ഇപ്പോൾ തോന്നുന്നു കുറ്റബോധംകൊണ്ട് എന്റെ തല കുനിപ്പിച്ച് രക്ഷപ്പെടുകയായിരുന്നു അമ്മയെന്ന്. കുറ്റബോധമുണ്ടാവാൻ കാരണമുണ്ടായിരുന്നു. അമ്മയറിയാതെ ചില രഹസ്യ അറിവുകളും ഒരു രഹസ്യ ലോകംതന്നെയും ഞാൻ നേടിയെടുക്കുന്ന കാലമായിരുന്നു, അത്.

അമ്മതീർത്ത ഭസ്മക്കുറിയുടെ, അരുതുകളുടെ, ആജ്ഞയുടേയും അനുസരിപ്പിക്കലിന്റേയും ദാക്ഷിണ്യലേശമില്ലാത്ത ലോകത്തിന്റെ അരികിലായി മറ്റൊരു ലോകവും ഞാൻ കണ്ടുപിടിച്ചിരുന്നു- സമപ്രായക്കാരുടെ വീട്ടിൽ, ചെല്ലമ്മയക്കന്റെ ചിരിയിൽ, വീട്ടിലെ പാടത്തും പറമ്പിലുമായി പണിയെടുക്കന്നവരുടെ അരികിൽ. അയഥാർത്ഥവും അപരിഷ്കൃതവും ദരിദ്രവുമായിരുന്നു ആ ലോകം. പക്ഷേ, നിശ്ചയമായും കൂടുതൽ സ്വതന്ത്രവും ആഹ്ലാദഭരിതവും. ഏതാണു നുണ ഏതാണു സത്യം എന്നറിയാതെ ഞാൻ കുഴങ്ങിയിരുന്നു. എങ്കിലും എനിക്ക് ചായ്‌വ് സത്യത്തിന്റെ ചാരനിറത്തേക്കാൾ നുണയുടെ വർണഭംഗികളോടായിരുന്നു. ജലം സ്വന്തം നിലതേടി കണ്ടെത്തുന്നതുപോലെ ഞാൻ അവസരം കിട്ടുമ്പോഴൊക്കെ ആ ലോകം തേടിച്ചെന്നു. അമ്മ കാണാതെ പണിക്കാരുടെ കവടിക്കിണ്ണത്തിൽനിന്ന് ഒരു ഉരുള മേടിച്ചുണ്ണുമ്പോൾ, ചെല്ലമ്മയക്കന്റെ വിരലിൽതൂങ്ങി അവരുടെ പാടത്തെ കൊയ്ത്തുലഹളകൾക്കിടയിൽ പണിക്കാർ പരസ്പരം പറഞ്ഞ തെറിവാക്കുകൾ കേട്ടുപഠിക്കുമ്പോൾ അമ്മയുടെ അരുതുകൾ ലംഘിക്കുന്നതിലെ അത്ഭുതകരമായ ആഹ്ലാദം ഞാൻ രുചിച്ചു. രുചിക്കുന്തോറും അതെന്നെ കൂടുതൽ ധീരയും സാഹസികയുമാക്കി. ഇതേ നിലവിളക്കിനുമുന്നിലിരുന്ന് നാമം ചൊല്ലിക്കഴിഞ്ഞശേഷം 'തേവിടിശ്ശി' എന്ന വാക്ക് പത്തുപ്രാവശ്യം ഈശ്വരന്റെ ശിക്ഷയെ കൂസാതെ ഉരുവിട്ടുനോക്കിയത് എനിക്കോർമ്മവരുന്നു.

പിന്നെ ചീത്തക്കുട്ടിയുടെ ആ ചീത്ത ചിന്തയെ ചൊല്ലി ഈശ്വരന്റെ ശിക്ഷ ഭയന്ന് ഉറക്കം വരാതെ നഖം കടിച്ചുകിടന്ന രാത്രികൾ, ഉറങ്ങിയാലാവട്ടെ, ജ്വരബാധിതയായ സ്വപ്നങ്ങളിൽ ചൂരലിന്റെ സീൽക്കാരം.

ശിക്ഷിക്കാനൊരുങ്ങുന്ന ഈശ്വരന് എന്റെ ദുഃസ്വപ്നങ്ങളിൽ അച്ഛന്റെ മുഖമായിരുന്നു. ആ അച്ഛനെ ഒരുദിവസം പാടത്തുനിന്ന് താങ്ങിയെടുത്താണ് കൊണ്ടുവന്നത്- മുഖം കോടി, ഒരുവശം മുഴുവൻ തളർന്ന്.

മുഖം കോടിയ, നിസ്സഹായമായ ഒരു നുണയായി ഈശ്വരൻ എന്റെയുള്ളിൽ മരിച്ചതും അന്നാണ്. അച്ഛൻ മരിച്ചത് പിന്നെയും വളരെ കഴിഞ്ഞ്- ആരുടേയും കണ്ണിൽപെടാത്ത വിലയില്ലാത്ത ഒരു സത്യം പോലെ; എന്റെ വിവാഹത്തിനുമുമ്പ്. എന്റെ വിവാഹത്തിന് അമ്മ എനിക്കു സമ്മാനിച്ചത് നവരത്നശോഭയുള്ള മറ്റൊരു നുണയായിരുന്നു.

വിവാഹദിവസം പതിവില്ലാത്ത വിധം അമ്മ എന്റെ മുറിയിലേക്കു കടന്നുവന്നു. ഏതൊരു നവവധുവിനേയുംപോലെ നെഞ്ചിലൊരു പുഴയേന്തി, ഉള്ളിലെ ആ ഉജ്ജ്വലമായ ഒരു കാന്തിയിൽ ജ്വലിച്ചുനിൽക്കുകയായിരുന്നു ഞാനും. എന്നെ അടിമുടി ഒന്നുനോക്കി, എന്നെ അത്ഭുതപ്പെടുത്താൻ മാത്രം ആകുലമായ ഒരു നോട്ടമായിരുന്നു അത്. എന്റെ ചുമലിൽ കൈവെച്ച് അമ്മ പറഞ്ഞു: ഇന്നുമുതൽ മനോരാജ്യം കണ്ട് നടന്നാ പറ്റില്ല്യ. അന്യന്റെ വീട്ടിൽക്കാ പോണത്ന്ന് ഓർത്തോളൂ. നേരത്തും കാലത്തും വെച്ചുവിളമ്പി ഒരു വീടുകൊണ്ടു നടക്കാച്ചാൽ കുട്ടിക്കളിയല്ല. ഒന്നു നിർത്തി, സന്ദേഹത്തോടെ അമ്മ കൂട്ടിച്ചേർത്തു: ഒരു പുരുഷന്റെ മനസ്സിൽക്ക്ള്ള ഒറ്റ വഴി അതാ, മറക്കണ്ടാ.

ഞാൻ മറന്നില്ല. എന്റെ ഭർത്താവ് വിദ്യാസമ്പന്നനും പരിഷ്കൃതാശയനുമായിരുന്നു. അദ്ദേഹം ഒരു കവിയും ഒഴിവുസമയങ്ങളിൽ രാഷ്ട്രീയക്കാരനുമായിരുന്നു. അതുകൊണ്ട് സാഹിത്യത്തിലെ സ്ഥിതിഗതികളെ വിലയിരുത്താനായോ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ആകുലനായോ അദ്ദേഹം പത്രം നാലഞ്ചുതവണ സസൂക്ഷ്മം വായിക്കുമ്പോൾ ഞാൻ അമ്മ പറഞ്ഞതുപോലെ അമ്മിയിൽ നീട്ടിയരയ്ക്കുകയും പാത്രങ്ങൾ കഴുകുകയും തുണി നനയ്ക്കുകയും ചെയ്തു. ഞാൻ മനോരാജ്യങ്ങൾ കൈവിട്ടു. കാലക്രമത്തിൽ കുട്ടികളുടെ മുറിയിൽനിന്ന് ഭർത്താവിന്റെ കിടപ്പുമുറിയിലേക്കും തിരിച്ച് അടുക്കളയിലേക്കുമായി എന്റെ ഭ്രമണപഥം. എന്റെ ഭർത്താവിന്റെ മനസ്സിലേക്കുള്ള വഴിയായിരുന്നു ഞാൻ തേടിയിരുന്നത്. പക്ഷേ, കരിയും പുകയും പുരണ്ട് ഒരുദിവസംതാണ്ടി കിടപ്പറയിലെത്തുമ്പോൾ എന്റെ ഭർത്താവ് കൂടുതൽ ഉരുണ്ട മുലകൾക്കും തടിച്ച തുടകൾക്കുമായി അതൃപ്തനായി. ഭക്ഷണം പാകംചെയ്യുന്നപോലെ സ്നേഹവും ഞാൻ പാകം ചെയ്യേണ്ടതുണ്ടെന്ന് ഞാൻ അറിഞ്ഞു. അതിക്രൂരമായി കബളിപ്പിക്കപ്പെട്ടതുപോലെ എനിക്കുതോന്നി. ഞാനറിയാതെ നെഞ്ചിലെ ആ പുഴ എങ്ങോ ഒഴുകിമറഞ്ഞതുപോലെ. എന്റെ ഉണ്മയിലാരോ ഊക്കോടെ തുപ്പിയതുപോലെ.

പുരുഷന്റെ മനസ്സിലേക്ക് ഒരേ ഒരുവഴി മാത്രമേയുള്ളൂവെന്ന് ഞാൻ അറിയുകയായിരുന്നു. അമ്മ പറയാതെവിട്ട ആ സത്യം, പറഞ്ഞ ഒരു നുണയ്ക്കു തുല്യമായി എനിക്കനുഭവപ്പെട്ടു. അങ്ങനെയാണ് എന്റെ അമ്മയുടേയും അമ്മൂമ്മയുടേയും അവരുടെ മുൻഗാമികളായ സകലസ്ത്രീകളുടേയും ഭാഷ ഞാനും വശത്താക്കിയത്. മൗന

*(ശേഷം 56-ാം പേജിൽ)*

അനുഭവം

# സ്ത്രീകളെക്കുറിച്ച് ഒരു സ്ത്രീയുടെ ചിന്തകൾ....

**സിംഗപ്പൂരിൽനിന്ന് ചിത്രാ കൃഷ്ണകുമാർ**

"**അവൾ** തന്റെ ഭർത്താവിനെ തികഞ്ഞ ധിക്കാരത്തോടുകൂടിയാണ് നേരിട്ടത്. പുച്ഛസ്വരത്തോടുകൂടി... പെട്ടെന്ന്.... വളരെ പെട്ടെന്ന് നല്ല ചൂടോടെ അടി.... അവൾ കുഴഞ്ഞുവീഴുന്നതുവരെ ആ മർദ്ദനം തുടർന്നുകൊണ്ടേയിരുന്നു... അതിനുശേഷം അയാൾ തന്റെ പ്രവൃത്തിയെപ്പറ്റിയുള്ള അഭിമാനത്തോടെ ഇരച്ചുകയറുന്ന കോപത്താൽ അറപ്പോടെ വീണുകിടക്കുന്ന മാംസക്കൂമ്പാരത്തിൽ നോക്കി.... എന്നിട്ടു നടന്നുപോയി."



ലോകമാകമാനം പ്രേക്ഷകരുള്ള ഏഷ്യാനെറ്റു (സിംഗപ്പൂരിൽ ലഭ്യമാകുന്ന ഒരേയൊരു മലയാളം ചാനൽ) പോലെയുള്ള മലയാളം ചാനലുകളിൽ വരുന്ന ഇത്തരം സീരിയലുകൾ സ്ത്രീകളുടെ ആത്മാഭിമാനം നശിപ്പിക്കുന്നവയാണ്. മിക്കവാറും സീരിയലുകളും സ്ത്രീകളെ അപമാനിക്കാനുള്ള/ ഉപദ്രവിക്കാനുള്ള വസ്തുക്കളായിട്ടാണ് പ്രദർശിപ്പിക്കുന്നത്. സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒരു പടി താഴെ നിൽക്കേണ്ടവരാണെന്നും സ്ത്രീകൾ പുരുഷന്മാരേക്കാൾ മിടുക്കരാവുന്നത് കുടുംബത്തിന് ദോഷമേ ചെയ്യൂ എന്നും ഇവർ അഭിമാനത്തോടെ പ്രദർശിപ്പിക്കുന്നു. ഇത് പ്രചരിപ്പിക്കപ്പെടേണ്ട ഒരു ധാർമ്മിക മൂല്യമായും ഗാർഹിക പീഡനം ഒരു അംഗീകൃത മാതൃകാ ചട്ടമായും കണക്കാക്കപ്പെടുന്നു.

ഒരു രാജ്യത്തിന്റെ വളർച്ചയ്ക്ക് പുരുഷാധിപത്യമല്ല മറിച്ച് ലിംഗവിവേചനമില്ലാത്ത തുല്യതയാണാവശ്യം. നിങ്ങൾ ചെയ്യുന്ന ജോലിക്കും നിങ്ങളുടെ കഴിവിനും അനുസരിച്ചാണ് അവസരങ്ങൾ നൽകപ്പെടേണ്ടത്. പരസ്പര ബഹുമാനവും പരസ്പര ധാരണയുമാണാവശ്യം.

കേരളത്തിലെ ഒട്ടുമുക്കാലും സ്ത്രീകളും 'സാധാരണം' എന്ന നിലയിൽ കാണുന്ന ഈ സീരിയലുകൾ സിംഗപ്പൂരിലെ പ്രേക്ഷകർക്ക് ഒരു തമാശമാത്രമായേക്കാം. അല്ലെങ്കിൽ അതിശയം. കേരളത്തിൽനിന്ന് ഇങ്ങോട്ട് മാറിവന്നവർക്കും ഈ സീരിയലുകളോട് പൊരുത്തപ്പെടാനാകുമെന്ന് തോന്നുന്നില്ല. സിംഗപ്പൂർ എന്ന രാജ്യത്തെ സ്ത്രീകളുടെ അവസ്ഥയും അവരുടെ കാഴ്ചപ്പാടുകളും അവർ നടത്തുന്ന പ്രവൃത്തികളും കേരളത്തിനേക്കാൾ തുലോം വ്യത്യസ്തമായതിനാലാവാം ഇത്.

ഒരു മത്സ്യബന്ധന ഗ്രാമത്തിൽനിന്ന് ലോകത്തെ പത്താം സമ്പന്നരാജ്യം എന്ന പദവിയിലേക്കുള്ള വളർച്ചയ്ക്കിടയിൽ സ്വാഭാവികമായും അവിടുത്തെ സ്ത്രീകളുടെ ജീവിതത്തിലും സമൂലമായ മാറ്റം വന്നിട്ടുണ്ട്. പാർലമെന്റിലെ കുറഞ്ഞ പ്രാതിനിധ്യം, വേതനത്തിലുള്ള ലിംഗവിവേചനം, കുടുംബവും കരിയറും ഒന്നിച്ചു കൊണ്ടുപോകുന്നതിലുള്ള ബുദ്ധിമുട്ട്, പാവപ്പെട്ടവരും പണക്കാരും തമ്മിലുള്ള വ്യത്യാസം എന്നിവയാണ് സ്ത്രീകൾ ഈ സമൂഹത്തിൽ നേരിടേണ്ടിവന്നിരുന്ന പ്രധാന പ്രശ്നങ്ങൾ.

സീരിയലുകൾ മടുപ്പിച്ചപ്പോൾ ഞാൻ ഇന്റർനെറ്റിൽ സിംഗപ്പൂരിലെ സ്ത്രീകളെപ്പറ്റി തിരഞ്ഞു. അപ്പോഴാണ് സിംഗപ്പൂരിന്റെ ചരിത്രത്തിൽ വളരെ വലിയ സ്ഥാനമുള്ള സ്ത്രീകളെപ്പറ്റി ഞാൻ അറിയുന്നത്. അവയിൽ ചിലത് ഇവിടെ പങ്കുവെക്കാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ സിംഗപ്പൂരിന്റെ സാഹചര്യങ്ങൾ നിർമ്മിക്കുന്നതിൽ ഇവരുടെ പങ്ക് വലുതാണ്.

കഥ കേട്ടാൽ നമുക്ക് പ്രചോദനം ലഭിക്കുന്ന പല വനിതകളുടേയും ജീവചരിത്രത്തിലൂടെ കടന്നുപോവുകയുണ്ടായി. അതിൽ സിംഗപ്പൂരിന്റെ മദർ തെരേസ എന്നറിയപ്പെടുന്ന ശതാഭിഷിക്തയുടെ കഥ എന്നെ സ്പർശിക്കുകയുണ്ടായി.

യൗവനം മുതൽ തന്റെ ജീവിതം സമൂഹനന്മയ്ക്കായി സമർപ്പിച്ച അവർ 47-ാം വയസ്സിൽ, ലണ്ടനിൽ 25 വയസ്സിൽ താഴെയുള്ളവർക്കായുള്ള ഒരു 3 വർഷ നഴ്സിംഗ് കോഴ്സിന് അവർ സ്വീകരിക്കപ്പെട്ടു. 1960-ൽ, അവരുടെ 67-ാം വയസ്സിൽ, സിംഗപ്പൂരിലെ ആദ്യ വൃദ്ധസദനങ്ങളിൽ ഒന്നായ ഒരു സ്ഥാപനം നിർമ്മിച്ചു. 85 വയസ്സുവരെ അവിടെ പ്രവർത്തിക്കുകയും ചെയ്തു. അവരുടെ കർമ്മനിരതയുടേയും കർത്തവ്യബോധത്തിന്റേയും ഫലമായി ധാരാളം ബഹുമതികൾ അവരെ ത്തേടിയെത്തിയിട്ടുണ്ട്. സിംഗപ്പൂരിന്റെ പ്രസിദ്ധമായ മദർതെരേസയ്ക്ക് 2011-ൽ 113 വയസ്സു തികഞ്ഞെങ്കിലും ആവശ്യക്കാരെ സഹായിക്കാനുള്ള സന്മനസ്സും പ്രതിബദ്ധതയും മുൻപത്തേതെന്നപോലെ ശക്തമാണ്.

വേദനാജനകമായ ബാല്യവും അസന്തുഷ്ടമായ ദാമ്പത്യവും അടക്കം വളരെയധികം കഷ്ടപ്പാടുകൾ അനുഭവിച്ചു ജീവിച്ച 65 കാരിയാണ് ലിയോൺസ്. 11 വർഷമായി ഒരു വാഹനാപകടത്തെത്തുടർന്ന് ബുദ്ധിമാന്ദ്യം സംഭവിച്ച് കിടപ്പിലായ മകനെ പരിചരിക്കുന്നതോടൊപ്പം തന്നെ മറ്റുകുട്ടികളെ അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിമിതികളെ മറികടന്ന് സഹായിക്കുന്നതിൽ ലിയോൺസ് സമയം കണ്ടെത്തി. "world vision Singapore" ലൂടെ ധാരാളം നിർദ്ധനരായ കുട്ടികളെ സ്പോൺസർ ചെയ്യുന്നുണ്ടവർ. തനിക്കു ബാല്യത്തിൽ നഷ്ടപ്പെട്ട അവസരങ്ങൾ മറ്റൊരുകുട്ടിക്ക് നഷ്ടപ്പെടരുതെന്ന ചിന്തയാണ് അവരെക്കൊണ്ടിതു ചെയ്യിക്കുന്നത്.

ഇനി സിങ്കപ്പൂരിന്റെ സാമൂഹ്യമാറ്റത്തിൽ പങ്കുവഹിച്ച ചില വനിതാ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്താം. 1951-ൽ സിംഗപ്പൂരിലെ ഏറ്റവും ഉയർന്ന തീർപ്പുകൽപ്പിക്കൽ കൂട്ടായ്മയായ Legislative council (നിയമസഭയിൽ) രണ്ടുസ്ത്രീകൾ അംഗങ്ങളായിരുന്നു. ഒന്ന് മിസ്സിസ് എലിസബത്ത് ചോ. ഒരു തിരഞ്ഞെടുപ്പുസീറ്റിനുവേണ്ടി പരിശ്രമിച്ച് പരാജയപ്പെട്ട അവസ്ഥയിൽ ഗവർണറാണ് അവരെ സഭയിലേക്ക് നാമനിർദ്ദേശം ചെയ്തത്. മറ്റേയാൾ മിസ്സിസ് വിലാസിനി മേനോനായിരുന്നു. അവർ സ്വതന്ത്രയായി മത്സരിച്ച് സീറ്റുനേടിയ ഒരു ജനപ്രിയ സ്ഥാനാർത്ഥിയായിരുന്നു. എലിസബത്ത് ചോ (1910-2006) യുദ്ധനായിക, രാഷ്ട്രീയ വനിത, അദ്ധ്യാപിക എന്നീ നിലകളിൽ തന്റെ വിലപ്പെട്ട സേവനം കാഴ്ചവെച്ചിട്ടുണ്ട്. അവർ സിംഗപ്പൂരിലെ സ്ത്രീകളുടെ ശക്തിയുടേയും ചെറുത്തുനിൽപ്പിന്റേയും പ്രതീകമാണ്. ജാപ്പാനീസ് അധിനിവേശ സമയത്ത് ബ്രിട്ടീഷ് തടവുകാർക്ക് ഭക്ഷണം ലഭ്യമാക്കുന്ന കടമയിലേർപ്പെട്ടതിന്റെ പേരിൽ അവർക്ക് ധാരാളം പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. യുദ്ധത്തിനുശേഷം ആ വർഷം നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരേയൊരു വനിതയാണ് അവർ. തൊഴിൽകൊണ്ട് ഒരദ്ധ്യാപികയായിരുന്ന അവർ1956ൽ അന്ധന്മാർക്കായുള്ള ഒരു വിദ്യാലയം ആരംഭിക്കുകയും തുടർന്നുള്ള നാലുവർഷം അവിടെ പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

ഷിറിൻ ഫോസ്ദാർ (1905-1992) സ്ത്രീകളുടെ അവകാശസംരക്ഷണത്തിനുവേണ്ടി നിർഭയം ഉറക്കെ സംസാരിച്ചിരുന്ന ഒരു വക്കീലായിരുന്നു. ഇന്ത്യയിൽ ജനിച്ചുവളർന്ന്, ലാഹോറിലും ജനീവയിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി, 1950-ൽ തന്റെ ഭർത്താവിനൊപ്പം അവർ സിംഗപ്പൂരിലേക്കു താമസം മാറ്റി. സിംഗപ്പൂരിൽ അക്കാലത്ത് പ്രബലമായ ബഹുഭാര്യാത്വത്തെ നഖശിഖാന്തം അവർ എതിർത്തു. അവരുടെ ജീവിതം ബഹായ് (Bahai Faitto) സെക്റ്റുകളുടെ "സ്ത്രീപുരുഷസമത്വം" എന്ന തത്ത്വത്താൽ പ്രചോദിതമായിരുന്നു. സിംഗപ്പൂർ women's Association (വനിതാ സംഘടന) ന്റെ ഒരു സ്ഥാപിതകൂടിയായിരുന്നു അവർ. ഈ സ്ഥാപനത്തിന്റെ മറ്റൊരു സ്ഥാപിതയും Federation of Asian women's Association ൽ പ്രസിഡന്റായ ആദ്യ സിംഗപ്പൂർ പൗരയായിരുന്നു മിസ്സിസ് ഡിയോ പെക് ലംഗ്. (1911-2007) സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്നതിൽ, പ്രത്യേകിച്ച് തുല്യവേതനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ അവർ വിജയം വരിച്ചു. ആ ധീരവനിത അദ്ധ്യാപനം, സാമൂഹ്യ പ്രവർത്തനങ്ങൾ, സഹായപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലൂടെ രാജ്യസേവനം നടത്തി. സിംഗപ്പൂരിലെ സ്ത്രീകളുടെ മെച്ചമായ അവസ്ഥയ്ക്കുവേണ്ടി മാറ്റിവെച്ചതായിരുന്നു അവരുടെ ജീവിതം. 1959-ലെ തിരഞ്ഞെടുപ്പിൽ നിയമസഭയിലേക്ക് തിരഞ്ഞെടുത്ത ഏക പ്രതിപക്ഷാംഗം അവരാണ്.

മാഡം ചാൻ ചോയ് ഡിയോംഗ് (1934-1981) സിംഗപ്പൂരിലെ വനിതാ രാഷ്ട്രീയത്തിന്റെ ഒരു തുടക്കക്കാരിയായിരുന്നു. 1957ലെ സിറ്റി കൗൺസിലർ, 1959-70 കളിലെ പാർലമെന്റംഗം എന്നീ രീതികളിൽ സ്ത്രീകൾക്കുവേണ്ടി ഉറച്ച പ്രവർത്തനങ്ങൾ നടത്തി.

സ്ത്രീ കൂട്ടായ്മകളും അവർക്ക് ലഭിക്കുന്ന അംഗീകാരങ്ങളും ഒരു രാജ്യത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. സിംഗപ്പൂരിൽ നിലവിലുള്ള അത്തരം വിജയങ്ങളെക്കുറിച്ചും ബഹുമതികളെക്കുറിച്ചും ചില പരാമർശങ്ങളാവാം.

സിംഗപ്പൂരിലെ ആദ്യ വനിതാ പർവ്വതാരോഹക സംഘത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 5 പേർ ഒരു 'എവറസ്റ്റ് സംഘം' രൂപീകരിക്കുകയും മെയ് 2009-ൽ അവർ എവറസ്റ്റ് കൊടുമുടി കീഴടക്കുകയും ചെയ്ത സംഭവം വളരെയധികം അഭിമാനകരമാണ്. 2009-ൽ singapore Women's Weekly (വനിതാ വാരിക) 6 പേർക്ക് "Great women of rime Awards" എന്ന ബഹുമതി നൽകി ആദരിച്ചു. 6 വിഭാഗങ്ങളിൽനിന്നായി നാമനിർദ്ദേശം ചെയ്യപ്പെട്ട 18 പേരിൽനിന്നാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടത്.

1979-ലെ സാംസ്കാരിക വകുപ്പു മന്ത്രിയായിരുന്ന ഓങ്ങ് ടെങ്ങ് ചിയോങ്ങ് ആണ് "The cultural medallion award" രൂപീകരണത്തിനു മുൻകൈ എടുത്തത്. സിംഗപ്പൂരിന്റെ "അതുല്യ കലാപ്രതിഭകളെ" ആദരിക്കുവാനാണ് ഈ അംഗീകാരം. സിംഗപ്പൂരിലെ ഇപ്പോഴത്തെ ഏറ്റവും ഉയർന്ന ബഹുമതിയാണിത്. 2010-ൽ ഈ അവാർഡിനർഹരായ 100പേരിൽ 22 പേർ സ്ത്രീകളാണ്. 1992-ൽ യുവപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് "The young artist award" എന്ന ബഹുമതി രൂപീകരി

ക്കപ്പെട്ടത്. കല, സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിൽ വളർന്നുവരുന്ന ഭാവി വാഗ്ദാനങ്ങളായ 35 വയസ്സിൽ താഴെയുള്ളവർക്കാണ് ഈ ബഹുമതി നൽകുക. ഈ വർഷം ഈ അവാർഡ് നേടിയ 106 പേരിൽ 28 പേർ വനിതകളായിരുന്നു.

സർക്കാർ നിർമ്മിതമായ ചില പദ്ധതികൾ പ്രത്യേകമായും സ്ത്രീകൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നവയാണ്. സിംഗപ്പൂർ സർക്കാറിന്റെ അത്തരം ചില പദ്ധതികൾ സമൂഹത്തിലെ സ്ത്രീ ഔന്നത്യത്തിന് വളരെ സഹായം നൽകിയിട്ടുണ്ട്. അതിൽ ഒന്നാണ് "Fair employment" പദ്ധതി. ഇതിൽ മെറിറ്റോക്രസിയാണ് പ്രധാനം. കഴിവിനനുസരിച്ച് അർഹമായ തൊഴിൽ ലഭിക്കുന്ന സമൂഹമാണ് സിംഗപ്പൂരിൽ നിലനിൽക്കുന്നത്. ജനസംഖ്യ വർദ്ധിച്ചുവരുന്ന ഈ സമയത്ത് സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കേണ്ടത് അത്യാവശ്യമാണ്. നീതീകരിച്ച ഒരാളുടെ കഴിവിനനുസരിച്ച് തൊഴിൽ നൽകപ്പെടുന്നതുകൊണ്ട് അപേക്ഷാർത്ഥികൾ ധാരാളം ഉണ്ട്.

മറ്റൊരു സംഘമാണ് "The friparler work group". സ്ത്രീകൾക്കായുള്ള തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സംഘം 2007 ജൂലൈ-ൽ ആണ് രൂപീകൃതമായത്. ഈ പദ്ധതി സ്ത്രീകൾക്ക് എല്ലാ മേഖലകളിലും സുസ്ഥിരമായ തൊഴിൽ ഉറപ്പിക്കുന്നതിനും ബോണസുകളും മറ്റും നൽകുന്നതിനായും ആണ് രൂപീകരിക്കപ്പെട്ടത്. മാഡം ഹാലിമാഹ് യാക്കോബ് ആണ് ഇതിന് നേതൃത്വം നൽകിയത്. സിംഗപ്പൂർ കൗൺസിൽ ഓഫ് വിമൺ മറ്റൊരു പ്രധാന സഭയാണ്. വിവിധ വനിതാ സംഘടനകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, അവരുടെ പ്രവർത്തനങ്ങൾ ഏകീകരിച്ച് ഒരു ദേശീയ പ്രസ്ഥാനം രൂപീകരിക്കുക എന്നതാണ് ഈ സംഘത്തിന്റെ ലക്ഷ്യം. ധാരാളം സ്ത്രീപക്ഷ പ്രവർത്തകരുള്ള ഈ സഭയ്ക്ക്, പല നിയമങ്ങളിലും അവകാശങ്ങളിലും നല്ല ചില മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു.

പൊതുമേഖലയിലെ പ്രവർത്തനംപോലെ വിലയേറിയതാണ് കുടുംബിനികളുടെ പ്രവർത്തനവും. മാഡം ക്വാ ജിയോക്ക് ചോ എന്ന വനിത തന്റെ ഭർത്താവും പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും ആയിരുന്ന Lee kuan yew ടെ ജീവിതത്തിൽ ഒരു താങ്ങായിരുന്നു. സിംഗപ്പൂരിലെ ഏറ്റവും വലിയ നിയമ സ്ഥാപനമായ Lee & Lee രൂപീകരിച്ചത് ഇവരാണ്. 2010-ൽ ഇവർ നിര്യാതയായപ്പോൾ, തന്റെ ജീവിതം ഇനി വളരെ വിഷമം നിറഞ്ഞതായിരിക്കും എന്ന് ഭർത്താവ് പറയുകയുണ്ടായി.

ശക്തമായ ഒരു സമൂഹത്തിന്റെ ഭാഗമാണ് ശക്തമായ സംഘടനകൾ. സിംഗപ്പൂരിലെ വനിതാസംഘടനകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. അതിൽ ഏറ്റവും പ്രധാനം Aware (Association of women for action and research) ആണ്. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയും ചില നിയമങ്ങളിലെ സ്ത്രീവിരുദ്ധ വശങ്ങൾ തിരുത്താൻവേണ്ടിയും അഹോരാത്രം പ്രവർത്തിച്ചിരുന്നതാണ് ഈ സംഘടന. മറ്റൊരു പ്രധാന സംഘടനയാണ് സിംഗപ്പൂർ കൗൺസിൽ ഓഫ് വിമൻസ് ഓർഗനൈസേഷൻസ്. വനിതാക്ലബ്ബുകൾ, കമ്മിറ്റികൾ, വനിതാ നേതാക്കളുടെ കൂട്ടായ്മകൾ തുടങ്ങിയവയുടെ ഏകീകൃതമായ പ്രവർത്തനമാണ് ഈ സംഘടനയുടെ ലക്ഷ്യം. ഇത് ഒരു ദേശീയ പ്രസ്ഥാനമാക്കി മാറ്റുക എന്നതാണ് ഏറ്റവും പ്രധാനം.

നിത്യജീവിതത്തിൽ എങ്ങനെയാണ് സിംഗപ്പൂർ രാജ്യത്തെ സ്ത്രീകൾ എന്നറിയേണ്ടതും അത്യാവശ്യമാണ്. സിംഗപ്പൂരിൽ വ്യത്യസ്തമായ മേഖലകളിലെ സ്ത്രീപ്രാതിനിധ്യം വളരെ സാധാരണമാണ്. വീട്ടിൽനിന്ന് സിറ്റിയിലേക്കുള്ള യാത്രകൾ സിംഗപ്പൂരിലെ സ്ത്രീശക്തിയെപ്പറ്റി മനസ്സിലാക്കാൻ എന്നെ സഹായിച്ചിട്ടുണ്ട്. ഞാൻ വീട്ടിൽനിന്ന് പുറപ്പെടുന്ന വണ്ടിയുടെ ഡ്രൈവറും MRT (Mass Rapid Transport) ട്രെയിൻ ഡ്രൈവറും സ്ത്രീകളാണ്. ഞാൻ city mallലൂടെ നടക്കുമ്പോൾ പല വംശജരായ, പലതരം വസ്ത്രം ധരിക്കുന്ന സ്ത്രീകൾ തങ്ങളുടെ ഉച്ചഭക്ഷണത്തിനായി കടകളിലും ഭക്ഷണശാലകളിലും തിക്കിത്തിരക്കുന്ന കാഴ്ച കാണാൻ സാധിക്കും. മിക്കവാറും കടകളിലും ഹോട്ടലുകളിലും ക്ലീനിങ്ങ് ജോലിയടക്കം ചെയ്യുന്നത് സ്ത്രീകളാണ്. 80 വയസ്സുവരെ എത്തിനിൽക്കുന്ന വൃദ്ധകൾവരെ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഞാൻ ഇവിടെ ക്ലീനറായി ജോലി ചെയ്യുന്ന 76 കാരിയായ മാഡം ചോയുമായി സംസാരിച്ചു. നിങ്ങൾ എന്തിനാണ് ഈ പ്രായത്തിലും ജോലി ചെയ്യുന്നത് എന്ന് ഞാൻ ചോദിച്ചപ്പോൾ ''എനിക്ക് എന്റെ കാര്യങ്ങൾ നോക്കേണ്ടതുണ്ട്.... എന്റെ മകൻ പുറത്താണ്.... അവനെക്കൊണ്ട് ഉപകാരമൊന്നുമില്ല.... എനിക്കാവുന്നത്ര കാലം ഞാൻ പണിയെടുക്കും....." എന്നാണ് അവർ പറഞ്ഞത്. ഏതുതരം കടകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും സ്ത്രീകളാണ് കൂടുതലും ജോലി ചെയ്യുന്നത്.

പ്രായംചെന്ന സ്ത്രീകളുടെ പോലും ഊർജ്ജസ്വലമായ ജീവിതശൈലി സിംഗപ്പൂരിലെ പ്രധാന കാഴ്ചയാണ്. വാർദ്ധക്യം അവരെ വീടുകളിൽ തളച്ചിടുന്നില്ല. പല മേഖലകളിലും പലതരം ജോലികളിൽ അവർ ഏർപ്പെടുന്നു. നൃത്തം, വ്യായാമം, സംഗീതം, സംഗീതോപകരണങ്ങൾ എന്നിവയോടുള്ള കമ്പം വാർദ്ധക്യത്തിലും അവരെ വിട്ടുപോകുന്നില്ല.

സ്ത്രീകളുടെ സുരക്ഷിതമായ രാത്രിസഞ്ചാരങ്ങൾ സിംഗപ്പൂരിന്റെ മറ്റൊരു ആകർഷണമാണ്. വളരെ രാത്രിയായാൽപ്പോലും യാതൊരു ബുദ്ധിമുട്ടുമില്ലാതെ തനിച്ചു സഞ്ചരിക്കാൻ സ്ത്രീകൾക്കും കുട്ടികൾക്കും സാധിക്കും.

സ്ത്രീകളുടെ ഇത്തരം മുന്നേറ്റങ്ങൾ, വിജയങ്ങൾ എന്നിവ ചിലർ മാത്രം വിചാരിച്ചാൽ നടക്കുന്നതല്ല. സാധാരണ സ്ത്രീകളും ഉന്നതിക്കുവേണ്ടി അഹോരാത്രം യത്നിക്കണം. ഇന്ത്യൻ ചരിത്രത്തിലും ഇതുപോലെ മഹത്തരമായ സ്ത്രീവിമോചന വിപ്ലവ പ്രസ്ഥാനങ്ങളും മികച്ച സ്ത്രീ വ്യക്തിത്വങ്ങളും ധാരാളമുണ്ട്. എന്നാൽ നമ്മുടെ മാദ്ധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് പുരുഷന്റെ അടിമയായ സ്ത്രീകളാണ്. അവരാണ് നല്ല മാതൃക എന്നു നിരന്തരം ചാനലുകളും സിനിമകളും ആണയിടുന്നു. ഇതാണ് മാറേണ്ട അവസ്ഥ. ■





# 'ഫ്രാൻസിസ് ഇട്ടിക്കോര'

## ചരിത്രം, സ്ത്രീ, കമ്പോളം

▶ **കലാചന്ദ്രൻ**



**കോളോണിയൽ** ജ്ഞാന വ്യവസ്ഥ നിർമ്മിച്ചവതരിപ്പിച്ച ഒന്നാണ് ചരിത്രം. അതുകൊണ്ടു തന്നെ അത് ആധുനികതയുടെ പുരുഷമുതലാളിത്ത പാശ്ചാത്യമൂല്യബോധങ്ങളെ പിൻതുടരുന്നതുമായിരിക്കും. ഇത്തരം ലിഖിതചരിത്രങ്ങളുടെ ബദൽ എന്ന നിലയിലാണ് ടി.ഡി. രാമകൃഷ്ണൻ 'ഫ്രാൻസിസ് ഇട്ടിക്കോര'യെ അവതരിപ്പിക്കുന്നത്.

കോളനിവത്കൃത മൂന്നാംലോക കീഴാളരുടെ ചരിത്രമെന്ന നിലയിൽ ആഖ്യാനവും വിശകലനവും നേടിയ ഇട്ടിക്കോര പക്ഷേ, അബോധത്തിൽ പരമ്പരാഗത ചരിത്രമെഴുത്തിന്റെ പ്രത്യയശാസ്ത്രബോധത്തേയും ഘടനയേയും പിൻപറ്റുന്നു.

ഭൂതകാലത്തെ പൂർണമായി ഭരണാധികാരചരിത്രത്തിലേക്ക് എടുത്തെഴുതുന്ന പൊതുചരിത്രം സാമാന്യജനം എന്ന ഭൂരിപക്ഷ സംവർഗത്തെ നിരാകരിക്കുന്നു. ഫ്രാൻസിസ് ഇട്ടിക്കോര എന്ന വ്യാപാരി ചരിത്രത്തിന്റെ കേന്ദ്രത്തിലേക്ക് എത്തുന്നതും ഇതേ അധികാര കയ്യാളിത്തത്തിന്റെ തുടർച്ചയിലാണ്. ഗണിതതശാസ്ത്ര'ത്തിലുള്ള അറിവ് അധികാരത്തിന്റെ ........ മൊത്തം സാധ്യതകളെയാണ് ഇട്ടിക്കോരയ്ക്ക് നൽകുന്നത്. വെളുത്ത നിറവും കൊളോണിയതയുടെ വടിവുസങ്കല്പങ്ങളും ഒത്തിണങ്ങിയ പുരുഷശരീരം മറ്റൊരു അധികാരസ്ഥലിയായി മാറുന്നു.

കച്ചവടം എന്ന നൂതന വിനിമയത്തിലൂടെ ആർജ്ജിക്കുന്ന പണം അധികാരത്തിന്റെ സർവ്വ മണ്ഡലങ്ങളിലേക്കും വാതിൽ തുറക്കുന്നതും കാണാം. ഇങ്ങനെ അറിവും പണവും പൗരുഷവും ചേർന്ന് രൂപപ്പെടുത്തുന്ന അധികാരസത്തയായി ഇട്ടിക്കോര മാറുന്നു.

പെണ്ണിനെ പുരുഷാധികാരങ്ങൾക്കു വിഹരിക്കാനുള്ള മേച്ചിൽപ്പുറങ്ങളായി നില നിർത്തുന്ന പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ സൃഷ്ടിയാണ് ഇട്ടിക്കോരയിലെ സ്ത്രീകളോരോന്നും. പ്രാചീന അലക്സാൻഡ്രിയയിലെ, ഗണിതശാസ്ത്രത്തിൽ അറിവും അതിന്റെ അധികാരവും ഉള്ള ഹൈപേഷ്യ മുതൽ ആധുനികാനന്തര കേരളത്തിലെ കോളേജധ്യാപികയോ ഫാഷൻ ഡിസൈനറോ വരെയുള്ള സ്ത്രീകൾ ഇതേ കാഴ്ചസ്ഥാനം നിർമ്മിച്ചെടുത്തവരാണ്. അറിവിന്റെ അധികാരബലം ഉള്ള, ബൗദ്ധികമായ ശേഷി തെളിയിച്ച സ്ത്രീകളാണ് ഇവരെങ്കിലും ഇവർ ചർച്ചചെയ്യപ്പെടുന്നത് ശരീരം എന്ന സാധ്യതയെ മുൻനിർത്തിയാണ്. ഈ ശരീരം ദിവ്യാനുപാതം പാലിക്കുന്നതോ 32:28:34 എന്ന നവീനാനുപാതം പാലിക്കുന്നതോ ആണ് എന്നതും പ്രധാനമാണ്. പുരുഷന്റെ ഇച്ഛകൾക്കൊത്ത് ശരീരം വിളമ്പുന്ന സ്ത്രീകളെ, പക്ഷേ, സ്വയം ലൈംഗിക കർതൃത്വം ഏറ്റെടുത്തവർ എന്ന നിലയിലാണ് അവതരിപ്പിക്കുന്നത്. കണക്കിന്റെ കൂടുതൽ അറിവുകളിലേക്കും അധികാരത്തിലേക്കും പ്രവേശിക്കാനുള്ള വാതിലായി ഹൈപേഷ്യ ഉടലിനെ ഉപയോഗിക്കുമ്പോൾ ഗവേഷണത്തിന്റെ അറിവിടത്തിലേക്കും അതിന്റെ അധികാരത്തിലേക്കും ഉള്ള കവാടമാകുന്നു മൊറിഗാമിക്കത്. പണാധികാരത്തിന്റെ സാധ്യതകളിലേക്കാണ് 'ദ സ്കൂൾ'ന്റെ വാതിലുകൾ ബിന്ദു, രശ്മി, രേഖ എന്നിവരിലൂടെ തുറക്കുന്നതും. എന്നാൽ ഒരു വേശ്യയെ അതാക്കുന്ന രണ്ടിലധികം പുരുഷന്മാർ അപ്രത്യക്ഷരാവുകയും വേശ്യ മാത്രം മൊട്ടയടിക്കപ്പെടുകയും ചെയ്യുന്ന പുരുഷാധികാരയുക്തിയുടെ തുടർച്ചയിൽ, ആദിപാപം മുതൽക്കുള്ള പാപത്തിനുനേരെയുള്ള കല്ലേറിയലുകൾ സ്ത്രീക്കു മേൽ വന്നുവീഴുന്നു. ഒറേസ്റ്റസ് നാടുകടത്തപ്പെടുകയും ഹൈപേഷ്യ പാപത്തിന്റെ ശമ്പളമായി മരണം ഏറ്റുവാങ്ങുകയും ചെയ്യുന്നു.

എ.ഡി. 410-ൽനിന്നും 2010-ൽ എത്തുമ്പോഴും പാപത്തിന്റെ ശമ്പളം ഇത്തരത്തിൽതന്നെയാണ് വീതിക്കപ്പെടുന്നത് എന്നു കാണാം. ബിന്ദുവും കഥയെഴുത്തും ചേർന്ന് നടത്തിയ അന്വേഷണത്തിൽ ബിന്ദു ബലിനൽകപ്പെടുകയും എഴുത്തുകാരൻ 'ഈ പെണ്ണിന്റെ കൂടെ കൂടീട്ട് ഇതില് കുടുങ്ങീതാ' എന്ന് പാപമുക്തനാവുകയും ചെയ്യുന്നു.

ലൈംഗികതയുടെ കാര്യത്തിൽ സ്വയം നിർണയാവകാശം എന്ന വ്യാജബോധമാണ് ഇവർക്കുമേൽ പ്രസരിക്കുന്നത് എന്നു കാണാം. 'പെണ്ണുങ്ങൾക്ക് കൂറ് എപ്പോഴും യജമാനനോടാ. ആരാ ഇപ്പോഴത്തെ എജമാനൻ ന്ന്ച്ചാൽ അയാളോട്' എന്ന് ചിരുതേയിയെ ഉപദേശിക്കുന്ന അമ്മയും കുട്ടൻ എന്ന കേന്ദ്രമന്ത്രിയുടെ കൈക്കരുത്തിനും അധികാരത്തിനും മുന്നിൽ നിശ്ശബ്ദരാവുന്ന ബിന്ദുരേഖാരശ്മിമാരും ഈ വ്യാജാവബോധത്തെ തുറന്നുകാട്ടുന്നു.

ബിബ്ലിക്കൽ അവബോധങ്ങളെ നിരാകരിക്കുകയും അരുതുകൾക്കപ്പുറത്തേക്ക് ജീവിതത്തെ ആഘോഷിക്കുകയും ചെയ്യുന്ന കോര, പെണ്ണിനെ സമപ്പെടുത്താൻ 'ഇഷ്ടപ്പെട്ട പുരുഷനെ കിടപ്പറയിലേക്ക് ക്ഷണിക്കാനും അവൻ സമ്മതിച്ചാൽ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്താനും ഉള്ള അവകാശവും അധികാരവും പെണ്ണിനു നൽകുന്നു എന്ന് അവകാശപ്പെടുകയോ വിളംബരം ചെയ്യുകയോ ചെയ്യുന്നുണ്ട്. എന്നാൽ, മറ്റെല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും ഉദാഹരണങ്ങൾ സുലഭമായ ആഖ്യാനത്തിൽ, പെണ്ണധികാരത്തിന്റെ ഈ തലത്തെ (അ) ബോധപൂർവ്വം മറ(യ്)ക്കുകയാണെന്ന് കാണാം.

ഇട്ടിക്കോര കേവലം വ്യക്തിസത്ത എന്നതിനപ്പുറം ഒരു അവബോധമായി നിലനിൽക്കുന്നു. അധീശപ്രത്യയശാസ്ത്രത്തിന്റെ ന്യൂനപക്ഷ അധികാരസ്ഥലിയായി ഇത് അടയാളപ്പെടുത്താനാവും. മണ്ണും പെണ്ണും പണവും അറിവും ചേർന്ന് നിർമ്മിക്കുന്ന അധികാരസ്ഥാനങ്ങളാണത്. അത് ഹിംസാത്മകവും മാനവികതയെ കാറ്റിൽ പറത്തുന്നതുമായ ജീവിതക്രമത്തെ തുറന്നുവെക്കുന്നു. 'ഒരു പതിനെട്ടാംകൂറ്റുകാരൻ എങ്ങനെ ജീവിക്കണമെന്നതിന്റേയും എങ്ങനെ ജീവിക്കരുത് എന്നതിന്റേയും മാർഗരേഖയായ സുവിശേഷം, നിൽക്കുന്ന ബോധവും പകരുന്ന ബോധവും മറ്റൊന്നല്ല. സമ്പത്തിനോടും ലൈംഗികതയോടും അധികാരത്തോടും ഉള്ള ഒരിക്കലും തൃപ്തി വരാത്ത ആർത്തിയാണ് നമ്മുടെ (മനുഷ്യന്റെ) എല്ലാ പ്രവർത്തനങ്ങളേയും നയിക്കുന്നത്, ജീവിതം ആഘോഷിക്കാനുള്ളതാണ്, രണ്ടേരണ്ട് ലക്ഷ്യങ്ങളേയുള്ളൂ - കച്ചവടത്തിൽ പരമാവധി ലാഭം ഉണ്ടാക്കുക, അതുപയോഗിച്ച് പരമാവധി ആഘോഷിച്ച് ജീവിക്കുക എന്നു വീണ്ടും പറഞ്ഞുറപ്പിക്കുന്നു.

ഒരുല്പന്നം വിപണിയിലെത്തിക്കുകയും അതിന്റെ വില്പനയ്ക്ക് കൂടുതൽ ഇടം കണ്ടെത്താൻ പതിനെട്ടടവുകളും പയറ്റുകയും ചെയ്യുന്ന നവമുതലാളിത്തത്തിലെ കോർപ്പറേറ്റ് മുതലാളിയുടെ തന്ത്രങ്ങളാണ് ഇട്ടിക്കോരയെ വാണിജ്യങ്ങളുടെ തലതൊട്ടപ്പനാക്കുന്നത്.

നാട്ടുരാജ്യത്തേയും അതിന്റെ അധികാര അതിർത്തികളേയും മറികടന്ന് ലോകസഞ്ചാരം നടത്തുന്ന ഇട്ടിക്കോര, പ്രാദേശികതയിൽനിന്ന് ആഗോളതയിലേക്ക് വികസിക്കുന്ന അവബോധമാണ്. പതിനെട്ട് നാടുകളിലെ പതിനെട്ട് പെണ്ണുങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുന്ന / പ്രജനിപ്പിക്കപ്പെടുന്ന ബോധം നവ ലിബറൽ കൊളോണിയൽ ബോധംതന്നെയാണ് എന്നു കാണാം. ■

---

*(51-ാം പേജിൽനിന്നും തുടർച്ച)*

ത്തിന്റെ ഭാഷ. സംസാരിക്കേണ്ടിവരുമ്പോഴാകട്ടെ, വിപരീതാർത്ഥത്തിലും നിഷേധാർത്ഥത്തിലും ഊന്നി സ്വയം നിഷേധിക്കുന്ന ശീലവും.

പ്രായംചെല്ലുന്തോറും ഞാൻ കൂടുതൽ കൂടുതൽ അമ്മയുടെ തനിപ്പകർപ്പായി മാറുകയാണെന്ന് എന്റെ നാട്ടുകാരും വീട്ടുകാരും പറയാൻ തുടങ്ങി. ചിലപ്പോൾ, ഓർക്കാപ്പുറത്ത് കണ്ണാടിക്കുമുന്നിൽ പെട്ടുപോകുമ്പോഴാകട്ടെ ഞെട്ടിപ്പിക്കുംവിധം അതു സത്യമായി എനിക്കനുഭവപ്പെട്ടു. ചെറിയ, ചില്ലറ നുണകൾ ചേർന്നുചേർന്നു ഞാനൊരു വലിയ നുണയാവുന്നതുപോലെ.

രാമായണത്തിലെ വരികൾ അരിച്ചരിച്ച് എന്റെ ചെവിയിലെത്തുന്നു. കാതരമായ എന്തോ ഒന്ന് അമ്മയുടെ സ്വരത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതുപോലെ, അതോ എന്റെ തോന്നലോ? അമ്മ കണ്ണട ഊരി രാമായണം മടക്കുകയാണ്. കിടപ്പുമുറിയുടെ വാതിൽ പൊടുന്നനെ തുറക്കുന്നു. അകത്ത് ലൈറ്റിട്ടിട്ടുണ്ട്. പ്രകാശത്തിൽ കുളിച്ച് എന്റെ എട്ടുവയസ്സുകാരിയായ മകൾ. എന്റെ പട്ടുസാരി വാരിവലിച്ചുടുത്ത് പാവക്കുട്ടിയേയും ഒക്കത്തുവെച്ച് അവൾ ചിരിച്ചുകൊണ്ട് ചോദിക്കുകയാണ്:

നോക്കമ്മേ, എനിക്കിപ്പോ അമ്മയുടെ ഛായയില്ലേ? എന്റെ നെഞ്ചിലേക്കുതന്നെ ആരോ നിറയൊഴിച്ചതുപോലെ, അമ്മ സംതൃപ്തിയോടെ ചിരിച്ചുകൊണ്ട് എന്റെ എതിരെ വന്ന് ഇരിക്കുന്നു. പിന്നെ തന്ത്രപൂർവ്വം, കുറച്ചുനാളായി അമ്മയുടെ മനസ്സിൽ കൊളുത്തിവലിക്കുന്ന ആ ചോദ്യം, വളരെ സാധാരണമായതെന്തോ അന്വേഷിക്കുംമട്ടിൽ അമ്മ ചോദിക്കുന്നു: അപ്പോ എന്തേ കുട്ടി ബാലു നിങ്ങടെ ഒപ്പം വന്ന്ല്യ? കത്തും കാണാൻല്യല്ലോ.

അവിടെ — നിങ്ങൾ തമ്മില്...

മൗനം പിടഞ്ഞ ഒരൊറ്റ നിമിഷം.

പിന്നെ ഞാൻ അനായാസം പറയുകയാണ്: "ഒന്നൂല്യ അമ്മേ.... ഇപ്പൊ പണ്ടത്തെ കാലാണോ - പെൺകുട്ട്യോൾക്കൊക്കെ സുഖല്ലെ. പരമസുഖം!"

ഞാൻ ഏറ്റവും കൂടുതൽ നുണ പറഞ്ഞിട്ടുള്ളതും എന്റെ അമ്മയോടാണല്ലോ.■

# കൗമാരപ്രായക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ

## സെമിനാർ, ക്യാമ്പുകൾ




ഏപ്രിൽ 19, 20 തിയ്യതികളിൽ ബാലുശ്ശേരി ഐ.സി.ഡി. എസും അന്വേഷിയും സംയുക്തമായി കൗമാരക്കാരായ കുട്ടികൾക്കുവേണ്ടി ദ്വിദിന ക്യാമ്പ് നടത്തി. നാൽപ്പത്തിരണ്ട് കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ ഡോ. ജാൻസിജോസ്, പ്രമീള എന്നിവർ കൗമാരക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ, ബാലലൈംഗികപീഡനം, കുട്ടികളുടെ അവകാശങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

ഏപ്രിൽ 23, 24, 25 ദിവസങ്ങളിൽ കൊടുവള്ളി ഐ. സി. ഡി. എസിന്റേയും അന്വേഷിയുടേയും ആഭിമുഖ്യത്തിൽ അഡോളസെന്റ് കുട്ടികൾക്കുവേണ്ടി ത്രിദിന ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉത്ഘാടനം നിർവഹിച്ചത് സി.ഡി.പി.ഒ. നജ്മയാണ്. 43 കുട്ടികൾ പങ്കെടുത്ത ക്യാമ്പ് നയിച്ചത് അഡോളസെന്റ് പ്രോജക്ട് കോ- ഓർഡിനേറ്റർ ഡോ. ജാൻസി ജോസ് ആണ്. ഡോ. ഷിബു കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെക്കുറിച്ചും ആർത്തവ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചും മദ്യം മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യങ്ങളെക്കുറിച്ചും അഡ്വ. സീനത്ത് 'കുട്ടികളുടെ അവകാശങ്ങൾ' എന്നവിഷയത്തിലും ക്ലാസ്സുകളെടുത്തു.

ഏപ്രിൽ 18ന് കൊടുവള്ളി ഐ.സി.ഡി.എസിന്റെ കീഴിലുള്ള മടവൂർ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർക്കുവേണ്ടി അന്വേഷിയുടേയും കൊടുവള്ളി ഐ.സി.ഡി.എസിന്റേയും ആഭിമുഖ്യത്തിൽ സെമിനാർ നടത്തി. 10 മണിമുതൽ 4 മണിവരെയുള്ള സെമിനാറിൽ 125 സ്ത്രീകൾ പങ്കെടുത്തു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മടവൂർ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഖദീജ ഉത്ഘാടനം ചെയ്ത പരിപാടിയിൽ അദ്ധ്യക്ഷംവഹിച്ചത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മുഹമ്മദ് മാസ്റ്റർ ആണ്. ഐ.സി.ഡി.എസ്. ചെയർ പേഴ്സൺ ഷിൻസിയയും വാർഡ് മെമ്പറും ആശംസകൾ അർപ്പിച്ചു.

രാവിലെ അന്വേഷി അഡോളസെന്റ് കോ- ഓർഡിനേറ്റർ ജാൻസി ജോസ് കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള ചൂഷണത്തെപ്പറ്റി ക്ലാസ്സെടുത്തു. ഉച്ചയ്ക്കുശേഷം അഡ്വ. സീനത്ത് കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും വിശദമാക്കി.



പുസ്തകപരിചയം



## കതിരും കറ്റയും

വില 140 രൂപ

കേരളത്തിലെ ഗ്രന്ഥശാലകളുമായി സഹകരിച്ച് തയ്യാറാക്കിയ മലയാളത്തിലെ ആദ്യത്തെ കവിതാഗ്രന്ഥം. എഴുത്തിന്റെ വെളിച്ചവും പ്രതീക്ഷയുടെ തെളിച്ചവും അടയാളപ്പെടുത്തുന്ന പുസ്തകം.




## കുടകപ്പാലകൾ പൂക്കും രാവിൽ

**എം.പി. ഷീജ**

സൈൻ ഇംപ്രിന്റ് / വില: 40 രൂപ

കാൽപ്പനികതയുടെ നനുത്ത വർണത്തിലെഴുതിയ സ്നിഗ്ദ്ധതയാർന്ന കവിതകൾ. ജീവിതത്തെ തോറ്റിയുണർത്തുന്ന കവിതയുടെ ഊർജ്ജപ്രവാഹം.



## ഉൾവനങ്ങൾ

**രോഷ്നി സ്വപ്ന**

പിയാനോ പബ്ലിക്കേഷൻസ് / വില: 85 രൂപ

മലയാളനോവൽ സാഹിത്യരംഗത്തേക്ക് സമീപകാലത്തായി ഒട്ടേറെ യുവഎഴുത്തുകാർ കടന്നുവന്നിട്ടുണ്ട്. അവരിൽ പ്രമേയത്തിന്റെ തിരഞ്ഞെടുപ്പുകൊണ്ടും എഴുത്തിന്റെ വ്യത്യസ്തതകൊണ്ടും രോഷ്നി സ്വപ്ന നമുക്കുതരുന്നത് വായനയുടെ പുതിയ രുചിഭേദങ്ങളെയാണ്. നിറങ്ങളിൽ തന്റെ എല്ലാ നിലവിളികളേയും ഒതുക്കാൻ ശ്രമിച്ച്, പ്രണയംകൊണ്ടുമുറിഞ്ഞ ഒരു പെൺകുട്ടിയുടെ പിടച്ചിലുകളെയാണ് ഉൾവനങ്ങൾ എന്ന നോവൽ ഏറ്റുവാങ്ങുന്നത്.

**ലോങ്ങ് ഷോട്ട്** | കബിത മുഖോപാധ്യായ്






Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara